2013 - 2014

# മരണം പെയ്യുമ്പോൾ



**യൂണിയൻ ക്രിസ്ത്യൻ കോളജ്**

**കലാലയ മാഗസിൻ 2013 - 14**


Tesori Belle
unlock the treasure of un limited fashion
Paravur Kavala, N.H. Aluva
Ph:9562155522, 9562355522
Wide Range of Churidar Materials
Exclusive Collection of
Silk Churidar Materials &
Sarees
Kurtis, Leggins & Western Wears
Specilised STITCHING
( Emergency Stiching )
High Quality, Long Lasting, Low price



# സമർപ്പണം

കുന്നുകയറി ആ പഴയ ആനവണ്ടി വീണ്ടും വരുന്നു...
ആരൊക്കെയാണ് വന്നുപോയത്?

"കലാപത്തിന്റെ കൊടുങ്കാറ്റുകൾ തീർത്തവർ
കരളിൽ പ്രണയത്തിന്റെ ജ്വാലകൾ കാത്തവർ
എന്തൊക്കെയോ ആയിരുന്നിട്ടും ആരുമാകാതെ പോയവർ
സ്വപ്നങ്ങൾ നിഷേധിക്കപ്പെടുമ്പോഴും
മിഴികളിൽ പ്രതീക്ഷയുടെ നാളം കരുതിയവർ
പിന്നെയും പിന്നെയും ആരൊക്കെയോ....
കവിതയുടെ, പ്രണയത്തിന്റെ, പ്രത്യാശയുടെ, വിപ്ലവങ്ങളുടെ
വഴികൾ അവസാനിക്കുന്നില്ല...
ഇനിയും ആരൊക്കെയോ വരാനിരിക്കുന്നു..."

പടിയിറങ്ങി പോയവർക്കും ഇനി വരുവാനിരിക്കുന്നവർക്കും
ഇപ്പോഴത്തെ യൂസിയൻ തലമുറ ഈ മാഗസിൻ സമർപ്പിക്കുന്നു.

LIBRARIAN
UNION CHRISTIAN COLLEGE
ALUVA




## Editorial Board

Chief Editor
**Dr. A. Benny Cherian**

Staff Advisor
**Dr. Muse Mary George**

Staff Editors
**Mr. Vidhu Narayan**
**Mr. Alwin Alexander**
**Ms. R.S. Radhika**
**Dr. Ruby Elsa Jacob**

Magazine Committee
(According to the university election rules and regulations)
**Mr. Rosan Abraham** (Chairman)
**Mr. Amal Mohan** (Gen. Secretary)

Student Editor
**Mr. Sudhi C.J.**

Layout, Design & DTP
**Mr. Sunil Varghese**
Kudos Graphics, N.Paravur

Printing
**JB printers**
Elamakara P.O., Kochi

Cover Design Concept
**Mr. Syam Kumar**

Design
**Mr. Aju Punnakkal**


# മഴ മരം മരണം പെയ്യുമ്പോൾ

## ഒരു ആമുഖം

ഒരുപാട് പരിമിതികൾക്കിടയിൽ നിന്നുകൊണ്ടാണ് ഈ മാഗസിൻ തുന്നിച്ചേർത്തിരിക്കുന്നത്.

ആരോഗ്യകരമായ വിമർശനങ്ങളെപ്പോലും വിദ്വേഷത്തോടെയും വൈരാഗ്യബുദ്ധിയോടെയും കാണുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. മാഗസിനിലൂടെ സൃഷ്ടിക്കപ്പെടേണ്ടത് സംവാദങ്ങൾക്കുള്ള വേദികളാണെങ്കിലും പലപ്പോഴും അത് വിവാദങ്ങളായി മാറുന്നു എന്നതാണ് സമീപകാല ചരിത്രം.

**Its a world of plural narratives**, ഇത് ബഹുസ്വരതയുടെ ലോകമാണ്. ഇവിടെ തെറ്റും ശരിയും ഇല്ല; തെറ്റുകളും ശരികളുമാണുള്ളത്. അതുകൊണ്ടു തന്നെ ഈ മാഗസിൻ എല്ലാവർക്കും പറയാനുള്ളത് കേൾക്കാൻ ഇടം ഒരുക്കുന്നു. ശരിയും തെറ്റും വരികൾക്കിടയിലൂടെ വായിച്ചെടുക്കാനുള്ള പൂർണ സ്വാതന്ത്ര്യം വായനക്കാർക്ക് നൽകുന്നു.

യുസിയാണ് ഈ മാഗസിന്റെ ഭൂമിക, അതുകൊണ്ടു തന്നെ യുസി കോളജിലിരുന്നു ലോകത്തെ കാണാനാണ് ഈ മാഗസിൻ ശ്രമിക്കുന്നതും.

മഴ/മരം/മരണം പെയ്യുമ്പോൾ പേരിലൊരു നെഗറ്റീവും പെസിമിസവും മണക്കുന്നില്ലേ എന്ന് പല സുഹൃത്തുകളും സംശയം പ്രകടിപ്പിച്ചിരുന്നു. മരണത്തെ കേവലം ദേഹവിയോഗമായി പരിമിതപ്പെടുത്തുമ്പോളാണ് നമ്മുക്ക് അത് നെഗറ്റീവായി അനുഭവപ്പെടുന്നത്. ഈ മാഗസിൻ ഒരിക്കലും മരണത്തെ സെലിബ്രേറ്റ് ചെയ്യുന്നില്ല. മറിച്ച് ഓരോ മരണവും ഓരോ അടയാളപ്പെടുത്തലും ഓർമപ്പെടുത്തലും മുന്നറിയിപ്പുമാണെന്ന് തിരിച്ചറിയുന്നു. മരണം ജീവിച്ചിരിക്കുന്നവരുടെ മുന്നിൽ ചില ചോദ്യങ്ങൾ അവശേഷിപ്പിക്കുന്നു, മറ്റു ചിലപ്പോൾ സ്വയം ഉത്തരങ്ങളാകുന്നു. ജനനത്തിൽ നിന്ന് മരണത്തിലേക്കു നീളുന്ന യാത്രയിൽ ഒരുവൻ അന്വേഷിക്കുന്നത് സ്വന്തം സ്വത്വത്തെ തന്നെയാണ് അല്ലെങ്കിൽ ആത്യന്തികമായ സത്യത്തെയാണ്.

കാലത്തിനും പ്രകൃതിക്കൊപ്പമുള്ള ഒരു പിൻ നടത്തമാണിത്... നമുക്ക് സ്വന്തം വേരുകളെ അന്വേഷിക്കാം, നമുക്ക് നഷ്ടപ്പെട്ട നന്മകളിലേക്കും ഉൺമകളിലേക്കും തിരിച്ചു നടക്കാം...

മരിച്ചുപോയ ആത്മാർഥ സുഹൃത്തിന്റെ ഡയറിക്കുറിപ്പുകളിലൂടെയാണ് ഈ മാഗസിൻ സഞ്ചരിക്കുന്നത്. അവനെ നമുക്ക് യൂസിയൻ എന്ന് വിളിക്കാം... ചിലപ്പോഴൊക്കെ അവ നാലുവരി കവിതകളായിരുന്നു, മറ്റു ചില പ്പോൾ അപൂർണമായ കുറിപ്പുകൾ വായിച്ച പുസ്തകങ്ങളെക്കുറിച്ചും സ്വാധീനിച്ച സിനിമകളെക്കുറിച്ചുമുള്ള ദിനാന്ത്യ കുറിപ്പുകളും ഡയറിയിൽ ഇടം പിടിച്ചു. കാലത്തിന്റെ നെറികേടുകൾക്കെതിരെ അവൻ അക്ഷരങ്ങളി ലൂടെ നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. അവന്റെ മരണവഴികളിലേക്ക് നീളുന്ന കുറിപ്പുകളിൽ ഒരു തലമുറയെ ക്കുറിച്ചുള്ള ആശങ്കകളുണ്ട്, ഈ കാലഘട്ടത്തെക്കുറിച്ചുള്ള അസ്വസ്തതകളുണ്ട്. പ്രണയവും മരണവും ലഹ രിയും സംഗീതവും സമരവും സഹനവും സൗഹൃദവുമുണ്ട്.

മഴ തകർത്ത് പെയ്യുന്ന ഒരു ജൂലൈ മാസത്തിലാണ് യൂസിയുടെ
പടവുകൾ ആദ്യം കയറുന്നത് പിന്നീട് എത്ര മഴകൾ...
അവയ്ക്കു മണ്ണിന്റെ ഗന്ധമായിരുന്നു
ക്യാന്റീനിൽ നിന്ന് ചാക്കോസിലേക്കുള്ള ഇടവഴിയിൽ
ഓർമകളുടെ മഞ്ചാടി മരം പെയ്യുന്നുണ്ടായിരുന്നു...
സെമിനാരിപ്പടിയിലെ ശ്മശാനങ്ങളിൽ നിന്ന് ശവം കത്തിക്കുന്ന മണം
ഇന്നലെ മരിച്ച മരങ്ങൾക്കും അതേ ഗന്ധം...
മഴയും മരവും മനുഷ്യനും പിന്നെ പല രൂപത്തിലും ഭാവത്തിലും
മരണമായി പെയ്തൊഴിഞ്ഞു...






(ആനന്ദിന്റെ 'അപഹരിക്കപ്പെട്ട ദൈവങ്ങൾ' എന്ന നോവലിലെ അമൻ എന്ന കഥാപാത്രവും കെ. ടോണി ജോസിന്റെ ശിഥിലഘടനയുള്ള ഒരു കവിതയുടെ ഇതിവൃത്തവുമാണ് പ്രചോദനം. ഇരുവരും യൂസി കോളജിലെ പൂർവ്വ വിദ്യാർഥികളാണ്.)

## Statement of Ownership

Statement of Ownership and other partnership


| | | | |
|---|---|---|---|
| Place of publication | : **Aluva** | Publisher's Name | : -do- |
| Periodicity of Publication | : **Annually** | Editor's Name | : **Sudhi C.J.** |
| Printer's Name | : **Dr. A. Benny Cherian** | Nationality | : **Indian** |
| Nationality | : **Indian** | Address | : **Editor, U.C. College, Aluva** |
| Address | : **Principal, U.C. College, Aluva** | Printed at | : **JB printers Elamakara P.O., Kochi** |

I, Dr. A. Benny Cherian hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Principal

ഒരുപിടി നല്ല ഓർമ്മകളും അടയാളങ്ങളും ബാക്കിവച്ചാണ് നിങ്ങൾ മടങ്ങുന്നത്...
അതുകൊണ്ടുതന്നെ യുസിയുടെ മനസ്സുകളിൽ നിങ്ങൾക്ക് മരണമില്ല...



Prof. K.K. Abraham



Glory Sunny



Ajas C.A.

മരണം ജീവിതത്തിന്റെ തുടർച്ച മാത്രമാണ്...
Nothing more Nothing less



# THANKS

Dr. A. Benny Cherian

Dr. Ruby Elsa Jacob

Dr. Muse Mary George

Prof. A.M. Geevarghese

Mr. Razi Rozario

Adv. A. Jayashankar

Mr. K. C. Paulose

Mr. Niyas Kareem

Mr. C. Sivaraman

Mr. Sinto Paul

Mr. Simon Thomas

Mr. Alwin Alexander

Mr. P. M. Raju

Ms. R.S. Radhika

Mr. Nijas Bin Jamal

Mr. C.K. Basheer

Mr. Vidhu Narayan

Mr. Cyril Syriac

Mr. Rahul Thomas

Dr. Mathew A. Varghese

Mr. R. Asokan

Mr. Jude Anthany Joseph

Ms. Lakshmi Balachandran

Mr. K. Tony Jose

Mr. Prajil Aman

Mr. Arun Mathew (RJ Mathukutty)

Mr. D. Vijayakumar

Ms. Anupama Augustine

Mr. Sherif S.

Mr. Mijith Murali

Mr. Basil Gershome

Mr. Nikhil Nicky

Mr. Ramesh Puthalath

UCCAANA

Mr. Simon George

Mr. Alfred Eby Isaac

Mr. Vaishakh V. Nair

UCC-UAE-ALUMNI

# പിന്നണിയിൽ

ഗ്രീഷ്മ സുബ്രഹ്മൻ
ആതിര പി. കുമാർ
അഖിൽ മോഹൻ
മർജാൻ എ.യു.

മ്യൂസ് മേരി ജോർജ്

കല്യാണി കൃഷ്ണ

ഫ്രെഡിൻ സി വർഗീസ്

വിധു നാരായൺ
ആർ.എസ്. രാധിക
ഷാസിൻ മുണ്ടേത്ത്

അമൃത രവി

കീർത്തി മാത്യു

അൻസിഫ് സി. അബു
നിമേഷ് തോമസ്
സിമി സലിം

ജിഷ്ണു കെ. മനോജ്
ക്രിസ്റ്റി അന്നാ തോമസ്

റൂബി എൽസാ ജേക്കബ്
ശ്രീലക്ഷ്മി എസ്.

മീരാ ജേക്കബ്

അമൽ ടി. അനൂപ്
അർച്ചന ജി. നായർ

വിഷ്ണു രവി

അഖിൽ രാജ്

അനുരാഗ് പി.
തൻവീർ ഇബ്രാഹിം
ആൽവിൻ അലക്സാണ്ടർ

വര:
സേതുലക്ഷ്മി എ.എൻ. • ഷാഹിന എച്ച്. • രവിപ്രസാദ്
പ്രജിൽ അമൻ • അരുൺദാസ് • അലിബിൻ അലി • അഖിൽരാജ്

മരണം പെയ്യുമ്പോൾ

ആദ്യം മഴ പെയ്തു; പിന്നെ മരം പെയ്തു; ഇനി മരണം പെയ്യട്ടെ...



LIBRARIAN
UNION CHRISTIAN COLLEGE
ALUVA

**Sidharthan S.**
III BSc Physics

# മഴ പെയ്യുമ്പോൾ

14......മഴ പെയ്യുമ്പോൾ - മർജാൻ ഷിജു.



ചാറ്റൽമഴ (കുട്ടിക്കവിതകൾ)
18......ചിതാഭസ്മം - അജയ് വിഷ്ണു
18......പ്രണയം - റോസൻ എബ്രഹാം
18......ചിത്രം - റിസ്സി സേവ്യർ
18......തൂവാല - സഫീന കെ.എസ്.
19......ഗന്ധം, നിനക്ക് മടങ്ങാം - ക്രിസ്റ്റി അന്ന തോമസ്
19......കടൽ - അനു അംബുജാക്ഷൻ
20......പുതപ്പ്



മഴമരം(സൗഹൃദം)
23......കൂട്ട് - നവീൻ ജോർജ്
25......അങ്ങനെചില ക്യാംപസ് സ്മരണകൾ
- അഞ്ജിത ഏലിയാസ്
28......The pussy & the butterfly - ഷാഹിന എച്ച്.



രാത്രിമഴ (പെണ്മ)
30......എന്റെ ശകുന്തള - അഞ്ജു ജോസ്
32......ഗർഭപാത്രത്തിലെ കൊതുക്
- ജിഷ്ണു കെ. മനോജ്
33......How bold are you - ആൻ തോമസ്
36......Shh!!! - ലിൻഡ പി. ജോസഫ്
37......माँ का दर्द - നൂറ കെ.എ.
38......അഭിപ്രായം ആരോഗ്യത്തിന് ഹാനികരം (സർവ്വേ)
- സിമി കെ. സലീം, മീര ജേക്കബ്, അഖിൽ രാജ്
42......Rocking Cradle - കിരൺ സുധീർ
43......The Girl - അഞ്ജു പി.എം.
ചിരിമഴ(നർമ്മം)
46......പാക്കോ ഇംഗ്ലീഷ് - കെ. മല്ലികാർജ്ജുൻ
48......കഞ്ഞി മത്തായിയും പിൻഗാമികളും
50......ന്യൂജനറേഷൻ ചൊല്ലുകൾ



മഴചിത്രങ്ങൾ (സിനിമ)
52......ഗോൾഡ് ജനറേഷൻ - അമൽ പി. അനൂപ്
54......ചതുരവിതെ തോൽപ്പിക്കാനാവില്ല മക്കളേ
- സെബാസ്റ്റ്യൻ ജോസഫ്
56......സേതുമാധവന്റെ മുൾകിരീടം
- സുരേഷ് ഹരിഹരൻ
587....UCinemas
അക്ഷരപ്പെരുമഴ (സാഹിത്യം)
61......മാർഷയിൽ നൂറ് വസന്തങ്ങൾ - അമൃത രവി
63......ആതിര വരവായി
64......Writer's Block - മർജാൻ ഷിജു.

# മരം പെയ്യുമ്പോൾ

67......മരം പെയ്യുമ്പോൾ - കല്ല്യാണി കൃഷ്ണ



ഗുൽമോഹർ(പ്രണയം)
79......ഞാൻ വരുന്നു നിന്റെ ഹൃദയത്തിന്റെ
തണുപ്പിലേക്ക് - ആതിര പി. കുമാർ
80......പ്രണയം സുഖമാണുണ്ണി വായനോട്ടമല്ലോ
സുഖപ്രദം - ആൻ തോമസ്
81......Symptoms of love - ലിറ്റി എൽസ ജോർജ്
82......മൂന്നു കവിതകൾ - അഞ്ജു ജോസ്
84......പ്രാവുകൾ കുറുകുന്നു പ്രണയം മുറുകുന്നു
85...... इंतज़ार है आपका -ഷെല്ലി ജേക്കബ്
86......Dreamy Girl - അനന്തു കൃഷ്ണൻ



വഴിമരം (യാത്ര)
89......ചെറായി യാത്ര
91......മൈസൂർ ഇതാണോ ന്യൂ ജനറേഷൻ
- സജിന ജമാൽ കെ.ജെ.
93......Mind Blowing മച്ചാനേ- സ്റ്റാലിൻ തോമസ്
95......ഒരു ദോശ തിന്ന കഥ - യദു പുഷ്കരൻ



മഞ്ചാടിമരം (ഓർമ/നൊസ്റ്റാൾജിയ)
99......നിലാവ് പെയ്യുമ്പോൾ - അരുൺ മാത്യു
100....കാറ്റു മൂളിയോ പ്രണയം (അനുഭവം)
- ജൂഡ് ആന്റണി ജോസഫ്
107....കടൽ - കെ. ടോണി ജോസ്
108....എൻ.പി. മന്ദിരത്തെ പാർക്കുമ്പോൾ - സജു മാത്യു
109....വഴമൊഴിയുന്നു (അനുഭവം) - റാണി ഹാസൻ
112....മാർക്കോസും ആന്റണിയും പിന്നെ ഞാനും
- ലിജോ ജോസ് പല്ലിശേരി

113....रंग – बिरंगी ज़िंदगी - നിഖിത ആനി ബൈജു
114....Against the currents - ജിയാ ജോസഫ്



ഒറ്റമരം (ആൾക്കൂട്ടത്തിൽ തനിയെ)
119....ഒറ്റപ്പൻ - ജാനകി എസ്.
119....Alone - ധന്യ ജോസ്
120....സൃഷ്ടി Vs സ്രഷ്ടാവ് - ക്രിസ്റ്റി അന്ന തോമസ്
122....Stranger Sun - അനിറ്റ ജോൺ
123....Lonliness - ഡോണിയ ബാബു
124....The matter is grey - ശ്രീലക്ഷ്മി എസ്.



സമരം (രാഷ്ട്രീയം)
127....ചൂട്ട് - സോണി ജോർജ്
127....To live fight and survive
- ദീപാ എലിസബത്ത് ജോൺ
128....ഒരു കമ്യൂണിസ്റ്റ് പോരാളി - അഖിൽരാജ്
130....പശ്ചിമഘട്ട സംരക്ഷണവും ഗാഡ്ഗിൽ റിപ്പോർട്ടും
- ആമോസ് റാം മറ്റും
133....भारत का राजनीतिक भविष्य - നവമി ടി.എസ്.
134....രാഷ്ട്രീയ ജീർണതയുടെ ഗർഭധാരണം
- ആൽബിൻ എൽദോസ്
135....Left Right Left - ഹരിദാസ് എം.യു.
136....മെലിയുന്ന ജനനായകർ - കണ്ണൻ കെ.
138....ഫേക്ക്ബുക്ക്
- വിഷ്ണു രവി, അൻസിഫ് സി. ബാബു
140....ഫിറപ്പുനിൽ നിന്ന് മരുവനിലേക്കുള്ള ദൂരം
- അനുരാഗ് പി.
141....സാത്താന്റെ വികൃതികൾ - തൻവീർ ഇബ്രാഹിം
143....യഥാർത്ഥ രാഷ്ട്രീയക്കാരൻ യഥാർത്ഥ
മനുഷ്യസ്നേഹി - നിമേഷ് തോമസ്
144....പോർക്കളമാകുന്ന ക്യാംപസുകൾ - ശ്രീഷ്മ എം.എം.
145....സ്വയംഭരണ പദവി: ആശങ്കകളും ബദലും
- രാജൻ വർഗീസ്



മൈതാനം(കായികം)
151....10dulkar ക്രീസ് വിടുമ്പോൾ
- അരവിന്ദ് കൃഷ്ണൻ ആർ.
153....Little Master - മേഘ്ന ഗിരീഷ്
154....തുകൽ പന്തിനുള്ളിലെ ശ്വാസ വായു
- ഹരിപ്രസാദ് കെ.ബി.
161....സ്പോർട്സ് റിപ്പോർട്ട്



പേരറിയാമരങ്ങൾ
164....സ്ക്രീനിലെ തലമുറകളുടെ കാവൽക്കാരൻ
- നിയാസ് കരീം
167....നമുക്ക് മെരുക്കിപ്പു നടക്കാം - ഗീതി വിജയൻ
169....മൂസിയുടെ മുറ്റത്തെ നടനം
170....Humans Of UC
- ഷാസിൻ മുണ്ടേത്ത്, മേഘ്ന ജി., ലിസിൻ ജോൺസൺ, അൻസു എലിസബത്ത് ടോം
174....വ്യത്യസ്തനായ ഈ മിമിക്രിക്കാരനെ സത്യത്തിൽ ആരും തിരിച്ചറിഞ്ഞില്ല
175....The old man - സേതുലക്ഷ്മി എ.എൽ.

# മരണം പെയ്യുമ്പോൾ

193....മരണം പെയ്യുമ്പോൾ - ജെയ്സിൻ ജേക്കബ്



മരണമൊഴി
195....തോറ്റവർ - ഗ്രീഷ്മ സുബ്രൻ
195....അപ്പന്റെ കുഞ്ഞ് - സൂര്യാ സണ്ണി
196....The Everlasting Smile - ജിൻസൺ ഏലിയാസ്
197....കണ്ണീർ മഴയത്ത് അവനൊരു ചിരിയുടെ കുട ചൂടി
- ഗിനി ആലീസ്
198....കൊഴിഞ്ഞു വീണ വസന്തം - അജാസ് സി.എ.
199....മൃത്യുവിലെഴുതാത്ത രഹസ്യം - നവീൻ ഗോപാൽ
201....हम भी जीने लगे हैं - ഗീനു ആർ.എസ്.
203....ഷിനു സത്യന്റെ കവിതകൾ
207....ഇടം - ആതിര പി.കെ.
207....കറ - ശ്രീജിത്ത് വി.ആർ.
208....ബീഫ് ബിരിയാണി - വിഷ്ണു ദിഗംബരൻ
209....വിലയൻ
222....പ്രഷ്യൻ ബ്ലൂ - അലി ബിൻ അലി



റിപ്പോർട്ടുകൾ
183....Principal's Report
214....College Union Report
217....NSS Report
176....NCC Report Boys
177....NCC Report Girls
210....വിദ്യാർത്ഥികളെ ഇതിലെ ഇതിലെ
(Golden old students of UCC)
188....വേരുകൾ (History & Legasy of UCC)

# U.C. College Union 2013-14



റോസൻ എബ്രഹാം
(ചെയർമാൻ)



മരിയാൻ എ.യു.
(വൈസ് ചെയർപേഴ്സൺ)



അമൽ മോഹൻ
ജന. സെക്രട്ടറി



ദേവ് ആനന്ദ് കെ.
(യു.യു.സി)



മുഹമ്മദ് അസ്‌ലം
(യു.യു.സി)



അമർ ഫയാദ്
(ആർട്ട്സ് ക്ലബ് സെക്രട്ടറി)



ജാനകി എസ്.
(Lady Rep.)



അഷിത വി.എസ്.
(Lady Rep.)



അരവിന്ദ് കൃഷ്ണൻ
(Ist DC Rep.)



രാഹുൽ രമേഷ്
(2nd DC Rep.)



ഇർഫാൻ ഹബീബ്
(3rd DC Rep.)



നവനീത് കൃഷ്ണൻ
(Ist PG Rep.)



ഹരിദാസ് എം.യു.
(2nd PG Rep.)



നൗഷാദ് കെ.
(ജനറൽ ക്യാപ്റ്റൻ)



ബേസിൽ ജോയി
(പ്ലാനിംഗ് ഫോറം സെക്രട്ടറി)



സ്വാദിഷ് സത്യൻ
(സിനി ക്ലബ് സെക്രട്ടറി)



നിമേഷ് തോമസ്
(ക്വിസ് ക്ലബ് സെക്രട്ടറി)



വിഷ്ണു വി. പ്രഭു
(ഡിബേറ്റ് ക്ലബ് സെക്രട്ടറി)



റിയാസ് അഹമ്മദ്
(ക്യാന്റീൻ സെക്രട്ടറി)



ലിതിൻ കെ.എം.
(എസ്‌സി/എസ്‌ടി സെക്രട്ടറി)



Cap. കെ.എസ്. നാരായണൻ
(യൂണിയൻ സ്റ്റാഫ് അഡ്വൈസർ)



സുനിൽ എബ്രഹാം തോമസ്
(ആർട്ട്സ് സ്റ്റാഫ് അഡ്വൈസർ)



ഡോ. മ്യൂസ് മേരി ജോർജ്
(മാഗസിൻ സ്റ്റാഫ് അഡ്വൈസർ)



എൽദോ വർഗീസ്
(ഓണററി ട്രഷറർ)



മഴയെക്കുറിച്ച് എപ്പോഴും ഒരുപാട്
പറയാനുണ്ടായിരുന്ന നിനക്ക്.
ഇന്ന് നീയില്ലാതെ മഴയുണ്ട്
എന്നൊന്നു ചോദിച്ചു...
ജനാലയിലൂടെ മഴയിലേക്ക് ജാലകം
തുറന്നിട്ടിരിക്കുകയാണ്..
നിന്റെ ഓർമ്മകളിൽ...
മഴയ്ക്ക് മനസ്സിന്റെ കൈയൊപ്പുള്ള
കുളിരുണ്ടെന്ന് പറഞ്ഞ നിന്റെ
നിന്റെ ചാപലം, നിന്നോടൊപ്പം എന്നെന്നേക്കും...

സ്നേഹത്തോടെ
– ... ജോസഫ്

# മഴ പെയ്യുമ്പോൾ



# മഴ പെയ്യുമ്പോൾ




**മഴ**

ഓരോ മഴത്തുള്ളിയും
ഓരോ പ്രണയമാണ്;
നഷ്ടപ്രണയം
ഇനിയൊന്നും ബാക്കിയില്ല,
വീണു മരിക്കുകയല്ലാതെ

**പ്ര(ണ/ള)യം**

നമുക്കിടയിൽ
ഒന്നുമില്ലെന്നു തിരിച്ചറിയാൻ
ഒരുപാട് കാലം നമുക്ക്
പ്രണയിക്കേണ്ടി വന്നു

**മുറിവുകൾ പൂക്കുന്നു**

മഴ പെയ്യാതിരുന്നില്ല
എങ്കിലെന്ത് വാകമരത്തിന്റെ
കൊമ്പ് വെട്ടിക്കളഞ്ഞതിന്റെ
ചോര...
ചില്ലകളില്ലാത്ത വെസ്റ്റിന്റെ
ചെമ്പകം...



**ന്യൂഇയർ**

എന്തായാലും ആഘോഷങ്ങൾക്ക്
ഒന്നും ഒരു കുറവുമില്ല...
പാട്ടിന്റെയും നൃത്തത്തിന്റെയും
അകമ്പടിയോടെ ഈ ഇരുട്ടിൽ
കഴിഞ്ഞ കാലത്തിന്റെ
'പുക'ക്കൊള്ളികൾ കത്തിയമർന്നു
കറുത്തകാട് (Black Forest)
ആർത്തിയോടെ കയ്യിട്ട്
വാരിയപ്പോൾ
ന്യൂഇയർ...

**എരപ്പൻ**

മഹാഗണിമരത്തിനു
ചുവട്ടിൽ മലർന്നു കിടക്കുന്ന
സുഹൃത്തുക്കൾക്കിടയിൽ
ആ 'എരപ്പനു'മുണ്ടായിരുന്നു.
ആവിഷ്കാര സ്വാതന്ത്ര്യം
നഷ്ടപ്പെട്ടവൻ...
മാഗസിന്റെ പേരിനെക്കുറിച്ചു
ചോദിച്ചപ്പോൾ മറുപടി
മറ്റൊന്നായിരുന്നു

"Because things are the way they are...
things will not be the way they are'

അതും ഇതും തമ്മിലുള്ള
ബന്ധം എന്തെന്നല്ലേ...
ഞാനും ചിന്തിക്കാതിരുന്നില്ല...



## Valentines Day

എന്തു കാണിക്കാനാണാവോ
രാവിലെ തന്നെ ഒക്കെ കറുത്ത
ഡ്രസ്സും കെട്ടി ഒരുങ്ങിപ്പോയത്
കോളജിൽ എത്തിയപ്പോഴാണ്
പണി പാളിയതറിഞ്ഞത്
Valentines Day Code
Black-Deeply In Love



## വയലറ്റ് നിറമുള്ള സ്വപ്നം

ശിശിരമെന്നു വിളിക്കാം...
നിലയ്ക്കാതെ കൊഴിയുന്ന
മഹാഗണിയുടെ കരിയിലകൾ
നിന്നെയും എന്നെയും
വെറുതെ നോവിച്ചു...
പേരറിയാത്ത പൂക്കൾ
വയലറ്റ് നിറങ്ങളുള്ള
സ്വപ്നങ്ങളായി
നിറഞ്ഞു നിന്നു
ഗുൽമോഹർ പൂക്കാൻ
വിസമ്മതിച്ചു



## പുരുഷാധിപത്യം

കാലു പിടിച്ചു കരഞ്ഞിട്ടും
ഫോൺ രാത്രി
തരാതിരുന്നതിന്റെ
രോഷം ചങ്ക് പൊള്ളിച്ചപ്പോൾ
ഒരുതരം പുരുഷാധിപത്യം
തന്നെയല്ലേ ഇത്?
ചാക്കോസിനു മാത്രം
എന്തുകൊണ്ട് ഫോൺ???



## അസംബന്ധം

'സമയം അഴുക്കുവെള്ളം
പോലെ കെട്ടിക്കിടക്കുന്നു'
എന്ന് മാധവിക്കുട്ടി പറഞ്ഞത്
ഓർക്കുന്നു
ഇവിടെ സമയം
ഡാം തുറന്നുവിട്ടതു പോലെ
കുത്തിയൊഴുകുകയാണ്.
വ്യക്തമായ ഒരു ആശയം
മാത്രം മനസ്സിൽ
'Absurd' അസംബന്ധം

**Marjan A.U.**
II BA English

21 JUNE

"ഞാൻ പെയ്തു നിന്നിൽ
തോരാതെ നിന്നിൽ ഒഴുകേണ്ടിയിരുന്നു...
നീ നിറഞ്ഞതും കവിഞ്ഞതും
നനവറിഞ്ഞില്ലല്ലോ..."
ആൺ പറഞ്ഞു. [illegible] [illegible]
സ്ത്രീ [illegible] [illegible]
[illegible] [illegible] [illegible],
"ആരാണ് ഞാൻ
ആരാണ് നീ
ആരാണ് നാം..."

# ചാറ്റൽമഴ



## ചിതാഭസ്മം

**Ajay Vishnu P.**
II CME

നിസ്സാരമായി ജീവിതത്തെ കണ്ടപ്പോൾ
അമ്മ ചോദിച്ച ചോദ്യങ്ങൾക്ക്
അവന് ഉത്തരമുണ്ടായിരുന്നില്ല...
വൈകിയെങ്കിലും മനസ്സ്
അതിനു പാകമാകുമ്പോഴേക്കും
ഒരു ചെറുമൺകുടത്തിൽ
ഒരുപിടി ചാരമായി
മാറിയിരുന്നു അമ്മ

•

## പണയം

**Rosan Abraham**
II MA Economics

മനസ്സ് പണയംവച്ചത്
അവൾക്കു വേണ്ടി
ഭാവി പണയംവച്ചത്
പ്രസ്ഥാനത്തിനു വേണ്ടി
നട്ടെല്ല് പണയംവച്ചത്
കൊടിപിടിക്കാൻ വേണ്ടി
എന്നെ തന്നെ പണയംവച്ചത്
ഈ കലാലയത്തിനു വേണ്ടി

•

## ചരിത്രം

**Nimmy Xavier**
I MA Malayalam

ചാരിത്ര്യം എന്നൊന്നുള്ളതിനാൽ
ചരിത്രം അവർക്കിടം നൽകി

•

## തൂവാല

**Sebeena K.S.**
I MA Malayalam

അന്ന് നീ കരഞ്ഞപ്പോൾ
നിന്റെ കണ്ണുനീർ തുടച്ചത്
എന്റെ തൂവാല കൊണ്ടായിരുന്നു
അന്ന് കണ്ണുനീർപൊറ്റ നിറഞ്ഞ
തൂവാലയ്ക്ക് രക്തത്തിന്റെ ഗന്ധവും

•







## പ്രണയം

**Amos Ram Rehum**
I BSc Physics

ശ്രീജിത്തേട്ടന്റെ ചായയ്ക്കു
മുന്നിലിരുന്നു തുടങ്ങിയതാണ്,
എന്റെ പ്രണയം...
ഈ ക്യാംപസിനോടും അവളോടും...
●

## കടൽ

**Anu Ambujakshan**
II BSc Botany

കലാലയം ഒരു കടലാണ്,
നമ്മൾ മീനുകൾ
വെള്ളത്തിലായിരിക്കുമ്പോൾ
നാം വിലയറിയില്ല
വെള്ളത്തിനു പുറത്താകുമ്പോൾ,
പ്രാണവേദന
●



## ഗന്ധം

**Christy Anna Thomas**
I MA Malayalam

കാറ്റിനു മരിച്ച മരങ്ങളുടെ ഗന്ധം...
കാത്തിരിക്കാം...
ഒരിക്കൽ കാറ്റിനു ഗന്ധമേ ഉണ്ടാവില്ല
മരിക്കാൻ മരങ്ങളും

## നിനക്ക് മടങ്ങാം

നിനക്കിനി മടങ്ങാം
നിന്റെ അരക്കിറുക്കൻ
സുഹൃത്തില്ലേ,
അവന്റെ പാതിമുറിഞ്ഞ
ഇടംചെവിയുടെ
രഹസ്യങ്ങൾ അന്വേഷിക്കാൻ
നിനക്കിനി മടങ്ങാം
●

# പുതപ്പ്



കാലും തലയും പിടിവലിയാണ്... രാത്രി മുഴുവൻ പിടിവലി തുടർന്നു... പൊട്ടിപ്പൊളിഞ്ഞ ജനൽപാളികൾക്കിടയിലൂടെ സൂര്യൻ പച്ചത്തെറി വിളിക്കാൻ തുടങ്ങി.

മരണമില്ലാത്ത കോളേജിലെ മണികൾ എത്ര തവണ മുഴങ്ങിയെന്ന് ഓർത്തെടുക്കാൻ ആവുന്നില്ല.

അവസാനം ജനാലകൾ മലർക്കെ തുറന്നപ്പോൾ ബോധമുണർന്നു.

തലയും കാലും രാത്രി മുഴുവൻ പിടിവലി നടത്തിയത് എന്റെ മുണ്ടിനു വേണ്ടിയാണ്...! പുതപ്പു കാണുന്നില്ല... നിന്റെ ആ വക്രിച്ച ചിരിയിൽ ഉണ്ട്, പുതപ്പ് എവിടെയാണെന്ന്...!



25 TUESDAY MARCH
084-281 WEEK 13

"പ്രാർത്ഥനയുടെ അവസാനരീതികളുടെ
തീർത്ഥയാത്ര. തിരിച്ചറിവിന്റെ നിശബ്ദതയുടെ
അന്തരംഗങ്ങളിൽ നിറയെ സൗഹൃദത്തിന്റെ,
വിശുദ്ധിയുടെ മഞ്ഞപ്പൂക്കൾ...
'അർത്ഥമില്ലാത്തതെന്ന്' എല്ലാം എഴുതിവച്ചിട്ടുണ്ട്
സുന്ദരമായ ഭംഗിയിൽ. ഞാൻ അവളുടെ
വിരലുകളിലേക്ക് നോക്കി, ചിലതുകളിലെ
നഖത്തിൽ പോലും ചായം പോലെ വെളുത്തിരിക്കുന്നു.
നിറം ചുണ്ടുവിരൽ കൊണ്ട് ദയവായി
ജീവൻ തന്നെ കൈക്കുമ്പിളിലിരുന്ന മനസ്സിലേക്ക്.
"നിനക്കെന്താണ് വേണ്ടത്"...?
ആ നിമിഷത്തിന്റെ ഉച്ചസ്ഥായിയിൽ അവൾ
ചോദിക്കുന്നതെന്തും നൽകാൻ ഞാൻ തയ്യാറായിരുന്നു...
"ഇനി ഒരിക്കലും കൂട്ടിന് എന്നോടൊപ്പമിരിക്കാൻ
മാറി നടക്കാം."
അടുത്ത നിമിഷം മൗനത്തിനുശേഷം
അവസാനത്തെ ദിനാന്ത്യങ്ങളിൽ ഞാൻ അവളോടൊപ്പം
യാത്രയെഴുതി.. ആ സൗഹൃദത്തിന്റെ മുന്നിൽ
ഞാൻ ഭൂമിയോളം താഴുന്നു. ആകാശത്തോളം
ഉയരുന്നു."




'സൗഹൃദം മുറിച്ചു കളയരുത്! അതേ സൗന്ദര്യം നിങ്ങൾക്ക് വീണ്ടുമൊരിക്കലും തിരിച്ചുകിട്ടില്ല... എന്തെന്നാൽ, ഒരിക്കൽ തകർന്നുപോയ സൗഹൃദം ഒരിക്കലും കൂട്ടിച്ചേർക്കാനാവാത്ത ഒരുടഞ്ഞ ചീനപ്പാത്രം പോലെയാകുന്നു." - യൂറിപ്പിഡിസ്.

ജീവിതം ഒരുവനായി കരുതിവയ്ക്കുന്ന അനന്യതയില്ലാത്ത കരുണയുടെ പേരാണ് കൂട്ട്. അതിന്റെ അഭാവത്തിൽ നിങ്ങൾ ഈ ഭൂമിക്കുമീതെയുള്ള ആരേക്കാളും ഒറ്റക്കയ്യനാകുന്നു. 'ഷട്ടർ' എന്ന ചിത്രത്തെക്കുറിച്ച് വായിച്ച ഒരു ഓർമ്മയുണ്ട്. ഒരു രാത്രിയുടെ ഭ്രമങ്ങളിലേക്ക് ഒറ്റാലിലെന്നോണം കയറിപ്പോയൊരാൾ. ആ പ്രതിസന്ധിയെ പരിഹരിക്കേണ്ട ബാധ്യതയുള്ള ആ ചെറുപ്പക്കാരനോട് ഒരു കഥാപാത്രം 'വിളിക്ക് നിന്റെ ചങ്ങാതിമാരെ ആരെയെങ്കിലും' എന്ന് പറയുമ്പോൾ ഹൃദയഭാരത്തോടെ അയാൾ 'എനിക്ക് അങ്ങനെ ഒരു ചങ്ങാതിയില്ല' എന്ന് നെടുവീർപ്പിടുന്നു. പലപ്പോഴും ഇത്തരം നെടുവീർപ്പുകൾ നമുക്കും അന്യമല്ല. ഹൃദയം ചേർത്തുവയ്ക്കാനും വിഷമതകൾ ഇറക്കിവയ്ക്കാനും പ്രതിസന്ധികൾ തരണം ചെയ്യാനും വിശ്വസ്തനായൊരു ചങ്ങാതിയില്ലാതാകുമ്പോൾ പ്രിയസുഹൃത്തേ, ഞാനൊന്നു ചോദിച്ചോട്ടെ. നിനക്കുണ്ടോ ഇത്തരം ഉറ്റ സുഹൃത്ത്? ജീവിതത്തിന്റെ ഏതു നിമിഷവും ഓടിക്കയറാ

വുന്നവിധം ഹൃദയവാതായനങ്ങൾ മലർക്കെ തുറന്നിട്ടൊരു സുഹൃത്ത്! ഇല്ലെങ്കിൽ തീർച്ച, ജീവിതത്തിന്റെ ചില നിമിഷങ്ങൾ നമ്മെ ഒറ്റപ്പെടുത്തുമ്പോൾ നിരാശയുടെ ആഴങ്ങളിലേക്ക് നാം മുഖംകുത്തി വീഴും. ജീവിതം അസഹ്യമാകും.

ഈ കുറിപ്പ് നല്ല ചങ്ങാതിമാർക്കുള്ള വാഴ്ത്താണ്. ജീവിതയാത്രയിൽ ഏതു നിമിഷവും കരം ചേർത്തുപിടിച്ച് ഒപ്പം നടക്കുന്ന ചങ്കായ ചങ്ങാതിമാർക്ക്, സൗഹൃദങ്ങൾക്ക് തീർച്ചയായും പ്രണയത്തിന്റെ തീവ്രത ഉണ്ടായിരിക്കണം. യഥാർത്ഥ പ്രണയം രൂപപ്പെടുന്നതും നല്ല സൗഹൃദങ്ങളിൽ നിന്നല്ലേ! 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട'- ചില സൗഹൃദങ്ങൾ അങ്ങനെയാണ് നമ്മെത്തന്നെ പ്രതിഫലിപ്പിച്ച് നമ്മെ കൂടുതൽ സൗന്ദര്യാത്മകമാക്കാൻ അവർ സഹായിക്കുന്നു. ഇതിനു സമാനമായി ബോബിയച്ചന്റെ ഒരു കുറിപ്പുണ്ട്. സർഗാത്മകലോകത്തിൽ നിന്നും അനുദിനജീവിതത്തിൽ നിന്നും പടിയിറങ്ങിപ്പോയ പലരേയും അവയിലേക്ക് തിരികെ കൊണ്ടുവന്നത് അവരുടെ ചങ്ങാതിമാരായിരുന്നു. അരങ്ങുകാണാത്ത ശരിക്കുമുള്ള നടന്മാർ അവരായിരുന്നു. ആ പേരിൽ തിക്കോടിയന്റെ ആത്മകഥയുണ്ട്.



ചങ്ങാതിമാരെ കൈപിടിച്ച് വെള്ളിവെളിച്ചത്തിലേക്ക് കൊണ്ടുവന്നിട്ട് കണ്ണുനിറഞ്ഞ് ഇരുട്ടത്തിരിക്കുന്നവർ. അവരില്ലാതെ നിങ്ങളില്ല. അഗാധമായ സ്നേഹത്തിൽ നിന്നാണ് ഇന്ന് ലോകം വാഴ്ത്തുന്ന റൂമിയുണ്ടായത്. തിയോയെന്ന സഹോദരൻ അപ്പവും വെള്ളവും മാത്രം ഭക്ഷിച്ച് അരപ്പട്ടിണിയായി പണിയെടുത്തതുകൊണ്ടാണ് വാൻഗോഗ് എന്ന ചിത്രകാരനുണ്ടായത്. കാഫ്ക എന്ന മനുഷ്യനെ ശ്രദ്ധേയനാക്കിയത് മരണാനന്തരം അദ്ദേഹത്തിന്റെ കൃതികൾ എഡിറ്റുചെയ്ത് പ്രസിദ്ധീകരിച്ച മാക്സ്ബ്രോഡ് എന്ന സ്നേഹിതനായിരുന്നു. ചെഗ്വേരയെന്ന വിപ്ലവനായകനെ രൂപപ്പെടുത്തിയ യാത്രകൾക്ക് ശക്തിയായി മാറിയത് ഗ്രനേഡോ എന്ന ചങ്ങാതിയായിരുന്നു - 'മോട്ടോർ സൈക്കിൾ റാലി' എന്ന ചലച്ചിത്രം അതിനെ മനോഹരമായി ദൃശ്യവൽക്കരിക്കുന്നുണ്ട്. പ്രിയ സുഹൃത്തേ, സൗഹൃദം തണലേകുന്ന മരമാണ്. ഇനി ചിന്തിക്കുക, നിനക്കുമുമ്പിൽ എത്രപേർ തണൽ വിരിച്ച് കടന്നുപോയി. നീ ആർക്കെങ്കിലും തണൽമരമായോ! നിന്നെക്കുറിച്ചുള്ള ഓർമകൾ വാടാത്ത മലരുകളായി ആരുടെയെങ്കിലും ഹൃദയത്തിലുണ്ടെന്ന് നിനക്കുറച്ചു വിശ്വസിക്കാൻ കഴിയുമോ? എങ്കിൽ തീർച്ച നിനക്ക് നല്ല സൗഹൃദങ്ങളുണ്ടാകും.

അവസാനമായി നല്ല സൗഹൃദക്കൂട്ടങ്ങൾക്കൊരാശംസ!

“പ്രയാസങ്ങളേറി വന്ന് നീ തളരുമ്പോൾ നീ സ്നേഹിക്കുന്ന സുഹൃത്ത് നിന്റെ ചാരത്തെത്തട്ടെ. ഒരണ പോലും സഹായിക്കാൻ അവന് കഴിയില്ലായിരിക്കാം. പ്രതിസന്ധി നിന്റെ വെല്ലുവിളിയാണ്. ഇവിടെ നീ ഏകനായിരിക്കേണ്ടതുണ്ട്. സ്നേഹം കഠിനപാറയെ മൃദുലമാക്കില്ല. കനത്ത ഭാരം ചുമക്കാൻ നിന്റെ സുഹൃത്തിനും കഴിയില്ലായിരിക്കും. എങ്കിലും നിന്റെ അരികത്ത് അവനുണ്ടാകും. നിന്റെ വേദനകളിൽ അവൻ അനുഭാവം പകരും. ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിലും ഊഷ്മളതയാർന്ന കരങ്ങൾകൊണ്ട് അവൻ നിന്റെ കരങ്ങളെ ചേർത്തുപിടിക്കും. അതിനാൽ തീക്ഷ്ണമായ ഹൃദയത്തോടെ നാമെന്നും പറയും. സൗഹൃദങ്ങൾ തേനിനേക്കാൾ മാധുര്യമുള്ളതാണ്, നുണയാൻ കൊതിയാണ് എന്ന്”

സൗഹൃദങ്ങളാൽ സമ്പന്നമാകട്ടെ നമ്മുടെ കലാലയ ജീവിതം.

**Naveen George**

I BA Malayalam



# അങ്ങനെ ചില ക്യാംപസ് സ്മരണകൾ



ലൈബ്രറിയുടെ മുമ്പിൽ അന്ന് നുറുങ്ങുകവിതാ മത്സരം സംഘടിപ്പിച്ചപ്പോൾ, ഞങ്ങൾ കുറച്ചുപേര് ഒട്ടും മത്സരബുദ്ധിയോടെയല്ലാതെ കിട്ടിയ അവസരമല്ലേന്ന് കരുതി ഒരലക്കലക്കി. കാമ്പസ് സ്മരണകളായിരുന്നു വിഷയം. കവിതയിലല്ലായിരുന്നു, അതിനിടയിലെഴുതിയിടുന്ന പേരുകൾ എല്ലാവരും വായിക്കുമെന്നു കരുതി അതിൽ മാത്രമായിരുന്നു ഞങ്ങളുടെ ശ്രദ്ധ. സ്വന്തം പബ്ലിസിറ്റി സ്വന്തം ഉത്തരവാദിത്വമല്ലേ? അങ്ങനെ ഓരോ കവിതയും അതിനടിയിലെ പേരുകളും വായിച്ചുപോകുന്ന കൂട്ടത്തിലാണ് പരിചയമുള്ള ഒട്ടും പ്രതീക്ഷിക്കാത്ത ഒരാളുടെ പേര് ഞങ്ങൾ കാണുന്നത്. "ഇവനെപ്പോഴാ കവിതയെഴുതാൻ തുടങ്ങിയേ?" അഞ്ജു സംശയം നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കി. "നിനക്കറിയാൻ പാടില്ലാത്തതുകൊണ്ടാ, അവനിലൊരു കവിയുണ്ട്. അവന്റെ ബുക്കിന്റെ പിൻപേജുകളിൽ ആ കവിയെ പലതവണ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്." "ബുക്കില് മാത്രമല്ല, ചുവരും ബോർഡും അടക്കം ഒരു തുണ്ട് കഷ്ണം പേപ്പറുപോലും അവൻ കവിതയെഴുതി നശിപ്പിക്കാത്തതായിട്ടില്ല.." അഞ്ജുവിന്റെ കണ്ണുകൾ വീണ്ടും വിടർന്നു. ഒന്നു വിശ്വസിക്കാൻ പ്രയാസപ്പെട്ട് അവൾ നീട്ടി ഒരു 'ഹൊ'യിട്ടു.

ആ കവിയെക്കുറിച്ചു മാത്രമല്ല ആ കവിതയെക്കുറിച്ചുള്ള സ്മരണകളും ഞാനിപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അതിങ്ങനെയായിരുന്നു. "നിന്നോടുള്ള പ്രണയം തുറന്നുപറയാൻ വൈകിപ്പോയി... അപ്പോഴേയ്ക്കും നീ എന്നിൽനിന്ന് അകന്നിരുന്നു... എനിക്കറിയില്ലായിരുന്നു അവ." ആ കവിതയിലെ ഓരോ വാക്കുകളും ഞാനെന്റെ മനസാകുന്ന മൈക്രോസ്കോപ്പിലൂടെ പലതവണ നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. വരികൾക്കിടയിലും ഞാൻ കുറേ വായിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഫലമുണ്ടായില്ല. അല്ലെങ്കിൽ ഉണ്ടായ ഫലം ചീഞ്ഞുപോകുകയാണുണ്ടായത്. ഞാനും അവനും നല്ല സുഹൃത്തുക്കളായിരുന്നു. ഞാനറിയാതെ അവനേത് പെണ്ണിനെയാണ് പ്രേമിക്കുന്നത്? എന്റെ സ്വന്തം പ്രണയത്തിന്റെ തിരക്കുകളുണ്ടായിരുന്നുവെങ്കിലും ഈ വിഷയത്തിൽ കാര്യമായി ഇടപെടാൻ തന്നെ ഞാൻ തീരുമാനിച്ചു. ഞങ്ങളുടെ ക്ലാസിൽ പ്രണയമില്ലാത്തവരായി ആരുംതന്നെ ഉണ്ടായിരുന്നില്ല. കൂട്ടത്തിൽ കൂട്ടാൻ കൊള്ളില്ലാത്ത ചില ബുദ്ധി ജീവികളല്ലാതെ ടൂവേയായിട്ടും വൺവേയായിട്ടും എല്ലാവരും അവനവന് ആകത്തക്കരീതിയിൽ പ്രേമിക്കുമ്പോൾ അവൻ മാത്രം ഈ പ്രണയിക്കുന്നവരുടെ ലിസ്റ്റിൽപെടാതെ നടന്നു. ഞാനാരെയും പ്രണയിക്കുന്നില്ലെന്ന് പറയുമ്പോഴും എന്റെ ചോദ്യങ്ങളെയെല്ലാം പുച്ഛിച്ച് തള്ളുമ്പോഴും അവനിലൊരേസമയം ദുർബലനും എന്നാൽ ശക്തനുമായ ഒരു കാമുകനെ ഞാൻ കണ്ടിട്ടുണ്ട്.



ആ കാമുകൻ സദാ വിഷാദനായിരുന്നു. എന്നാൽ സുഹൃത്ത് സദാ ഉത്സാഹിയായിരുന്നു. ക്ലാസിൽ ഞങ്ങളെ ഏറ്റവും കൂടുതൽ രസിപ്പിച്ചിട്ടുള്ളത് അവനായിരുന്നു. അവന്റെ സൗഹൃദം എനിക്ക് വല്ലാത്തൊരാശ്വാസമായിരുന്നു. എന്റെ കാമുകൻ ഡിഗ്രി കംപ്ലീറ്റ് ചെയ്ത് പോയശേഷം ഞാൻ വല്ലാത്ത വിരഹത്തിലായിരുന്നു. ആരോടും പറഞ്ഞറിയിക്കാൻ പറ്റാത്തവിധം വിഷമത്തിലായിരുന്നു ഞാൻ. ആ കടുത്ത വേദനയിൽനിന്നും നിരാശയിൽനിന്നും ചിരിയുടെ നൂലുകൊണ്ട് എന്നെ വരിഞ്ഞുകെട്ടിയത് അവനായിരുന്നു. പ്രണയമെന്നെ വേദനിപ്പിച്ചപ്പോഴെല്ലാം സൗഹൃദമെന്നെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. എത്ര പെട്ടെന്നായിരുന്നു കാലം കടന്നുപോയത്.

മൂന്ന് വർഷം മൂന്ന് മിനിറ്റുപോലെ കടന്നുപോയി. അതിനിടയിൽ ഞാൻ പലപ്പോഴും എന്റെ ചോദ്യങ്ങളുമായി അവനെ പിന്തുടർന്നിട്ടുണ്ട്. "ഞാനറിയാത്ത നിന്റെ കാമുകിയാരാടാ...!" ഒരിക്കൽ സഹികെട്ടിട്ടാണോ ന്നറിയില്ല, അവൻ പറഞ്ഞു. "ഞാൻ നിന്നോടു പറയാം. ഇപ്പോഴല്ല, ഇപ്പോ സമയമായിട്ടില്ല." "ഉം..." തൽക്കാലം ഞാൻ അതു സമ്മതിച്ചു. ഇടയ്ക്കിടയ്ക്ക് ഞാനവനെ ഇക്കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. അവന്റെ ആത്മസുഹൃത്തായ ഞാൻ ഈ വക കാര്യങ്ങൾ അറിയാതിരിക്കുന്നത് ഒരപൂർണ്ണതയായി എനിക്കുതന്നെ തോന്നി. അവസാനം തേഡിയറിൽ ഫെയർവെൽ പാർട്ടിയുടെയന്ന് കണ്ണുനീരുമായി ഓരോരുത്തരും പരസ്പരം യാത്രപറയവെ... ഹൃദയത്തിനുള്ളിൽ കത്തിയാഴ്ന്നിറങ്ങുന്ന വേദനയിൽ കാലത്തെ ശപിക്കവെ... ഞാൻ വീണ്ടും എന്റെ ചോദ്യവുമായി അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്നെ പിരിയാൻ വല്ലാത്ത വേദനയുണ്ടെന്നവൻ പറഞ്ഞു. ശരിയാണ് ഇനിയെന്നാണ് കാണുക? ഓരോരുത്തരും അവരുടെ സ്വപ്നങ്ങളും പ്രാരാബ്ധങ്ങളുമായി മറ്റൊരു ലോകത്തേക്ക് പോവുകയാണ്. എന്റെ കണ്ണുകളിൽ ശക്തിയായൊരു കടലിരമ്പുന്നതു ഞാനറിഞ്ഞു. "ടാ... നീ പറഞ്ഞില്ല, നീയാരെയാ പ്രേമിക്കുന്നത്?"

"ഓ... ഇല്ല, ഇനിയും സമയമായിട്ടില്ല. പിന്നീടൊരിക്കൽ ഞാൻ പറയാം."

എനിക്ക് ദേഷ്യം വന്നു. "ഇനിയെന്നാണതിന്റെ മുഹൂർത്തം? ടൈം ഈസ് ഓവർ." എന്റെ ദേഷ്യം കണ്ട് അവന് ചിരിപൊട്ടി. "ടീ... പൊട്ടീ... ആ ഉത്തരമങ്ങ് പറഞ്ഞാൽ പിന്നെ ഞാനും നീയും തമ്മിലൊരു ബന്ധമില്ലാതാകും. വീണ്ടും ഈ ഉത്തരം തേടി എന്നെങ്കിലും നീ വരുമല്ലോ. അതുവരെ നമുക്കു മദ്ധ്യ ഈ ചോദ്യവും ഉത്തരവും അങ്ങനെതന്നെ നിൽക്കട്ടെ!!"

ശരിയാണ്... ഒരുപക്ഷെ ഈ ചോദ്യത്തിന് കാലവും ദേവും കടന്ന് ഞങ്ങളെ ബന്ധിപ്പിക്കാനാകുമെങ്കിലോ ...! പക്ഷെ ഞാനെന്റെ ദേഷ്യത്തിൽ തന്നെ



ഉറച്ചുനിന്നുകൊണ്ട് പറഞ്ഞു. "ഇനിം സമയോം മുഹൂർത്തോം നോക്കിയെന്നെ വിളിച്ചാ മതി ഞാൻ വന്ന് കേട്ടോളാം, നിന്റെ ഉത്തരം. ഇനിയത് ചോദിച്ച് ഞാൻ നിന്റെ മുമ്പിൽ വരില്ല. മനുഷ്യന്റെ നാണോം മാനോം കെട്ടു... നീ തന്നെ സൂക്ഷിച്ചു വച്ചോ നിന്റെ പ്രണയം... അവളേം..."

വർഷങ്ങൾ കുറേ കഴിഞ്ഞു. പൂർവ്വവിദ്യാർത്ഥി സംഗമത്തിനായി ഇവിടെയെത്തുമ്പോഴും പണ്ടത്തെ ആ ചോദ്യം എന്റെ മനസിലേക്ക് അതേ കൗതുകത്തോടെ മടങ്ങിവന്നു. പക്ഷെ ഇപ്രാവശ്യം ഞാനാചോദ്യം ആവർത്തിച്ചതേയില്ല... പണ്ടത്തെ ആ പിണക്കം ഞാൻ വെറുതെ നടിച്ചു. എല്ലാവരും എത്ര മാറിയിരിക്കുന്നു. എല്ലാവരുടെയും തന്നെ വിവാഹം കഴിഞ്ഞു. പഴയ പ്രണയങ്ങളിൽ ചിലതെല്ലാം പാഴായി. എന്നാൽ ചിലതെല്ലാം വിജയകരമായി വരണമാല്യമണിഞ്ഞു. പ്രതീക്ഷിക്കാത്തവർ പലരും സങ്കൽപ്പങ്ങളെ തകർത്ത് മുന്നേറിയിരിക്കുന്നു. പ്രതീക്ഷിച്ചവർ പലരും സങ്കൽപ്പത്തിലെത്തിയതുമില്ല. മിക്കവരും തന്റെ ഭാര്യമാരെയും ഭർത്താക്കന്മാരെയും കുട്ടികളെയും കൂടെ കൂട്ടിയിട്ടുണ്ട്. ഹായ്, പിള്ളേരൊക്കെത്തന്നെ വിത്തുഗുണം കാട്ടാതിരുന്നില്ല. അതുകൊണ്ടാണല്ലോ ഞാനെന്റെ പിള്ളേരെ കൂട്ടാതിരുന്നത്. പിന്നെയെന്റെ ഭർത്താവും എന്റെ കൂട്ടുകാർക്ക് പുതുമുഖമൊന്നുമല്ല. എല്ലാവരും കണ്ടുമടുത്ത കേട്ടുമടുത്ത എന്റെ പ്രണയകഥയെ തൽക്കാലം ഞാനെന്റെ കൂടെ കൂട്ടിയില്ല. ഏഴ് വർഷങ്ങൾക്കു മുമ്പ് ഞാനെങ്ങനെയാണോ കോളേജിലേക്ക് വന്നത് അതുപോലെ കൈയ്യും വീശിയാണ് ഞാൻ വന്നിരിക്കുന്നത്. പണ്ടത്തെ കാര്യങ്ങളൊക്കെ ഓർക്കുമ്പോൾ ഒന്നുകൂടി പഠിക്കാൻ തോന്നുന്നു. പക്ഷെ പരീക്ഷയെക്കുറിച്ചോർക്കുമ്പോൾ... അയ്യോ വേണ്ട...!

ഞാൻ പണ്ടത്തെ എന്റെയാ ചോദ്യം അന്ന് സ്വന്തംകവിതാ മത്സരം നടത്തിയ ലൈബ്രറിയുടെ മുമ്പിൽതന്നെ ഉപേക്ഷിച്ചിറങ്ങാൻ നേരത്ത് അവൻ പണ്ടത്തെ അതേ കള്ളച്ചിരിയുമായി എന്റെ മുന്നിൽ വന്നുനിന്നു. അവന്റെ കുട്ടി എന്റെ മുഖത്തുനോക്കി ഹൃദ്യമായി ചിരിച്ചു. അവളുടെ ചിരിയിൽ മയങ്ങവീണ ഞാൻ അവളെ അടുത്തേക്കു വിളിച്ചു. അവളുടെ കവിളിൽ മൃദുവായി തലോടി ഞാൻ ചോദിച്ചു. "എന്താ മോളുടെ പേര്?" നാണത്തോടെ അവൾ പറഞ്ഞു. "പൂർണിമ."

"പൂർണിമയോ?" ഞാൻ മുഖമുയർത്തിയവനെ നോക്കി. ഏഴ് വർഷങ്ങൾക്കുമുമ്പ് വളരെ അപൂർവ്വമായി മാത്രം എനിക്ക് സമ്മാനിക്കുമായിരുന്ന ആ ചിരിയോടുകൂടി അവൻ നിന്നു... "പൂർണിമയോ?" എന്റെ സംശയം വീണ്ടും അവന്റെ മേൽ വന്നുവീണു. "എന്തേ, നിനക്കുമാത്രമേ പൂർണിമ എന്ന പേര് പാടുള്ളുന്നുണ്ടോ?" കുറച്ചു നിമിഷത്തേക്ക് ഞാൻ നിശബ്ദയായി. എന്റെ മൗനത്തിനു മീതെ കാലമൊരുപാട് പിന്നോട്ട് പോകുന്നതുപോലെ തോന്നി. പഴയ കോളേജ് ജീവിതവും എന്റെ പ്രണയവും സൗഹൃദവും പിന്നെ നിനക്കായി എന്നും കരുതിവച്ച ചോദ്യവും എല്ലാം അന്നത്തെപ്പോലെ തന്നെ എന്റെ മുന്നിൽ വന്നു നിന്നു! ഒരിക്കൽ ഞാൻ ചോദിച്ചിട്ടും നീ എനിക്ക് ഉത്തരം നൽകിയില്ല. ഇന്നു ഞാനാചോദ്യം ആവർത്തിച്ചില്ല, പക്ഷെ എനിക്ക് ഉത്തരം കിട്ടി. ഞാൻ നിന്നോടു ചോദിച്ചു. നിന്നെ ശല്യപ്പെടുത്തിയ ആ ചോദ്യത്തിനുത്തരം ഞാൻ തന്നെയായിരുന്നു. ശരിയാണ്, അവനെന്നും പറയാറുള്ളതുപോലെ സമയം ഇപ്പോഴാണ് ആഗ്രതമായത്... ഇന്നും ആ ചോദ്യവും ഉത്തരവും അപ്രസക്തമാണെന്ന് പറയാൻ വയ്യ. എന്റെ എണ്ണാനാകാത്ത കാമ്പസ് സ്മരണകളുടെ കൂട്ടത്തിൽ അങ്ങനെയിതും വന്നുപോരട്ടെ! ഇടയ്ക്കെങ്ങോ ഊർജം നഷ്ടപ്പെട്ടവർക്ക് വൈകിയറിഞ്ഞ സത്യം നൽകിയ ഊർജത്തിന്റെ ഭൗതികരൂപമാണ് എന്റെ ഈ പുതിയ നോവൽ. ഇതിലെന്റെ പ്രണയവും സൗഹൃദവും നമ്മുടെ സി.സിയും ബിബിസിയും... ഏഴ് വർഷങ്ങൾക്ക് മുമ്പുള്ള ആ കാമ്പസ് ജീവിതവും പുനർജനിക്കുന്നു. അതുകൊണ്ടു തന്നെയാണ് എന്റെ നോവൽ ഞാൻ നിനക്കു സമർപ്പിച്ചത്. എല്ലാം എഴുതിക്കഴിഞ്ഞ് അവസാനതാളിലായി ഞാനിത്രകൂടി എഴുതിച്ചേർത്തു. "സമർപ്പണം, എന്റെ യൂസിക്ക്..." എന്റെ പ്രിയപ്പെട്ട യൂസി, നിന്റെ മകളെ അനുഗ്രഹിച്ചാലും.

**Anjitha Elias**

II BA Economics



Shahina H.

II BSc Psychology


രാത്രിമഴ



# എന്റെ ശകുന്തള

"ങും.... അങ്ങനെ: മുദ്രമോതിരം കണ്ടമാത്രയിൽ ദുഷ്യന്തൻ ശകുന്തളയെ ഓർത്തു. തന്റെ പ്രിയ സഖിയെ തള്ളിപ്പറഞ്ഞതോർത്ത് അദ്ദേഹം നെഞ്ചുപൊട്ടി കരഞ്ഞു.

"എന്നിട്ട്...?" കുട്ടികൾ ഒരേ സ്വരത്തിൽ ചോദിച്ചു. മുത്തശ്ശിയുടെ ചുളിഞ്ഞ മുഖത്ത് ഒരു ചിരി വിടർന്നു. അവരുടെ മനസിലെ വീരശൂരപരാക്രമിയായ രാജാവ് തന്റെ പ്രണയിനിയെ ഓർത്ത് കരയുകയാണ്. അപ്പോഴാണ് ഞാൻ ഉമ്മറത്തേക്ക് ചെന്നത്. ഈ മുത്തശ്ശി അല്ലെങ്കിലും ഇങ്ങനെയാണ്. നേരമെത്രയായെന്ന് ഒരു വിചാരവുമില്ല. "മതി, മതി. ഒന്നുപോയി കിടക്കുന്നുണ്ടോ എല്ലാവരും? നേരമെത്രയായിന്ന് ഒരു വിചാരോം ഇല്ല."

"ഇതൊന്ന് പറഞ്ഞ് തീർക്കട്ടെന്റെ കല്യാണി." കഥയുടെ രസച്ചരട് പൊട്ടിച്ച എന്റെ വരവ് മക്കൾക്കും മുത്തശ്ശിക്കും ഇഷ്ടപ്പെട്ടില്ല. ഇപ്പോ ഇവിടുന്ന് ഞാൻ പോയാൽ ഇവർ ഇന്ന് എണീക്കലുണ്ടാവില്ല. ഞാനും ഇരുന്നു അവിടെ.

"എന്നിട്ട്...?" അപ്പുവും അമ്മുവും ചോദ്യം ആവർത്തിച്ചു.

"ആ... എന്നിട്ട് ദുഷ്യന്തരാജാവ് ശകുന്തളയെ അന്വേഷിച്ച് നടന്നു. ഒരു ദിവസം നായാട്ടിന് പോകുന്ന വഴി കടുവയുടെ വാ പൊളിച്ചുപിടിച്ച് അതിന്റെ പല്ലെണ്ണുന്ന ഒരു ബാലനെ ദുഷ്യന്തൻ കണ്ടു..."

"ഹോ...!!!" കുട്ടികൾ ആകാംക്ഷയുടെ മൂർദ്ധന്യയിലെത്തിക്കഴിഞ്ഞു.

"ടിം ടിം ടിം ടിം ടിം ടിം ടിം ടിം ടിം ടിം ടിം." ഉമ്മറത്ത് തൂക്കിയിട്ടിരുന്ന ഘടികാരം ഒന്നുകൂടി ശബ്ദിച്ചു.

"ഈശ്വരാ... പതിനൊന്നുമണി!" എന്റെ ആത്മഗതം ഇത്തിരി ഉറക്കെയായി.

സമയത്തിന്റെ സൂചികളിൽനിന്ന് കണ്ണെടുത്ത് ഞാൻ കാഥികയെയും അവരുടെ ആകാംക്ഷാഭരിതമായ രണ്ടു പ്രേക്ഷകരെയും നോക്കി. മൂന്നുപേരും എന്നെ തുറിച്ചുനോക്കി ഇരിക്കുകയാണ്.

"നിങ്ങൾക്കിങ്ങനെ ഇരുന്നാമതി. നാളെ വെള്ളകീറും മുമ്പ് എഴുന്നേറ്റ് ഈ വീട്ടിലെ പണിമുഴുവ

കഴിച്ച്. ജോലിക്കു പോകേണ്ടതാണ് എനിക്ക്. അല്ലെങ്കിലും ഇവിടാരാ എന്നെക്കുറിച്ച് ഓർക്കാൻ...?"

ഞാനെന്റെ പരാതിപ്പെട്ടിയുടെ സാക്ഷ തുറന്നു. മുത്തശ്ശിയുടെ കണ്ണിലെ ദേഷ്യം മങ്ങി.

"ദേ... തീർന്നു കല്യാണി..."

"മുത്തശ്ശീ... ബാക്കിപറ...." കുട്ടികൾ വാശിപിടിക്കുകയാണ്.

"അത് ഭരതനായിരുന്നു. ശകുന്തളയുടെയും ദുഷ്യന്തന്റെയും പുത്രൻ. രാജാവ് അവരെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു. പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു. ഭരതൻ ഭരിച്ച നാട് എന്നർത്ഥത്തിലാണ് നമ്മുടെ നാടിന് ഭാരതം എന്ന പേരുവന്നത്." മുത്തശ്ശി ഒറ്റവാക്കിൽ കഥ അവസാനിപ്പിച്ചു. എല്ലാവരെയും ഉറക്കി മുറിയിൽ വന്ന് വിളക്കണച്ചു കിടന്നപ്പോൾ എന്റെ മനസ് നിറച്ച് ശകുന്തള ആയിരുന്നു. വായിച്ചറിഞ്ഞ കഥകളിലെ മഞ്ഞുപോലെ നനുത്ത സ്വഭാവവും വെണ്ണപോലെ മൃദുലമായ മേനിയുമുള്ള മാൻപേട പോലൊരു പെൺകുട്ടി.

എപ്പോഴാണ് ഉറങ്ങിയതെന്ന് ഞാനറിഞ്ഞില്ല. ഒരു മാൻകുട്ടി എന്റെ വസ്ത്രത്തലപ്പിൽ കടിച്ചു വലിച്ചപ്പോഴാണ് ഞാൻ എഴുന്നേറ്റത്. വെള്ളാരം കല്ലുപോലെ തിളങ്ങുന്ന കണ്ണുകളും തവിട്ടുനിറത്തിൽ വെള്ളപ്പുള്ളികളുമുള്ള സുന്ദരനായ ഒരു മാൻകുട്ടി. അവൻ സംസാരിച്ചുതുടങ്ങി. "കല്യാണി, നിനക്കെന്നെ മനസിലായോ? ഞാൻ ദീർഘാപാംഗൻ."

"ങും...? ശകുന്തളയുടെ മാൻകുട്ടിക്ക് എന്റെ ഉറക്കത്തിലെന്താ കാര്യം?" ഞാൻ ചോദിച്ചു. "നീ എന്തിന് എന്റെയടുത്ത് വന്നു?? എവിടെ ശകുന്തള??" അവൻ ചിരിച്ചുകൊണ്ട് തന്റെ ചെവികൾ പതുക്കെ ആട്ടി. മുഖം എന്റെ കാലിൽ ഉരസിക്കൊണ്ട് പറഞ്ഞു. "നീയല്ലേ എന്റെ ശകുന്തള!"

പതിവില്ലാത്ത സമയത്ത് നായാട്ടിനിറങ്ങിയ ക്രൂരനായ രാജാവിന്റെ കാമവെറിയിൽ സ്വയം നഷ്ടപ്പെട്ട എന്റെ ശകുന്തള. തന്റെ ആശ്രമമവും ഉപേക്ഷിച്ചപ്പോൾ പാലായനം ചെയ്യുകയല്ലാതെ നിനക്കെന്ത് വഴിയുണ്ടായിരുന്നു വേറെ? ഈ രഹസ്യം ഞാനാരോടും പറഞ്ഞിട്ടില്ല പെണ്ണേ... നിന്റെ കഥ എഴുതിയത് ദുഷ്യന്തന്റെ ശിങ്കിടികളായിരുന്നു. അവർ നിന്നെ നായാട്ടിനെത്തിയ രാജാവിൽ അനുരാഗ വിവശയായ കാമുകിയാക്കി. നിന്റെ ചിത്രങ്ങൾ വരച്ചു. നിന്നെക്കുറിച്ച് കവിതകളെഴുതി. നിന്റെ സൗന്ദര്യത്തെ വാനോളം പുകഴ്ത്തി.

നിന്നെ അറിയില്ലെന്ന് പറഞ്ഞ ആ ക്രൂരനായ രാജാവിനെ ഒരു കള്ള ശാപത്തിന്റെയും മന്ത്രമോതിരത്തിന്റെയും കഥപറഞ്ഞ് മഹാനാക്കി. നിന്നെയോർത്ത് നെഞ്ചുതകർന്ന് കരഞ്ഞ അനശ്വര കാമുകനാക്കി...

പിന്നീട് അന്തരാവകാശികളില്ലാഞ്ഞ് അവസാനം അയാൾ നിന്റെയരികിൽ തന്നെ വന്നു. നിന്റെ മകനെയോർത്താണ് അന്ന് നിന്റെ സത്യത്തെ വീണ്ടും ബലാത്കാരത്തിന് നീ വിട്ടുകൊടുത്തത് എന്ന് എനിക്കറിയാം.

ശകുന്തളേ... എഴുന്നേൽക്കൂ. ഇന്നും ദുഷ്യന്തന്മാർ മാന്യതയുടെ മുഖംമൂടിയണിഞ്ഞ് അക്ഷരത്തിന്റെ മറവിൽ തങ്ങളുടെ താണ്ഡവം തുടരുന്നു. ഇനിയെങ്കിലും സംസാരിക്കൂ..."

ഞാൻ ഞെട്ടിയുണർന്നു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. എന്നിലെ പെൺമ തനിക്കേറ്റ ഇന്നും ഏറ്റുകൊണ്ടിരിക്കുന്ന മുറിവിൽ നീറുകയായിരുന്നു. ഞാനെഴുന്നേറ്റു നടന്നു. അമ്മുവിന്റെ മുറിയിൽ വാതിലുകൾ തുറന്നിട്ടിരിക്കുകയായിരുന്നു. മുത്തശ്ശി പറഞ്ഞ കഥയിലെ ധീരനായ രാജാവിനെയായിരിക്കാം അവളിപ്പോൾ സ്വപ്നം കാണുന്നത്. അവളുടെ മുഖത്തേക്ക് നോക്കിയിരിക്കെ മഞ്ഞുപോലെ ശുദ്ധമായ മനസും വെണ്ണപോലെയുള്ള മേനിയുമുള്ള ഒരു പെൺകുട്ടിയെ ഞാൻ കണ്ടു. എന്റെ ശകുന്തള!

**Anju Jose**

II BA Economics





# ഗർഭപാത്രത്തിലെ കൊതുക്

മാംസളമായ രക്തവർണ്ണത്തിലുള്ള ഇരുണ്ട ഭിത്തികളിൽ ആ കൈകളും കാലുകളും ആഞ്ഞു മുട്ടി. അവിടെ തുറക്കാൻ വാതിലുകളില്ലായിരുന്നു. മുട്ടുവിൻ തുറക്കപ്പെടുമെന്ന് പാവം. അത് എപ്പോഴെങ്കിലും കേട്ടിരിക്കും. കണ്ണുകൾ മിടിക്കാനാകാതെ ആ ജീവൻ സ്വാതന്ത്ര്യത്തിനായി ഭിത്തികൾക്കിടയിൽ കിടന്നു പിടഞ്ഞു. വേനൽചൂടിൽ വിങ്ങുന്ന ശരീരം അതറിഞ്ഞു. അവിടെ തുറന്നിടാൻ കിളിവാതിലുകൾ ഇല്ലായിരുന്നു. പെട്ടെന്ന് എവിടെനിന്നോ ഒരു ശബ്ദം മൂളിക്കൊണ്ട് ആ ശരീരത്തിന്റെ ചെവിക്കടുത്തെത്തി. ശരീരത്തിലുള്ള ജീവൻ ശബ്ദത്തിന്റെ ഉറവിടം അറിയാനായി അംഗങ്ങളെ നാല് ദിക്കുകളിലേക്കയച്ചു. ഇത്രയും വ്യക്തമായ ഒരു ശബ്ദം നാളിതുവരെക്കുള്ളിൽ ആ ചെവികൾ കേട്ടിരുന്നില്ല. ജീവൻ അറിഞ്ഞിരുന്നത് ഭിത്തിക്ക് പുറത്തുള്ള അവ്യക്തമായ ശബ്ദം മാത്രം. പക്ഷെ ഇത്... ഇത് വ്യക്തമാണ്, ഭിത്തിക്കു പുറത്തുള്ളതല്ല, തീർച്ച. എന്താണിത്? ചെവികൾ വട്ടം പിടിച്ചു. പെട്ടെന്ന് ശബ്ദം പറഞ്ഞുതുടങ്ങി. "അല്ലയോ ജീവൻ, ഞാൻ ഒരു കൊതുകാണ്. എങ്ങനെയോ വഴിതെറ്റി കയറിയതാണ് ഈ ഗർഭപാത്രത്തിൽ. പുറത്തുകടക്കാൻ പലതവണ ശ്രമിച്ചു. ഒടുവിൽ തുരന്ന് കടക്കാമെന്ന് കരുതി. അപ്പോഴാണ് നിന്നെ കണ്ടത്." ജീവൻ അത്ഭുതം കൂറി നിന്നു. "കൊതുകോ?" അതെന്താണ്? ലോകം കാണുന്നതിനുമുമ്പ് കണ്ട ഒന്നാണിത്, കൊതുക്. ജീവൻ ചോദിച്ചു. "ഹേയ് കൊതുകേ... നീയെങ്ങനെയാണ് വഴിതെറ്റി ഇവിടെ കയറിയത്? ഇത് എന്റെ മാത്രം ലോകമാണ്. ഇവിടെ മറ്റൊരാൾക്ക് കടക്കാൻ സാധ്യമല്ല. എന്നിട്ടും നീയെങ്ങനെ? അല്ലെങ്കിൽ തന്നെ നിനക്കൊളിക്കാൻ വേറെയെത്ര സ്ഥലങ്ങളുണ്ട്. എന്നിട്ടും നീയെന്തിന് ഇവിടെത്തന്നെ വന്നു?" കൊതുക് പറഞ്ഞു. "നിന്റെ ലോകം. ഇതുതന്നെയാണ് എല്ലാ മനുഷ്യരുടെയും ചിന്ത. എന്റെ ലോകം... എന്റെ ജീവൻ... എന്റെ ശരീരം... ഏയ് ജീവൻ, നിനക്ക് നിന്റെ ശരീരം എത്ര പ്രിയപ്പെട്ടതാണോ അതുപോലെതന്നെയാണ് എനിക്കും. ഞാൻ എന്റെ ശരീരത്തിൽ നിന്നും എന്റെ ജീവൻ രക്ഷിക്കാൻവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ എങ്ങനെയോ കയറിപ്പറ്റിയതാണിവിടെ. പക്ഷെ ഇവിടെ വന്നുകയറിയപ്പോൾ എനിക്കൊരു കാര്യം മനസിലായി, നാളെ എന്റെ അവസ്ഥ തന്നെയായിരിക്കും നിന്റേതും. നിന്റെ ജീവന് ഒളിക്കാൻ ഒരുപക്ഷെ നാളെ മറ്റൊരു ഇടം കിട്ടിയെന്നുവരില്ല. അതുകൊണ്ട്, കഴിവതും ഈ ഗർഭപാത്രം വിട്ട് പുറത്തുവരാതിരിക്കുക." ജീവൻ ചോദിച്ചു. "നിന്റെ അവസ്ഥ എനിക്കോ.... അതെന്താ? എനിക്ക് നീ പറയുന്നതൊന്നും മനസിലാകുന്നില്ല." കൊതുക് പറഞ്ഞു. ഞങ്ങളിൽ ഒരു കൂട്ടർ നിത്യാഹാരത്തിനായി നിവർത്തിയില്ലാതെ ചോരകുടിക്കും, പക്ഷെ മറ്റവർക്ക് ഇലച്ചാറുകൾ മതി. ചോരകുടിക്കുന്നവരെ സമൂഹം പേരിട്ടുവിളിച്ചു, പെണ്ണെന്ന്. ഇലച്ചാറ് തിന്നുന്നവൻ ആണും. അതുകൊണ്ട് തന്നെ ഞങ്ങൾ മനുഷ്യന്റെ അടിയേറ്റ് മരിക്കും. പെണ്ണിന്റെ വിധി എന്നും ഇതാണ്. നിവൃത്തികേടിനുവേണ്ടി ജീവിതം കളയാൻ." "അതുകൊണ്ടെനിക്കെന്തു വരാനാണ്? ഞാൻ മനുഷ്യനല്ലേ... കൊതുകല്ലല്ലോ..." ജീവൻ പറഞ്ഞു. കൊതുക് ചിരിച്ചു. "നീ പുറത്തുവന്നാൽ നിന്റെ ചോര കുടിക്കാനും നിന്നെ അടിക്കാനുമായി ഒരുപാട് കൈകൾ കാത്തിരിക്കുന്നുണ്ട്. കാരണം, നീയും ഒരു പെണ്ണാണ്." ഇത്രയും പറഞ്ഞ് കൊതുക് ഭിത്തിതുരന്ന് എങ്ങോട്ടോ പറന്നുപോയി. ആ മൂളൽ ദൂരേയ്ക്ക് മറയുന്നതും കേട്ട് ജീവൻ ചിന്തയിലാണ്ടു...

**Jishnu K. Manoj**

I BSc Psychology



# HOW BOLD ARE YOU

*തന്റേടിയാകുമ്പോഴാണ് (തന്റെ ഇടം) ഏതൊരു സ്ത്രീയും പൂർണത കൈവരിക്കുന്നത്. തന്റെ ഇടം അത് എത്ര ചെറുതാണെങ്കിലും അതു കണ്ടെത്തുമ്പോഴാണു സമൂഹം അവളെ അംഗീകരിക്കുന്നത്. ഇവിടെ സമകാലിക മലയാള സിനിമയിൽ നിന്ന് മൂന്നു സ്ത്രീ കഥാപാത്രങ്ങളെ (സിനിമക്കും അകത്തും പിന്നണിയിലും) കടമെടുക്കുകയാണ് ലേഖിക. പറഞ്ഞു പഴകിയ സ്ത്രീ ശാക്തീകരണ മുദ്രാവാക്യങ്ങൾക്കു പകരം ലളിതമായി സ്വയം തങ്ങളെ തന്നെ കണ്ടെത്തുന്ന മൂന്നു പേർ. വൈക്കം മുഹമ്മദ് ബഷീറിന്റെ കടുത്ത ആരാധികയായതു കൊണ്ടാവാം ഗൗരവമേറിയ ഈ വിഷയത്തെ ഹാസ്യത്തിന്റെ അകമ്പടിയോടെ വളരെ ലളിതമായി അവതരിപ്പിക്കാൻ ആൻ തോമസിനു കഴിയുന്നത്. ആരാണ് അവളുടെ സ്വപ്നങ്ങൾക്കു പരിധികൾ നിശ്ചയിക്കുന്നത്?*

യുസിയൻ കലാലയ ജീവിതത്തിലെ ഒരു സമരദിവസം ഹോസ്റ്റലിൽ ഇരിക്കാൻ വയ്യാത്തതുകൊണ്ട് ഉച്ചവരെ ലൈബ്രറിയിൽ ഇരുന്ന് ആഴ്ചപ്പതിപ്പുകൾ വായിച്ചു തകർത്തു. രണ്ടു മണിക്കു മുമ്പ് ചെന്നില്ലെങ്കിൽ മെസ്സിലെ ചേച്ചിമാരുടെ വേറൊരു മുഖം കാണേണ്ടി വരുമല്ലോ എന്നോർത്തപ്പോൾ സുപ്രിയയോട് 'ഇപ്പൊ വരാം' എന്നു വാക്കു കൊടുത്തു ഹോസ്റ്റലിലേക്ക് നടന്നു. നമുക്ക് പിന്നെ നല്ല 'കൃത്യനിഷ്ഠ'യുള്ളതു കൊണ്ട് സമയത്തിനിറങ്ങിയില്ല. അതുകൊണ്ടു ലൈബ്രറിയിലേക്കു തിരിച്ച് ഓടുകയായിരുന്നു. അപ്പോഴാണ് മാഗസിൻ എഡിറ്ററിന്റെ വഴിയിൽപ്പെട്ടത്. 'ഹൗ ഓൾഡ് ആർ യു' 'കണ്ടതാണോ?' 'അതെ'. 'നിരുപമ രാജീവിനെയും(ഹൗ ഓൾഡ് ആർ യു) ഇയാളുടെ പ്രൊഫൈൽ പിക് ഇട്ടിരിക്കുന്ന ആർജെ സേറയെയും (ബാംഗ്ലൂർ ഡേയ്സ്) ചേർത്തൊരു ആർട്ടിക്കിൾ എഴുതി കൂടെ?' ഈശോയേ... പണി പാളിയല്ലോ' എന്ന് മനസ്സിൽ ഓർത്തെങ്കിലും 'ശ്രമിക്കാം' എന്ന് ഉത്തരം കൊടുത്തു. ലൈബ്രറിയിൽ ചെന്നപ്പോൾ എന്നെപ്പോലെ കുറച്ചു വട്ടുള്ള ക്രിസ്റ്റിയെ കണ്ടപ്പോൾ കാര്യം അവതരിപ്പിച്ചു.

സെമിനാറുകളുടെയും അസൈൻമെന്റുകളുടെയും ലോകത്തിലേക്കു പിന്നീടുള്ള ദിവസങ്ങൾ വഴുതി വീണപ്പോൾ ഈ ചിന്ത മനസ്സിൽ നിന്ന് പോയി. പിന്നെ കഴിഞ്ഞ ദിവസം ബിനിയുടെ ഇൻബോക്സിലേക്കു എഡിറ്റർ ആർട്ടിക്കിളിന്റെ കാര്യം ആരാഞ്ഞപ്പോഴാണ് ആ കാര്യം പിന്നെയും മനസ്സിലേക്കു കയറി വന്നത്. അടുത്ത ദിവസം, ക്ലാസ് അറ്റൻഡ് ചെയ്യാൻ ഓടുകയായിരുന്ന എഡിറ്ററെ വഴിയിൽ തടഞ്ഞു നിർത്തി 'കവി എന്താണ് ഉദ്ദേശിച്ച'തെന്നു ചോദിച്ചപ്പോഴാണ് ആർജെ സേറ, നിരുപമ രാജീവ് എന്നീ കഥാപാത്രങ്ങളെയും അഞ്ജലി മേനോൻ എന്ന മഹാപ്രതിഭാസത്തെയും കൂട്ടിയിണക്കിയാണ് എഴുതേണ്ടതെന്നു കത്തിയത്. ഫസ്റ്റ് അവർ വിക്ടോറിയൻ പോയറ്ററിയെക്കുറിച്ചുള്ള 'മഹാഖാണ്ഡം' മിസ് വായിക്കുന്നുണ്ടായിരുന്നെങ്കിലും മനസ് മുമ്പേ പറഞ്ഞ മൂന്ന് പെൺകഥാപാത്രങ്ങളിൽ കുടുങ്ങി കിടന്നു. കർത്താവിനെ ക്രൂശിച്ചപ്പോൾ അപ്പുറവും ഇപ്പുറവും രണ്ട് കള്ളൻമാർ ഉണ്ടായിരുന്നതുപോലെ എന്റെ രണ്ടുവശത്തും ഇരുന്ന കീർത്തിയോടും ആൻ മരിയയോടും ഇതി

നെക്കുറിച്ച് എന്തെങ്കിലും മനസ്സിൽ തെളിയുന്നുണ്ടെങ്കിൽ കുറിക്കാൻ പറഞ്ഞു. ഫസ്റ്റ് അവർ കഴിഞ്ഞപ്പോൾ ക്ലാസിലെ ഏക ആൺതരിയായ ജെസ്റ്റോയും എന്തൊക്കെയോ ഇതിലേക്ക് സംഭാവന ചെയ്തു. പിന്നിലിരുന്ന മൂന്നെണ്ണം ലിറ്റി, സുപ്രിയ, പ്രിയാനാ ഇവരോട് 'ഹൗ ഓൾഡ് ആർ യു'വിനെക്കുറിച്ചു ചോദിച്ചപ്പോൾ സ്വന്തം വയസ് പറഞ്ഞ് ഒരു വളിച്ച കോമഡി ഇറക്കി. ഇതൊക്കെ പറഞ്ഞതെന്തിനാണെന്നുവച്ചാൽ, ഈ കുറിപ്പ് എന്റെ മാത്രം 'പുത്തി'യിൽ തെളിഞ്ഞതല്ല, മറിച്ച് ഒരു 'കൂട്ടുകൃഷിയാണ്' എന്നറിയിക്കാൻ വേണ്ടിയാണ്.

ഇനി കാര്യത്തിലേക്കു കടക്കാം. റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത 'ഹൗ ഓൾഡ് ആർ യു' എന്ന സിനിമയുടെ തലക്കെട്ട് തന്നെ കേരളത്തിലെ സ്ത്രീകളുടെയും പുരുഷൻമാരുടെയും consciousnessനെ വരച്ചുകാട്ടുന്നു. മഞ്ജു വാര്യർ അവതരിപ്പിച്ച നിരുപമ രാജീവെന്ന കഥാപാത്രത്തോട് സിനിമയുടെ തുടക്കത്തിൽ ഒരു അഭിമുഖത്തിനിടെ ഹൗ ഓൾഡ് ആർ യു എന്ന ചോദ്യം ഉയരുന്നുണ്ട്? ആ ചോദ്യത്തിനു '36' എന്ന് ഉത്തരം കൊടുക്കുന്ന നിരുപമ സിനിമയുടെ അവസാനം ഇതേ ചോദ്യം തനിക്കു മുമ്പിൽ ആവർത്തിക്കപ്പെടുമ്പോൾ 'It doesn't matter' എന്ന് അഭിമാനത്തോടെ പറയുന്നു. തന്റെ കുടുംബത്തിനു വേണ്ടി സന്തോഷത്തോടെ തന്റെ സ്വപ്നങ്ങൾ മാറ്റിവച്ചു കലക്ട്രേറ്റിലെ യുഡി ക്ലാർക്കിലേക്ക് നിരുപമ ഒതുങ്ങുന്നു. ഒരു ദിവസം ഞെട്ടലോടെ നിരുപമ തിരിച്ചറിയുന്നു തന്നെ തനിച്ചാക്കി ഭർത്താവും മകളും യൂറോപ്പിലേക്കു പറക്കുകയാണെന്ന്. മകളെ തന്നിൽ നിന്ന് പറിച്ചുകൊണ്ടു പോകുന്ന ഭർത്താവിനോട് ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ അമ്മയുടെ പ്രാധാന്യം എത്രത്തോളമാണെന്നു പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവൾ പരാജയപ്പെടുന്നു. ഭർത്താവും മകളും ഇല്ലെങ്കിൽ താൻ ആർക്കു വേണ്ടിയാണ് ജീവിക്കുന്നതെന്ന ചിന്തയിൽ നിന്ന് അവൾ തന്നിലേക്ക് തന്നെ തിരിച്ചു നടക്കുന്നു. കലാലയ ജീവിതത്തിലെ ഊർജ്ജസ്വലയായ നിരുപമയെ കണ്ട് താൻ ഒത്തിരി അസൂയപ്പെട്ടിട്ടുണ്ടെന്നു പറയുന്ന സഹപാഠിയുടെ വാക്കുകൾ അവൾക്കു പുതിയ ഊർജ്ജം നൽകുന്നു. നിന്റെ സ്വപ്നമായിരിക്കണം നിന്റെ കയ്യൊപ്പെന്ന് സഹപാഠി നിരുപമയെ ഓർമപ്പെടുത്തുന്നു. നിരുപമ പെട്ടെന്നൊരു സുപ്രഭാതത്തിൽ ഉയർന്ന ജോലിയിൽ പ്രവേശിക്കുകയോ കോടീശ്വരിയാകുകയോ ചെയ്യുന്നില്ല. പകരം നിലവിലുള്ള ജീവിതസാഹചര്യങ്ങളിൽ നിന്നുകൊണ്ടു തന്നെ അവൾ സ്വന്തം ഇടം കണ്ടെത്തുന്നു. ഒരിക്കൽ തനിക്ക് ഒരു വിലയും കൽപിക്കാതെ ഇരുന്ന ഭർത്താവിന്റെയും മകളുടെയും മുന്നിലൂടെ രാഷ്ട്രപതി ഭവനിൽ നിന്ന് തല ഉയർത്തിപ്പിടിച്ച് അവൾ തിരിച്ചു നടക്കുന്നു. ഇവിടെ സതി-സാവിത്രി മിത്തുകളെയും പതിവ്രത സങ്കൽപങ്ങളെയും തകിടം മറിച്ചാണ് നിരുപമ ഉയിർത്തെഴുന്നേൽക്കുന്നത്. സ്ത്രീകൾക്ക് 'എല്ലാവിധ'ത്തിലുള്ള സ്വാതന്ത്ര്യവും കൊടുക്കുന്നുണ്ടെന്നു അവകാശപ്പെടുന്ന ഈ പോസ്റ്റ്മോഡേൺ യുഗത്തിൽ, ജോലി രാജിവച്ചു വീട്ടിലിരിക്കുന്ന എന്റെ സ്വന്തം അമ്മ മുതൽ ഈ സിനിമയിൽ അഭിനയിച്ച പ്രശസ്ത നടി മഞ്ജു വാര്യർ വരെ ഇന്നത്തെ പുരുഷകേന്ദ്രീകൃതമായ സമൂഹത്തിന്റെ ബാക്കിപത്രങ്ങളാണെന്നു വിനയപുരസരം ഓർമിപ്പിച്ചു കൊള്ളുന്നു.



ഇനി അഞ്ജലി മേനോന്റെ ബാംഗ്ലൂർ ഡേയ്സിലെ പാർവതി മേനോൻ അനശ്വരമാക്കിയ സേറയിലേക്ക് വരാം. രണ്ടു കൈയ്യും കാലുമുള്ളവർക്കു തന്നെ പിടിച്ചുനിൽക്കാൻ പറ്റാത്ത തിരക്കേറിയ ലോകത്തിൽ ചലനശേഷിയില്ലാതെ സ്വന്തം ഇടം കണ്ടെത്തുകയാണ് റേഡിയോ ജോക്കിയായ സേറ. പെണ്ണാണെങ്കിൽ മുട്ടറ്റം മുടി വേണമെന്ന (സോറി, ഇപ്പോ ആണുങ്ങൾക്കാണല്ലോ മുട്ടറ്റം മുടി) സങ്കൽപത്തിനു നേരേ കാർക്കിച്ചു തുപ്പുന്നതാണ് സേറയുടെ 'appearance'. സേറയെ കൂടെ കൂട്ടാൻ അജു(ദുൽഖർ സൽമാൻ) ആഗ്രഹിക്കുമ്പോൾ അതിനു തടസ്സം നിൽക്കുന്നത് അവളുടെ അമ്മയാണ്. തന്റെ മകളുടെ ജീവിതം ഒരു ചെറിയ ലോകത്തിലേക്ക് ഒതുങ്ങി പോകുമെന്ന ഭയമാണ് അവർക്ക്. അതായത്, സാധാരണ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമായി ആ അമ്മ തന്റെ മകളുടെ ബലഹീനതകളെ മാറ്റിനിർത്തി അവൾക്കു കൂടുതൽ അവസരങ്ങൾ ഉണ്ടാക്കി കൊടുക്കാൻ ശ്രമിക്കുന്നു. മറ്റെല്ലാരെയും പോലെ ഒരു സാധാരണ ജീവിതം നയിക്കുന്ന സേറയുടെ ഭിന്നശേഷിയുള്ള കഥാപാത്രം ഇന്ന് പലർക്കും പ്രചോദനമായി തീർന്നിട്ടുണ്ട്. സ്വന്തം അവസ്ഥകളോട് മല്ലിട്ടു ജീവിക്കുന്ന സേറയുടെ കഥാപാത്രം ജീവിതം കൊണ്ടു മാത്രമല്ല, appearance കൊണ്ടു പോലും പല പെൺകുട്ടികളുടെയും റോൾ മോഡൽ ആയി കഴിഞ്ഞു.(എന്തിനേറെ പറയുന്നു.



ഈയുള്ളവൾ പോലും സേറയെ പ്രൊഫൈൽ പിക്ച്ചർ ആക്കിയതെന്തുകൊണ്ടാണെന്നാ... 'പെൺകുട്ടികളായാൽ ഇങ്ങനെയൊക്കെയേ നടക്കാവൂ' എന്ന് പറയുന്ന സദാചാരപ്രിയരായ എന്റെ ബന്ധുക്കളും നാട്ടുകാരും കാണട്ടെ എന്ന് വിചാരിച്ചിട്ടു തന്നെയാ)

ഇനി എന്റെ പ്രിയപ്പെട്ട സംവിധായിക അഞ്ജലി മേനോന്റെ സമീപത്തേക്ക് വരാം. അഞ്ജലി മേനോന്റെ സമീ മേനോനിലേക്ക് വരാം. അഞ്ജലി മേനോന്റെ ഒരു അഭിമുഖത്തിനു പകാലത്തു പുറത്തു വന്ന ഒരു അഭിമുഖത്തിനു ലേഖകൻ നൽകിയ തലക്കെട്ട് 'അഞ്ജലി ജോളി' എന്നാണ്. ഹോളിവുഡിലെ പ്രശസ്ത നടി ആൻജലീന ജോളിയുമായി താരതമ്യം ചെയ്താവും അങ്ങനെ തലക്കെട്ട് കൊടുത്തത്. എട്ടര പതിറ്റാണ്ടു പിന്നിടുന്ന മലയാള സിനിമാ ലോകത്തിലെ ആദ്യത്തെ സൂപ്പർഹിറ്റ് സംവിധായികയായി മാറിയ അഞ്ജലി മേനോന് ഇതിലും മികച്ച ടൈറ്റിൽ കൊടുത്താലും അധികമാവില്ല. ദുബായ്, ലണ്ടൻ, മുംബൈ, കൊച്ചി ഇങ്ങനെ നഗരങ്ങൾ വളർത്തിയ അഞ്ജലി മേനോന് ബാംഗ്ലൂർ എന്ന ഇലക്ട്രോണിക് സിറ്റിയുടെ കഥ മാത്രമല്ല പറയാനറിയാവുന്നത്. തന്റെ ആദ്യ ചിത്രമായ മഞ്ചാടിക്കുരുവിൽ ഗ്രാമീണ പശ്ചാത്തലത്തിൽ ഒരു കൊച്ചുകുട്ടിയുടെ കാഴ്ചപ്പാടിലൂടെയാണ് അഞ്ജലി കഥ പറയുന്നത്. നഗര ജീവിതത്തിന്റെ കഥ പറയുന്ന ബാംഗ്ലൂർ ഡേയ്സിൽ കൂടുതലും നൈറ്റ് സീനുകൾ ആണല്ലോ എന്ന ചോദ്യത്തിന് അഞ്ജലി കൊടുക്കുന്ന ഉത്തരം അവർ തിരക്കഥയെഴുതിയ സമയമാണതെന്നാണ്. ഭാര്യ, അമ്മ എന്നീ റോളുകൾ കൃത്യമായി നിർവഹിക്കുമ്പോഴും തന്റെ ഇടമെത്ത അടയാളപ്പെടുത്താൻ അവർ കൃത്യമായി സമയം കണ്ടെത്തുന്നു. കുടുംബ ജീവിതത്തിനോടൊപ്പം കൊണ്ടുപോകാൻ കഴിയുന്നതല്ല സംവിധായികയുടെ ജോലിയെന്ന സ്ഥിരം പല്ലവികളെ അവർ പൊളിച്ചെഴുതുന്നു.

ഇനി 'ഹൗ ഓൾഡ് ആർ യു'വിൽ നിന്ന് ഒരു ചോദ്യം എടുത്ത് ഞാൻ എന്റെ രീതിയിൽ വളച്ചൊടിക്കാൻ ശ്രമിക്കുന്നു. ഇത്രയും സ്ത്രീകളുള്ള നമ്മുടെ നാട്ടിൽ ഒരു വനിതാ പ്രധാനമന്ത്രിയും ഒരു വനിതാ രാഷ്ട്രപതിയും മലയാളത്തിൽ നിന്ന് ഒരു വനിതാ സൂപ്പർഹിറ്റ് സംവിധായികയും മാത്രമാണ് ഉണ്ടായിട്ടുള്ളത്... അപ്പോൾ, സ്ത്രീകളുടെ ആഗ്രഹങ്ങൾക്ക് ആരാണ് പരിധി നിശ്ചയിക്കുന്നത്? ഉത്തരം എല്ലാവർക്കും അറിയാമെങ്കിലും 99 ശതമാനം ആളുകളും അത് മനസിലേ സൂക്ഷിക്കൂ...നമുക്കെങ്കിലും ആ ബാക്കി വരുന്ന ഒരു ശതമാനത്തിന്റെ കൂടെ കൂടിയാലോ..?

ഹാവൂ...അങ്ങനെയൊരുവിധം എഴുതി തീർത്തു. എന്റെ പ്രിയപ്പെട്ട വായനക്കാരെ ഞാൻ ഒരു സത്യം പറയാം, എനിക്കീ എഴുത്തൊന്നും വശമില്ല. ഒത്തിരി മാസികകൾ റഫർ ചെയ്യാനോ നെറ്റ് ബ്രൗസ് ചെയ്യാനോ പത്രം വായിക്കാനോ ഒന്നും ഞാൻ മെനക്കെട്ടിട്ടില്ല. സെമിനാറുകളും അസൈൻമെന്റുകളും പരീക്ഷകളും പിന്നെ എംജിയുടെ സുന്ദരമായ സിലബസും കൊണ്ടു കുത്തിനിറച്ചു മെല്ലിച്ച നമ്മുടെ ഈ സെമസ്റ്റർ സംവിധാനത്തിൽ ഇത്രയൊക്കെയേ പറ്റൂ...

അതൊക്കെ പോട്ടെ, എന്റെ പെമ്പിള്ളേരേ നിങ്ങളോടെനിക്ക് ഒന്നേ പറയാനുള്ളൂ...നമ്മളെ അടിച്ചമർത്താൻ ശ്രമിക്കുന്ന(പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടുന്ന) ഈ കേരളീയ സമൂഹത്തിൽ നാം സേറയെപ്പോലെ ബോൾഡായി ജീവിതത്തോട് പോരാടി അഞ്ജലി മേനോനെപോലെ നല്ലൊരു പേരു സമ്പാദിക്കാൻ ശ്രമിക്കുക. അങ്ങനെനിൽക്കുമ്പോൾ എതെങ്കിലും 'മണകൊണാഞ്ചൻമാർ' (മണകൊണാഞ്ചികളും!) വന്ന് നമ്മളോട് ചോദിക്കും 'ഹൗ ഓൾഡ് ആർ യു'വെന്ന്? അപ്പോ അൽപ്പം അഹങ്കാരത്തോടു കൂടിത്തന്നെ നിരുപമ രാജീവിനെപ്പോലെ തല ഉയർത്തി നമുക്കു പറയാം 'ഇറ്റ് ഡെസിന്റ് മാറ്റർ.'

**Ann Thomas**

I MA English

Sreejith P.A.



# Shh!!

Draped is stark gloom, stooped the night
Not a nook could I find
To linger around quiet!

Grim shadows lurked ominous
Stumbling along the paths beyond I caught
Their ravenous eyes haggling to look me, naked!!!

That 'latter' caught me hard
Ticklish his hands got. . .
Eyes hazed, senses dampened.

Impassive silence ensnared
The hideous second ..... Oh, terror!
And unceasing the hours paced.

"Hush! My dank body! "
In reminder I urged,
Not above the 'silent pitch'.
. . . . . ! ! !

Woman I am
Charioting on dreams
Dreams alone and no trappings!

**Linda P. Jospeh**

II MA English



# माँ का दर्द

दर्द क्या होता है ?
कैसी होती है ?
यह दर्द , खुशी का है या
अवसाद का ?
है सिर्फ़ ये दिल में या दिमाग में ?

यह कैसा मनो – विकार है ,
दु:ख में महसूस होता है ,
खुशी में भी एहसास दिलाता है ।
दु:खी वक़्त में आँखों के आँसुओं को
क्या ' दर्द ' समझ सकते है ?
सुखद यादों में चेहरे की मुसकुराहट को
क्या ' दर्द ' समझ सकते हैं ?

बेटी के जन्म पर
माँ की खुशी में भी दर्द होती है ।
अपनी छोटी – सी गुड़िया को पहली बार ,
चलते हुए देखकर
पहली बार स्कूल में जाते देखकर
पहले नंबर पर पास होते देखकर
माँ की खुशी और बढ़ जाती है ।

अपनी बेटी को डॉक्टर या इन्जीनियर बनाने का
सपना मन में संजोना क्या पाप है ?
क्या इसे स्वार्थता समझा जाता है ?
उसी बेटी को जब भेड़िये नोच डालते है .....
इस खबर को सुननेवाली माँ का
दर्द क्या होता है ?
क्या इसे ' सिर्फ़ ' दर्द कह सकते हैं ?

कानून पर भरोसा रखनेवालों को
कभी न्याय मिलता है ?
क्या उनका दर्द कम पड़ता है ?
दर्द सिर्फ़ दर्द बना रहता है ।
अन्याय की दुनिया में न्याय की क्या जगह ?
है असलियत यही आज की दर्द – भरी दुनिया की ।

Noora K.A.
II BA Economics




'ന്യൂജനറേഷൻ പിള്ളേരോട് ചോദ്യങ്ങൾ ചോദിക്കുമ്പോ, അത് പിള്ളേരുടെ പൾസ് അറിഞ്ഞ് വേണം'
ക്യാംപസ് ഒളിഞ്ഞും തെളിഞ്ഞും ചർച്ചക്കെടുത്ത വിഷയങ്ങൾ മാഗസിൻ കണ്ണിലൂടെ ചികഞ്ഞെടുക്കാൻ (ഒളിഞ്ഞുനോട്ടം) ശ്രമിച്ചപ്പോൾ സിസിയിൽവച്ചൊരു വിദ്വാൻ പറഞ്ഞതാണിത്. ചോദ്യങ്ങൾ ഒരുപാടുള്ളിടത്തോളം ക്യാംപസിന്റെ ഉത്തരങ്ങളും മറു ചോദ്യങ്ങളും അസ്തമിച്ചില്ല.

ചിന്തിക്കുകയും, കുറച്ചുകൂടി അ'വ്യക്തമായി' പറഞ്ഞാൽ 'നട്ടു നിവർന്നു നിന്ന് സംസാരിക്കുന്ന' പെണ്ണിനെയും ആണിനെയും അവർ നട്ടുനനയ്ച്ച സൗഹൃദവലയങ്ങളെയും ഞങ്ങൾ സമീപിച്ചു. അറുപത് ശതമാനത്തിനും മുകളിൽ 'പെൺകൂട്ടങ്ങൾ' കുടികൊള്ളുന്ന യൂസിയൻ ക്യാംപസിൽ സത്രൈണാന്തരീക്ഷത്തെക്കുറിച്ച്, 'Womens' college in disguise' -യൂസിയെ ഒരു അധ്യാപകൻ വിശേഷിപ്പിച്ചതങ്ങനെ), അവയെ കീഴ്പ്പെടുത്തുന്ന സദാചാരവാദ'കമ്മിറ്റികളെ'ക്കുറിച്ച്.......ഒടുവിൽ എത്തിചേർന്നതാവട്ടെ മാറിമറയുന്ന പെൺസംബന്ധിയായ മറ്റനേകം വിഷയങ്ങളിലേക്കും.

മിഥ്യാധാരണകളെയും, ഓൾഡർ ജനറേഷനെയും നോക്കി കൊഞ്ഞനംകുത്തുന്ന പച്ചയായ യൂസിയൻ മണ്ണിൽ 'റാഡിക്കൽ ന്യൂജനറേഷൻ' ചിന്തകൾ വേരു പാകി വേവാൻ തുടങ്ങിയിരിക്കുന്നു.

**സദാചാര വാദികളോട്....'ഞങ്ങൾക്കും പറയാനുണ്ട്'**

'ഒരാണും പെണ്ണും ഒരുമിച്ചിരുന്നാൽ എങ്ങനെയാണു സദാചാരം തകർക്കപ്പെടുന്നത്?' ചോദിക്കുന്നത് ഒരു പറ്റം മൂന്നാംവർഷ വിദ്യാർഥികൾ. സിസിയിലെയും ബിബിസിയിലെയും സൗഹൃദവലയങ്ങളുടെ മേൽ സദാചാര പൊലീസ് ചമയുന്നത് ചിലപ്പോഴെങ്കിലും അധ്യാപകരാവുന്നത് ഏറെ കഷ്ടമാണ്. അധ്യാപകർക്കിടയിലെ 'basic duplicity' യാണ് ഇതിനു പിന്നിലെന്ന് അവർ കൂട്ടിചേർക്കുന്നു. ക്യാംപസിനകത്ത് താരതമ്യേന സദാചാരവാദികൾ കുറവാണെങ്കിലും ക്യാംപസിനു പുറത്ത് ആൺ-പെൺ സൗഹൃദങ്ങളെ സംശയത്തോടെയാണ് ആളുകൾ നോക്കി കാണുന്നതെന്നു ഭൂരിഭാഗം വിദ്യാർ ഥികളും അഭിപ്രായപ്പെടുന്നു. 'സദാചാരമോ?' 'അത് ഞങ്ങളെ ബാധിക്കുന്ന വിഷയമേയല്ല' എന്നു പറഞ്ഞവരും കുറവല്ല. ആരോഗ്യകരമായ ആൺ-പെൺ



വീട്ടുകാർക്കല്ല നാട്ടുകാർക്കാണു ഇന്ന് നമ്മുടെ കാര്യങ്ങളിൽ കൂടുതൽ താത്പര്യം
**ജെബിൻ, അഫ്സൽ, അലീന, ഹാ**



സ്ത്രീകളുടെ വസ്ത്രധാരണ രീതിയല്ല മാറേണ്ടത്, മറിച്ച് പുരുഷന്മാരുടെ സ്ത്രീകളോടുള്ള മനോഭാവവും ലൈംഗിക ആസക്തിയുമാണ് മാറേണ്ടത്.

സജിന

സൗഹൃദങ്ങളും അവിടെ ഉടലെടുക്കുന്ന ആശയങ്ങളുടെ തിപ്പന്തങ്ങളും ആശയക്കുഴപ്പങ്ങളുടെ നിരർത്ഥകതയും തങ്ങളുടേത് മാത്രമാണെന്നു ആണയിട്ടു പറഞ്ഞ് അവകാശ പ്രഖ്യാപനം നടത്തിയവരും വിദ്യാർഥികളിലുണ്ടായിരുന്നു.



വസ്ത്രധാരണ രീതികൾ ഒരു പരിധിവരെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നുണ്ട്.

ഷാദിയ

**'അവന്റെ നോട്ടങ്ങളും അവളുടെ വസ്ത്രധാരണവും'**

സ്ത്രീകളുടെ വസ്ത്രധാരണത്തിലല്ല, മറിച്ച് പുരുഷൻമാരുടെ 'Attitude' ആണ് മാറേണ്ടതെന്നു സർവ്വേയിൽ പങ്കെടുത്ത ഭൂരിഭാഗം വിദ്യാർഥികളും അഭിപ്രായപ്പെട്ടു. ആറുമാസം പ്രായമുള്ള പെൺകുട്ടി പീഡിപ്പിക്കപ്പെടുമ്പോൾ അവിടെ എവിടെയാണ് 'ആഭാസ വസ്ത്രധാരണം' പീഡനത്തിനു കാരണമാവുന്നതെന്ന മൂന്നാം വർഷ ബിരുദ വിദ്യാർഥി ഹരിപ്രസാദിന്റെ ചോദ്യത്തിനു ക്യാംപസിൽ മറുചോദ്യങ്ങൾ ഉയർന്നില്ല. വസ്ത്രം എന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ അളവുകോലിനാൽ ബന്ധിതമെങ്കിൽ, എന്തുകൊണ്ടു സ്ത്രീകളുടെ വസ്ത്രധാരണ സങ്കൽപങ്ങളോടു മാത്രം സമൂഹം നെറ്റിചുളിക്കുന്നു എന്നു പുച്ഛത്തോടെ ചോദിച്ചവരും കുറവല്ല. എന്തുതരം വസ്ത്രം ധരിക്കണമെന്നതു വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെങ്കിലും ഓരോരുത്തരും അവരവരുടെ ശരീരപ്രകൃതിക്കു അനുയോജ്യമായി വസ്ത്രധാരണം നടത്തുന്നതാണ് ഉചിതം എന്ന് അഭിപ്രായപ്പെട്ട പെൺകുട്ടികളുമുണ്ട്. വികലമായി വസ്ത്രം ധരിക്കുന്നവർ ആണാണെങ്കിലും പെണ്ണാണെങ്കിലും സമൂഹം അവജ്ഞയോടെ മാത്രമേ അവരെ നോക്കി കാണുകയുള്ളു എന്ന അഭിപ്രായവും ഉയർന്നു കേട്ടു. 'സ്ത്രീ സ്വാതന്ത്ര്യം' എന്നത് പുരുഷന്റെ വ്യവസ്ഥാപിത ശൈലികളോടുള്ള കേവലാനുകരണമായി മാറരുതെന്ന വാദവും ചർച്ചയിൽ ഉയർന്നുകേട്ടു.

**'അയ്യോ...? പതിനാറോ...?'**

'പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കുന്നതിൽ ഒരു യുക്തിയുമില്ല, ഇന്ത്യൻ ഭരണഘടനയും ജനാധിപത്യാധിഷ്ഠിതമായ വ്യവസ്ഥിതിയും എല്ലാവർക്കും ബാധകമാണ്'-ക്യാംപസ് ഒരേ സ്വരത്തിൽ പറയുന്നു.

ഒരു പെൺകുട്ടി ജോലി സമ്പാദിച്ചതിനും സ്വയംപര്യാപ്തത നേടിയതിനും ശേഷം മാത്രമായിരിക്കണം വിവാഹം. 'ഞങ്ങൾക്കും പഠിക്കണം, സ്വന്തം കാലിൽ നിൽക്കണം, സ്വയംപര്യാപ്തത കൈവരിക്കേണ്ടത് ഏതൊരു സ്ത്രീയുടെയും നിലനിൽപ്പിന്റെ തന്നെ ഭാഗമാണ്' പറയുന്നത് ഒന്നാം വർഷ ചരിത്ര ബിരുദാനന്തര ബിരുദ വിദ്യാർഥിനികൾ. 'വിവാഹ പ്രായം കുറഞ്ഞത് ഇരുപത്തിയഞ്ചായിട്ടെങ്കിലും നിജപ്പെടുത്തണം. സ്ത്രീധനം വാങ്ങുന്ന ആളിനെ വിവാഹം കഴിക്കില്ലെന്ന ഉറച്ച നിലപാട് പെൺകുട്ടികൾക്ക് എടുക്കാൻ കഴിഞ്ഞാൽ അത് സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടാക്കും.' ഒന്നാം വർഷ ആംഗലേയ ബിരുദാനന്തര ബിരുദ വിദ്യാർഥിനികളാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്.



വിവാഹകാര്യത്തിൽ പലപ്പോഴും പെൺകുട്ടികളുടെ അഭിപ്രായം ഗൗനിക്കപ്പെടുന്നില്ല. മതം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഞങ്ങൾക്കും പരിമിതികളുണ്ട്...

അഞ്ജലി, ശ്രുതി, ദീപ, ആശ, അർഷ.

**ക്യാംപസ് Womens' Friendlyയോ...? 'അതേല്ലോ...!'**

പെൺകുട്ടങ്ങൾ നിറഞ്ഞാടുന്ന ക്യാംപസിൽ സ്ത്രീ വിരുദ്ധതയുണ്ടെന്നും ഇല്ലെന്നും അഭിപ്രായപ്പെട്ടവരേറെ. 'ക്യാംപസിലെ പെൺകുട്ടികൾ അസംഘടിതരാണ്. വിഎംഎച്ചിൽ ഒരു പരിപാടി അവതരിപ്പിക്കാൻ കേറി നോക്ക്, അപ്പൊ അറിയാം.

കൂക്കി വിളിയും കമന്റടിയും. ഇത് തന്നെ ക്യാംപസിനകത്തും. ഇനി പെൺകുട്ടികൾ പ്രതികരിച്ചാലോ? അത് അപ്പൊ അഹങ്കാരവും തന്റേടവുമാവും, ഇതെന്താ സ്ത്രീ വിരുദ്ധതയല്ലേ? ചോദിക്കുന്നത് ഒന്നാംവർഷ ബിരുദ വിദ്യാർഥിനികൾ. 'ലേഡി റെപ്പ്, വൈസ് ചെയർപേഴ്സൺ എന്നി സീറ്റുകളിലേക്കു പെൺകുട്ടികൾ 'ഒതുക്കപ്പെടുന്നതൊഴിച്ചാൽ' കലാലയ യൂണിയൻ തിരഞ്ഞെടുപ്പിൽ വരെ ശരാശരി സ്ത്രീപ്രാതിനിധ്യം ലഭ്യമാക്കപ്പെടുന്നില്ല.' എന്നും വിദ്യാർഥിനികൾ. (എന്നാൽ പെൺകുട്ടികൾ 80 ശതമാനത്തിലേറെയുള്ള ക്യാംപസിൽ സ്ത്രീകൾക്കു റിസർവ് ചെയ്യാത്ത ജനറൽ സീറ്റുകളിലേക്കു പെൺകുട്ടികൾ മത്സരിച്ചപ്പോൾ എല്ലാം ദയനീയമായി പരാജയപ്പെടുന്ന കാഴ്ചയ്ക്കാണ് സമീപകാല ചരിത്രം സാക്ഷിയായത്.) റാഗിങ്ങെന്ന പേരിൽ നടക്കുന്ന Vulgarities കാണാതെ പോവരുത്-ഉദാഹരണങ്ങൾ അക്കമിട്ടു നിരത്തുന്നു ഒന്നാംവർഷ ബിരുദ വിദ്യാർഥിനി മരിയ മാത്യൂസ്.



*വിവാഹപ്രായം 25 വരെയെങ്കിലും ഉയർത്തണം. സ്ത്രീധനം വേണമെന്നു പറയുന്നവരെ വേണ്ടെന്നുവച്ച് മുന്നോട്ടു വരാൻ പെൺകുട്ടികൾ തയ്യാറാവണം.*

**ലിറ്റി, ആൻ, കൃപ**

'ക്യാംപസിൽ പെൺകുട്ടികൾക്കു അവരുടേതായ ഇടങ്ങളുണ്ട്, 'ആൺകോയ്മ' എന്നത് ഒരു മിഥ്യാധാരണ മാത്രമാണ്. ഇവിടെ എന്തുകൊണ്ട് ആൺകുട്ടികൾക്കു വെയിറ്റിങ് റൂം ഇല്ല?-ചോദ്യശരങ്ങൾ എയ്തത് അവസാനവർഷ ബിരുദ വിദ്യാർഥികൾ. ക്യാംപസ് സ്വതവേ ബാഹ്യമായി (മറ്റു ഇടപെടലുകളില്ലെങ്കിൽ മാത്രം) Womens' Friendly ആണെന്നാണ് ബഹുഭൂരിപക്ഷം വിദ്യാർഥികളുടെയും അഭിപ്രായം.



**Dr. Cheri Jacob**
Dept. of English

ക്യാംപസിൽ ശക്തമായ സ്ത്രീ വിരുദ്ധതയുണ്ട്. 'സ്ത്രീകൾക്കു Basic Sanitation Facilities പോലുമില്ല ഇവിടെ. ശാക്തീകരണ സംവിധാനങ്ങൾ ഒന്നും നടപ്പിലാവുന്നില്ല. പല പരാതികളും പരിഹരിക്കപ്പെടാനാവാതെ അനന്തമായി നീളുന്നു. ഹോസ്റ്റലിലെ വിദ്യാർഥിനികൾക്കു മൊബൈൽ ഫോൺ അനുവദനീയമല്ല, നിശ്ചിത സമയങ്ങളിൽ മാത്രം ഫോൺ അനുവദിക്കുകയും അല്ലാത്തപ്പോൾ അത് തടഞ്ഞുവയ്ക്കുകയും ചെയ്യുന്നതു മനുഷ്യാവകാശ ലംഘനമല്ലേ?, മറുപുറത്ത് ആൺകുട്ടികളുടെ 24 x 7 മൊബൈൽ ലഭ്യതയെക്കുറിച്ച് നിങ്ങൾ ചിന്തിക്കണം.



**Dr Jenee Peter**
Dept. of History

ക്യാംപസിൽ സ്ത്രീ വിരുദ്ധതയുണ്ട്. പെൺകുട്ടികൾ മുഖ്യധാരയിലേക്കു കടന്നുവരാൻ മടിക്കുന്നു. ഞങ്ങളുടെ കാലത്ത് ക്യാംപസിൽ ഇത്തരത്തിലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല, ബന്ധങ്ങൾ കുറച്ചു കൂടി ലളിതമായിരുന്നു. നാലരയ്ക്ക് ശേഷം ക്യാംപസിൽ പെൺകുട്ടികൾ വളരെ വിരളമാണ്. ഹോസ്റ്റലിലെ പെൺകുട്ടികളുടെ മേൽ ഒരുപാട് അനാവശ്യ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നതായി തോന്നിയിട്ടുണ്ട്.

സ്ത്രീ-പുരുഷ വിവേചനത്തോട് യോജിപ്പില്ല, ഒരു പത്തുവർഷം കഴിഞ്ഞ് പെൺകുട്ടികളുടെ ഫോണുകൾ ഇങ്ങനെ തടഞ്ഞുവയ്ക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. പക്ഷേ, പെൺകുട്ടികളുടെ ഹോസ്റ്റലിൽ മോണിറ്ററിംഗിന്റേതായ പ്രശ്നങ്ങളുണ്ട്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവരുടെ നന്മയെക്കരുതിയാണ് ഫോൺ ഉപയോഗം പരിമിതപ്പെടുത്തുന്നത്. കുട്ടികളുടെ സുരക്ഷ വാർഡന്റെ ഉത്തരവാദിത്വമാണ്. ക്യാംപസിൽ സമ്പൂർണ്ണ ഫോൺ നിരോധനം നടപ്പിലാക്കേണ്ടതാണ്. എല്ലാ അർത്ഥത്തിലും സ്ത്രീ സൗഹാർദ്ദ ക്യാംപസാണ് യുസിയെന്ന് പറയാൻ കഴിയില്ല.



**Ms. Twincy Varghese**
Dept. of History
Warden. West Hostel



**Mr. Jenish Paul**
Dept. of Chemistry
Programme Officer, NSS

ക്യാമറയുള്ള മൊബൈല്‍ ഫോണുകള്‍ ക്യാംപസില്‍ കര്‍ശനമായി നിരോധിക്കണം. എന്‍.എസ്.എസ്, എന്‍.സി.സി. തുടങ്ങിയ സന്നദ്ധ സംഘടനകള്‍ക്കു ആന്റി റാഗിങ് സെല്ലുമായി ചേര്‍ന്നു ക്യാംപസില്‍ റാഗിങിനെതിരെ ശക്തമായ ബോധവത്ക്കരണം നടത്താന്‍ കഴിയും.



**Dr. Ancy Eapen**
HOD, Dept. of English

കോളേജില്‍ പെണ്‍കുട്ടികളോട് ഒട്ടും സൗഹൃദ സമീപനമല്ല പുലര്‍ത്തിപ്പോരുന്നത്. 67 ശതമാനം പെണ്‍കുട്ടികള്‍ പഠിക്കുന്ന കലാലയത്തില്‍ അതിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങള്‍ ഇല്ല. പെണ്‍കുട്ടികള്‍ക്ക് അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കിക്കൊടുക്കുന്നതില്‍ അദ്ധ്യാപകരും അനദ്ധ്യാപകരും പ്രത്യേക ശ്രദ്ധ പുലര്‍ത്തേണ്ടതുണ്ട്. പെണ്‍കൂട്ടായ്മകളെ കൂവിത്തോല്‍പ്പിക്കുന്ന ഒരു സമ്പ്രദായം യുസിയില്‍ കാലാകാലങ്ങളായി നിലനില്‍ക്കുന്നുണ്ട്. അധികാരവും മേല്‍ക്കോയ്മയും പുരുഷന്മാരില്‍ മാനസികമായ അസഹിഷ്ണുതകള്‍ ഉണ്ടാക്കുന്നു. ഹോസ്റ്റലില്‍ താമസിക്കുന്ന പെണ്‍കുട്ടികള്‍ക്ക് കോളേജില്‍ മൊബൈല്‍ ഫോണ്‍ അനുവദിക്കാത്തത് അസമത്വം തന്നെയാണ്.



*വിവാഹം തികച്ചും സ്വകാര്യമായ ഒരു വിഷയമാണ്. അതില്‍ അന്തിമമായ തീരുമാനം എടുക്കേണ്ടതു തീര്‍ച്ചയായും മതങ്ങളോ കുടുംബമോ സമൂഹമോ അല്ല മറിച്ചു വ്യക്തികളാണ്.*
**റാമി, ഷിനോജ്, സ്റ്റണ്ണി**

**പിന്നില്‍ നിന്നു കേട്ടത്...**

ക്യാംപസിന്റെ ഓറിയന്റേഷന്‍ നേരെയല്ലെന്നും അതെങ്ങോട്ടോ ചാഞ്ഞാണിരിക്കുന്നതെന്നും പറഞ്ഞു ചില പെണ്ണുങ്ങളും ആണുങ്ങളും കൂടി ചര്‍ച്ച നടത്തുന്നു... സര്‍വ്വേ നടത്തുന്നു...

എന്തോന്ന് അടിസ്ഥാനപരമായ പ്രശ്നം?

എന്തോന്ന് സ്ത്രീവിരുദ്ധത?

ഇങ്ങനെയൊന്നും ഇവിടില്ലെന്നോ അല്ലെ ഉണ്ടെങ്കിൽത്തന്നെ ഇതൊക്കെ അങ്ങനേം ഇങ്ങനേം ഒക്കെ പറഞ്ഞുനടക്കാമോ? ഇതൊക്കെ സൂക്ഷ്മ നിരീക്ഷണങ്ങളില്‍ ചില 'കപട ബുദ്ധിജീവികള്‍ക്ക്' വെളിവാക്കപ്പെടുന്ന അപൂര്‍വ്വയിനം ക്യാംപസ് രോഗലക്ഷണമല്ലേ?

ഒന്നു മാത്രം കൂട്ടിച്ചേര്‍ക്കട്ടെ, സൂക്ഷിച്ചാല്‍ (ഇനിയും) ദുഃഖിക്കേണ്ട...

compiled by:

| | |
|---|---|
| **Simi K. Salim** | I BA English |
| **Meera Jacob** | I BA English |
| **Akhil Raj** | II BSc Physics |

Shazin Mundeth

Creaking cradle carried he,
Sleepy little baby girl.
Back and forth the cradle went
Pretly polished wooden frame
Caressing her in his arm
Seldom moving off the beat
Brawny soldier cradle stayed,
In the dinky half lit room.
Flying came a foil there
Buzzing blacky beetle tramp
'wakey-wakey' ! shouted he



# Rocking Cradle

Foxy fibber through the pane.
'get away you tongue wager
I will crack your funny bones
Don't you dare to wake her up'
Cared the polished wooden friend.
'I just came to kiss the tot'
Mocked the witless beetle loud
Then came near the cradle legs
And tried to give a deeper bite !
Rocking in a speedy pace
Crushing blacky down to floor
Back and forth the cradle went
Pretty polished wooden friend !

**Kiran Sudheer**

I MA English



**Anju P.M.** I BSc Zoology

# വേരുകൾ



1989ൽ നടന്ന സ്ത്രീധനവിരുദ്ധ പ്രതിജ്ഞയുടെ ചിത്രമാണിത്. ആൺ-പെൺ ഭേദമില്ലാതെ എല്ലാ വിദ്യാർഥികളും പ്രതിജ്ഞയിൽ അണിചേർന്നിരിക്കുന്നത് കാണാം. ക്യാംപസിൽ സ്ത്രീ വിരുദ്ധ പ്രവണതകൾ വർദ്ധിച്ചു വരുന്നുവെന്ന് സർവ്വേ റിപ്പോർട്ട് പറയുമ്പോൾ രണ്ടര പതിറ്റാണ്ടുകൾക്കു മുമ്പുള്ള ഈ ചിത്രത്തിന് പ്രസക്തി ഏറെയാണ്.

ചിത്രത്തിന് കടപ്പാട്: ശ്രീ. രമേശ് പുത്തലത്ത് (യു.സി.സി.-യു.എ.ഇ. അലുമിനി)



# വേരുകൾ

സ്ത്രീകൾ ജീൻസ് ധരിക്കുന്നതിനെക്കുറിച്ചുള്ള യേശുദാസിന്റെ പരാമർശം അടുത്തിടെ ഏറെ വിവാദങ്ങളും സംവാദങ്ങളും സൃഷ്ടിച്ചിരുന്നു. മോക്ക് യുഎൻ പരിപാടിയുടെ ഭാഗമായി വേഷപ്രച്ഛന്നരായി എത്തിയ യുസിയൻ വിദ്യാർഥിനികൾ. സമീപകാലചിത്രമാണെന്ന് തെറ്റിദ്ധരിക്കരുത്. 1965ലേതാണ് ചിത്രം. സാറാ ഗ്രേസ് ഉമ്മൻ, യുസി കോളജ് അലുമിനി അസോസിയേഷൻ നോർത്ത് അമേരിക്ക അംഗം കെ.പി. ഏൽസി, സാറാ കുര്യൻ എന്നിവരാണ് ചിത്രത്തിൽ.

ചിത്രത്തിന് കടപ്പാട്:
ശ്രീ. സൈമൺ തോമസ്
(യുസി കോളജ് അലുമിനി
അസോസിയേഷൻ
നോർത്ത് അമേരിക്ക)

24 TUESDAY JUNE

175-190 WEEK 26

| M | T | |
|---|---|---|
| 30 | | |
| 2 | 3 | 4 |
| 9 | 10 | 11 |
| 16 | 17 | 18 |
| 23 | 24 | 25 |

ഒരിക്കൽ ഒരു കുടയിൽ
ചേർന്ന് നടക്കുമ്പോൾ
അവൾ — പറഞ്ഞു,
അന്നേരം മഴ ചാറുന്നു ചിരിച്ചുകൊണ്ടിരുന്നു,
" ഒരിക്കൽ നമ്മളും നിന്നെപ്പോലെ
മണ്ണിൽ തെന്നി വീഴുന്ന കുഞ്ഞുതുള്ളികളായിരുന്നു
മഴ ".








# Chacko English

I did my 11th and 12th in Kerala. It was called Pre-Degree back then; it was in Union Christian College, Aluva. Most of the students, including me, used to be day scholars. But there were some resident students too. The hostel was called Chacko hostel'.

The inmates there were from different states and hence had to communicate in English. Some, especially the south Indians, were too intellectual to be bothered about the nuances of the English language.

But the inmates had to get ideas across. They had to talk!! English in the original form is too 'angrezi', they decided. And thus was born 'Chacko English', with its own grammar rules and the likes!!

Let me start with the rules, then. There are just three of them. Really simple.
1. Refrain from using anything other than simple present tense.
2. Use your intelligence to understand the tense of a word.
3. When in doubt, use 'The'.

Alright. Now, my dear friends, you are ready to blurt out three important sentences which will form the pillars of your understanding of Chacko English.

Very common situation #1 : You want to take someone out for coffee.
Normal English: Can we go for a coffee?
Chacko English: We the coffee?

Very common situation #2 : You and your friend are going for coffee. Someone on the way asks where you are going.
Normal English: We are going for coffee.
Chacko English: We the coffee.

Very common situation #3 : Someone asks you and your friend if you'd like to join them for coffee.
Normal English: We had coffee just now.
Chacko English: We the coffee. (With shake of the head)

If you observed well enough, my friends, Chacko English makes life REALLY simple. With subtle facial expressions and nods of the head, you can get the idea across. What better way to communicate in a hostel.
Exercises – Convert the following ideas into Chacko English.
Q. The idlis they make in the hotel are very tasty.
A. The hotel the idlis the good.
Q. Do you have time to come with me to the bank?
A. I the go the bank. You the time?
There you are. Now you the know the Chacko English!!!!
Happy Chacko English!!!!
Remember the golden rule. "When in doubt use "The"".

K. Mallikarjun
kmallikarjun.wordpress.com

# വീയാർ പൂയിംഗേ കാർ!

ആരം + ആരം = കിന്നാരം (1985)



# കഞ്ഞി മത്തായിയും പിൻഗാമികളും




കലാലയ ജീവിതത്തിൽ ഇരട്ടപ്പേരുകൾ ഇല്ലാത്തവർ ചുരുക്കമായിരിക്കും. അത് അധ്യാപകരായാലും വിദ്യാർഥികളായാലും. ഇതിൽ ചിലർ കലാലയ ജീവിതത്തിലും പിന്നീടും ഇരട്ടപ്പേരിൽ മാത്രം അറിയപ്പെടാൻ വിധിക്കപ്പെട്ടവർ ആയിരിക്കും.

1950കൾക്കു മുമ്പുള്ള കഥയാണ്. ഇന്നത്തെപ്പോലെ അന്നും മെസ്സ് നടത്തുന്നത് വിദ്യാർഥികളായിരുന്നു. സാമാന്യം സുഭിക്ഷവും മൃഷ്ടാന്നവും രുചികരവുമായ ഭക്ഷണത്തിന്റെ ചെലവ് ഏതാണ്ട് എട്ട് രൂപ മാത്രം. പ്രാതലിനു ഒന്നു രണ്ടു പലഹാരങ്ങളും ഏത്തക്കായും ഒക്കെയുള്ള മൃഷ്ടാന്നമായ ഭക്ഷണം. കെ.സി. ചാക്കോ സാറായിരുന്നു മെസ് സൂപ്രണ്ട്. മെസ് മീറ്റിങ്ങിൽ അധ്യക്ഷനും അദ്ദേഹം തന്നെ. ഒരു യോഗത്തിൽ പി.ജെ. മത്തായി എന്ന ബിഎ വിദ്യാർഥി പ്രമേയം അവതരിപ്പിച്ചു. പലഹാരങ്ങൾക്കു പകരം കഞ്ഞി മതിയെന്നും മെസ് ചാർജ് ഏഴര രൂപയായി കുറയ്ക്കണമെന്നുമായിരുന്നു പ്രമേയം. അംഗങ്ങൾ ശക്തമായി പ്രമേയത്തെ എതിർത്തു.

മത്തായി വിടുമോ ഓരോ യോഗത്തിലും അദ്ദേഹം ഇതേ പ്രമേയം ആവർത്തിച്ചുപോന്നു. (കഞ്ഞി എന്നു പറഞ്ഞാൽ കൂടെ ഉപ്പിലിട്ടതും പയറും അല്ലെങ്കിൽ കടലയും). ഒടുവിൽ അംഗങ്ങൾ സഹികെട്ട് പ്രമേയം പാസാക്കി കൊടുത്തു. അതോടെ മത്തായിക്കൊരു ഓമനപ്പേരു കൂടി വീണു - കഞ്ഞി മത്തായി. പിന്നീട് ചെന്നൈയിലെ ഒരു ഇൻഷുറൻസ് കമ്പിനിയിൽ ഉയർന്ന ഉദ്യോഗസ്ഥനായി വിരമിച്ച അദ്ദേഹം ഫ്രണ്ട്സ് സർക്കിളുകളിൽ അറിയപ്പെട്ടിരുന്നത് കഞ്ഞിമത്തായി എന്ന നാമധേയത്തിൽ തന്നെ. കഞ്ഞി മത്തായിമാർക്ക് എല്ലാ കാലവും ക്യാംപസിലും ഹോസ്റ്റലിലുമൊക്കെ പിൻഗാമികളുണ്ട്. അങ്ങനെ ചിലരെ പരിചയപ്പെടാം ഇവിടെ.

വിഷ്ണു ചന്ദ്രശേഖറിനെയും നിധിൻ സുബ്രഹ്മണ്യനെയും അർജ്ജുൻ ദേവരാജനെയും നിങ്ങൾക്കറിയില്ല. എന്നാൽ അവരുടെ വട്ടപ്പേരു പറഞ്ഞാൽ തീർച്ചയായും അറിയാം. പറഞ്ഞു വരുന്നത് യൂസിയൻ ക്യാംപസിൽ നിറഞ്ഞു നിൽക്കുന്ന ഡിജെ, ചുപ്രൻ, സലീം കുമാർ എന്നിവരെക്കുറിച്ചാണ്. സ്വന്തമായി ഒന്നാന്തരം പേരുകൾ ഉണ്ടായിട്ടും വട്ടപ്പേരിൽ അറിയപ്പെടാനാണ് ഇവരുടെ നിയോഗം. ഇവരാകട്ടെ ഈ വട്ടപ്പേരുകൾ ഏറെ ആസ്വദിക്കുന്നവരും. ഇവരുടെ ഫേയ്സ്ബുക്ക് അക്കൗണ്ടുകൾ പോലും വട്ടപ്പേരുകളിലാണുള്ളത്.



## ഡിജെ

കൂട്ടത്തിൽ സൂപ്പർ സീനിയർ വിഷ്ണു ചന്ദ്രശേഖർ എന്ന ഡിജെ തന്നെ. യുസിയിൽ ഇത് അഞ്ചാം വർഷം. അവസാനവർഷ സാമ്പത്തികശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർഥി. ആകാരം കണ്ടാൽ പേടി തോന്നുമെങ്കിലും കുട്ടികളുടെ മനസ്സാണ് ഈ കൊടുങ്ങല്ലൂരുകാരന്. മുഖത്ത് എപ്പോഴും നിഷ്കളങ്കമായ ഒരു ചിരി ഉണ്ടാകും. യൂണിവേഴ്സിറ്റി, സ്റ്റേറ്റ് തലങ്ങളിൽ യുസിയെ പ്രതിനിധീകരിച്ചിട്ടുള്ള ഡിജെ യുസിയുടെ പല വിജയങ്ങളിലും നിർണ്ണായക ശക്തിയായിട്ടുണ്ട്. ഓണാഘോഷത്തിൽ വടംവലി മത്സരത്തിൽ ഇക്കണോമിക്സ് വിഭാഗം ഒന്നാമത് എത്തിയപ്പോളെല്ലാം അതിനു പിന്നിലെ വിജയശിൽപി ഡിജെയായിരുന്നു.

ആകാരവും ശരീരഭാഷയും കൊണ്ടാവാം വിഷ്ണുവിനു ഡിജെ എന്ന പേരു വീണതെന്നു കരുതുന്നവരാണ് ഏറെയും. പക്ഷേ അതിനു പിന്നിലൊരു കഥയുണ്ട്. ഡിഗ്രി ഒന്നാംവർഷ വിദ്യാർഥിയായിരിക്കെ വിഷ്ണു ഡിജെയിങ് പഠിക്കാനായി ഓബ്റോൺ മാളിൽ പോകുന്നുണ്ടായിരുന്നു. ഒരു ദിവസം കോളജിലെ ഒരു ചേട്ടൻ ഇത് കാണാൻ ഇടയായി. അന്നു വീണതാണ് മോനേ ഈ പേര്.

## ചുപ്രൻ



ചുപ്രനെ അറിയാത്തവരായി ആരുണ്ട് യുസിയിൽ. സിസിയി
ലും ബിബിസിയിലും ക്യാന്റീനിലുമൊക്കെ അങ്ങനെ നിറഞ്ഞു നി
ൽക്കുകയല്ലേ കക്ഷി. ചിരിയുടെ മാലപ്പടക്കം പൊട്ടിച്ചു കൂട്ടുകാരെ
ചിരിപ്പിച്ചും ഇടക്കിടക്കു അതു വഴി കടന്നു പോകുന്ന തരുണീ
മണികളെ കമന്റടിച്ചും ക്യാമ്പസിനെ ഇളക്കി മറിക്കുന്ന ചുപ്രന്റെ
യഥാർഥ പേര് നിധിൻ സുബ്രഹ്മണ്യം എന്നാണ്. പേരിനോ
ടൊപ്പമുള്ള സുബ്രഹ്മണ്യം ലോപിച്ചാണ് ചുപ്രനായത്. അത്
ഇപ്പോൾ ആയതല്ല നിധിന്റെ ചേട്ടനായിരുന്നു ഈ പേര് ആദ്യം വീ
ണത്. പിന്നീടത് നിധിനിലേക്കു കൂടി നീളുകയായിരുന്നു. സത്യ
ത്തിൽ നിധിനെ ചുപ്രൻ ജൂനിയറെന്നോ ചുപ്രൻ-2 എന്നോ വിളി
ക്കാവുന്നതാണ്. രണ്ടാം വർഷ ഭൗതികശാസ്ത്ര ബിരുദ വിദ്യാ
ർഥിയാണ്. കഥ എന്തായാലും ചുപ്രൻ ഇന്ന് യുസിയുടെ ചിരി
മഴയുടെ പര്യായമാണ്. സ്വയം ചിരിച്ചും മറ്റുള്ളവരെ ചിരിപ്പിച്ചും
ചുപ്രൻ യാത്ര തുടരുന്നു. (ഉള്ളിൽ ഒരുപിടി നൊമ്പരങ്ങൾ ഒളിപ്പി
ച്ചുവെച്ചിട്ടാണോ അവൻ ചിരിക്കുന്നത്; അറിയില്ല).



## സലിം കുമാർ

അർജുൻ ദേവരാജ് സ്വയം വിളിക്കുന്നത് സലിം കുമാറെന്നാണ്.
അർജുൻ ദേവരാജ് സ്വയം വിളിക്കുന്നത് സലിം കുമാറെന്നാണ്.
യുസിയിൽ എത്തുമ്പോൾ അർജുന്റെ ഏറ്റവും ആദ്യത്തെ ലക്ഷ്യം
ഫുട്ബോൾ ടീമിൽ കയറിപ്പറ്റുക എന്നതായിരുന്നു. അങ്ങനെ പരിശീ
ലനം തുടങ്ങി. ഗോൾപോസ്റ്റ് കാക്കുന്നതിനിടെ വിരലുകൾക്കു
ചെറിയ പരുക്കും പറ്റി. ഒരു ദിവസം പരിശീലനത്തിന്റെ ഇടവേളയിൽ
സീനിയർ ചേട്ടന്റെ കോമഡി കേട്ട് അർജുൻ ആർത്തു ചിരിച്ചു. ഉടൻ
ചേട്ടന്റെ വക കമന്റ് 'എടാ ഇവന്റെ ചിരി കണ്ടോ സലീം കുമാറി
നെപോലെയില്ലേ' പെട്ടു മോനേ അന്നു മുതൽ അർജുൻ സലീമായി.
സിനിമയിൽ അഭിനയിക്കുക എന്നത് സലീമിന്റെ ജീവിതാഭിലാഷമാ
ണ്. അതിനു വേണ്ടി സലീം എന്തും ചെയ്യും. സൂര്യ ടിവിയുടെ ഗുലു
മാലിൽ പോയി ഗുലുമാൽ ആയതും സലീമിന്റെ അഭിനയ ഭ്രാന്ത് മൂ
ലമാണ്. ഇപ്പോൾ യുസിയിൽ ചിത്രീകരണം പുരോഗമിക്കുന്ന
അൽഫോൺസ് പുത്രന്റെ 'പ്രേമ'ത്തിൽ ജൂനിയർ ആർട്ടിസ്റ്റായി അഭി
നയിക്കുന്നതിന്റെ ത്രില്ലിലാണ് ഈ പാലാക്കാരൻ.

# ന്യൂ ജനറേഷൻ ചൊല്ലുകൾ



കടപ്പാട്: മാനുവൽ ഫ്രാൻസിസ്

- ★ കിട്ടാത്ത വൈഫൈ പുളിക്കും.
- ★ വാളും ചാരി നിന്നവൻ പോസ്റ്റും കൊണ്ട് പോയി.
- ★ കിക്കിലുക്കം കിലുകിലുക്കം വാട്ട്സ്ആപ്പിൽ ചത്തിരിക്കും.
- ★ ഒരു വട്ടം ബ്ലോക്ക് കിട്ടിയ ഫ്രീക്കൻ പിന്നീട് റിക്വസ്റ്റ് കണ്ടാലും പേടിക്കും.
- ★ കൊടുത്താൽ കൊല്ലത്തും കിട്ടും 'പോക്ക്'
- ★ ഫ്രീക്കൻ മൂത്താലും ഫോട്ടോഷോപ്പ് മറക്കുമോ.
- ★ ലൈക് കണ്ടും ഫോട്ടോഷോപ്പ് കണ്ടും കൊതിക്കരുത്.
- ★ പൊസ്റ്റിയെന്നു കണ്ടാൽ ഉടനെ കമൻറ് എടുക്കരുത്.
- ★ ഫേസ്ബുക്ക് കണ്ടവന് ഇല്ലം വേണ്ട
- ★ സ്കൈപ് ഉള്ളവനു അച്ചി വേണ്ട
- ★ ആരാന്റെ പോസ്റ്റിനു ലൈക്ക് കുറഞ്ഞാൽ കാണാൻ നല്ല രസം.
- ★ കാമുകിയോട് തോറ്റവൻ ഫേസ്ബുക്കിന്റെ നെഞ്ചത്ത്.
- ★ ബ്ലോക്കിന് മീതെ ഒരു 'പോക്കും' പറക്കില്ല.
- ★ ഫേസ്ബുക്ക് ദുഃഖമാണുണ്ണി വാട്ട്സ്ആപ് അല്ലോ സുഖപ്രദം.
- ★ പോയ ഐഡി ആനവലിച്ചാൽ കിട്ടുമോ.
- ★ പൊങ്കാലയിടുന്നവന് സ്ക്രീൻഷോട്ടും ആയുധം.
- ★ ഓടുന്ന പോസ്റ്റിനു ഒരു കമന്റ് മുൻപേ.
- ★ ലൈക്കിനെ ലൈക്കുകൊണ്ട് എടുക്കണം.
- ★ ടാഗ് എടുത്തവൻ ബ്ലോക്കാൽ.
- ★ മൊബൈൽ ചെന്ന് വാട്ട്സ്ആപ്പിൽ വീണാലും വാട്ട്സ്ആപ്പ് വന്നു മൊബൈലിൽ വീണാലും കേട് പാവം ഫ്രീക്കന്മാർക്ക്
- ★ അർപ്പന് ലൈക് ആയിരം തികഞ്ഞാൽ അർദ്ധ രാത്രിയിലും സ്ക്രീൻഷോട്ട്

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 7 | 8 | 9 | 10 | 11 | 12 | |
| 14 | 15 | 16 | 17 | 18 | 19 | |
| 21 | 22 | 23 | 24 | 25 | 26 | |
| 28 | 29 | 30 | | | | |

ഒരുപാട് ആലോചനകൾക്കുശേഷം.
ഇന്ന് ഞാനൊരു മാതൃഭൂമി ആഴ്ചപ്പതിപ്പിലേക്കായി
അതിന് ഫലമായ ഒരു സുഖമുണ്ട്.
നാനാഭാഗം വായിച്ചു.
ഇപ്പോഴേ വായിച്ചുതീർന്നു...
അവരുടെ ഹൃദയങ്ങളിലൂടെ എന്ന
ഉന്മാദത്തിൽ വിഷാദത്തിൽ എന്നിലേക്ക്
പെയ്തിറങ്ങുകയായിരുന്നു...
ഒരു കഥ, മരണത്തിന്റെ ജാലകത്തിന്
അപ്പുറം മാറിനിന്ന് എന്നോട് അവൾ
പറയുകയായിരിക്കും...



# Gold generation

'എന്നാലും സത്യൻ മാഷിനെ ഇങ്ങനെ കാണിക്കുന്നത് ഇത്തിരി കഷ്ടമായിപ്പോയി'

ടിവിയിലൊരു കോമഡി ഷോ കണ്ടുകൊണ്ടിരിക്കെ അച്ഛൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. ആ പറഞ്ഞതിന്റെ അർഥം ആദ്യമൊന്നും എനിക്കു മനസിലായില്ല. പലപ്പോഴും ഒരു ബനിയനും മുണ്ടും ധരിച്ച് 'സ്വർഗഗായികേ ഇതിലെ ഇതിലെ' എന്ന പാട്ടിനു ചുവടുവച്ച് നടക്കുന്ന കേവലം ചിരിക്കു വേണ്ടി മാത്രം പരിപാടികളിൽ പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമായി മാത്രമാണ് 'സത്യൻ' എന്ന വ്യക്തിയെ പുതിയ തലമുറയിലെ പലരും നോക്കി കാണുന്നത്. അക്കൂട്ടത്തിൽ തന്നെയായിരുന്നു ഞാനും. പ്രേം നസീർ എന്ന നടനും ഇത്തരത്തിലാണ് മിമിക്രി പരിപാടികളിലൂടെ നമ്മുടെ മുന്നിലേക്കു പ്രത്യക്ഷപ്പെട്ടത്. ഇത്തരത്തിലുള്ള ഒരു ഇമേജിനപ്പുറം മറ്റൊന്നും എനിക്ക് ഈ മഹാനടൻമാരെക്കുറിച്ച് ഈ അടുത്തകാലം വരെ അറിയില്ലായിരുന്നു. എന്നാൽ കുറച്ചു നാളുകൾക്കു മുമ്പ് ഇവരെക്കുറിച്ചു ഏതാനും പുസ്തകങ്ങളും ലേഖനങ്ങളും പഴയ ചില ചലച്ചിത്രപ്രവർത്തകരുടെ അനുഭവക്കുറിപ്പുകളും വായിക്കാൻ ഇടയായി. അത്ഭുതത്തോടൊപ്പം അക്ഷരാർത്ഥത്തിൽ അത് എന്റെ കണ്ണ് തുറപ്പിക്കുകയും ചെയ്തു.



ഒന്നു രണ്ടു വർഷമായി ന്യൂജനറേഷൻ സിനിമകൾക്കു പിറകെ ഓടുകയായിരുന്നു നാമെല്ലാവരും. ടിവി ഓൺ ചെയ്താൽ കാണുന്നത് പുതിയ നായകൻമാരെ, നായികമാരെ, പാട്ടുകാരെ, സംവിധായകരെ... തീർച്ചയായും സിനിമ പിടിക്കാനുള്ള ചെലവ് കുറഞ്ഞതും പുതുമുഖങ്ങൾക്ക് അവസരം കൂടുതൽ ലഭിക്കുന്നതുമെല്ലാം നമ്മുടെ സിനിമക്കു പുതുജീവൻ നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഒരു സിനിമയുടെ ഒരൊറ്റ സീനിൽ രണ്ടു മിനിട്ടു മാത്രം തല കാണിച്ചവരൊക്കെ അഭിമുഖങ്ങളിലും റിയാലിറ്റി ഷോകളിൽ വിധികർത്താക്കളായും ഇരുന്ന് അഹങ്കാരം പുലമ്പുമ്പോൾ അറിയാതെ ആ പഴയകാല നടന്മാരെ ഞാൻ ഓർത്തുപോകുകയാണ്. ആ പഴയ കാലഘട്ടത്തെ 'സുവർണകാലം' എന്നു ചിലർ വിശേഷിപ്പിക്കുന്നത് തെറ്റല്ല എന്ന് എനിക്കു തോന്നുന്നു.

725 സിനിമകളിൽ നായകവേഷത്തിൽ അഭിനയിച്ച ലോകത്തിലെ ഏക നടൻ, 130 സിനിമകളിൽ ഒരേ നായികയ്ക്കൊപ്പം അഭിനയിച്ച വ്യക്തി (ഷീലയോടൊപ്പം), ഒരു വർഷം 39 സിനിമകളിൽ നായകവേഷം ചെയ്ത വ്യക്തി, 80 നായികമാരോടൊപ്പം അഭിനയിച്ച നടൻ... ഇങ്ങനെ നീളുന്നു പ്രേംനസീറിന്റെ ഗിന്നസ് റെക്കോർഡുകൾ. ലോകത്ത് മറ്റൊരു നടനും കൈവരിക്കാൻ കഴിയാത്ത ഈ നേട്ടങ്ങളത്രയും സ്വന്തം ക്രെഡിറ്റിലുള്ളപ്പോഴും അഹങ്കരിക്കുകയോ 'ഞാൻ എല്ലാം ആയി' എന്ന് ഭാവിക്കുകയോ ചെയ്യാത്ത മനുഷ്യൻ. അതെ, റെക്കോർഡുകൾക്കും അപ്പുറത്താണ് നസീർ എന്ന വ്യക്തിയുടെ സ്ഥാനം. താനഭിനയിച്ച സിനിമ ഏതെങ്കിലും പരാജയപ്പെട്ടാൽ ആ നിർമാതാവിന്റെ അടുത്ത ചിത്രത്തിൽ പ്രതിഫലം ഒട്ടും വാങ്ങാതെ ഡേറ്റു കൊടുക്കുമായിരുന്നു അദ്ദേഹം. ഇത്തരത്തിൽ പിച്ചവച്ചു നടന്നിരുന്ന മലയാള സിനിമാ പ്രസ്ഥാനത്തെ താങ്ങി നിർത്തുകയും അതിനെവളർത്തി വലുതാക്കുകയും ചെയ്ത വ്യക്തിയാണ് നസീർ. നായക വേഷങ്ങളിൽ തിളങ്ങി നിൽക്കുമ്പോഴും പല ചിത്രങ്ങളിലും അദ്ദേഹം സഹനടനായും തീർത്തും അപ്രധാനമായ വേഷങ്ങളിലും അഭിനയിച്ചു. സ്ത്രീ പ്രാധാന്യമുള്ള സിനിമകളായ കള്ളിച്ചെല്ലമ്മ, അഗ്നിപുത്രി, ദേവി എന്നിവയിലും അദ്ദേഹം അഭിനയിച്ചു. ഒരിക്കൽ പോലും അദ്ദേഹം തന്റെ സൗകര്യത്തിന് ഇണങ്ങും വിധം കഥയോ തിരക്കഥയോ തിരുത്തിയിരുന്നില്ല. തന്റെ 'സ്റ്റാർ വാല്യു'വിനേക്കാൾ ഉപരി കഥാപാത്രവും സിനിമയുമാണ് വലുതെന്ന് ചിന്തിക്കുന്ന ഏതു നടൻ ഉണ്ട് ഇന്നു നമ്മുടെ സിനിമയിൽ? ഇതെല്ലാം ആലോചിക്കുമ്പോളാണ് ആ മഹാനായ നടനോട് കൂടുതൽ ബഹുമാനവും ആദരവും തോന്നുന്നത്. സിനിമക്കു വേണ്ടി പോലീസ് ഉദ്യോഗം വേണ്ടെന്നു

വച്ച വ്യക്തിയാണ് സത്യൻ. ആദ്യം സൂചിപ്പിച്ചതു പോലെ കേവലം 'സ്വർഗ ഗായിക'യിൽ ഒതുങ്ങിയിരുന്ന നടനായിരുന്നു സത്യൻ എന്ന എന്റെ ചിന്ത 'ചെമ്മീൻ' സിനിമയിലെ പഴനി എന്ന കഥാപാത്രത്തിലൂടെ മാറിക്കിട്ടി. ഓരോ കഥാപാത്രത്തിനു വേണ്ടി അദ്ദേഹം എടുത്തിരുന്ന കഷ്ടപ്പാടുകൾ പലരിൽ നിന്നുമാണ് ഞാൻ കേട്ടറിഞ്ഞത്. തനിക്കു രക്താർബുദം ആണെന്ന് അറിഞ്ഞിരുന്നിട്ടും മറ്റാരെയും അറിയിക്കാതെ മൂക്കിൽ നിന്ന് വന്നിരുന്ന രക്തം പഞ്ഞികൊണ്ട് ഒപ്പി സിനിമാ ഷൂട്ടിങ് ഒരൊറ്റ നിമിഷം പോലും മുടക്കാത്ത വ്യക്തിയാണ് സത്യൻ.

സത്യന്റെ അഭിനയ ജീവിതത്തിലെ ഏറ്റവും മികച്ച കഥാപാത്രങ്ങളെ സമ്മാനിച്ച വാഴ്‌വേമായം, അനുഭവങ്ങൾ പാളിച്ചകൾ, കരകാണാക്കടൽ എന്നീ ചിത്രങ്ങളിൽ അഭിനയിക്കുമ്പോൾ അദ്ദേഹം രോഗബാധിതനായിരുന്നു. 10 വർഷക്കാലം രോഗത്തോടു ധീരമായി മല്ലിട്ട് 1971 ജൂൺ 15നു ലോകത്തോടു വിട പറയുമ്പോൾ ഏറ്റെടുത്ത എല്ലാ സിനിമകളും അദ്ദേഹം പൂർത്തിയാക്കിയിരുന്നു. തൊഴിലിനോടും സിനിമാ പ്രവർത്തകരോടും ഇത്ര ഏറെ ആത്മാർത്ഥ കാണിച്ചിരുന്ന ഒരു വ്യക്തി മലയാളത്തിൽ വേറെ ഇല്ലെന്നു തന്നെ പറയാം.

പഴയകാല സിനിമയുടെ രണ്ടേ രണ്ടു പ്രതിനിധികൾ മാത്രമാണിവർ. ആർക്കും എപ്പോൾ വേണമെങ്കിലും സിനിമ പിടിക്കാനും പാട്ടു പാടാനും അഭിനയിക്കാനും എല്ലാം അവസരങ്ങൾ ലഭിക്കുമ്പോൾ നാം മറക്കുന്ന ഒരു കാര്യമുണ്ട്. സിനിമയും മറ്റും സാങ്കേതികമായി ഒട്ടും തന്നെ പുരോഗമിക്കാത്ത ഒരുകാലത്ത് സിനിമ പിടിക്കുന്നത് വളരെ ചെലവേറിയിരുന്ന ആ കാലഘട്ടത്തിൽ ഏറെ കഷ്ടപ്പാടുകൾ സഹിച്ച് ഈ പ്രസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവന്നവരുടെ കഴിവിനും അവരനുഭവിച്ച ബുദ്ധിമുട്ടുകൾക്കും മുന്നിൽ ഇന്നത്തെ കലാകാരൻമാർ ഒന്നുമല്ല.

പുതിയ കാലഘട്ടത്തിലെ സിനിമകൾ ആസ്വദിക്കുന്ന രീതിയിൽ പഴയ സിനിമകളെ വിലയിരുത്തിയാൽ ഒരുപക്ഷെ നമുക്ക് അതിനെ പൂർണമായി ഉൾക്കൊള്ളാൻ സാധിച്ചുവെന്നു വരില്ല. അന്നത്തെ പരിമിതമായ സാങ്കേതിക സംവിധാനങ്ങളും ആ കലാകാരൻമാരുടെ ബുദ്ധിമുട്ടുകളും കൂടി നമ്മൾ കണക്കിലെടുക്കണം. വർഷങ്ങളായി നാടകങ്ങൾ മാത്രം കണ്ട് നാടകീയമായ അഭിനയ ശൈലി നിലനിന്നിരുന്ന ഒരു കാലത്ത് വേറിട്ടൊരു ശൈലി കൊണ്ടുവന്ന വ്യക്തികളാണു നസീറും സത്യനും.

സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിലും ചുറ്റുമുള്ള നവമാധ്യമങ്ങളിലും നിന്നും ലഭിക്കുന്ന പബ്ലിസിറ്റിയിൽ മതിമറന്ന് 'ഞാൻ എന്തൊക്കെയോ ആണെന്നു ധരിക്കുന്ന അഭിനേതാക്കളും സംവിധായകരും ചലച്ചിത്ര പ്രവർത്തകരും ഒന്നുമാത്രം ഓർക്കുക, ഓൾഡ് ജനറേഷന്റെ ചോരയിലും വിയർപ്പിലും പണിതുയർത്തിയ പ്രസ്ഥാനമാണിത്. വല്ലപ്പോഴും അത് ഓർത്താൽ നന്ന്.



## ദൈവത്തിന്റെ നിരീശ്വരത്വം

എന്റെ നാട് ആലപ്പുഴയാണ്. സനാതനധർമ്മ വിദ്യാശാലയിലാണ് ഞാൻ പഠിച്ചത്. ഒരു ദിവസം വൈകുന്നേരം ഞാൻ സ്കൂളിൽ നിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അപ്പോഴാണ് അത് കണ്ടത്. പോലീസ് ഇൻസ്പെക്ടർ സത്യനേശൻ ഒരാളെ നിഷ്ഠുരമായി മർദ്ദിക്കുന്നു. അയാളൊരു കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പ്രവർത്തകനായിരുന്നു. അയാളുടെ ചുണ്ടുകളിൽ നിന്ന് ചോരയൊലിക്കുന്നുണ്ടായിരുന്നു. അയാൾ അവശനായിരുന്നു. എങ്കിലും അയാൾ തോൽക്കുന്നില്ലെന്ന് എനിക്കു തോന്നി. കൂടി നിന്നവർ അമർഷവും വേദനയും നിയന്ത്രിക്കാൻ ശ്രമിക്കുന്നത് ഞാൻ കണ്ടു. വാസ്തവത്തിൽ ചോര കൊണ്ടു മാത്രം വീട്ടേണ്ട ഒരു കടമായിരുന്നു അത്. എന്നാൽ ഒന്നും സംഭവിച്ചില്ല. അതിനു പകരം സത്യനേശൻ സത്യൻ എന്ന ചലച്ചിത്ര നടനായപ്പോൾ ജനങ്ങൾ അദ്ദേഹത്തിനു സ്നേഹവും ആരാധനയും നൽകി. പൂജിച്ചു സ്വീകരിച്ചു. ഇതാണ് ദൈവത്തിന്റെ നിരീശ്വരത്വം.

പിൽക്കാലത്ത് സത്യൻ എന്ന നടന്റെ സിനിമകൾ കണ്ടപ്പോൾ ആദ്യമൊക്കെ അവയുമായി ഇണങ്ങിപ്പോകാൻ എനിക്കു പ്രയാസമായിരുന്നു. ഇത് എന്റെ ഓർമയുടെ ദൈവനിഷേധമാണ്.

മൾബെറി പബ്ലിക്കേഷൻ പുറത്തിറക്കിയ 'ഓർമ' എന്ന പുസ്തകത്തിൽ കെ.പി. അപ്പൻ എഴുതിയ കുറിപ്പാണിത്. മലയാള നിരൂപണ ശാഖയിലെ ഒന്നാമത്തെ പേരുകാരനായ അപ്പൻ അദ്ദേഹത്തിന്റെ അധ്യാപക ജീവിതം ആരംഭിക്കുന്നത് യുസി കോളജിലാണ്.

**Amal T. Anoop**
I BSc Psychology



മലയാള സിനിമയിലെ എക്കാലത്തെയും മികച്ച പത്തു ചിത്രങ്ങളുടെ ലിസ്റ്റ് എടുത്താൽ അതിൽ തീർച്ചയായും കിരീടവും ഒരു വടക്കൻ വീരഗാഥയും ഉണ്ടാകും. ന്യൂജനറേഷൻ തരംഗത്തിൽ മമ്മൂട്ടിയെയും മോഹൻലാലിനെയും തള്ളിപ്പറയുന്നവർ പോലും ചന്തുവിനെയും സേതുമാധവനെയും വിമർശിക്കാൻ മുതിരില്ല. കാരണം ചന്തുവായും മമ്മൂട്ടിയും സേതുമാധവനായി മോഹൻലാലും സ്ക്രീനിൽ ജീവിക്കുകയായിരുന്നു. അതുകൊണ്ടു തന്നെയാണ് രണ്ടര പതിറ്റാണ്ടുകൾക്കു ശേഷവും ഇരുവരും മലയാളിയുടെ മനസിൽ ഇപ്പോഴും ജീവിക്കുന്നത്. ഇനി ഈ താരങ്ങൾ മരിച്ച് മണ്ണടിഞ്ഞാലും ചന്തുവിനും സേതുവിനും മരണമില്ല. തീർച്ച. ഒരു വടക്കൻ വീരഗാഥയുടെയും കിരീടത്തിന്റെയും 25-ാം വാർഷിക വേളയിലൊരു പിൻ നടത്തം...



# ചന്തുവിനെ തോൽപ്പിക്കാനാവില്ല മക്കളെ...



ചരിത്ര പഠനത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകളിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിക്കുന്നത് തിരുവനന്തപുരത്തെ കലാലയ ജീവിത കാലത്താണ്. ചരിത്രമെന്നത് കേവലം പുസ്തകങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല എന്ന തിരിച്ചറിവുണ്ടാകുന്നതും ഈ കാലഘട്ടത്തിലാണ്. വാമൊഴി ചരിത്രത്തെയും വടക്കൻപാട്ടുകളെയും കുറിച്ച് ഗൗരവമായി ചിന്തിക്കാനും വായിക്കാനും ഈ തിരിച്ചറിവ് എനിക്ക് പ്രേരണ നൽകി. 1988ലാണ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് ഞാൻ ചരിത്രത്തിൽ എംഎ പഠനം പൂർത്തിയാക്കുന്നത്. തൊട്ടടുത്ത വർഷമാണ് എംടി-ഹരിഹരൻ-മമ്മൂട്ടി ടീമിന്റെ ഒരു വടക്കൻ വീരഗാഥ പുറത്തിറങ്ങുന്നത്. വ്യത്യസ്തമായൊരു ചലച്ചിത്ര അനുഭവമായിരുന്നു അത്. കഴിഞ്ഞ 25 വർഷങ്ങൾക്കിടയിൽ എന്നെ ഇത്രത്തോളം സ്വാധീനിച്ചിട്ടുള്ള



**Dr. Sebastian Joseph**

വടക്കൻപാട്ടിലെ ചതിയനായ ചന്തുവിനെ മലയാളി മറന്നു കഴിഞ്ഞു. ചന്തുവെന്നാൽ മലയാളിക്ക് ഇന്ന് മമ്മൂട്ടിയും വടക്കൻ വീരഗാഥയുമാണ്. ചതിയൻ ചന്തുവിനെ എംടി പൊളിച്ചെഴുതിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. വടക്കൻ വീരഗാഥയുടെ കടുത്ത ആരാധകൻ കൂടിയായ ചരിത്രവിഭാഗം അധ്യാപകൻ ഡോ. സെബാസ്റ്റ്യൻ ജോസഫ് ചരിത്രകാരൻ, ചലച്ചിത്ര ആസ്വാദകൻ എന്നീ നിലകളിൽ ചിത്രത്തെ വിശകലനം ചെയ്യുന്നു.

മറ്റൊരു സിനിമയും ഉണ്ടായിട്ടില്ല.

പടം പുറത്തിറങ്ങിയ ആദ്യത്തെ ആഴ്ചയിൽ തന്നെ കാണണമെന്ന വാശിയിലായിരുന്നു ഞാൻ. അതുകൊണ്ടു തന്നെ അഞ്ചു തവണ ടിക്കറ്റ് കിട്ടാതെ മടങ്ങിയെങ്കിലും ഞാൻ നിരാശനായില്ല. ഒടുവിൽ തിരുവനന്തപുരം ഓവർബ്രിഡ്ജിനു സമീപമുള്ള കൃപ തിയറ്ററിലിരുന്ന് ഞാൻ ആദ്യമായി വടക്കൻ വീരഗാഥ കണ്ടു. പിന്നീട് 11 തവണ തിയറ്ററിൽ തന്നെ ചന്തുവിനെ കണ്ടുമുട്ടി. സിനിമയുടെ ചരിത്ര പശ്ചാത്തലം, എംടിയോടുള്ള കടുത്ത ആരാധന, ചരിത്രത്തെ എംടി എങ്ങനെ പുനർവായിക്കുന്നു എന്ന് അറിയാനുള്ള ആകാംക്ഷ ഇവയൊക്കെയായിരുന്നു ചിത്രം കാണുന്നതിലേക്ക് എന്നെ നയിച്ചത്.

മലയാള സിനിമയിലെ ഒരു നാഴികക്കല്ലായിരുന്നു ഒരു വടക്കൻ വീരഗാഥ. നൂറ്റാണ്ടുകളോളം മലയാളിയുടെ മനസ്സിൽ അത്രമേൽ ആഴത്തിൽ പതിഞ്ഞു കിടന്നിരുന്ന ചതിയൻ ചന്തുവിനെ പൊളിച്ചെഴുതുകയായിരുന്നു എംടി. ഒരു ജനതയുടെ പൊതുബോധത്തെ മറികടക്കുക എന്ന ശ്രമകരമായ ദൗത്യമായിരുന്നു എംടിയുടെ മുന്നിൽ ഉണ്ടായിരുന്നത്. ചരിത്രമെന്നത് വ്യത്യസ്ത വീക്ഷണങ്ങളുടെ അടയാളപ്പെടുത്തൽ കൂടിയാണല്ലോ. തനിക്ക് മുൻപേ നടന്നവരിൽ നിന്ന് വ്യത്യസ്തമായ വഴികളിലൂടെയാണ് എംടി സഞ്ചരിച്ചത്. അതുവരെ സിനിമക്ക് അകത്തും പുറത്തും ചതിയനായിട്ട് മാത്രമാണ് ചന്തുവിനെ അടയാളപ്പെടുത്തിയിരുന്നത്. എംടിയാവട്ടെ ചതിക്കപ്പെട്ടവന്റെ വീക്ഷണകോണിലൂടെയാണ് ചന്തുവിനെ പുനർവായിക്കാൻ ശ്രമിക്കുന്നത്. ആദ്യം അമ്മാവനും പിന്നീട് ഉണ്ണിയാർച്ചയും ആരോമലും ചന്തുവിനെ ചതിക്കുന്നുണ്ട്. ഇത്തരത്തിൽ നിരന്തരം ചതിക്കപ്പെട്ടവന്റെ കണ്ണിലൂടെ ചന്തുവിനെ പുനർവ്യാഖ്യാനിച്ച് എംടി ആദ്യത്തെ കടമ്പ കടക്കുന്നു.

എന്നാൽ ചതിയൻ ചന്തുവിന്റെ പാപക്കറ കഴുകിക്കളയാൻ അതു മാത്രം പോരായിരുന്നു. പ്രതിനായകസ്ഥാനത്ത് നിന്ന് ചന്തുവിനെ നായകനാക്കി മാറ്റി പ്രതിഷ്ഠിക്കാൻ എംടി 'ഹീറോയിസം'(വീരത്വം) എന്ന ആയുധം ഉപയോഗിക്കുന്നു. ലങ്കാലക്ഷ്മിയിൽ ശ്രീകണ്ഠൻ നായർ രാവണനും ഭരതപര്യടനത്തിൽ കുട്ടികൃഷ്ണ മാരാർ ദുര്യോധനനും രാവണപുത്രിയിൽ വയലാർ രാവണനും കൽപ്പിച്ചു നൽകുന്ന വീരത്വത്തെ ഇതുമായി വേണമെങ്കിൽ ഉപമിക്കാം. പക്ഷേ ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായി വടക്കൻപാട്ടുകളിൽ തന്നെയുള്ള വഴുക്കലുകളെ തന്റെ വാദത്തിനു അനുഗുണമായി ഉപയോഗിക്കുന്നതിലാണ് എംടിയുടെ വിജയം. അരിങ്ങോടരും ആരോമൽ ചേകവരും തമ്മിലുള്ള പയറ്റ് നടക്കുന്നത് തുറന്ന വേദിയിലാണ്. നിരവധി ആളുകൾ പയറ്റ് കാണാൻ അവിടെ തടിച്ചുകൂടിയിട്ടുണ്ട്. അതുകൊണ്ട് തന്നെ അങ്കത്തട്ടിൽ ആരോമൽ മാറ്റച്ചുരിക ചോദിക്കുമ്പോൾ മറന്നുപോയി എന്നു കളവ് പറഞ്ഞു രക്ഷപ്പെടാൻ ചന്തുവിനു കഴിയില്ല. ഇരുമ്പാണിക്കു പകരം മുളയാണി വെച്ച് പൊൻകാരം കൊണ്ടു ചുരിക വിളക്കാൻ കൊല്ലന് പൊൻപണം കൊടുത്തത് ചന്തുവാണ് എന്ന് എങ്ങനെ ഉറപ്പിച്ചു പറയാൻ കഴിയും. എന്തുകൊണ്ട് ആരോമലിന്റെ എതിരാളിയും അതീവ തന്ത്രശാലിയുമായ അരിങ്ങോടർക്ക് അങ്ങനെ ചെയ്തുകൂടാ. ഇത്തരം ചില വഴുക്കലുകളെയാണ് എംടി വിദഗ്ധമായി ഉപയോഗപ്പെടുത്തുന്നത്.



എംടിയുടെ പൊളിച്ചെഴുത്തിനെ പോസിറ്റീവായും നെഗറ്റീവായും കാണുന്നവരുണ്ട്. ചിത്രം പുറത്തിറങ്ങി രണ്ടാഴ്ച കഴിഞ്ഞപ്പോൾ എന്റെ സഹപാഠി കൂടിയായ നിമി ജോർജ് (മലയാള വിഭാഗം അധ്യാപിക മ്യൂസ് മേരിയുടെ സഹോദരൻ) ദീപികയിൽ 'ഐതിഹ്യങ്ങളെ വെറുതെ വിടുക' എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. നിമി കരുതുന്നതുപോലെ വടക്കൻപാട്ടിൽ പാണർ പാടി നടക്കുന്നത് ഒന്നിനെയും എംടി ചോദ്യം ചെയ്യേണ്ടതില്ലെന്നും അതിനു എംടിക്ക് അവകാശമില്ലെന്നും വിശ്വസിക്കുന്നവരുണ്ട്. എംടിയുടെ തിരക്കഥയുടെത് യുക്തിഭദ്രത തന്നെയാണ് സിനിമയുടെ ശക്തി. ജനകീയ സിനിമയുടെ ചട്ടക്കൂടിൽ നിന്നാണ് വടക്കൻ വീരഗാഥ കഥ പറയുന്നത്. ഹീറോയിസമാണ് ചിത്രത്തിന്റെ മുഖമുദ്ര. പൗരുഷവും വീരത്വവുമുള്ള ഒരാൾ തന്നെ വേണമായിരുന്നു ചന്തുവിന്റെ സ്ഥാനത്ത്. അന്നും ഇന്നും ചന്തുവിന്റെ സ്ഥാനത്ത് മമ്മൂട്ടിയല്ലാതെ വേറെയൊരാളെ സങ്കൽപ്പിക്കാൻ കഴിയില്ല. മമ്മൂട്ടിയുടെ 'celestial stardom' കൃത്യമായി ഉപയോഗപ്പെടുത്താനും ചിത്രത്തിനു കഴിഞ്ഞിട്ടുണ്ട്. എംടിയെ വിമർശിക്കുന്നവർ മനസ്സിലാക്കേണ്ട വസ്തുത വെറുതെ ചില വസ്തുതകൾ വിളക്കിച്ചേർത്ത് തട്ടിക്കൂട്ടി ഉണ്ടാക്കിയതല്ല 'വടക്കൻ വീരഗാഥയുടെ' തിരക്കഥ എന്നതാണ്. വടക്കൻപാട്ടുകളെക്കുറിച്ചു ലഭ്യമായ എല്ലാ വിവരങ്ങളും ശേഖരിക്കുകയും നിരന്തരമായി പഠനവിധേയമാക്കുകയും വിശകലനം നടത്തുകയും ചെയ്ത ശേഷമാണ് എംടി തിരക്കഥയെഴുതുന്നത്. ചിത്രത്തിന്റെ രചനയിൽ തിരക്കഥാകൃത്ത്, ഗവേഷകൻ, ചരിത്രകാരൻ എന്നിങ്ങനെ വ്യത്യസ്ത റോളുകൾ എംടിക്കുണ്ട്. എംടിയെന്ന മാസ്റ്റർ ക്രാഫ്റ്റ്മാൻ തന്നെയാണ് യഥാർഥ ഹീറോ. അതുകൊണ്ടു തന്നെയാവും വടക്കൻ വീരഗാഥയെക്കുറിച്ച് ഓർക്കുമ്പോൾ ചിലപ്പോഴെങ്കിലും മമ്മൂട്ടിയെയും ഹരിഹരനെയും നിഷ്പ്രഭമാക്കിക്കൊണ്ട്



എംടി നമ്മുടെ മനസ്സിലേക്കിരച്ചു കയറുന്നത്.

സിനിമകൾ പലപ്പോഴും ചരിത്ര സ്രോതസുകളായി വർദ്ധിക്കാറുണ്ട്. സിനിമ ചരിത്രപഠനശാഖകളെ പ്രധാനമായും മൂന്നായി തരം തിരിക്കാം. ആദ്യത്തെ ശാഖ സിനിമയിൽ നിന്നും മറ്റും സ്രോതസുകളും ഉപയോഗിച്ചു സിനിമ വ്യവസായത്തെക്കുറിച്ച് തന്നെ പഠിക്കുന്നു. ചലച്ചിത്ര വ്യവസായമാണ് ഇവിടെ പഠനവിധേയമാകുന്ന വിഷയം. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ചരിത്രത്തെ മനസ്സിലാക്കാൻ ഉതകുന്ന ഒരു സ്രോതസായി സിനിമ പ്രവർത്തിക്കുന്നു രണ്ടാമത്തെ വിഭാഗത്തിൽ. ഇത്തരം സിനിമകളുടെ വിഷയം സമാനമായിരിക്കണമെന്നില്ല. ഏറ്റവും സങ്കീർണവും ബൗദ്ധികവുമായ സംവേദനപ്രക്രിയയിലൂടെ കടന്നുപോകുന്നത് അവസാനത്തെ ഗണത്തിൽപ്പെടുന്ന സിനിമകളാണ്. ഇവിടെ സംവിധായകനോ തിരക്കഥാകൃത്തോ ചരിത്രത്തിനു അവരുടേതായ വ്യാഖ്യാനങ്ങൾ നൽകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന ചിത്രങ്ങളെയാണ് നമ്മൾ ചരിത്ര സിനിമകൾ എന്ന് വിളിക്കുന്നത്. റിച്ചാർഡ് ആറ്റൻബറോ സംവിധാനം ചെയ്ത ഗാന്ധിയും എംടി രചനനിർവഹിച്ച വടക്കൻ വീരഗാഥയും ഈ വിഭാഗത്തിൽപ്പെടും. ഗാന്ധി കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഒരു ചരിത്ര വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ ചിത്രങ്ങൾ, പ്രസംഗങ്ങൾ, വീഡിയോകൾ, ഗാന്ധിയെക്കുറിച്ചു മറ്റുള്ളവർ എഴുതിയിട്ടുള്ള രേഖകൾ എന്നിവയെല്ലാം കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടുമുണ്ട്. ആളുകളുടെ മനസ്സിൽ ഗാന്ധിയുടെ വ്യക്തമായ ചിത്രവുമുണ്ട്. അതുകൊണ്ട് തന്നെ ഗാന്ധി സിനിമയിൽ കാസ്റ്റിങ് മുതൽ തുടങ്ങുന്നു പ്രശ്നങ്ങൾ. ഗാന്ധിയോട് രൂപസാദൃശ്യമുള്ള ഒരാളെ മാത്രമേ സംവിധായകന് കാസ്റ്റ് ചെയ്യാൻ പറ്റൂ. ഗാന്ധിയുടെ ഓരോ ചെറിയ ചലനവും അണുവിട വ്യത്യാസമില്ലാതെ സ്ക്രീനിൽ പുനഃസൃഷ്ടിക്കണം. വടക്കൻ വീരഗാഥയെ ഗാന്ധിയിൽ നിന്ന് വ്യത്യസ്തമാക്കുന്നത് ചരിത്ര രേഖകളുടെ അഭാവമാണ്. ചന്തുവിന്റെ ചിത്രങ്ങൾ ലഭ്യമല്ല. ചന്തുവിന്റെ രൂപത്തെക്കുറിച്ച് പരാമർശങ്ങളും ഇല്ല. വാമൊഴി ചരിത്രം മാത്രമാണ് ഏക സ്രോതസ്. സത്യത്തിൽ ചരിത്ര രേഖകളുടെ അഭാവം ഇവിടെ എംടിക്കു ഉപകാരമായി മാറുന്ന ഉർവശീശാപമാണ്. എംടിയെന്ന തിരക്കഥാകൃത്തിനു പരിമിതികളില്ലാതെ പരിധികളില്ലാതെ സ്വതന്ത്രമായി എഴുതാനും തന്റെ വീക്ഷണത്തിലൂടെ ചന്തുവിനെ അവതരിപ്പിക്കാനുമുള്ള പഴുതായി മാറുന്നു ചരിത്ര സ്രോതസുകളുടെ അഭാവം. എംടിയിലെ പാഠവ്യാഖ്യാതാവ് ആ ജോലി മനോഹരമായും നിർവഹിക്കുകയും ചെയ്യുന്നു ഇവിടെ.

രണ്ടര പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും വടക്കൻ വീരഗാഥ മലയാളത്തിലെ എണ്ണംപറഞ്ഞ ക്ലാസിക്കുകളിലൊന്നായി അവശേഷിക്കുന്നു. 'ചന്തുവിനെ തോൽപ്പിക്കാൻ നിങ്ങൾക്കാവില്ല' എന്ന ഡയലോഗിന് ഇന്നും പ്രസക്തി നഷ്ടപ്പെടുന്നില്ല. ധീരനായി വീരനായി ചന്തു ഇന്നും ചലച്ചിത്രപ്രേമികളുടെ മനസ്സിൽ ജീവിക്കുന്നു.

# സേതുമാധവന്റെ മുൾക്കിരീടം

*ഒരൊറ്റ സംഭവംകൊണ്ട് ജീവിതം കീഴ്മേൽ മറിഞ്ഞ സേതുമാധവൻ എന്ന ചെറുപ്പക്കാരൻ. ഒരു നൊമ്പരത്തോടെയല്ലാതെ സേതുവിനെ ഓർത്തെടുക്കാൻ മലയാളി പ്രേക്ഷകന് പ്രയാസം. സേതുമാധവൻ എന്ന കണ്ണീർപൂവിന് ഇപ്പോൾ വയസ് 25. സ്വപ്നങ്ങൾ തകർന്ന്, സ്നേഹിച്ച പെൺകുട്ടി... കുടുംബം... എല്ലാം നഷ്ടപ്പെട്ടു വിധിക്കു മുന്നിൽ പകച്ചു നിൽക്കുന്ന സേതുമാധവൻ എന്ന നിസ്സഹായനായ യുവാവിനു മുന്നിൽ പ്രേക്ഷകർക്കു പറയാൻ സാന്ത്വനവാക്കുകൾ ഇല്ല. സേതുമാധവനെ സൃഷ്ടിച്ച ലോഹിതദാസും നമ്മോടു വിടപറഞ്ഞു പോയെങ്കിലും ലോഹിയുടെയും സിബിയുടെയും മോഹൻലാലിന്റെയും തിലകന്റെയുമൊക്കെ ചലച്ചിത്ര ജീവിതത്തിലെ സുവർണ മുദ്രയായി കിരീടം എന്നും അവശേഷിക്കുമെന്നതിൽ തർക്കമില്ല. രണ്ടര പതിറ്റാണ്ടുകൾക്ക് അപ്പുറവും 'കണ്ണീർപൂവിന്റെ കവിളിൽ തലോടി' എന്ന ഗാനം കേൾക്കുമ്പോൾ സേതുമാധവൻ ഒരു വിങ്ങലായി നമ്മുടെ മനസ്സിൽ വീണ്ടും ഉയർന്നു പൊന്തുന്നു. സേതുവെന്ന കണ്ണീർ പൂവിനെക്കുറിച്ച് ആരെ കൊണ്ടു എഴുതിക്കും എന്ന് ആലോചിക്കുമ്പോഴാണ് ഓൺലൈനിൽ യൂസിയിലെ പൂർവ വിദ്യാർഥി കൂടിയായ എച്ച്. സുരേഷിന്റെ കോളം കണ്ണിൽപ്പെടുന്നത്. വായിച്ചു തീർന്നപ്പോൾ ഞാൻ ഉറപ്പിച്ചു ഇപ്പോൾ യൂസിയിലുള്ള ആർക്കും ഇതിലും മനോഹരമായി സേതുവിനെപ്പറ്റി എഴുതാൻ ആവില്ലെന്ന്...*



**Suresh Hariharan**
(1989 - 1994)



ആലുവ മാതാ തിയറ്ററിലാണ് കിരീടം കണ്ടത്.

അന്നത്തെ മോഹൻലാൽ പടം ആദ്യ ദിവസം കാണാൻ ശ്രമിച്ചതിനു ശിക്ഷ കിട്ടി. തിരക്കിൽപ്പെട്ടു കുട ഒടിഞ്ഞു, വാച്ച് ചെയിൻ പൊട്ടി താഴെവീണു; കൂട്ടത്തിൽ കൈയിലൊരു മുറിവും തന്നു.

പിന്നീടു 'കിരീടം' കണ്ടിട്ടേയില്ല. ചാനൽ സർഫ് ചെയ്യുന്ന നേരമ്പോക്കിനിടയിൽ എപ്പോഴെങ്കിലും മുന്നിൽ വന്നു പെട്ടാൽ ഒഴിഞ്ഞു മാറുകയാണു പതിവ്.

പച്ചനെൽപ്പാടങ്ങൾക്കു നടുവിൽ നീണ്ടു നിവർന്നു കിടക്കുന്ന ചെമ്മൺപാതയിലൂടെ ചരടു പൊട്ടി കാറ്റിലുലഞ്ഞു നടന്നു പോകുന്നു, മോഹൻലാലിന്റെ സേതുമാധവൻ.

ഇന്നത്തെ കാലത്തു സങ്കൽപിക്കാനാവില്ല സേതുമാധവന്മാരെ. എന്നാൽ അന്നത്തെ വീടുകളിലെല്ലാമുണ്ടായിരുന്നു ഈ സേതു. അച്ഛന്റെയും അമ്മയുടെയും നല്ല കുട്ടി. മകൻ തന്റെ മേലധികാരിയായി വരുന്ന ദിവസം സ്വപ്നം കാണുന്ന അച്ഛൻ. അതിനു വേണ്ടി മകന്റെ മനസും ശരീരവും ഒരുക്കാൻ ശ്രമിക്കുന്നു. എന്നാൽ, ഭക്ഷണത്തിന്റെ ആവി പറക്കുന്ന മണത്തിനു മുന്നിൽ സിക്സ്പാക്കിനെ മറക്കുന്ന മകൻ.

മുത്തശിയുടെ വീരകഥകൾക്ക് പതിവു ശ്രോതാവ്. അമ്മയ്ക്ക്, വാരാന്ത്യപ്പതിപ്പിൽ നിന്നു രാമാനന്ദ് സാഗറിന്റെ രാമായണം സീരിയലിന്റെ തിരക്കഥ വായിച്ചു കൊടുക്കുന്ന ശ്രീരാമനുമാണ് ഈ മകൻ. വയലിനു നടുവിലൂടെ ഒഴുകുന്ന ചാലിനു മുകളിലെ കലുങ്കിൽ കൂട്ടുകാരനുമൊത്തു സായാഹ്നങ്ങൾ. പിന്നെ, ഉണ്ടക്കണ്ണുള്ള ഫുൾപ്പാവാടക്കാരിയുമായി മൂത്തവരുടെ അനുഗ്രഹത്തോടെയുള്ള പ്രണയവും. ഇതൊക്കെയായാൽ സേതുമാധവനായി. കഥ ഇത്രയും പറയാൻ ലോഹിതദാസ് എന്ന തിരക്കഥാകൃത്തും സിബി മലയിൽ എന്ന സംവിധായകനും പാട്ടിന്റെ കൂട്ടു തേടിയില്ല. പെട്ടെന്നൊരു നാൾ അച്ഛന്റെ സ്ഥലംമാറ്റത്തോടെയാണ് എല്ലാം മാറുന്നത്. പരിചിതമല്ലാത്ത മണ്ണിൽ അച്ഛനും മകനും കാലിടറുന്നു. അച്ഛനെ കൊല്ലാൻ വരുന്ന രാവണനെ അടിച്ചൊതുക്കിയെങ്കിലും മകൻ ശ്രീരാമനായില്ല, എല്ലാവരാലും വെറുക്കപ്പെടുന്നവനായി. ഏകനായി ആ ചെമ്മൺപാതയിലൂടെ അയാൾ നടന്നു പോകുന്നു.

'കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി
ഈണം മുഴങ്ങും പഴംപാട്ടിൽ മുങ്ങി
മറുവാക്കു കേൾക്കാൻ കാത്തു നിൽക്കാതെ
പുത്തുമ്പിയെങ്ങോ മറഞ്ഞു
എന്റെ പുള്ളോർക്കുടം വീണുടഞ്ഞു'

കൈതപ്രവും ജോൺസനും ചേർന്നൊരുക്കിയ ഗാനം.

വീണുടഞ്ഞ ഒരു കുടുംബത്തെ മനോഹരമായി വരച്ചിട്ടിരിക്കുന്നു കൈതപ്രം.

'ഉണ്ണിക്കിടാവിന്നു നൽകാൻ
അമ്മ നെഞ്ചിൽ പാലാഴിയേന്തി
ആയിരം കൈനീട്ടി നിന്നു
സൂര്യതാപമായ് താതന്റെ ശോകം'

ഒരു സിനിമയുടെ ആത്മാവിനെ ഇത്രമേൽ ഉൾക്കൊണ്ടിട്ടുള്ള ഒരു ഗാനവും മലയാളത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല.

ദുരന്തമായ് സേതുമാധവന്റെ കഥ അവസാനിക്കുന്നു. സേതു വീണ്ടും ദുരന്തങ്ങളിലേക്കു വീണുടയുന്ന ചെങ്കോൽ കാണാൻ തിയറ്ററിന്റെ പരിസരത്തു പോലും പോയില്ല. സേതുമാധവനെ മാത്രമല്ല, നാടും വീടും ഭ്രാന്തനാക്കിയ തനിയാവർത്തനത്തിലെ ബാലൻമാഷിനെയും കാണാതെ മാറി നടന്നു.

ലോകത്തെ ലെൻസിലൂടെ നോക്കി ചെറുതായ പേടികളെയെല്ലാം വലുതായി കണ്ട് സ്വയം ഉരുകുന്ന ഭൂതക്കണ്ണാടിയിലെ വിദ്യാധരനെയും കാണാൻ പോയില്ല.

# UCinemas

## ഗംഗാ സംഗമം മുതൽ പ്രേമം വരെ

യൂസിയുടെ ഏതു മൂലയ്ക്കു കൊണ്ടു പോയി ക്ലിക്ക് ചെയ്താലും അത് കിടിലൻ ഫ്രെയിമായിരിക്കും എന്നതിൽ ആർക്കും തർക്കമില്ല. ഓരോ മുക്കിലും മൂലക്കും കൂണു പോലെ ന്യൂജനറേഷൻ കോളജുകൾ പൊന്തിവരുന്ന ഈ കാലത്ത് യൂസിയെ വ്യത്യസ്തമാക്കുന്നത് അതിന്റെ പച്ചപ്പാണ്. എണ്ണമറ്റ മരങ്ങളും ചരിത്രമുറങ്ങുന്ന കച്ചേരിമാളികയും പ്രണയം തുളുമ്പുന്ന സിസിയും ബിബിസിയും മൺപാതകളുമെല്ലാം യൂസിയെ കൂടുതൽ സുന്ദരിയാക്കുന്നു. ഇതെല്ലാം ഇക്കാലമത്രയും ഇവിടെയുണ്ടായിട്ടും ഒരു സിനിമാക്കാരനും എന്തേ ഇങ്ങോട്ട് തിരിഞ്ഞ് നോക്കിയില്ല എന്ന് നെടുവീർപ്പിട്ടോണ്ട് ഇരുന്നപ്പോഴാണ് അൽഫോൺസ് പുത്രൻ അവതരിക്കുന്നത്. 'നേര'ത്തിനു ശേഷം പുള്ളിക്കാരൻ സംവിധാനം ചെയ്യുന്ന ത്രീ ജനറേഷൻ പ്രണയ സിനിമ (മൂന്നു തലമുറകളിലെ പ്രണയം) പ്രേമത്തിന്റെ പ്രധാന ലൊക്കേഷൻ യൂസിയായിരുന്നു. യൂസിയിലെ പല പുള്ളൻമാരും പുള്ളത്തികളും ജൂനിയർ ആർട്ടിസ്റ്റുകളായി ചിത്രത്തിൽ തല കാണിക്കുകയും ചെയ്തു. കോട്ടയം സിഎംഎസും എറണാകുളം മഹാരാജാസും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജുമൊക്കെ സിനിമാ ഫ്രെയിമുകളിൽ ഇങ്ങനെ നിറഞ്ഞു നിന്നപ്പോളെല്ലാം നമ്മൾ അസൂയയോടെ സങ്കടം മനസ്സിലൊതുക്കി. ഇവരെക്കാളൊക്കെ സുന്ദരിയായ എന്റെ ക്യാംപസിൽ മാത്രമെന്തേ ഇതുവരെ ഒരു സിനിമയും പിടിച്ചില്ല എന്ന് പരിഭവം പറഞ്ഞു. എന്നാൽ പ്രേമമല്ല യൂസിയിൽ ഷൂട്ട് ചെയ്യുന്ന ആദ്യത്തെ ചിത്രം. യൂസിയിൽ ചിത്രീകരിച്ച സിനിമകളിലൂടെയുള്ള ഒരു യാത്രയാണിത്...

1967ൽ പുറത്തിറങ്ങിയ 'ലേഡീഡോക്ടറാ'ണ് യൂസിയിൽ ചിത്രീകരിച്ച ആദ്യത്തെ ചിത്രം. കെ. ജേക്കബ് എഴുതിയ 'സ്നേഹിച്ചു പക്ഷേ' എന്ന കഥയ്ക്കു ചലച്ചിത്രഭാഷ ചമച്ചത് നാഗവള്ളി ആർ.എസ്. കുറുപ്പാണ്. നീല പ്രൊഡക്ഷൻസിനു വേണ്ടി പി. സുബ്രഹ്മണ്യം നിർമ്മിച്ച ചിത്രം സംവിധാനം ചെയ്തത് കെ. സുകുമാരനാണ്. മധു, കൊട്ടാരക്കര ശ്രീധരൻ നായർ, ഷീല, ശാന്തി, ആറന്മുള പൊന്നമ്മ എന്നിവരായിരുന്നു പ്രധാനവേഷങ്ങളിൽ. പി. ഭാസ്കരന്റെ വരികൾക്ക് വി. ദക്ഷിണാമൂർത്തി ഈണം നൽകിയ ആറു ഗാനങ്ങളും ചിത്രത്തിലുണ്ടായിരുന്നു. 1967 ഏപ്രിൽ 14നാണു ചിത്രം റിലീസായത്.

പി.കെ. ഫിലിംസിന്റെ ബാനറിൽ പോൾ കല്ലുങ്കൽ നിർമ്മിച്ച 'ഗംഗാസംഗമ'ത്തിനു വേണ്ടി നാലു വർഷങ്ങൾക്കു ശേഷം യൂസി വീണ്ടും ലൊക്കേഷനായി. പൊൻകുന്നം വർക്കി രചനനിർവ്വഹിച്ച ചിത്രം സംവിധാനം ചെയ്തത് ജെ.ഡി. തോട്ടാനും പോൾ കല്ലുങ്കലും ചേർന്നാണ്. പ്രേംനസീർ, കൊട്ടാരക്കര ശ്രീധരൻ നായർ, തിക്കുറുശ്ശി, ബഹദൂർ, രാഗിണി, ജയഭാരതി, പാലാ തങ്കം എന്നിവരായിരുന്നു പ്രധാനവേഷങ്ങളിൽ. വയലാറിന്റെ വരികൾക്ക് ദേവരാജൻ ഈണം നൽകിയ നാലു ഗാനങ്ങളും ചിത്രത്തിലുണ്ടായിരുന്നു. ആ വർഷത്തെ ക്രിസ്മസ് റിലീസായി 1971 ഡിസംബർ 17നാണ് ചിത്രം പുറത്തിറങ്ങുന്നത്.

യൂസി കോളജിലെ പൂർവ്വ വിദ്യാർഥി കൂടിയായ ഐസക്ക് തോമസ് നിർമ്മിച്ച ചിത്രമാണ് 1973ൽ പുറത്തിറങ്ങിയ റാഗിങ്. ചിത്രത്തിൽ കോളജ് പ്രിൻസിപ്പലായ പുരോഹിതന്റെ വേഷത്തിലെത്തുന്നതും അദ്ദേഹമാണ്. ചിത്രത്തിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് എൻ.എൻ. പിഷാരടിയാണ്. ജമീല മാലിക്കായിരുന്നു നായിക. വിൻസന്റ്, റാണിചന്ദ്ര, ശങ്കരാടി, പി.ജെ. ആന്റണി, ബാലൻ കെ. നായർ, സുധീർ എന്നിവർ ഒഴികെ എല്ലാവരും പുതുമുഖങ്ങളായിരുന്നു. എം.കെ. അർജ്ജുനൻ സംഗീതവും രാമചന്ദ്രബാബു ഛായാഗ്രഹണവും നിർവഹിച്ച ചിത്രം 1973 ഫെബ്രുവരി 22ന് റിലീസായി.

നീണ്ട ഇടവേളക്ക് ശേഷം 1996ലാണ് യൂസി വീണ്ടും സിനിമക്ക് ലൊക്കേഷനാവുന്നത്. ഇന്നസെന്റ്, ദിലീപ്, മോഹിനി എന്നിവർ പ്രധാന വേഷങ്ങളിലെത്തിയ കുടുംബകോടതിയായിരുന്നു ചിത്രം. പിന്നെയും ഒരു പതിറ്റാണ്ടു കൂടി കാത്തിരിക്കേണ്ടി വന്നു യൂസിയിൽ അടുത്ത ചിത്രം പിറക്കാൻ. ദിലീപ് നായകനായ ദി സ്പീഡ് ട്രാക്കിന്റെ പ്രധാന ലൊക്കേഷനുകളിലൊന്ന് യൂസിയായിരുന്നു. എസ്.എൽ.പുരം ജയസൂര്യ തിരക്കഥയെഴുതി സംവിധാനം ചെയ്ത ചിത്രം 2007 മാർച്ച് 2നു പുറത്തിറങ്ങി. 2005-2006 കാലഘട്ടത്തിലെ മീഡിയാ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ചിത്രീകരിച്ച



പ്രേമത്തിന്റെ ഷൂട്ടിംഗിനിടെ നിവിൻ പോളിയും സംഘവും

ഹ്രസ്വചിത്രമാണ് അഡ്മിഷൻ. അരുൺ ജോസഫ് തിരക്കഥയെഴുതിയ ചിത്രത്തിൽ അഭിനേതാക്കളായതും അണിയറയിൽ പ്രവർത്തിച്ചതും യൂസി കോളജിലെ വിദ്യാർത്ഥികളായിരുന്നു. ആൺകുട്ടികളെ കൂടാതെ നിരവധി പെൺകുട്ടികളും ടെക്നീഷ്യന്മാരായി പ്രവർത്തിച്ച ചിത്രം പക്ഷെ വെളിച്ചം കണ്ടില്ല. അങ്ങനെ യൂസി കോളജിലെ വിദ്യാർത്ഥികളുടെതായി പുറത്തിറങ്ങേണ്ടിയിരുന്ന ചിത്രം എഡിറ്റ് ചെയ്യപ്പെടാതെ ടേപ്പിലൊതുങ്ങി. 2014ൽ തനിയെ, ബെഡ് കോഫി എന്നീ ഹ്രസ്വചിത്രങ്ങൾ യൂസി കോളജിലെ വിദ്യാർഥികളുടെതായി പുറത്തു വന്നു. യൂസി കോളജിലെ പൂർവ്വ വിദ്യാർഥികളുടെ കൂട്ടായ്മയായ Inspire Filmsന്റെ നേതൃത്വത്തിൽ ഇതിനോടകം അഞ്ചോളം ഹ്രസ്വചിത്രങ്ങൾ പുറത്തിറങ്ങി. കുമിളയാണ് ഈ ടീമിന്റെ അവസാനം പുറത്തിറങ്ങിയ ചിത്രം. യൂസിയിൽ നിന്ന് കൂടുതൽ ചലച്ചിത്ര പ്രതിഭകളും സിനിമകളും ഉണ്ടാകട്ടെ എന്നു പ്രാർഥിക്കാം.

കടപ്പാട്: ഡി. വിജയകുമാർ
http://malayalasangeetham.info



# അക്ഷരപ്പെരുമഴ

# 18 TUESDAY FEBRUARY

049-316 WEEK 8

February '14

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | | |

8

9

10

ഹൈദരാബാദിൽ നിന്നും [illegible]
[illegible]. [illegible] മുമ്പ് [illegible]
[illegible] കൂടി [illegible],

11

'She didn't deserve you',

12

എന്നും ഒരു നേരം ആശ്വസിപ്പിച്ചു.
മേഘങ്ങൾ ചിതറിക്കിടക്കുന്ന നക്ഷത്രങ്ങൾക്ക്

1

ഇടയിൽ നിന്ന് ഭഗവാൻ എന്നെ നോക്കി ചിരിച്ചു.
[illegible] എന്നെ [illegible].

2

"Nobody deserves your tears;
But who ever deserves them
will not make you cry".

3

4

5

6

# ഓർമ്മയിൽ നൂറ് വസന്തങ്ങൾ

സ്നേഹത്തിനു വേണ്ടിയല്ലെങ്കിൽ മാത്രമേ, മരണത്തിൽ ദുഃഖിക്കേണ്ടതുള്ളൂ എന്ന് ലോകത്തോടു പറഞ്ഞ എഴുത്തുകാരനും വിടവാങ്ങുന്നു. മാന്ത്രിക ഭംഗിയുള്ള കഥകളിലൂടെ ലോകത്തിന്റെ മനം മയക്കിയ ഗബ്രിയേൽ ഗാർഷ്യ മാർക്കേസ്. കഥ പറച്ചിലിന്റെ ആയിരം നാവുള്ള ഇന്ദ്രജാലക്കാരനായിരുന്നു മാർക്കേസ്. മാന്ത്രിക യാഥാർത്ഥ്യം അഥവാ മാജിക്കൽ റിയലിസത്തിലൂടെ യുക്തിയും അയുക്തിയും കൂടിക്കുഴഞ്ഞ് അനുവാചക ഹൃദയത്തിലെത്തുന്നു. ഐതിഹ്യവും പുരാണവും ഇഷ്ടപ്പെടുന്ന മന്ത്രവാദിയും കൈനോട്ടക്കാരനും വെളിച്ചപ്പാടുമെല്ലാം നിറഞ്ഞു നിൽക്കുന്ന മലയാളി അന്തരീക്ഷത്തിനും മാർക്കേസ് മുഖം നോക്കാനുള്ള കണ്ണാടിയായത് ഈ മാന്ത്രിക സ്പർശം മൂലമാണ്.

നൂറു വർഷങ്ങളിലെ 'മക്കോണ്ട' എന്ന സാങ്കൽപ്പിക ഗ്രാമത്തിന്റെ ഉദയാസ്തമയങ്ങളുടെ കഥ പറഞ്ഞ 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' വായനക്കാരെ സ്വപ്നതുല്യമായ ലോകത്തിലേക്കു കൂട്ടിക്കൊണ്ടു പോകാൻ പര്യാപ്തമായ സൃഷ്ടിയായിരുന്നു. മാന്ത്രിക സൗന്ദര്യമുള്ള മുത്തശ്ശിക്കഥകൾ കേട്ടു വളർന്ന മലയാളിക്ക് അതു കൊണ്ടു തന്നെ മാർക്കേസിന്റെ മാജിക്കൽ റിയലിസത്തിന്റെ മാന്ത്രികപ്പൂട്ടുകൾ തുറക്കാൻ പ്രയാസമുണ്ടായില്ല.

എന്നാൽ മാന്ത്രിക സ്വഭാവമുള്ള വെറും കെട്ടുകഥകൾ മാത്രമല്ല മാർക്കേസ് പറഞ്ഞത്. ലാറ്റിൻ അമേരിക്കയുടെ മർദിത ജീവചരിത്രവും വിമോചനയുദ്ധങ്ങളുടെ ചരിത്രവും ഏകാധിപത്യങ്ങളുടെ നിഷ്ഠൂര ചരിത്രവും ക്ലേശ ജീവിത ചരിത്രവും മാർക്കേസിന്റെ കഥകളിലൂടെ നമ്മളറിഞ്ഞു. ഈ സംഘർഷഭരിത ചരിത്രങ്ങൾക്കിടയിൽ ഒളിഞ്ഞു കിടക്കുന്ന ലാറ്റിൻ അമേരിക്കയുടെ ഏകാന്തതയാണ് മാർക്കേസിന്റെ സൃഷ്ടിപരതയുടെ പാരമ്യവും മാന്ത്രികതയും. അധിനിവേശത്തിന്റെയും ചൂഷണത്തിന്റെയും ശ്രേഷ്ഠമായ പൗരാണിക ഭൂതകാലത്തിന്റെയും നാടോടി സംസ്കൃതിയുടെയും ചരിത്രമുള്ള ഏതു ജനതയുടെയും പ്രശ്നമാണ് ആ ഏകാന്തത.

'ഏകാന്തത'യ്ക്കു ശേഷം എന്ത് എന്ന വായനക്കാരന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയായാണ് 18 വർഷങ്ങൾക്കു ശേഷം 'കോളറക്കാലത്തെ പ്രണയവു'മായി മാർക്കേസ് എത്തിയത്. തന്റെ പ്രണയ സാഫല്യത്തിനായി 53 വർഷവും ഏഴു മാസങ്ങളും പതിനൊന്നു ദിനരാത്രങ്ങളും കാത്തിരുന്ന ഫ്ളോറന്റിനോ അരിസയെ ആസ്വാദക ലോകം ഇരുകയ്യും നീട്ടി സ്വീകരിച്ചു.

ഓർമിക്കുന്നതും ഓർത്തെടുത്തു പറയാനാവുന്നതും മാത്രമാണ് യഥാർഥ ജീവിതമെന്നും അല്ലാത്തതു ജീവിതമല്ലെന്നും പറഞ്ഞുകൊണ്ടാണ് മാർക്കേസിന്റെ ആത്മകഥ തുടങ്ങുന്നത്. ആത്മകഥയ്ക്ക് 'Living to tell the tale' എന്നു പേരിട്ടതുപോലെ കഥ പറയാനാണ് ഗാബോ ജീവിച്ചത്. മഞ്ഞപ്പൂക്കൾക്കിടയിലിരുന്നു ഗാബോ കഥകൾ പറഞ്ഞുകൊണ്ടിരുന്നു, അതുവരെ മറ്റാരും പറയാത്ത വിധത്തിൽ. ലോകം മുഴുവനും അത്ഭുതം നിറച്ച മിഴികളോടെ അതു കേട്ടുകൊണ്ടിരുന്നു. കഥകൾ തീർന്നു, കഥാകാരനും. എങ്കിലും ഇപ്പോഴും കഥപറച്ചിലുകാരന്റെ മുന്നിൽ തന്നെയാണ് നാം.

'ആരും നിങ്ങളുടെ കണ്ണുനീർ അർഹിക്കുന്നില്ല. ആരെങ്കിലും അതർഹിക്കുന്നു എങ്കിൽ അവർ നിങ്ങളെ കരയിക്കുകയുമില്ല'



Amrutha Ravi
II BA History

08 SATURDAY MARCH

He said me that
he is looking forward
for a day to hold a collection
of my poems in his hand...
I badly wanted to ask him
why don't you instead hold me tight
in your hands?

യുസി കോളജിലെ പൂർവ വിദ്യാർഥിയായിരുന്ന ആതിര വി. എന്ന കഥാകാരിയെയും 'അന്യർ' എന്ന അവരുടെ കഥാസമാഹാരത്തെയും പരിചയപ്പെടുത്തുകയാണ് ഇവിടെ. ബാലചന്ദ്രൻ ചുള്ളിക്കാടിനെയും ആനന്ദിനെയും പോലെ യുസിയിൽ നിന്ന് പാതിവഴിക്കു പഠനം ഉപേക്ഷിച്ചു പോയ ആതിര ഇപ്പോൾ കോഴിക്കോട് ഗവ. ലോ കോളജിലെ അവസാനവർഷ നിയമ ബിരുദ വിദ്യാർഥിനിയാണ്. 'അന്യർ' ആതിരയുടെ മൂന്നാമത്തെ കഥാസമാഹരമാണ്. സംഭവ്യം, പെണ്ണൊരുത്തി എന്നീ സമാഹാരങ്ങളാണ് മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടത്.

# ആതിര വരവായി



ആതിര വി.

എംടിയുടെ കഥകളിൽ നിന്ന് അടയാൻ വിഷമമുള്ള വാതിലിന്റെ വിജാഗിരിയിലേക്ക്, വിലകുറഞ്ഞ ചുമർ കർട്ടനിൽ നിന്ന് കുഫുവിന്റെ പിരമിഡിലേക്ക് തെറിക്കുന്ന ചിന്തകളും കുറെ ഫ്രഞ്ച് വ്യാകുലതകളും. മലയാള മണവുമായി ഇതാ ഒരു പെൺകുട്ടി.

യഥാർഥമായ ജീവിതാവസ്ഥയെ മുൻവിധികളില്ലാതെ പരിഭാഷപ്പെടുത്താനുള്ള കരവിരുത് 23 വയസ് മാത്രം പ്രായമുള്ള, അധികം സഞ്ചരിച്ചിട്ടില്ലാത്ത, മിതഭാഷിണിയായ ഒരു പെൺകുട്ടി പ്രകടിപ്പിക്കുന്നത് വിസ്മയാവഹമാണ്.

ആറുമുഖങ്ങളിലൂടെ ഗൈഡുകളുടെ സഹായമില്ലാതെ അവൾ മരണത്തെ പഠിക്കുന്നു; സ്നേഹിക്കുന്ന നെഞ്ചോടു ചേർക്കുന്നു, ഏഴാമത്തെ മുഖത്തിലൂടെ ജീവൻ തിരിച്ചു പിടിക്കുന്നു(ഏഴു മുഖങ്ങൾ) വീഴ്ചയുടെയും നിസ്സഹായതയുടെയും അതിജീവനത്തിന്റെയും ഭിന്ന വഴികളിലൂടെ ആതിര നിരന്തരം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.

അശരണരായ പെൺകുട്ടികൾ ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ രേഖകളില്ലാതെ ഉടഞ്ഞു തീരുന്ന ശിഥില ചിത്രം ഈ ചുവരുകളിൽ പതിച്ചിട്ട് ആതിര വളരെ വേഗത്തിൽ നടന്നു നീങ്ങുന്നു(ഭാരത് കീ ലഡ്കി).

'പാറുക്കുട്ടീനെ ഓർ കൊല്ലുന്ന് എനിക്കറിയില്ലാരുന്ന്. ഈട ഇപ്പയും നെറച്ചു പോലീസുകാരന്മാരുമുണ്ട്' അലിയുടെ വിഭ്രാത്മകമായ ചിന്തകൾക്കു മീതെ അടയിരിക്കുന്ന പക്ഷിയായി മാറുന്നു ആതിര.

ഭരതൻ കൊളുത്തിയ ചിതയിൽ ഒണക്കൻ കുഞ്ഞിപ്പൊട്ടൻ അനുസരണയോടെ കത്തിത്തീരുമ്പോൾ എല്ലാ ബന്ധങ്ങളും അസംബന്ധമാണെന്ന ഒരു പുച്ഛചിരി ചിതയിലെരിയാതെ ബാക്കിയാവുന്നു. ഫാസ്റ്റ് ട്രാക്കിലൂടെയുള്ള യാത്രയിൽ അവനവനു വഴങ്ങുന്ന ന്യായത്തിന്റെ ബാറ്റൺ മുറുകെ പിടിക്കുക എന്ന തന്ത്രം കൂടി ഈ കഥാകാരി അവതരിപ്പിക്കുന്നു. (അന്യർ)

ഒരിക്കലും അവസാനിക്കാത്ത ആഭ്യന്തര കലാപത്തിലൂടെയും അതിജീവനത്തിലൂടെയും തളർന്നും വളർന്നും മുന്നണിപ്പോ




രാളികൾ പിക്കാസോയുടെ ബ്രഷ് ഏറ്റുവാങ്ങുന്നു. തികച്ചും ഗ്രാമീണമായ അന്തരീക്ഷത്തിൽ നിന്ന് ചരിത്രത്തിന്റെ ഗതിവിഗതികളിലേക്ക് തെന്നിത്തെറിച്ചു പോകുമ്പോഴും ബുദ്ധിപരമായ ചില ഇടപെടലുകളിലൂടെ സമദൂരം പാലിക്കാൻ ശ്രമിക്കുന്നു ഈ കുട്ടി. യുദ്ധ ഭൂമിയിൽ തകർന്ന കെട്ടിടങ്ങൾക്കും പ്രതീക്ഷകൾക്കും നടുവിൽ നിശ്ചലനായി നിൽക്കുന്ന അശ്വജിത്തിനെ(ഗെർണിക്ക) വരച്ച തൂലിക തന്നെയാണ് മാലപ്പെണ്ണിന്റെ ശരീരവടിവിലേക്കും ആർത്തവഗന്ധത്തിലേക്കും പുളിച്ചു തികട്ടുന്ന അന്തിക്കള്ളായി രത്നാകരൻ നിറയുന്ന ചിത്രവും കോറിയിടുന്നത്. (രത്നാകരം)

പൊക്കിൾക്കൊടി കഴുത്തിൽ ചുറ്റി, വയറ്റിൽ വച്ചു തന്നെ ആത്മഹത്യ ചെയ്ത കുട്ടി(ജനിക്കാത്തവരുടെ ഓർമ) ഭാവിയുടെ വിഫല ബിംബമാണ്. 'മനസ്സ് ശരീരവുമായി മല്ലടിച്ചു ക്ഷയിച്ചുപോകുന്ന' അവസ്ഥയെ യാതൊരു ചമയങ്ങളുമില്ലാതെ ആവിഷ്ക്കരിച്ചിരിക്കുന്നു ആതിര. (രാഹുലന്റെ ഇന്നലെകൾ).

ഏതെങ്കിലും തരത്തിലുള്ള സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാതെ തന്നെ നിലനിൽക്കാൻ കെല്പുള്ള പല കഥകളും ഇതിനോടകം ആതിര എഴുതിക്കഴിഞ്ഞു. ഈ സമാഹാരത്തിലെ പല കഥകളും വായിക്കുമ്പോൾ ഇതാ ഭാവിയുടെ വാഗ്ദാനമായൊരു എഴുത്തുകാരിയെന്ന് ആതിരയെ ചൂണ്ടി പറയാനാകും. കഥയുടെ ബോധവഴികളിലും പ്രതിഭയുടെ ഈ തിളക്കം കാണാം. കഥ വായിച്ചു തുടങ്ങുന്ന ഒരാളെക്കൊണ്ട് കഥ മുഴുവൻ ആകാംക്ഷയോടെ വായിപ്പിക്കാൻ കഴിയുന്ന ഒരു ശൈലി ആതിരയ്ക്കുണ്ട്.

എല്ലാ പേടിസ്വപ്നങ്ങളെയും ദുരന്തഛായകളെയും മായിച്ചു കളയുന്ന ഒരു മൗനമന്ത്രം പുസ്തകത്താളിന്റെ അവസാനപേജിൽ അവശേഷിപ്പിച്ച് ആതിര എന്ന കഥാകാരി ആൾക്കൂട്ടത്തിലേക്ക് നടന്നു മറയുന്നു. 'നമ്മുടെ ആകാശങ്ങൾ നമുക്ക് സ്വന്തമാണെങ്കിലും അവ നമ്മുടേതല്ല'

# Writer's BLOCK



ഇനിയെന്താണ് എഴുതേണ്ടത്?
ഇന്നലെവരെ ഞാനൊരു കവിയായിരുന്നു,
ഇന്നിനും ഇന്നലെയ്ക്കുമിടയിൽ
നിന്നെ പ്രണയിച്ചതായി
ഞാൻ ഓർക്കുന്നു

വെറും സ്വപ്നമായിരുന്നോ നമ്മുടെ പ്രണയം?
അല്ലെന്ന് സാക്ഷി പറയുന്ന
എന്റെ മാറിലെ മുറിവ്
ഇത്തിരി നോവ് മാത്രം പകരം നൽകി
എന്റെ ഹൃദയവും കവിതയും
പറിച്ചെടുത്ത് നീ മടങ്ങി

ഇനിയെന്തിന് കവിതയെഴുതണം?
ഒരു ചോരപ്പാട് മാത്രമാണിന്നു ഞാൻ
കവിത ചോദിച്ചു നടക്കുന്ന
എഡിറ്റർ സുഹൃത്തിന്റെ കണ്ണടയുമായി
ഒളിച്ചു കളിക്കുകയാണ് എന്റെ കണ്ണുകൾ...
കലാലയാക്ഷരങ്ങളിൽ എന്നെയും
അടയാളപ്പെടുത്താനുള്ള അവസാന
തീയതി എന്നെ തുറിച്ചു നോക്കുന്നു

ഇല്ല,
ഇനിവയ്യ,
ചുരുട്ടിയെറിഞ്ഞ്
ഒരു വാക്കിനെകൂടി വേദനിപ്പിക്കാൻ...
മച്ചിയാണ് ഇന്ന് ഞാൻ
ഇനിയൊരു കവിതയും
എന്റെ ഉദരത്തിൽ പിടഞ്ഞുണരില്ല

**Marjan A.U.**

II BA English



09 AUGUST

221-144



ഒഴിവുള്ള ദിവസം ഉച്ചയ്ക്ക് ബസ്സിൽ പോകുമ്പോൾ.
തിരിച്ചുള്ള കല്യാണമായ് ഉറങ്ങിപ്പോയ
ആ സ്വപ്നത്തിൽ ഒരു മരം ഉണ്ട്,
വെറുതെ ഇല ഉതിർത്തു, നിറയുന്നു.
ഒടുവിൽ 'CROSSWORD'ൽ കയറി ഇല
ഞരമ്പുകളുടെ അവസാനം ശൂന്യതയെ
ചോദിച്ചു...
ആകാശത്തിൽ അവന്റെ പ്രണയത്തെ
ഓർത്ത് നിലാവിലെ കവിത
മനസ്സിൽ ഉറങ്ങി.
"എന്നാണ് ചിന്തിച്ച ജീവിതം,
ഒരേ നേർരേഖയിൽ ജീവിച്ച്
പൊഴിയുന്ന ഇലകളോ താലി
പടരാൻ ഇഷ്ടപ്പെടുന്ന വേരുകളോ.."

# മരം പെയ്യുമ്പോൾ



# 20 THURSDAY MARCH

079-286 WEEK 12

| March | | | | | | |
|---|---|---|---|---|---|---|
| M | T | W | T | F | S | |
| | | | | | 1 | |
| 31 | | | | | | |
| 3 | 4 | 5 | 6 | 7 | 8 | |
| 10 | 11 | 12 | 13 | 14 | 15 | |
| 17 | 18 | 19 | 20 | 21 | 22 | |
| 24 | 25 | 26 | 27 | 28 | 29 | |

8

9 ഇന്ന് അവർ വീണ്ടും മരംവെട്ടി.
ജനാലയുടെ ചതുരത്തിലെ മരങ്ങളുടെ
10 ചില്ലകളാണ് വെട്ടിമാറ്റിയത്...
മഴയിൽ ആ മരങ്ങൾ പെയ്യുന്നത്
11 വെറുതെ നോക്കിയിരിക്കാൻ രസമായിരുന്നു.
ഇനി പക്ഷെ അവ പെയ്താലും
12 ചോരയുടെ മണമാണ്...
പ്രതിരോധിക്കാനോ പ്രതിഷേധിക്കാനോ
1 തോന്നിയില്ല..
ചിലപ്പോൾ മൗനം വാചാലമാണ്
2 ഏറ്റവും നല്ല പ്രതിരോധം എന്ന്,
ഞാൻ പതിയെ നെരൂദയുടെ കവിതയിലേക്ക്
3 തലതാഴ്ത്തി.
"They can cut all the flowers,
4 but they can't stop the spring"

5

6

# മരം പെയ്യുമ്പോൾ



കേരളത്തിൽ ഹരിത എംഎൽഎമാർ ഉത്ഭവിക്കുന്നതിനും പതിറ്റാണ്ടുകൾ മുമ്പ്, ജൂൺ അഞ്ചിനു പ്രകൃതി സ്നേഹം മൂത്ത് നമ്മൾ നാടുനീളെ മരം നടുകയും പ്രകൃതി സംരക്ഷണത്തെക്കുറിച്ച് വാചാലരാകുകയും ചെയ്യുന്ന പൊറാട്ട് നാടകങ്ങൾ അരങ്ങ് തകർക്കുന്നതിനും കാലങ്ങൾക്കും മുമ്പ്, ഇവിടെ ചിലർ ജീവിച്ചിരുന്നു. പ്രകൃതി സംരക്ഷണവും വനവത്ക്കരണവും തങ്ങളുടെ ജീവിതചര്യയുടെ ഭാഗമായി കരുതിയിരുന്നവർ. അവർ നട്ടു നനച്ചു വളർത്തി വലുതാക്കിയ തണലുകൾക്ക് നമ്മുടെ കലാലയത്തോളം തന്നെ പ്രായമുണ്ട്. കാലത്തിന്റെ മൂകസാക്ഷികളായ ഈ മരങ്ങളെ നമുക്കു സമ്മാനിച്ച് കാലത്തിനു മുമ്പേ നടന്നവർക്ക് ഈ ലേഖനം സമർപ്പിക്കാം. അവസാനവർഷ സസ്യശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർഥിനി കല്യാണി കൃഷ്ണ എഴുതുന്നു. യൂസിയൻ ബ്ലോഗിലെ ചില രസകരമായ കുറിപ്പുകളും ഒപ്പം ചേർക്കുന്നു.

വിശുദ്ധ പ്രണയങ്ങൾക്കും വിപ്ലവ സമരങ്ങൾക്കും തണൽ വിരിച്ചും സൗഹൃദങ്ങൾക്കും സഹനങ്ങൾക്കും മേൽ ഇലപൊഴിച്ചും നിന്ന നമ്മുടെ ക്യാംപസ് മരങ്ങൾ തേടിയുള്ള യാത്രയാണിത്. മരം പെയ്യുന്ന ക്യാംപസ് ഓർമകളിലൂടെയുള്ള ഒരു മടക്കയാത്ര. അത് ഒരേ സമയം അവയുടെ ചരിത്രത്തിലേക്കും വൈകാരികമായ ചില ക്യാംപസ് ഓർമകളിലേക്കും ഓർമപ്പെടുത്തലുകളിലേക്കുമുള്ള അന്വേഷണം കൂടിയാകുന്നു.

യൂസിയൻ ആകാശത്തിനു നിറം പച്ച!!! ഇവിടെ കൊഴിഞ്ഞു വീഴുന്ന ഇലകൾക്കിടയിൽ നിങ്ങൾക്ക് വായിച്ചെടുക്കാനാവാത്ത ചിലതുണ്ട്. ആയിരം തവണയാവർത്തിച്ച് ആവർത്തിച്ചു വായിച്ചാലും പിടിതരാത്തവ. ഈ മണ്ണിനും നിങ്ങളുടെ കണ്ണിനുമിടയിൽ ഒരു കുന്നോളം ഓർമകൾ തിങ്ങി നിൽപ്പുണ്ട്. അത് ഒരു പക്ഷേ നിങ്ങളുടേതാകാം, നിങ്ങൾക്കു മുമ്പേ നടന്നു നീങ്ങിയവരുടേതുമാകാം.



*"മുൻ നിരയിലെ മഹാഗണി മരങ്ങളിൽ ഒന്നിന്റെ ചുവട്ടിലിരുന്ന് നാലു കഷാഫോറം പൂരിപ്പിച്ചു തന്ന ഏഴാം വർഷ വിദ്യാർഥി. സത്യത്തിൽ പ്രിൻസി ശ്രീയായിരുന്നു ക്യാമ്പസിന്റെ ജീവൻ. ഞാൻ വേദനയോടെ മരത്തിന്റെ മാറിൽ ചാരിയിരുന്നു. പിന്നെ നടന്ന വഴികളിലെല്ലാം ചെറുതും വലുതുമായ ഒട്ടേറെ മഹാഗണി മരങ്ങളെ കണ്ടു. എല്ലാറ്റിനും മാറിൽ നിറയെ ആണികൾ! ഒന്നൂരി വലിച്ചൂരിയെടുത്താലോ...? വേണ്ട ഈ ക്യാമ്പസിനെ മനസ്സോട് ചേർത്തുവച്ച് ജീവിച്ച ഏതെങ്കിലും ഒരുവന്റെ ആത്മാവിനെ ആവാഹിച്ച് തറച്ചുകൊണ്ട് താഴ്ത്തി തറ ച്ചിട്ടുണ്ടാകും അതിൽ. ആ ആത്മാവ് എന്നിലേയ്ക്ക് സന്നിവേശം ചെയ്താലോ!"*
*(തുടക്കം-അരുൺ മാത്യു, കലാലയ മാഗസിൻ 2005-06)*

# മഹാഗണിത്തണലുകൾ

എണ്ണമറ്റ മരങ്ങളാണ് യുസിയുടെ ഏറ്റവും വലിയ സ്വത്ത്. ഗാന്ധി നട്ട മാവ് മുതൽ ഒരു കാലത്ത് കോളജിനെകിടിലം കൊള്ളിച്ച ചക്കമരം വരെ നീളുന്നു ആ മരങ്ങളുടെ നിര. എങ്കിലും യുസിയുടെ കയ്യൊപ്പ് ചാർത്തിയ ജന്മവൃക്ഷം മഹാഗണിയാണ്. മഹാ ഗണിത്തണലിൽ ഒരുവട്ടമെങ്കിലും ഇരിക്കാതെ ഈ കലാലയത്തിന്റെ പടിയിറങ്ങിയവർ ഉണ്ടാകില്ല. യുസിയുടെ പടി കടന്നെത്തുമ്പോൾ മുതൽ മഹാഗണികൾ നിങ്ങളോടൊപ്പം ഉണ്ടാകും. ഓരോ മഹാഗണിക്കും പറയാൻ ഒരുപാട് കഥകളും.

യുസിയിലേക്കുള്ള ആദ്യ പടികൾ ചവിട്ടുമ്പോൾ തന്നെ വലതുവശത്ത് വേരു കൾകൊണ്ട് ഇരിപ്പിടങ്ങൾ തീർത്തു നിൽക്കുന്ന മഹാഗണി മുത്തശ്ശിയെ കാണാം. താഴത്തെ മഹാഗണി മരങ്ങളുടെ വേരുകൾ അടച്ചുകെട്ടിയതിൽ പിന്നെ ഇവിടെ ഇരിക്കാ നാണ് തിക്കും തിരക്കും. പതിവു തെറ്റിക്കാതെ രാവിലെയും വൈകുന്നേരങ്ങളിലും ഈ വേരുകൾ നിറയാറുണ്ട്. രാവിലെ ഗേറ്റ് കടന്നെത്തുന്ന തിളങ്ങുന്ന മുഖങ്ങളുടെ എണ്ണമെടുക്കാനും രാവിലെ നോക്കിവച്ച ആളെ ഒന്നൂടി കാണാൻ കഴിയുമോ എന്ന പ്രതീക്ഷയോടെ വൈകീട്ട് വീണ്ടും. ഇങ്ങനെ പ്രതീക്ഷകൾ പൂക്കുകയും വിടരുകയും കൊഴിയുകയും ചെയ്യുന്ന മഹാഗണി വേരുകൾ ചിലപ്പോൾ ചൂടുള്ള രാഷ്ട്രീയ ചർച്ച കൾക്ക് വഴിമാറാറുണ്ട്.

ഓഫീസിലേക്ക് കയറുന്ന പടികൾക്ക് ഇടത് വശത്ത് നിൽക്കുന്ന മഹാഗണി ശ്രദ്ധി ക്കാത്തവർ കുറവായിരിക്കും. പുൽതകിടിയിൽ കലച്ചേച്ചി ഒഴികെയുള്ള മനുഷ്യജീവിക ളുടെ നടത്തം വൻ നാശനഷ്ടങ്ങൾക്കു കാരണമായേക്കും എന്ന പൊതുചിന്ത പടർന്ന തിനാൽ ഈ മഹാഗണിയോട് കൂട്ട് കൂടാൻ മീറ്റ് ദി കാൻഡിഡേറ്റ്, ഗദ്ദിക, കോളജ് ഡേ എന്നി അവസരങ്ങളിൽ അല്ലാതെ ഇപ്പോഴും ആരും പോകാറില്ല. ഇതിനു സമാന്തരമായി പടികൾക്കു വലതു ഭാഗത്തും ഒരു മഹാഗണിയുണ്ടായിരുന്നു. 2001-ൽ ഉണ്ടായ ഒരു ഇടി മിന്നലിൽ ഈ മഹാഗണി എരിഞ്ഞ് ഇല്ലാതെയാകുകയായിരുന്നു. ഒരു വൈകുന്നേരം കോളജ് വിട്ട് വിദ്യാർഥികൾ തിരിച്ചു പോകുന്ന സമയത്തായിരുന്നു ശക്തമായ ഇടിമി ന്നൽ ഉണ്ടായത്. അങ്ങനെ യുസിയിലെ വിദ്യാർഥികളുടെ മുഴുവൻ രക്ഷകനായി അവത രിക്കുകയായിരുന്നു ആ മഹാഗണി മരമെന്നും മിത്തുകളുണ്ട്. എന്തായാലും മഹാഗണിമ രവും അതിനു പിന്നിൽ ഉണ്ടായിരുന്ന ലേഡീസ് വെയിറ്റിങ് ഷെഡും ഇന്നില്ല. പകരം അവിടെ സ്ഥാനം പിടിച്ചിരിക്കുന്നത് രാമചന്ദ്രൻ എന്ന രാമേട്ടന്റെ മഹാഗണിതമെന്ന ശിൽപമാണ്.

യൂസിയിലെ ഏറ്റവും റൊമാന്റിക്കായ മഹാഗണി നിലയുറപ്പിച്ചിരിക്കുന്നത് ചാപ്പലിനോട്
ചേർന്നാണ്. പ്രാർഥനയുടെ വിശുദ്ധി തുളുമ്പുന്ന അന്തരീക്ഷത്തിൽ പ്രണയത്തിന്റെ മഞ്ഞു
പൊഴിക്കുന്ന മഹാഗണിത്തണൽ. യുപിയിലും എൻആറിലും പിജെയിലും എംബിയിലുമെല്ലാം
തകർത്തു ക്ലാസുകൾ നടക്കുമ്പോഴും അല്ലാത്തപ്പോഴും പരസ്പരം ചെവികടിച്ചു പറിക്കുന്ന
ധാരാളം ഇണപ്രാവുകളെ നിങ്ങൾ ഇവിടെ കണ്ടുമുട്ടും. ക്യാന്റീനിൽ നിന്ന് ചാക്കോ ഹോസ്റ്റലി
ലേക്കുള്ള വഴിയുടെ വശത്തായി ഫുട്ബോൾ കോർട്ടിനോട് ചേർന്ന് ഒരു അപ്പൂപ്പൻ മഹാഗണി
യുണ്ട്. അപ്പൂപ്പന്റെ ഓർമകളോളം ആഴമുണ്ട് ആ വേരുകൾക്കും.

അമേരിക്കൻ, ആഫ്രിക്കൻ വനാന്തരങ്ങളിൽ നിന്നാണ് നമ്മുടെ മഹാഗണിയുടെ വരവ്.
ആഫ്രിക്കയിലെ കൊറുമ്പാ വംശജരെ അടിമകളാക്കി ജമൈക്കയിലേക്കു നാടുകടത്തിയപ്പോൾ
അവിടെ കണ്ട മഹാഗണിയെ മൊഗാൻവോ എന്നു വിളിച്ചു. കാലക്രമേണ ലോപിച്ചു 'മഹോഗാ
നി'യായി. അമേരിക്കക്കാർ അതിനെ മഹോഗണി എന്നു വിളിച്ചു. എന്തായാലും നമ്മുടെ നാട്ടി
ലെത്തിയപ്പോൾ സംഭവം മഹാഗണിയായി. മൂപ്പെത്തിയ വിത്തുകൾ മരത്തിന്റെ മുകളിൽ വച്ചു
തന്നെ പൊട്ടി നാടുനീളെ പരന്ന് മുളച്ച് വളരുന്നു. വനവൽക്കരണത്തിനും മണ്ണിന്റെ പുഷ്ടി
ഉയർത്തുവാനും മഹാഗണി വളർത്തുന്നു. മധ്യ അമേരിക്കയിൽ ഇത് ഔഷധമായും ഉപയോഗി
ക്കുന്നുണ്ട്.

മുമ്പ് ബിബിസിയിലെ മഹാഗണിയുടെ ആനക്കാലോളം വണ്ണം വരുന്ന ഒരു ചില്ല വെട്ടി മാറ്റി
യപ്പോൾ വിദ്യാർഥികളും അധ്യാപകരും യൂസി ഒന്നടങ്കം അതിനെതിരെ പ്രതിഷേധിച്ചിരുന്നു.
വീണ്ടുമൊരു മഹാഗണി മരം കൂടി മുറിച്ചു മാറ്റപ്പെടുമ്പോഴാണ് ഇത് കുത്തിക്കുറിക്കുന്നത്.

# മഹാഗണിതം:
# മിത്തും യാഥാർത്ഥ്യവും

*അമ്മയെ തല്ലിയാലും രണ്ടു പക്ഷമുണ്ടെന്നാണല്ലോ. അതുകൊണ്ടു തന്നെ*
*രാമേട്ടന്റെ ശില്പത്തെക്കുറിച്ചും ഭിന്ന അഭിപ്രായങ്ങൾ ഉണ്ട്.*

## മഹാഗണിതത്തെക്കുറിച്ചു രാമേട്ടൻ പറയുന്നതിങ്ങനെ

"പ്രപഞ്ചം നിലനിൽക്കുന്ന മഹാഗണിത സങ്കൽപങ്ങളുടെ പ്രതീ
കാത്മക വിഗ്രഹമാണ് മഹാഗണിതമെന്ന ശിൽപം. ഗണിതശാസ്ത്ര
ത്തിലെ നൂറിലധികം വരുന്ന ചിഹ്നങ്ങൾ ഒരു പ്രത്യേക രീതിയിൽ
വിന്യസിച്ചിരിക്കുന്ന മഹാഗണിതം സുവർണ്ണാനുപാതത്തിലാണ് രൂപ
കല്പന ചെയ്തിരിക്കുന്നത്. അസ്ഥാനത്ത് ഉള്ളത് അഴുക്ക്
('Anything disorder is dirt') എന്നതാണ് കനകാനുപാതത്തിന്റെ
ആപ്തവാക്യം. സമചതുരങ്ങൾ, ദീർഘചതുരങ്ങൾ, ഷഡ്ഭുജങ്ങൾ,
ത്രികോണങ്ങൾ, അണ്ഡങ്ങൾ തുടങ്ങിയ നൂറിലധികം ഗണിതരൂപ
ങ്ങളും ആയിരത്തിലധികം ചിഹ്നങ്ങളും നിറഞ്ഞ മഹാഗണിതം
അടുത്ത നൂറ്റാണ്ടിലെ സൈബർ ഫ്ളാറ്റുകളുടെ കലാസങ്കൽപ്പമാണ്.
മഹാഗണിതത്തിൽ നിന്നും നാലു വശത്തേക്കും നീളുന്ന സർവ്വേ
ചങ്ങലകൾ ഭൂമിയെ ഗണിതം കൊണ്ട് അളന്നു തിട്ടപ്പെടുത്തിയ
മനുഷ്യ ധിഷണയെ സൂചിപ്പിക്കുന്നു.

മഹാഗണിതത്തിലെ കൂറ്റൻ ഇരുമ്പുമണി കലാലയത്തിന്റെ പുരാ
തനകാലത്ത് ഉപയോഗിച്ചിരുന്നതും സമയനിഷ്ഠയുടെ ഒരു ഗണിത
തലം മനുഷ്യമനസ്സിലേയ്ക്ക് ഓർമ്മപ്പെടുത്തുന്നതുമായിരിക്കും.

മണി എന്നാൽ ആത്മാവ് എന്ന അർത്ഥമിരിക്കെ മഹാഗണിതത്തി
ലെ മണി കലാലയത്തിന്റെ ആത്മാവ് എന്ന അർത്ഥത്തിലും സൂചക
മാകുന്നു. മഹാഗണിതത്തിലെ കാരിരുമ്പുജാലകകൾ നശിയ്ക്കാത്ത
ഒടുങ്ങാത്ത മനുഷ്യമനസ്സിന്റെ ഇച്ഛാശക്തിയെയും പ്രപഞ്ച മഹാരഹ
സ്യത്തെ അന്വേഷിച്ചു പോകുന്ന മനുഷ്യന്റെ ഇച്ഛാ വാഞ്ചക
ളെയും സൂചിപ്പിക്കുന്നു. ദൂരെ നിന്നു നോക്കുമ്പോൾ ഒരു നങ്കൂരം
എന്നു തോന്നുന്ന മഹാഗണിതം പ്രപഞ്ച ഗുരുത്വാകർഷണ ശക്തി
യിൽ ബാലൻസ് ചെയ്തു നങ്കൂരമിട്ടു നിൽക്കുന്ന മനുഷ്യനിലനിൽ
പ്പിന്റെ ഒരു ചിഹ്നം കൂടിയാണ്"



ആർട്ടിസ്റ്റ് രാമചന്ദ്രൻ

## മഹാഗണിതത്തെപ്പറ്റി യൂസിയൻ ബ്ലോഗർ പറയുന്നതിങ്ങനെ

യൂസിയിലുണ്ടായിരുന്ന കാലത്തോളം മാജിക് കാണിച്ചു കുട്ടികളെ രസിപ്പിച്ചിരുന്ന നോൺടീച്ചിംഗ് സ്റ്റാഫ് ആണ് ഫീലിപ്പോസ് ചേട്ടൻ. ഹോളണ്ട് ഹോസ്റ്റലിനപ്പുറത്തെ കുടുസുമുറിയിൽ പാർത്ത (എല്ലാ മാജിക്കുകാരെയും പോലെ അദ്ദേഹത്തിനും ഒരു മിസ്റ്റിക് സ്വഭാവമുണ്ട്) അദ്ദേഹത്തിന്റെ കയ്യിൽ ഒരു കറുത്ത പെട്ടി ഉണ്ടായിരുന്നു. മാജിക്കിന് വേണ്ടതും വേണ്ടാത്തതുമായ സകലതും സൂക്ഷിക്കുന്ന ഗമണ്ടനൊരു പെട്ടി. 'ഇതിലില്ലാത്തത് മറ്റെവിടെയും കാണില്ല' എന്ന അദൃശ്യമായ ഒരു 'ടാഗ്' തൂക്കിയിട്ട ആ പെട്ടിക്ക് ചില കുട്ടികൾ രസകരമായ ഒരു പേരിട്ടു: 'പണ്ടാറയുടെ പെട്ടി'!

കാൻറീനിനോട് ചേർന്നുള്ള ആണുങ്ങളുടെ മൂത്രപ്പുര നാറ്റത്തിനു പണ്ടേ ഫെയ്മസാണ്. എത്ര കഴുകിയാലും വൃത്തിയാകാത്ത അതിനെചില അസൂയാലുക്കൾ പണ്ടു മുതലേ 'ഈജിയൻ തൊഴുത്ത്' എന്ന് വിളിച്ചുപോന്നു. എന്നാൽ, ഇതൊന്നുമല്ലാത്ത പുതിയൊരു ഐറ്റം ഇന്നാളൊരുസം യൂസിയിൽ പോയപ്പോ കേള്‍കേം കാണേം ചെയ്തു: 'രാമേട്ടന്റെ മണി'!

പണ്ട്, പുണ്യപുരാണകഥകൾ ദൂരദർശനിൽ 'ലൈവ്' നടക്കുന്ന കാലത്ത് യൂസിയിൽ വിളങ്ങിനിന്നിരുന്ന 'ലേഡീസ് വെയ്റ്റിംഗ്ഷെഡ്ഡിന്റെ' മുന്നിലാണ് ഈ അവതാരം നെഞ്ചും വിരിച്ചു നിക്കണേത്. ഈ കുന്ത്രാണ്ടത്തിൽ മനുഷ്യനു കണ്ടാ മനസ്സിലാകുന്ന ഒരൊററ സാധനമേയുള്ളു: മണി. അതായത്, കോളേജ് തുടങ്ങിയ കാലത്ത് അന്നത്തെ കുട്ടികളുടെ (1921ൽ പഠിച്ചിരുന്നവരെ 'കുട്ടികൾ' എന്ന് തെകച്ചു വിളിക്കാൻ പാടോ എന്തോ...!) നെഞ്ച് പിളർക്കുമാറുച്ചത്തിൽ അടിക്കാനുപയോഗിച്ചിരുന്ന ഓട്ടുമണി. അങ്ങനെയാണ് ഈ ശില്പത്തിന് 'രാമേട്ടന്റെ മണി' എന്ന പേരു ലഭിച്ചതത്രേ. വർഷങ്ങളായി നിലനിന്നു പോന്ന 'യൂസിക്കാർ മണി കെട്ടും' എന്ന ദാർശനിക സമസ്യക്കും അതോടെ ഉത്തരമായി.

ശരിക്കും ഈ ശില്പത്തിന്റെ പേര് വേറൊന്നാണ്. യൂസിയിൽ പണ്ടു കണക്കു പഠിച്ച്, ഇന്നും കണക്കു കൂട്ടി ഉപജീവനം നടത്തുന്ന ഏത് വരാഹമിഹിരനും മനസ്സുകൊണ്ട് കണക്കിനെതള്ളിപ്പറഞ്ഞുപോകുന്ന ഒരു പേര്: മഹാഗണിതം. ക്ഷേത്രഗണിതത്തെ ജ്യാമിതീയരൂപങ്ങളിൽ ബീജാവാപം ചെയ്ത് യവനസങ്കൽപ്പങ്ങൾക്ക് അവതീർണമായി പ്രാന്ത വൽക്കരിച്ചിരിക്കുകയാണത്രേ ഈ ശില്പത്തിൽ...!



മഹാഗണിതം

പിന്നെ, അമ്മയെ തല്ലിയാലും അമ്മയാണെ രണ്ടു പക്ഷം പിടിക്കുന്നവരാണല്ലോ മലയാളികൾ. അങ്ങനെ നോക്കുമ്പോൾ മഹാഗണിതത്തിനുമുണ്ട് ഏറെ ആരാധകർ. മഹാഗണിതത്തിൽ മൈക്കലാഞ്ചലോയുടെ കരസ്പർശമുണ്ടെന്നു വരെ ഇവരിൽ ചില തീവ്രവാദികൾ വാദിച്ചുകളയും!

ബുദ്ധി പണ്ടേ ഇല്ലാത്തതു കൊണ്ടായിരിക്കും എനിക്ക് ഇതു കണ്ടപ്പോ ഒരു മാങ്ങാത്തൊലിയും (കോട്ടയംകാരന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു 'വാഴക്കായും' മനസ്സിലായില്ല.) ഉള്ള കാര്യം പറഞ്ഞാ ഈ ശില്പം കണ്ടപ്പോ പച്ചമലയാളത്തിൽ ദിങ്ങനൊരു ചോദ്യമാണ് ആദ്യം വായില് വന്നത്: ദെന്തുട്ടണ്...

'പേരറിയാത്തൊരു നൊമ്പരത്തെ പ്രേമമെന്ന്' കവി വിളിച്ച പോലെ 'മനസ്സിലാകാത്തതും, എന്നാൽ മഹത്തരവുമായ' (മനസ്സിലാകാത്തത് എങ്ങനെ മഹത്തരമാകുമെന്ന് മലയാളിയോട് ചോദിക്കരുത്) എന്തിനെയും യൂസിക്കാർക്ക് ഇനി ധൈര്യമായി 'മഹാഗണിത'മെന്നു വിളിക്കാം.



# മഴമരങ്ങൾ

'സിസിയിലെ കാറ്റ് അങ്ങ് സികിന്നറിൽ നിന്നും വരുന്നതാണെന്നു വിശ്വസിക്കാനാണ് ഞങ്ങൾ ആൺകുട്ടികൾക്ക് ഇഷ്ട'മെന്നു പണ്ടൊരു വിദ്വാൻ പറഞ്ഞിട്ടുണ്ട്. സത്യത്തിൽ സിസിയുടെ തണലും തണുപ്പും കാറ്റുമെല്ലാം വരുന്നത് മഴ മരങ്ങളിൽ നിന്നാണ്. യുസിയിലെ ഏറ്റവും ജനസാന്ദ്രത കൂടിയ ഇടമാക്കി സിസിയെ മാറ്റുന്നതിന്റെ ക്രെഡിറ്റും മഴമരങ്ങൾക്ക് അവകാശപ്പെട്ടതാണ്. ഉറക്കം തൂങ്ങിയ ക്ലാസ്മുറികളിൽ നിന്ന് ഓക്സിജൻ, കാർബൺഡൈയോക്സൈഡായി പുകയുന്ന ലാബുകളിൽ നിന്ന് അറിയാതെ കാലുകൾ സിസിയിലേക്കു ചലിക്കും. ഇവിടെ ആരവങ്ങൾ ഉയരുന്നു. രാഷ്ട്രീയം, പ്രണയം, വിപ്ലവം, സൗഹൃദം, തത്വചിന്ത അങ്ങനെ ഇവിടുത്തെ പകലുകൾക്കു പല നിറങ്ങൾ. പിന്നെ ഇടക്കിടെ പ്രിൻസിപ്പാളിന്റെ ക്ഷണിക്കപ്പെടാത്ത ലക്ച്ചറുകൾ കേൾക്കാനുള്ള ഭാഗ്യവും സിദ്ധിക്കാറുണ്ട് വിദ്യാർഥികൾക്ക് സിസിയിൽ. സിസിക്കു അഭിമുഖമായി നിൽക്കുന്ന സിക്കന്നർ ഹോസ്റ്റലിനു ഒത്ത നടുക്കായി ഒരു മഴമരമുണ്ട്. സികിന്നർ ജെന്റ്സ് ഹോസ്റ്റലിൽ നിന്ന് ലേഡീസ് ഹോസ്റ്റലായി പരിണാമം നടത്തുന്നതിനിടയിൽ ആ മഴമരത്തിന് അപ്പുറവും ഇപ്പുറവും മതിലുകൾ ഉയർന്നുവെന്നു മാത്രം. ചാക്കോ ഹോസ്റ്റലിലും ബിബിസിയിലെ പടവുകളുടെ മധ്യത്തിലും മഴ മരങ്ങളുണ്ട്. ഹോളണ്ട് ഹോസ്റ്റലിൽ ഗൺമാൻമാരെ പോലെ കാവൽ നിൽക്കുകയാണ് മഴമരങ്ങൾ. വളഞ്ഞ് പുളഞ്ഞ് പരസ്പരം മത്സരിച്ച് ആകാശത്തെ ചുംബിക്കാൻ അവയുടെ ചില്ലകൾ മുകളിലേക്ക് നീളുന്നു.

20-25 മീറ്റർ പൊക്കത്തിൽ പന്തലിച്ചു വളരുന്ന ഈ മരത്തിനുചുറ്റും സദാ ഈർപ്പം ഉള്ളതിനാലാണ് ഇത് മഴവൃക്ഷമായി അറിയപ്പെടുന്നത്. ഈ വൃക്ഷത്തിന്റെ സ്വദേശം തെക്കേ അമേരിക്കയാണ്. വേണ്ടത്ര മഴയും ചൂടുമുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിലൊക്കെ ഒരു തണൽമരമായി നട്ടുവളർത്തുന്നുണ്ട്. ഇതിന്റെ പത്രവിതാനത്തിന് ഏതാണ്ട് 30 മീറ്റർ വ്യാസമുണ്ടാകും. ഇടതൂർന്ന ഇലകൾ സൂര്യപ്രകാശം ഉള്ള സമയത്ത് പ്രകാശത്തിനഭിമുഖമായി നിവർന്നു നിൽക്കുന്നതിനാൽ സൂര്യരശ്മി ഒട്ടും തന്നെ അടിയിൽ എത്തുന്നില്ല. എന്നാൽ ഇരുട്ടു വീഴുമ്പോഴും മഴയുള്ള സമയത്തും ഇലകൾ മടങ്ങി തണ്ടിന്റെ വശങ്ങളിലേക്കു കിടക്കുന്നു. അതുകൊണ്ടു തന്നെ മഴമരത്തിനെ ഉറക്കംതൂങ്ങി മരമെന്നും വിളിക്കാറുണ്ട്. അന്തരീക്ഷത്തെ തണുപ്പിക്കാനും ശുദ്ധീകരിക്കാനും കെല്പുള്ളവയാണ് മഴമരങ്ങളെന്നു പഠനങ്ങൾ തെളിയിക്കുന്നു.

അഞ്ചു വർഷത്തിനിപ്പുറം യുസിയോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ വലിയൊരു നഷ്ടമായി മനസ്സിൽ പതിയുന്നത് സിസിയിലെ വെയിൽ ചാഞ്ഞ നേരങ്ങൾ തന്നെയാണ്. നന്ദിചൊല്ലി പിരിയാൻ രണ്ടുവരി

വീണ്ടുമീ മഴമരങ്ങൾ സൗഹൃദങ്ങൾ പൊഴിക്കും
ഇവിടെ മറന്നുവച്ച ചിരിയിലകൾ തേടി
ഒരിക്കൽ നാമിവിടെ ഒത്തുചേരും
അതുവരെ, അതുവരെ മാത്രം
ഈ തണലിനോട് വിട...





## ഗുൽമോഹർ

എൺപതുകളിലെ യൂസിയുടെ മുഖമുദ്രകളിലൊന്ന് ക്യാംപസ് മുഴുവൻ പൂത്തുലഞ്ഞു നിന്ന ഗുൽമോഹറായിരുന്നുവെന്ന് ഏഴു വർഷം ഇവിടെ വിദ്യാർഥിയായിരുന്ന അഡ്വ. ജയശങ്കറിന്റെ ക്യാംപസ് ഓർമ. 2014-ൽ എത്തിനിൽക്കുമ്പോൾ യൂസിയിലെ ഗുൽമോഹറുകൾ വിരലിൽ എണ്ണാവുന്നത്രയായി വിരളമായിരിക്കുന്നു. എംസിഎ ബ്ലോക്കിനു മുന്നിലും പിജെ ബ്ലോക്കിൽ നിന്നും സിസിയിലേക്കുള്ള ഇടവഴിയിലും പൂത്തുലഞ്ഞ് ഇപ്പോഴും മന്ദാരങ്ങൾ ഉണ്ട്. ലൈബ്രറിയിൽ നിന്ന് ക്യാന്റിനിലേക്കുള്ള വഴികളിലേക്കു ചാഞ്ഞു പൂക്കൾ പൊഴിച്ചു നിന്നിരുന്ന ഒരു വാകമരമുണ്ടായിരുന്നു. 2011ൽ മറ്റൊരു കറുത്ത ഞായറാഴ്ച (യൂസിയിലെ മരങ്ങൾ മുറിച്ചു കടത്താൻ മാനേജ്മെന്റ് എന്നും തിരഞ്ഞെടുക്കുന്ന ദിവസം ഞായറാഴ്ചകളാണ്) ആ വാകമരവും വെട്ടിമാറ്റപ്പെട്ടു. വേനൽക്കാലത്ത് പൂക്കുകയും വസന്തം കഴിയുന്നതോടെ ഇല പൊഴിക്കുകയും ചെയ്യുന്ന ഒരു മരമാണ് ഗുൽമോഹർ. അലങ്കാരത്തിനും തണലിനുമായി വളർത്താറുള്ള വാകമരത്തിന്റെ സ്വദേശം മഡഗാസ്കറാണ്. അലങ്കാരവൃക്ഷമെന്ന നിലയിൽ മന്ദാരം ഭാരതത്തിലെത്തിയിട്ട് ഒരു നൂറ്റാണ്ടിലേറെയായി.

## ഡിവി-ഡിവി

അതെന്താ ഡിവി-ഡിവി മരം? ഡിഗ്രി ആദ്യവർഷം അവസാനിക്കാറായപ്പോളാണ് ഇടിമുഴക്കം പോലെ ഡിവി ഡിവി ഞങ്ങളുടെ ക്ലാസിലെത്തിയത്. ക്ലാസിലെ ഒരു തരുണീമണിക്ക് ഏതോ വിരുതന്റെ വക കത്ത് 'ഡിവി-ഡിവി മരച്ചോട്ടിൽ കാണാമെന്ന്'. ആ വിരുതനെ കാണുക എന്നതായിരുന്നു ഉദ്ദേശമെങ്കിലും ഡിവി-ഡിവി തപ്പി ഞങ്ങളിറങ്ങി. ഉച്ചവെയിൽ മൊത്തം കൊണ്ട് അവൾ അവനെ കാത്തുനിന്നതുകൊണ്ട് ഞങ്ങൾ ഡിവി-ഡിവിയെ കണ്ടു. ലൈബ്രറിക്കു മറയായി, അസംബ്ലിക്ക് നിരനിരയായി നിൽക്കുന്ന കുട്ടികളെ പോലെ പച്ചകുടകൾ വിടർത്തി പിടിച്ചപോലെ ഡിവി-ഡിവി മരങ്ങൾ.



യൂസിക്കു ഇത് കേവലം ഡിവി-ഡിവി മരമാണെങ്കിലും എറണാകുളം മഹാരാജാസ് കോളജിന് ഇത് അവരുടെ പ്രിയപ്പെട്ട സമരമരമാണ്. എല്ലാ സമരങ്ങൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും സമരമരച്ചോട്ടിൽ നിന്നാണത്രേ (എല്ലാ പ്രണയങ്ങളും പൂക്കുന്നതും കൊഴിയുന്നതും ഇതേ മരച്ചോട്ടിലെന്നു ചില അടക്കം പറച്ചിലുകളും കേൾക്കാം). കരീബിയൻ ദ്വീപ സമൂഹങ്ങളിൽ നിന്ന് കടലു കടന്നാണ് ഡിവി-ഡിവി മരങ്ങളുടെ വരവ്. ഉച്ചവെയിലിൽ ആ വഴി പോയ ആരോ പറഞ്ഞത് ഓർക്കുന്നു. "ആകാശംമുട്ടെ ഉയരാത്തതും പടർന്നു പന്തലിക്കാത്തതുമായ ഈ മരങ്ങളുടെ ഭാവി ഈ മണ്ണിൽ കുറേ കാലം കൂടി ശോഭനമായിരിക്കും എന്ന് ആശ്വസിക്കാം".

## ഗാന്ധിമാവ്

'കാലമിനിയുമുരുളും വിഷു വരും വർഷം വരും തിരുവോണം വരും പിന്നെയോരോ തളിരിലും പൂ വരും കായ് വരും...'

ഉവ്വ...കാലമിനിയുമെത്ര ഉരുണ്ടാലും യൂസിയിനിയുമെത്ര ഓണമുണ്ടാലും ഇവിടെയൊരാൾക്ക് ഓരോ തളിരിലും പൂവും വരില്ല കായും വരില്ല. 1925 ൽ തുടങ്ങിയ നിൽപാണ്. ആ കാലത്ത് ഒട്ടുമാ വെന്ന 'മുണ്ടനെ' ബ്രിട്ടീഷുകാരോ നാട്ടുകാരോ കണ്ടുപിടിച്ചിട്ടുണ്ടോ എന്നറിയില്ല. എന്തായാലും സംഭവം വളർന്നു വന്നപ്പോ(ഈ വളർച്ച എന്ന് പറഞ്ഞ സംഗതി ഐൻസ്റ്റീൻ പറഞ്ഞ മാതിരി ആപേ ക്ഷികമാണെന്ന് ഈ മാവ് കണ്ടാൽ തിരിയും) ഒട്ടുമാവോളമേ എത്തിയുള്ളു.

ദോഷം പറയരുതല്ലോ, ഒന്നരാടം വർഷം കൂടുമ്പോൾ പഴയതൊക്കെ മറന്ന് ഇദ്ദേഹം കൃത്യമായി പൂവിടും. ഗാന്ധിക്കു നിരക്കുന്നതും നിരക്കാത്തതുമായ ഒരുപാടു ബന്ധങ്ങൾ ദിവസവും വളർന്നു പുഷ്പിക്കുന്ന ഒരു കാലത്തിനു കൂട്ട് നിൽക്കുമ്പോൾ ഹൃദയമുള്ള ഏതൊരുവനാണ് ഒന്നു പൂത്തുല യാത്തത്...?

പക്ഷേ സംഗതിയങ്ങനെകൊഴുത്തുവരുമ്പോഴേക്കും 35 എംഎം ഫ്ളാഷ്ബാക്കിൽ സ്വാതന്ത്ര്യ സമരം തെളിയും. നിസഹരണ പ്രസ്ഥാനത്തിനായി മനസ്സ് ദാഹിക്കും. നിരാഹാരത്തിനായി ശരീരം കൊതിക്കും. അങ്ങനെ സുന്ദരമായ ആ ഗർഭവും അലസിപ്പോകും!

അമിതാഭ് ബച്ചൻ പറഞ്ഞ പോലെ 'രിശ്തെ മേം ഹം തുമാരെ ബാപ് ഹോതാ ഹേ' ആണെങ്കിലും കുട്ടികളുമായുള്ള ടേംസ് വച്ചു നോക്കുമ്പോൾ ഗാന്ധി നട്ടമാവ് സഹോദരനാണ്, എന്തും പറയാവുന്ന കൂട്ടുകാരനാണ്. യൂസിയിൽ കിട്ടാവുന്ന ഏറ്റവും നല്ല പങ്കാളിയാണ്. മനസ്സിൽ ഇച്ചിരി ഗൗരവമുണ്ടെ ങ്കിലും ശരീരം കൊണ്ടു പ്രേം നസീർ, നിത്യഹരിതനായകൻ. നായികമാർ ഒരുപാട് കടന്നുപോയി. തലയിൽ വല്യ വല്യ ഉണ്ടകൾ ഉരുട്ടിവച്ച ലോക്കൽ ഷീലമാർ തുടങ്ങി സാക്ഷാൽ മീരാ ജാസ്മിൻ വരെ(സംഗതി സത്യമാണ്. മീരാ ജാസ്മിൻ കുറച്ചുകാലം യൂസിയിൽ പഠിച്ചിട്ടുണ്ട്.). ഇദ്ദേഹത്തിനു അപ്പോം ഇപ്പോം താങ്ങായി നിൽക്കാൻ പുത്തൻ നായികമാർ വന്നുകൊണ്ടിരിക്കുന്നു.

ഇതൊക്കെ കണ്ട് അസൂയ മൂത്ത വേണുനാഗവള്ളിമാർ കുറച്ചപ്പുറം മാറി നിന്ന് നൈരാശ്യത്തിന്റെ വരികൾ കുറിക്കുന്നുണ്ടാകും.

കച്ചേരി മാളിക മാത്രമല്ല, അതിനു മുമ്പിലുള്ള ഈ മാവും ചരിത്രസ്മാരകം തന്നെ. ഗാന്ധിജി മരം നട്ടിട്ടുള്ള കേരളത്തിലെ ഏക ക്യാംപസും യൂസിയാണ്. വെറുതെ മാവൊരെണ്ണം നടുക മാത്രമല്ല, യൂസിയിലെ സന്ദർശക ഡയറിയിൽ ഇങ്ങനെയൊരു വരി കുറിച്ചുവയ്ക്കുകയും ചെയ്തു; 'Delighted with ideal situation...'

ആ മഹാത്മാവ് യൂസിയിൽ നട്ട മാവിന്റെയും വാക്കുകളുടെയും സുഗന്ധം പടിയിറങ്ങുന്ന ഓരോരുത്തരും കൃത്യമായി വീതിച്ചെ ടുക്കുന്നു. പഠിച്ചു പോകുന്നവർക്കുള്ള യൂസിയുടെ ഒസ്യത്താണ് ഈ വരികൾ.



**ചക്കമരമോ! ഇത് പ്ലാവല്ലേ?**

ചക്കമരമോ? ഇതെന്താ ഇങ്ങനെവിളിക്കുന്നത്? ഇത് പ്ലാവല്ലേ? അടുത്തിടെ ചക്കമരത്തിനു ചുറ്റുമുള്ള തിട്ട പൊളിക്കാൻ ആലോചനനടന്നപ്പോൾ പ്രതിഷേധവുമായി വിദ്യാർഥി സംഘടന നേതാക്കൾ പ്രിൻസിപാളിനെകണ്ടപ്പോൾ അദ്ദേഹവും ഇതേ ചോദ്യം ആവർത്തിച്ചു. എന്തിനാ അതിനെ ചക്കമരം എന്നു വിളിക്കുന്നതെന്ന്. ഒരു പേരിനെ അത്രമാത്രം പേടിക്കണമെങ്കിൽ അതിനു പിന്നിൽ എന്തോ ചരിത്രം ഉറങ്ങി കിടപ്പുണ്ടെന്നു തീർച്ച. മാത്യു ബ്ലോക്കിനു മുന്നിലെ പ്ലാവ് പതിറ്റാണ്ടുകളായി അവിടെ നിലയുറപ്പിച്ചിട്ടുണ്ടെങ്കിലും അത് യുസിയുടെ ശ്രദ്ധാകേന്ദ്രമാകുന്നതും അതിനു 'ചക്കമര'മെന്ന പേരു ലഭിക്കുന്നതും 2005-06 കാലഘട്ടത്തിലാണ്. അന്ന് ആ പ്ലാവിന്റെ തണലിൽ പുതൊരു സൗഹൃദ കൂട്ടായ്മയാണ് പിന്നീട് ചക്കമരവും ചക്കമര സുഹൃത്തുകളായും പരിണമിച്ചത്. ഒരു ദിവസം ഒരു സുഹൃത്തിന്റെ വിവാഹത്തിനു പോകാൻ തയ്യാറെടുക്കുന്നതിനിടെ ചക്കമര സുഹൃത്തുകളിലൊരാൾക്കൊരു ഫോൺ കോൾ വരുന്നു. 'നീ ഇപ്പോ എവിടെയാ?' എന്ന് അങ്ങേ തലയ്ക്കൽ നിന്ന് ചോദ്യം. പെട്ടെന്ന് നാവിൽ വന്നത് ഞാനിപ്പോ ചക്കമരത്തിനു മുന്നിലാണ് എന്ന മറുപടിയാണ്. അന്നു മുതൽ മാത്യു ബ്ലോക്കിനു മുന്നിലെ പ്ലാവ് ചക്കമരമെന്നു അറിയപ്പെടാൻ തുടങ്ങി. ചക്കമരം കേന്ദ്രീകരിച്ചുള്ള സൗഹൃദകൂട്ടായ്മക്കു നേതൃത്വം നൽകിയത് എംഎ സൈക്കോളജി അവസാനവർഷ വിദ്യാർഥിയായിരുന്ന ബോബി വർഗീസായിരുന്നു. ബോബിയുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ പ്രീഡിഗ്രി കാലത്തെ നല്ല നടപ്പ് കാരണം ഇവിടുത്തെ ഒരു അധ്യാപകന്റെ മകനായിട്ടു കൂടി തനിക്ക് ഇവിടെ ഡിഗ്രി അഡ്മിഷൻ നൽകിയില്ല. ഫാത്തിമമാതാ കോളജിൽ നിന്ന് ബിരുദം പൂർത്തിയാക്കി ബോബി വീണ്ടും എംഎ പഠനത്തിനായി യുസിയിൽ തിരിച്ചെത്തി. മോഹൻലാലിന്റെ പഴയ സർവ്വകലാശാല സിനിമ കണ്ടു പ്രചോദിതരായ ഒരുപറ്റം യുവാക്കൾ. പല പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിച്ചിരുന്ന 19 പേർ അവർ ചക്കമരക്കുടക്കീഴിൽ ഒരു മനസ്സായി. കോളജിലെ ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ തുടങ്ങി നമ്പർ വൺ ഹറാപിറപ്പിനും എന്നും ചക്കമര സുഹൃത്തുകൾ മുന്നിലുണ്ടായിരുന്നു. ഇലക്ഷൻ ചൂടുള്ള പകലുകളിൽ ക്യാംപസിലെ ഓരോ മരത്തെയും വിദ്യാർഥി പ്രസ്ഥാനങ്ങൾ പകുത്തെടുത്തപ്പോൾ ചക്കമര സുഹൃത്തുകൾ ചക്കമരത്തിനു മുന്നിൽ പ്രതിരോധം തീർത്തു. ഒരു സമയത്ത് യുസിയിലെ വിദ്യാർഥി സംഘടനകളും മാനേജ്മെന്റും ഭയക്കുന്ന ഒരു ബദൽ ഭരണ സംവിധാനമായി ചക്കമരം അരാജകത്വത്തിലേക്കും വളർന്നു. ചക്കമരം സുഹൃത്തുകളിൽ നിന്ന് ഇക്രുവെന്ന സ്റ്റെഫിനെ കാലം കടമെടുത്തു. ഗോത്രകലാ സംഘം യുസിയിൽ പര്യടനം നടത്തിയപ്പോൾ സിസിയെ ഒരു സർപ്പക്കാവായി അണിയിച്ചൊരുക്കിയത് ചക്കമരം സുഹൃത്തുകളുടെ ദീപ്ത സമരണ.



ചക്കമരം പറയുന്നു
"ആരും അത് കേൾക്കാതിരിക്കട്ടെ"
"ഇവിടെ മരങ്ങൾ ഒരുപാടുണ്ടായിരുന്നു
യാത്ര പറയുന്ന നേരം ഇലകളത്രയും പൊഴിച്ച്
ചില്ലകൾ തല്ലിക്കരഞ്ഞ മഹാഗണിക്കൂടാരങ്ങൾ,
തഴുകിയെത്തുന്ന കാറ്റിൽ ചൂളം വിളിച്ചലഞ്ഞ
കുന്നിൻ മുകളിലെ കാറ്റാടി മരങ്ങൾ
ഫെബ്രുവരിയുടെ ചില്ലകളിൽ നക്ഷത്രങ്ങളെ വിരിയിച്ച
ചാപ്പലിനരികിലെ പേരറിയാ മരങ്ങൾ
എന്നിട്ടും നിങ്ങൾ എന്തിനായിരുന്നു എന്റെ തണലിൽ
ഒരു കിനാവിലെന്ന പോലെ ഒരുമിച്ചു വന്നത്
ചിലർ അടക്കം പറഞ്ഞത് നിങ്ങൾ ഉറക്കെ പറഞ്ഞത്
ഞാനോർമ്മിക്കുന്നു......
ആർക്കും എന്നെ പകുത്തുകൊടുക്കില്ലെന്നു പറഞ്ഞ
ചൂടുള്ള ഇലക്ഷൻ പകലുകൾ
ഒരു പുലരിയിൽ എന്റെ കാൽച്ചുവട്ടിൽ ജനിച്ച സർപ്പപ്പുറ്റുകൾ
"തുടിച്ചു" നിന്ന സിസിയെ "കാവ്" എന്നു വിളിച്ച പകൽ
പൊന്നിൻ ചിങ്ങത്തിലെ പൂക്കളിയും പുലികളിയും
മഹാബലി തമ്പുരാനും......
മറു ചില്ലയിൽ ഒരു തുലാസ്
അതിൽ സൗഹൃദത്തിന്റെ താങ്ങാഭാരമുള്ള ഒരു തട്ട്
നിങ്ങൾ പഴുത്ത പ്ലാവിലകൾകൊണ്ടു കുടൊരുക്കി ചേർത്തു പിടിച്ചു
നമ്മൾ ഒരുമിച്ചു പൊഴിയും എന്ന് കാതിൽ പറഞ്ഞു.
ഇനി...
ഇനിയും കാലം വരും
അവർ എനിക്ക് ചുവട്ടിലിരുന്നു എനിക്കപരിചിതമായ
ഏതോ ഭാഷയിൽ പരസ്പരം സംസാരിക്കും
ദയ തോന്നിയാൽ അവർ ചിലപ്പോൾ
അവിടെ ഒരു പ്ലാവുണ്ട് എന്ന് പറയും
എന്നെ ചക്കമരം എന്നു വിളിച്ചവർ ആരും
അത് കേൾക്കാതിരിക്കട്ടെ"

*( 2005-06 കലാലയ മാഗസിനിൽ ബോബി വർഗീസ് എഴുതിയത്)*

## ടബീബിയ

മലയാളികൾ തനി നാടൻ പേരിടൽ നടത്തിയിട്ടില്ല എന്നതിനാലും പേരു വായിച്ചെടുക്കാൻ നാക്കുവടിക്കുന്ന ശീലം ഇല്ലാത്തതുകൊണ്ടും ചാപ്പലിനു മുന്നിലെ മരം, മാത്ത്സ് ഡിപ്പാർട്ട്മെന്റിനു സ്റ്റെപ്പിനടുത്തുള്ള മരം, റോസ് പൂവുള്ള മരം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു ടബീബിയ. ടബു എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്ന ഈ സുന്ദരി മരം (തബു പണ്ടേ സുന്ദരിയാണല്ലോ) ഡിസംബർ, ഫെബ്രുവരി മാസങ്ങളിൽ യൂസിയൻ മണ്ണിൽ പൂമഴ പൊഴിക്കുന്നു.

അമേരിക്കക്കാരിയായ ഈ മരം പിങ്ക് പോയി എന്നും അറിയപ്പെടാറുണ്ട്. ചരിത്ര വിഭാഗം മുൻ മേധാവിയായിരുന്ന ടി.ബി. മാത്യുസാറിന്റെ താൽപര്യപ്രകാരം യൂസിയെ കൂടുതൽ സുന്ദരിയാക്കാൻ പറഞ്ഞുവരുത്തിച്ചു നട്ടതാണ് ഇന്നു കാണുന്ന ടബു സുന്ദരിമാർ. യൂസിയിൽ നിന്ന് പഠിച്ചിറങ്ങുന്ന ഏവർക്കും ഒരു വസന്തകാലത്തിന്റെ നനുത്ത ഓർമ കൂടിയാകുന്നു ടബീബിയ. പൂർവ്വ വിദ്യാർഥിനി ഷഹർസാദയുടെ രണ്ടുവരികൾ കൂടി ഇവിടെ ചേർക്കുന്നു.

"ഇന്നീ പൂക്കൾ വിരിഞ്ഞപ്പോൾ
ഞാനറിയാതെ കരഞ്ഞുപോയി
കാരണം, നാളെയാ പൂക്കൾ
എനിക്കോ നിനക്കോ നമുക്കോ സ്വന്തമല്ല"



## യൂസിയിലെ വേരുകൾ

'ആസനത്തിൽ ആല് മുളച്ചാൽ' എന്ന പ്രയോഗത്തിനു യൂസിയിൽ പ്രസക്തിയില്ല. കാരണം ഇവിടെ ആസനത്തിൽ വേരല്ല, വേരിൽ ആസനങ്ങളാണ് മുളക്കാറ്...

മഹാഗണിയുടെ വേരിൽ മുളച്ച എത്രയെത്ര ആസനങ്ങളാണ് ഇന്ന് 'അല്ലൻസോളി'യുടെ പാന്റുകളിൽ പൊതിഞ്ഞ് ബഹുരാഷ്ട്ര കമ്പനികളിൽ പണിയെടുക്കുന്നത്.

രാവിലെ കോളജിൽ വന്നാൽ മെയിൻ ഗേറ്റിനു മുന്നിലെ വേരിൽ സ്ഥാനം പിടിക്കുക എന്നതായിരുന്നു ഒരു കാലത്തെ കർത്തവ്യബോധമുള്ള ചുള്ളൻമാരുടെ ആദ്യത്തെ ജോലി. കയ്യൂക്കും നാക്കുമനുസരിച്ച് ചിലർക്ക് മുന്നിലെ വേരുകൾ കിട്ടുമ്പോൾ മറ്റുള്ളവർ പാപ്പരായി ബിബിസിയിലെയും വിഎംഎച്ചിനു മുന്നിലെയും വേരുകളിൽ ആസനം സ്ഥാപിക്കും.

'ആസനസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ' എന്നാണല്ലോ. അതായത്, ആസനം വേരിൽ സ്ഥാപിച്ചു കഴിഞ്ഞാൽ മാത്രമേ യുഗങ്ങളായി നടന്നു വരുന്ന പഞ്ചാരയടി എന്ന സംഭവത്തിന് ഒരു ഇത് വരൂ എന്ന് ശാസ്ത്രം. ഇവിടുത്തെ വേരിലിരുന്നാണ് പെൺകിടാങ്ങളെ നോക്കി കാളിദാസനെയും വെല്ലുന്ന വർണ്ണനകൾ ചുള്ളൻമാർ നടത്തിയിരുന്നത്.

യൂസിയിലെ വേരിലിരുന്നതിന്റെ ഓർമയിൽ ലോകപ്രശസ്ത മഹാനും യൂസി പൂർവവിദ്യാർഥിയുമായ സാക്ഷാൽ മലയാറ്റൂർ രാമകൃഷ്ണൻ ഒരു നോവൽ തന്നെ കാച്ചി: 'വേരുകൾ'.

*(വിമതൻ: അതൊക്കെ ഒരു കാലം ഇപ്പോ വേരുകൾക്കു മുകളിൽ മണ്ണിട്ടു മൂടുന്നതും സിമന്റ് തേയ്ക്കുന്നതുമൊക്കെയാണല്ലോ പുതിയ ട്രെൻഡ്)*





ഇനിയും പേരെടുത്ത് പറയാൻ ബാക്കിയായവ പറഞ്ഞതിലും അധികം. ചാക്കോസിലേക്കുള്ള മൺപാതയിലേക്കു ഓർമകളുടെ മഴ പൊഴിക്കുന്ന മഞ്ചാടിമരം, കാറ്റാടിമരങ്ങൾ, മണിമരുത്, സർപ്പഗന്ധി, ഇലഞ്ഞി, പഞ്ചസാരപഴം അങ്ങനെ പേരുകൾ വേരുകൾ പോലെ നീളുന്നു.

യുസിയിലെ മരങ്ങൾ കേവലം ചില ക്യാംപസ് ഓർമകളുടെ ബാക്കിപത്രം മാത്രമല്ല. യുസി കോളജ് ഉൾപ്പെടുന്ന ഒരു പാരിസ്ഥിതിക മേഖലയുടെ ആവാസ വ്യവസ്ഥയെ സന്തുലനം ചെയ്തു നിർത്തുന്നതിലും ഈ മരങ്ങൾക്ക് ഏറെ പങ്കുണ്ട്. വികസനത്തിന്റെ പേരിൽ ഇരിക്കുന്ന കൊമ്പു വെട്ടാൻ ഒരുങ്ങുന്നവരോട് ഒരു വാക്ക് മാത്രം. യുസിയുടെ ഏറ്റവും വലിയ സമ്പത്ത് ഈ മരങ്ങളാണ്, ഈ പച്ചപ്പാണ്. അത് യുസിയുടെ ജീവവായുവാണ്.

"ഇനിയും കുറെ വർഷങ്ങൾ കഴിഞ്ഞ്, കുന്നിൻപുറം കയറിയെത്തുമ്പോൾ 'Hear it, O Thyrsis, still our Tree is there' എന്നു മനസ്സിനു ചൂണ്ടിക്കാണിക്കാൻ ഏതെങ്കിലും മരമിവിടെ ബാക്കിയുണ്ടാവുമോ? ഉണ്ടാവട്ടെ. വിപണിയിലെ നേട്ടങ്ങളിൽ ഭ്രമിച്ച് പേരറിയാ മരങ്ങളൊക്കെയും വെട്ടിനിരത്തി ആരുമിവിടെ റബർ മരങ്ങൾ വച്ചു പിടിപ്പിക്കാതിരിക്കട്ടെ. തിളങ്ങുന്ന ഈ മരപ്പച്ചയും നാട്ടുവഴികളുടെ ചുവപ്പും എന്നുമെന്നും ബാക്കിയാവട്ടെ."

(കടപ്പാട്: നിയാസ് കരീം, കെ. ടോണി ജോസ്, അരുൺ മാത്യു, മാത്യു വർഗീസ്, ബോബി വർഗീസ്, മർജാൻ എ.യു.)
സങ്കലനം: സുധി സി.ജെ.

**Kalyani Krishna**

II MSc Botany

ucian.blogspot.com

[illegible]

# 25 SATURDAY JANUARY

025-340 week 4

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

ഋതുവിൽ ഒരുനാൾ വരവേറ്റ് ചോന്ന് ചുവന്നവൾ
വിസ്മൃതിയിലേക്ക് മറയുന്ന ഓർമ്മകൾ,
എന്നിലിലെ ഒരു പകലിൻ പടുത്തുയർത്താൻ,
ഒരു തിരമാറ്റിൽ ഒരായിരംവളർന്നവൾ
എന്റെ പ്രണയം ഒരുവനോട്
പറയാൻ നാളിലിൽ. പ്രണയമെന്നോട്
പറയുമ്പോഴിലെല്ലാം തിരികെയെത്താൻ
പിന്നെയുമെടുക്കുന്നു കാലം ഒരുപാട്!

# ഗുൽമോഹർ

# 27 THURSDAY FEBRUARY

058-307 week 9

February '14

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | | |

8

9

10

11 ഇവിടെ ചോദ്യങ്ങളില്ല,
ഉത്തരങ്ങളും...

12 ചിന്തിച്ച് ആശങ്കപ്പെടേണ്ടതില്ല,
ജീവിക്കാം... ആനന്ദോന്മാദമായി..

1 നമുക്ക് വെറുതെ പ്രണയിക്കാം...
ചിരിക്കും ചാരെ...

2 വാഗ്ദാനങ്ങളില്ല..
ഒന്നും സ്വന്തമാക്കാതിരിക്കാം...

3

4

5

6



# ഞാൻ വരുന്നു നിന്റെ ഹൃദയത്തിന്റെ തണുപ്പിലേക്ക്...

അന്നു രാത്രി ഞാനോടിവന്നു നിന്റെ
മടിത്തട്ടിൽ തലചായ്ച്ചുറങ്ങി
അതിർവരമ്പുകളെ ഭേദിച്ചതിന്റെ സുഖം
ഞാനറിഞ്ഞു
പതിയെ നിന്നെ ഞാനറിഞ്ഞപ്പോൾ
അന്നു നീയെനിക്കു സമ്മാനിച്ചത്
സ്വാതന്ത്ര്യത്തിന്റെ മാത്രം സുഖമായിരുന്നില്ല
എന്നെനിക്കു മനസിലായി
അന്ന് ഞാൻ നിന്നോട് പറയാൻ മറന്നുവച്ച
ഒരു സത്യമുണ്ട്....
ആ രാത്രിയിൽ നിന്റെ സൗന്ദര്യം എന്നെ
ഭ്രാന്തുപിടിപ്പിക്കുന്നുണ്ടായിരുന്നു
നിനക്കൊരിക്കലും മറ്റൊരാളുടേതാവാൻ
കഴിയില്ലെന്നുള്ള ഉറപ്പാണെന്റെ ധൈര്യം
വർഷങ്ങൾക്കുശേഷം ഞാൻ വന്നാലും
നിന്റെ മടിത്തട്ടിലൊരിടം എനിക്കുവേണ്ടി
ബാക്കിയുണ്ടാവും എന്നെനിക്കുറപ്പുണ്ട്.
സി.സി. ഞാൻ നിന്നെ പ്രണയിക്കുന്നു...

**Athira P. Kumar** II BA History



# പ്രണയം ദുഃഖമാണുണ്ണീ, വായനോട്ടമല്ലോ സുഖപ്രദം

പ്രണയം...
മണ്ണാങ്കട്ട...!
ഒരു 'English literature student'
എന്ന നിലയ്ക്കു
പ്രണയത്തെ എനിക്ക്
Robert Burns ന്റെ
വരികളിൽ
'Oh, my love is like a red, red rose'
എന്നു വേണേൽ
'സുന്ദരമായി' പറയാം...
പക്ഷെ, ഞാനൊരു പച്ചമലയാളി കൂടി
ആണല്ലോ...
അപ്പൊപ്പിന്നെ നമുക്ക്
നമ്മുടെ സ്വന്തം ബഷീർ ഇക്കയെ
തന്നെ മാതൃകയാക്കാം...
പുള്ളീടെ ഭാഷയിൽ
പ്രണയം ഒരു
'ചപ്ലാച്ചി സാധനം' തന്നെടേ...!
എന്നിലെ മലയാളിക്കു
ബഷീർ ഉമ്മിണി ബല്യ ഒന്നായതുകൊണ്ടും
പിന്നെ കുറച്ച് വെയ്റ്റ് ഇട്ട്
നടക്കാം എന്ന് നിരീച്ചതുകൊണ്ടും
നമ്മുക്ക് പറ്റിയ പണി
"വായനോട്ടം" തന്നെ... അതിന്റെ സുഖം ഒരു
'ദിവ്യപ്രേമ'ത്തിനും കിട്ടില്ല മക്കളേ...!

**Ann Thomas**

I MA English



# Symptoms of Love

She said 'I'm hungry'
But she couldn't eat
She was thirsty,
But didn't feel like drinking...
She was sleepy,
But found it hard to sleep...

These were the symptoms
Of being in 'love', thought she...
She didn't know with whom she fell in love...!
But then, she realized that she was not in love
She had 'Cold' it was just that...

**Litty Elsa George** I MA English

# മൂന്ന് കവിതകൾ




'അന്യർക്ക് പ്രവേശനമില്ല' എന്നെഴുതിവച്ചിരുന്ന
എന്റെ ഉദ്യാനത്തിനുള്ളിൽ
അനുവാദമില്ലാതെ കടന്നുവന്നയാൾ...
ഇതെന്റെ തോട്ടമാണ്, എന്റെ സ്വപ്നമാണ്
എന്റെ ലോകമാണ്, എന്റെ സ്വർഗ്ഗമാണ്
ഞാനല്ലാതെ എന്റേതല്ലാതെ ഇവിടൊന്നുമില്ല.
ചോദ്യമോ ഉത്തരമോ ഇല്ലാതെ
എന്റെ പടിപ്പുര കടന്നുവന്നു നീ;
നീ ആരാണ്?
ഒരു പുഞ്ചിരിയോടെ അരികിൽ ചേർന്നുനിന്ന്
നിനക്കുനേരെ ഉയർന്ന എന്റെ കരങ്ങളെ തലോടിക്കൊണ്ട്
അന്ന് നീ ചോദിച്ചു: 'ഞാനും നിന്റെയല്ലേ...?'







# കൊലപാതകം

പകലിന്റെ രക്തം കുടിച്ച് സന്ധ്യ സുന്ദരിയാവുകയാണ്
രാത്രിയുടെ നനുത്ത, സുഖമുള്ള ഇരുട്ടിനെ-
കീറിമുറിച്ച് പ്രഭാതം പരക്കുകയാണ്...
പ്രകൃതിയിൽ നിശബ്ദമായ എത്രയെത്ര
കൊലപാതകങ്ങൾ...
ഓരോ മനുഷ്യന്റെ ഹൃദയത്തിലും
മരിച്ചവരുടെ ആത്മാക്കൾ പ്രേതങ്ങളായി
ജന്മജന്മാന്തരങ്ങൾ അലയുമത്രെ...
ഞാൻ കൊന്ന ഈ സ്വപ്നത്തിന്റെ ആത്മാവും???



# എനിക്കും....

ഈ ഇരുട്ടിന്റെ നിശബ്ദത എനിക്കിഷ്ടമാണ്
ആർത്തലച്ചു പെയ്യുന്ന ഈ മഴയും
നക്ഷത്രങ്ങളില്ലാത്ത ഈ ആകാശവും
ഒരിക്കലും പൂക്കാത്ത ഈ പനിനീർച്ചെടിയും
എങ്കിലും;
എനിക്കും വേണം ഒരു നുള്ളുവെളിച്ചം
ഒരു ചാറ്റൽമഴ, ഒരു കുഞ്ഞു നക്ഷത്രം
ഒരു പൂവിന്റെ പുഞ്ചിരിയും....

**Anju Jose**
II BA Economics



# പ്രാവുകൾ കുറുകുന്നു; പ്രണയം മുറുകുന്നു

'പ്രിയേ വരിക, നമുക്ക് ഗ്രാമങ്ങളിൽ ചെന്ന് രാപാർക്കാം,
അതികാലത്ത് എഴുന്നേറ്റ് മുന്തിരിത്തോട്ടങ്ങളിൽ പോയി
മുന്തിരിവള്ളി തളിർത്തു വിടരുകയും
മാതളനാരകം പൂക്കുകയും ചെയ്തുവോ എന്നു നോക്കാം.
അവിടെ വച്ച് ഞാൻ നിനക്കെന്റെ പ്രണയം തരും.'

ടാങ്കർ ലോറിക്കൊപ്പം വേദപുസ്തകത്തെയും പ്രണയത്തിന്റെ പ്രതിബിംബമാക്കിയ ചലച്ചിത്ര പ്രതിഭയാണ് പത്മരാജൻ. യുസിയിലെ ചാപ്പലിനെ ഓർക്കുമ്പോൾ എന്തുകൊണ്ടോ ഉത്തമഗീതത്തിലെ ഈ വരികൾ ഓർക്കും, ഉള്ളിൽ ഒരു നനവ് പടരും.

ദേവാലയമാണെങ്കിലും പ്രാവുകൾക്ക് ഇവിടം പ്രണയത്തിന്റെ താജ്മഹലാണ്. കോളേജിനു ജീവനില്ലാത്ത ചില ഞായറാഴ്ചകളിൽ ചാപ്പലിനു മുന്നിലൂടെ നടക്കുമ്പോൾ അനേകം പ്രണയിനിപ്രാവുകളുടെ അടക്കിപ്പിടിച്ച കുറുകൽ കേൾക്കാം.

പ്രാവുകൾക്ക് മാത്രമല്ല, യുസിയിലെ കമിതാക്കളുടെയും ഇഷ്ടസ്ഥലമാണ് ചാപ്പൽ. ക്ലാസ് കട്ട് ചെയ്ത് പൂട്ടിയിട്ട ചാപ്പലിനു മുന്നിലെ പടവുകളിരുന്ന് ചിലർ സ്വർഗത്തിലേക്ക് പറന്നുയരാറുണ്ട്. പലരുടെയും രൂപത്തിൽ വന്നേക്കാവുന്ന സാത്താന്മാരുടെ കണ്ണ് വെട്ടിച്ച് സോളമന്റെ ഉത്തമഗീതം ആലപിക്കുവാൻ അത്യുന്നതങ്ങളിൽ നിന്നും ദൈവം ഇവർക്കായി ഇറക്കിക്കൊടുത്ത മറയത്രേ ചാപ്പൽ!

ക്രിസ്മസ് അടുക്കുമ്പോൾ യുസിയുടെ കിഴക്കും പടിഞ്ഞാറും നടുക്കുമുള്ള ലേഡീസ് ഹോസ്റ്റലുകളിലെ സുന്ദരിക്കൊച്ചുങ്ങൾ മാലാഖമാരുടെ വേഷത്തിൽ ചാപ്പലിനുള്ളിൽ 'കൊയർ' പാടാനെത്തും. അപ്പോഴൊക്കെ ചാപ്പലിൽ നിന്ന് ഒരു 'ലോങ് ഷോട്ടിൽ' ബിബിസിയുടെ ഗേററിനപ്പുറത്തെ ഇരുളിൽ അനേകം ജോഡി പിശാചിന്റെ കണ്ണുകൾ മാലാഖമാരെ നോക്കി നെടുവീർപ്പിടും...!

ചാപ്പലിന്റെ മച്ച് പ്രാവുകൾക്ക് മണിയറ ഒരുക്കാനുള്ളതാണ്. അതിന്റെ പടവുകൾ യുസിയിലെ ആണിനും പെണ്ണിനും പ്രണയിക്കാനുള്ളതും. പക്ഷേ, ചാപ്പലിനകം എന്തിനുള്ളതാണ്..? കർത്താവിനു മാത്രമറിയാം. നാളിതു വരെ യുസിയിൽ പഠിച്ച ഒരുത്തനും അതിനുള്ളിൽ കയറി പ്രാർഥിച്ചതായി പറഞ്ഞു പോലും കേട്ടിട്ടില്ലത്രേ!

Sethu Lekshmi A.N.

ucian.blogspot.com



# इंतज़ार है आपका ....

सफल हुई हूँ , अपनी ज़िंदगी में ...
मिल गया मुझे , अपना हमसफर...
मन के प्यारे , दिल के सच्चे ,
सफल हुई मैं एक सैनिक की पत्नी बनकर ।

लालच नहीं थी , मुझे किसी बड़े अफसर की ,
चाहत थी तो सिर्फ़ एक जीवनसाथी की ,
मुझे मिले है वही , जो किसी राजकुमार से कम नहीं ...

पाँच साल बीत गये शादी के ,
अब घर बसा रही हूँ मैं ,
अपनी छोटी लाडली के साथ ।
पतिदेव है , थलसेना में ,
बस उसके इंतज़ार में हूँ मैं ...

प्रतीक्षा है कि वे आयेंगे – कल या – परसों
मगर इसी प्रतीक्षा में बीत गया एक साल ...
न कोई चिट्ठी , न कोई खबर
उनके लौट – आने की प्रतीक्षा में बीत रहें है दिन – रात

देश की रक्षा के लिए कुर्बानी देनेवालों की भी है
आशाएँ और उम्मीदें,

जान देकर भी देश की रक्षा ही तो करेंगे वे,
इंतज़ार मैं करती हूँ , उनके लौटने की, और
मेरी ज़िंदगी इसी प्रार्थना में बीत रही है कि,
रक्षा करे भगवान उन हज़ारों जवानों की,
और दे उन्हें हर हाल में , सफलता ही सफलता ...

**Blessy Jacob**
II BA Economics



**Anandhu Krishanan**

III BA Economics




# 29

TUESDAY

APRIL

119-246 WEEK 18

| | | | | |
|---|---|---|---|---|
| | 1 | 2 | 3 | |
| 7 | 8 | 9 | 10 | |
| 14 | 15 | 16 | 17 | |
| 21 | 22 | 23 | 24 | |
| 28 | 29 | 30 | | |

'അലഞ്ഞിനാര' അവരുടെ ബ്ലോഗിന്റെ
പേരാണത്. 'എന്താണ് അതിന്റെ അർത്ഥം?'
ഞാൻ അവരോട് ചോദിച്ചു.
"അതങ്ങനെ പ്രത്യേകിച്ച് അർത്ഥമൊന്നുമില്ല,
അലഞ്ഞു തിരിഞ്ഞു നടക്കുന്നവർ,
യാത്രയെ പ്രണയിക്കുന്നവർ,
ഇതൊക്കെയാണ് ഞാൻ കൽപ്പിച്ചു നൽകുന്ന
അർത്ഥം' അവർ പറഞ്ഞു.
എന്തായാലും ഞാൻ അലഞ്ഞിനാരയുമായി
പ്രണയത്തിലായി.
"അലഞ്ഞിനാര: എന്റെ കവിതയെ
നീ ഉള്ളിലേറ്റുവാങ്ങുക, നിന്റെ ചിത്രങ്ങളെ
ഞാനും".

# 23 SATURDAY AUGUST

235-130 WEEK 34

August

| M | T | W | T | F | S |
|---|---|---|---|---|---|
| | | | | 1 | 2 |
| | | | 7 | 8 | 9 |
| | | 13 | 14 | 15 | 16 |
| | | 20 | 21 | 22 | 23 |
| | | 27 | 28 | 29 | 30 |

8

9

10 ഒരുമിച്ചുള്ള ആദ്യത്തെ യാത്രയിലും
മഴയുണ്ടായിരുന്നു...
11 ബസിന്റെ ചില്ലു വിടവ് മഴത്തുള്ളികൾ
അവളുടെ സാരിയിൽ ചിത്രങ്ങൾ തീർത്തു.
12 'ഉടയില്ലല്ലോ' അവൾ ചിരിച്ചു.
—എന്റെ മിഴിപ്പെയ്ത് ഞാനും,
1 '—ഇനി നമുക്ക് മഴയിലൂടെ നടക്കാം.' —എന്ന് അവൾ..
ഞങ്ങൾ ആദ്യമായി ഒന്നിച്ചു നടന്നു,
2 ഞങ്ങളോട് തോറ്റ് മഴ —പിൻവാങ്ങി.

3

4

5

6

24 SUNDAY



# ചെറായി യാത്ര

ഓരോ യാത്രയും ഓർത്തുവയ്ക്കപ്പെടുന്നത് താണ്ടിയ ദൂരങ്ങളിലും കണ്ട കാഴ്ചകളിലും പകർത്തിയ ചിത്രങ്ങളിലുമല്ല, അനുഭവിച്ച ആഹ്ലാദത്തിലാണ്. ഒരുപാടിടങ്ങളിൽ പലരോടൊപ്പവും പോയി, ഞാനടക്കമുള്ള പലരും കോളജിലെ മൂന്നു വർഷങ്ങളിൽ പോയതിലധികം യാത്രകൾ അതു വരെ പിന്തള്ളിയ പതിനെട്ട് വർഷങ്ങളിൽ പോയിട്ടുണ്ടാകില്ല. എങ്കിലും എനിക്കേറ്റവും പ്രിയപ്പെട്ടത് അവളോടൊപ്പം നടത്തിയ ആ ചെറായി യാത്രയാണ്.

അവൾ ഇനി മൂന്നാഴ്ചക്കാലത്തേക്ക് വരില്ല. കല്ല്യാണമാണ്. തീർച്ചയായും ഞാനുമായിട്ടല്ല. വീട്ടുകാർ കണ്ട് പിടിച്ച ഒരു ഗൾഫുകാരൻ. അവൾക്കും വിരോധമൊന്നുമില്ല. കുറച്ച് വായിക്കും എന്ന ദുശീലം ഒഴിച്ചാൽ ഒരു മിഡിൽക്ലാസ് മലയാളിപ്പെണ്ണിനുണ്ടായിരുന്ന 'സ്വപ്നകുടുംബം-സുരക്ഷിത കുടുംബം' സങ്കൽപ്പം തന്നെയായിരുന്നു അവൾക്കും. പിന്നെ എനിക്കവളോടുണ്ടായ പ്രണയം വളരെ വിദഗ്ധമായി കണ്ടില്ല എന്നു നടിക്കാൻ സാധിച്ചിരുന്നതിനാലും അതിലും വിദഗ്ദമായി എന്നെ പ്രണയിക്കുന്നില്ല എന്നഭിനയിച്ചിരുന്നതിനാലും അവൾ വിവാഹജീവിതം സ്വീകരിക്കാൻ സന്നദ്ധയായിരുന്നു.

പക്ഷേ അന്നവൾ എന്നോട് ചോദിച്ചു 'നിനക്കെന്റെ കൂടെ ഒരു യാത്രയ്ക്കു വരാമോ?'

'എങ്ങോട്ട്'

'എങ്ങോട്ടെങ്കിലും, വൈകീട്ടു വീട്ടിൽ തിരിച്ചെത്തണം. എനിക്ക് നിന്റെ കൂടെ എവിടേലും വരണംന്ന് ആഗ്രഹണ്ടായിരുന്നു. ഇനി നടക്കാൻ ചാൻസില്ല. അതോണ്ടാ'



കൂട്ടുകാരികളെ കല്യാണക്കാര്യം ഒന്നൂടെ ഓർമിപ്പിച്ച് അവൾ ഉച്ചക്കിറങ്ങി. ആരോടും പറയാതെ ഞാനും ക്ലാസ് കട്ട് ചെയ്തു. ആശുപത്രിയിൽ പോകാൻ ആണെന്നു പറഞ്ഞു കൂട്ടുകാരനോടു ഹെൽമെറ്റും ബൈക്കും പൈസയും കടം വാങ്ങി. വാച്ച്മാൻ നോക്കുന്നത് ശ്രദ്ധിക്കാതെ ഞങ്ങൾ ചെറായിലേക്ക് യാത്ര തുടങ്ങി.

ഒരു മൂന്നുമണിയായപ്പോഴേക്കും അവിടെയെത്തി. പോണ വഴിക്കു മുഴുവൻ അവൾ മൊബൈലിൽ അവൾ കെട്ടാമ്പോണ ചെക്കനോട് സൊള്ളണ കേട്ട് ഞാൻ ഏതാണ്ട് പ്രാന്ത് പിടിച്ച അവസ്ഥയിലാണ് അവിടെയെത്തിയത്. പക്ഷേ ഇടക്ക് 'അവർക്കൊക്കെ ട്രീറ്റ് കൊടുക്കണം എന്ന് പറഞ്ഞ് ബഹളവാ. ഞാൻ ട്രീറ്റൊക്കെ കഴിഞ്ഞ് വൈകിയേ വീട്ടിപ്പോണുള്ളൂ. ഇനി വീട്ടിലെത്തിട്ടേ വിളിക്കുട്ടോ' എന്നു പറഞ്ഞപ്പോ എനിക്കു ഭയങ്കര സന്തോഷമായി. എന്റെ കൂടെ ഒരു വൈകുന്നേരം ചെലവഴിക്കാൻ വേണ്ടി അവൾ കെട്ടാമ്പോണ ചെക്കനോട് നുണ പറയുന്നുണ്ടല്ലോ എന്നോർത്തപ്പൊ, വല്ലാത്ത സന്തോഷം.

ഉച്ചക്ക്, നട്ട വെയിലത്ത് കടപ്പുറം ഒരു സുഖമില്ലാത്ത കാഴ്ചയാണ്. മൂന്നാഴ്ചക്കകം വേറൊരുത്തനെ കല്ല്യാണം കഴിക്കാൻ പോകുന്ന കാമുകിയുടെ കൂടെയാണെങ്കിൽ പ്രത്യേകിച്ചും. എനിക്കാകെ ഒരു വല്ലായ്മ തോന്നി. 'ഒന്നും മിണ്ടാനില്ലേടാ നിനക്കെന്നോട്?' അവൾ ചോദിച്ചു. ഞാൻ ഒരൊന്നാന്തരം വളിച്ച ചിരി ചിരിച്ചു. 'നമുക്ക് നടക്കാം' അവൾ പറഞ്ഞു.

'അദ്ദേഹത്തെ എനിക്കിഷ്ടമാണ് നല്ല സ്നേഹമാണ്' എന്ത് വേണോന്ന് പറഞ്ഞാ മതി, പക്ഷേ മാധവിക്കുട്ടിയേയും അറിയില്ല ടോൾസ്റ്റോയിയേയും അറിയില്ല ചേതൻ ഭഗതിനെപ്പോലും പുള്ളിക്ക് അറിയില്ല. എന്ത് ചെയ്യാന്ന് ചോദിക്കുമ്പോ, നോവൽ വായ്ക്കണ്ന്നോ കവിത വായ്ക്കണ്ന്നോ പറഞ്ഞാ പുള്ളി കളിയാക്കും. നിനക്ക് പ്രാന്താന്ന് പറയും. വല്ലോരും എഴുതണ പൊട്ടത്തരമൊക്കെ വായിച്ചിട്ടെന്തിനാന്നാ പുള്ളി ചോയ്ക്കണെ'. എനിക്കൊന്നും പറയാനുണ്ടായില്ല. 'എനിക്കൊരൊറ്റ ആഗ്രഹേ ഉണ്ടായിരുന്നുള്ളൂ. കെട്ടുന്നാള് പുസ്തകം വായിക്കണോളാവണോന്ന്. അത് മാത്രേ അദ്ദേഹത്തിന് ഇല്ലാത്തേം ഉള്ളൂ. നീയായിരുന്നേ....'

ഹായ്! അതെനിക്കിഷ്ടമായി. അപ്പ ഞാനാവണോന്ന് ഉണ്ടായിരുന്നു. സൂര്യൻ തലക്കലിന്ന് പതുക്കെ ഇറങ്ങി വന്നു തുടങ്ങി. 'സാരല്ല, നീയിനി പുള്ളിയേം വായിക്കാൻ പഠിപ്പിച്ചാ മതി'

'ഉം....' നടക്കില്ലാന്ന് ഉറപ്പുള്ള ഒരു മൂളൽ.

ഞങ്ങൾ കടൽത്തീരത്തെ പൂഴിയിൽ ഇരുന്നു. ആൾക്കാർ വന്നു തുടങ്ങി. സൂര്യൻ പതുക്കെ താഴോട്ട് പോയി, ആകാശത്ത് പട്ടങ്ങളൊക്കെ പൊന്തിത്തുടങ്ങി. ബജിക്കട തുറന്നു. ഞങ്ങളൊന്നും മിണ്ടാതെ ഇരുന്നു. അവളുടെ കൈകൾക്കിടയിലൂടെ ഊർന്നു വീഴുന്ന പൂഴിമണ്ണ് രചിക്കുന്ന ചിത്രങ്ങളെ പല രൂപങ്ങളിലേക്ക് ഉൾക്കൊള്ളിക്കുകയായിരുന്നു ഞാൻ.

കുറച്ചു കഴിഞ്ഞപ്പോ അവൾ ചോദിച്ചു. നിന്റെ കയ്യിൽ പുസ്തകം വല്ലതുമുണ്ടോ? നല്ല വായനക്കാരനാണെന്നു സ്വയം ഒരഹങ്കാരം ഉള്ളതുകൊണ്ടു വായിച്ചില്ലെങ്കിലും കയ്യിലെപ്പോഴും ഒരു പുസ്തകം കാണും. അന്ന് എന്റെ കയ്യിൽ 'അന്നാ കരീനിന' ഉണ്ടായിരുന്നു. അവളാ പറഞ്ഞത് ആ പുസ്തകം വായിക്കാൻ. എന്റെ സഞ്ചിയിൽ നിന്ന് ആ പുസ്തകം എടുത്ത് അവൾ പതുക്കെ മറിച്ച് നോക്കി. "He felt himself a king, not because he believed that he made an impression on Anna, but because the impression she made on him filled him with happiness and pride..."

എന്തൊക്കെയോ വായിച്ചു. സൂര്യൻ അസ്തമിക്കുന്നതിനു മുമ്പേ ഞങ്ങൾക്ക് പോണമായിരുന്നു. എഴുന്നേൽക്കുന്നതിനു മുമ്പ് അവൾ പറഞ്ഞു, 'I needed you and now I will miss you' ഇത്രയും നാളും സമയം ഉണ്ടായിട്ട് ഒരു വാക്ക് മിണ്ടിയിട്ടില്ല. എന്നിട്ടാണ്. എനിക്കു ചിരിക്കണോ എന്നറിയാതെയായി. നല്ല ചൂട് ബജി വാങ്ങിച്ചു തിന്നു ഞങ്ങൾ തിരിച്ചു നടന്നു.

എത്രയോ വട്ടം ഞാനാ ബീച്ചിൽ വന്നിട്ടുണ്ട്; അതുവരെ കാണാത്ത പലതും ഞാനന്ന് കണ്ടു, കാലടികൾ ഉണ്ടാക്കുന്ന ചരലിലെ രൂപരേഖകൾ, ഞണ്ടുകൾ വരയ്ക്കുന്ന ചിത്രങ്ങൾ, തിരകൾ ബാക്കിവയ്ക്കുന്ന നുരയും പതയും. പ്രണയം മനുഷ്യനെ നല്ല നീരിക്ഷകനാക്കുന്നു. പ്രത്യേകിച്ചു നഷ്ടപ്രണയം. ഞാൻ കണ്ണീരൊഴുക്കാൻ പാടുപെട്ടു. ഒന്നും കിട്ടിയില്ല എങ്കിലും എന്തിനെന്നറിയാതെ ഒരു സംതൃപ്തി, ജീവിതത്തിൽ ഇന്നുവരെ ഒരു യാത്രയും നൽകാത്ത ഒരു നിറവ്. ആ നിറവാണ് ആ ചെറായി യാത്രയെ എന്റെ ഓർമയിലെ ഏറ്റവും ആഹ്ലാദഭരിതമായ യാത്രയാക്കുന്നതും.

എത്രയോ വട്ടം ഞാനാ ബീച്ചിൽ വന്നിട്ടുണ്ട്; അതുവരെ കാണാത്ത പലതും ഞാനന്ന് കണ്ടു. കാലടികൾ ഉണ്ടാക്കുന്ന ചരലിലെ രൂപരേഖകൾ, ഞണ്ടുകൾ വരയ്ക്കുന്ന ചിത്രങ്ങൾ, തിരകൾ ബാക്കിവയ്ക്കുന്ന നുരയും പതയും. പ്രണയം മനുഷ്യനെ നല്ല നീരിക്ഷകനാക്കുന്നു. പ്രത്യേകിച്ചു നഷ്ടപ്രണയം.

Shahina H.

കാമുകൻ,
മലയാളം ഡിപ്പാർട്ട്മെന്റ്

# ദൈവമേ ഇതാണോ NEW GENEറേഷൻ



കോരിച്ചൊരിയുന്ന മഴ, ആകാശം കറുത്ത ചായം പൂശാൻ തുടങ്ങിയിരിക്കുന്നു. ഭാഗ്യം! വൈപ്പിനിലേക്കുള്ള ബസ് വരുന്നുണ്ട്. സമയം ഏകദേശം നാലുമണിയായിട്ടുണ്ട്, അതാ ഇത്രയ്ക്ക് തിരക്ക്. ബസിൽ ഇടിയിട്ടു കയറുന്നത് ഒരു ശീലമായി. മുൻസീറ്റിൽ തന്നെ കയറിയിരുന്നു.

സെക്കന്റ് ഇയർ ആയി, പക്ഷെ ഇതുവരെ കൺസെഷൻ കാർഡ് കിട്ടിയിട്ടില്ല. എന്നും ഫുൾ ടിക്കറ്റ് എടുക്കണം. അതാ ചാടിക്കയറി സീറ്റിൽ ഇരുന്നത്. ഇല്ലായിരുന്നെങ്കിൽ കണ്ടക്ടർ....!! ബസിന്റെ ഷട്ടറുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. നല്ല ഇരുട്ട്... ഡ്രൈവർ ലൈറ്റ് ഇട്ടു. മങ്ങിയ മഞ്ഞവെളിച്ചം ബസിൽ പ്രതിഫലിച്ചു.

ഓണത്തിനിടയ്ക്ക് പുട്ടുകച്ചവടം പോലെ കിളി ഡ്രൈവറോട്: "എടാ... പാട്ടിടെടാ..."

ഡ്രൈവർ റോബോട്ടിനെപ്പോലെ നിമിഷങ്ങൾക്കകം സി.ഡി. പ്ലെയർ ഓൺ ചെയ്തു. ദൈവമേ...! ഈ മഴയത്ത് ഹെഡ്‌ലൈറ്റ് ഇട്ടിട്ടുപോലും മുന്നിലുള്ള വാഹനങ്ങൾ വ്യക്തമായി കാണുന്നില്ല. അതിനിടയിൽ പാട്ടുകേട്ടു ഡ്രൈവർ എങ്ങനെ വണ്ടി ഓടിക്കും.

പെട്ടെന്ന് കിളിയുടെ കിളിനാദം പോലുള്ള ശബ്ദം മുഴങ്ങി. "പെരുമ്പടന്ന... പെരുമ്പടന്ന... ഇറങ്ങുവാനുള്ളവർ ഇറങ്ങിക്കോ."

രണ്ടുമൂന്നു പേർ അവിടെ ഇറങ്ങി. അപ്പോഴാണ് ഒരു പ്രായമുള്ള സ്ത്രീ കടന്നുവന്നത്. സാരിയൊക്കെ നനഞ്ഞ് കുതിർന്നിരിക്കുന്നു. പ്രായം ഒരു അറുപതു കാണും. ഏന്തിവലിഞ്ഞ് അവസാനം അവർ ബസിനുള്ളിൽ കയറി. എന്റെ സീറ്റിന്റെ അരുകിൽ വന്നു നിൽപ്പായി. കിളിയുടെ വക രണ്ട് ബെല്ല്, "ടിങ്ങ്.... ടിങ്ങ്...."



ബസ് നീങ്ങിത്തുടങ്ങി. ആ സ്ത്രീ എന്നെ നോക്കി, ഞാൻ പറഞ്ഞു. "അമ്മാമ്മ ഇവിടെ ഇരുന്നോ..."

വായിലുള്ള മുഴുവൻ പല്ലുകളും കാട്ടി ആ സ്ത്രീ ചിരിച്ചു. നന്ദി പ്രകടിപ്പിച്ചതായിരിക്കും. ഞാൻ ബസിലെ ജയിൽ അഴികൾ പോലുള്ള കമ്പിയിൽ പിടിച്ചു നിൽപ്പായി. അപ്പോഴാണ് എന്റെ പുറത്ത് ആരോ തട്ടിവിളിച്ചത്. തിരിഞ്ഞു നോക്കിയപ്പോൾ സീനിയറാണു കക്ഷി. എന്നോടു ചോദിച്ചു.

"എന്താ കാര്യം, എന്തിനാ എഴുന്നേറ്റത്?"

"പ്രായം ചെന്ന സ്ത്രീയല്ലേ, അതാ..."

"ഫുൾ ടിക്കറ്റ് അല്ലേ എടുത്തത്?"

"അതെ."

"പിന്നെ എന്തിനാ എഴുന്നേറ്റേ...? അതിന്റെ ആവശ്യോന്നുല്ലാ..."

ഞാൻ റബർ ബാന്റ് വലിയുന്നതുപോലെ ഒന്നു ചിരിച്ചു. എന്നിട്ട് പഴയതുപോലെ തിരിഞ്ഞു നിന്നു.

അതെന്താ... ആ ചേച്ചി അങ്ങനെ പറഞ്ഞത്? കൺസെഷൻ ഉണ്ടായിരിക്കുമ്പോ മാത്രമാണോ എഴുന്നേറ്റു കൊടുക്കേണ്ടത്. ഫുൾ ടിക്കറ്റുകാർക്ക് എപ്പോഴും ഇരിക്കാമോ? ആരായാലും പ്രായം ഉള്ളവരേയും പിഞ്ചു കുഞ്ഞുങ്ങളുള്ള അമ്മമാരെയും തന്നെ നിൽക്കാൻ കഴിയാത്തവരേയും ഗർഭിണികളെയും കണ്ടാൽ അവർക്ക് ഒരു സീറ്റ് കൊടുക്കുന്നതിൽ തെറ്റില്ലല്ലോ? നാളെ ഇവർക്കും പ്രായമാകില്ലേ..? അപ്പോൾ അടുത്ത തലമുറ നമ്മളോട് എങ്ങനെയാകും പെരുമാറുന്നത്?
"ദൈവമേ.... ഇതാണോ.... ന്യൂ ജനറേഷൻ!"

**Salma Jamal K.J.**

II BSc Botany

Richard Alomar




യാത്രകൾ കലാലയ ജീവിതത്തിലെ സുന്ദരമായ ഓർമകളാണ്. തൊട്ടതിനും പിടിച്ചതിനുമെല്ലാം കലാലയം എതിരു നിന്നപ്പോൾ ആ വിദ്യാർഥി സമൂഹം ഞങ്ങളുടെ മൂന്നു വർഷങ്ങൾ ആഘോഷമാക്കി മാറ്റിയത് ഇത്തരത്തിലുള്ള യാത്രകളിലൂടെയായിരുന്നു. ആർക്കും എത്തിപിടിക്കാനാവാത്ത ഉയരങ്ങൾ അവർ കീഴടക്കിയത് യാത്രകൾ പോകാനുള്ള ഒത്തൊരുമ കൊണ്ടാണ്.

ഒന്നിനു പിറകെ ഒന്നായി ആ സഞ്ചാരികൾ വിദൂരങ്ങൾ കീഴടക്കിക്കൊണ്ടേയിരുന്നു. ആദ്യമായി ചെന്നെത്തിയ തൊമ്മൻകുത്തും വാഗമണ്ണും മൂന്നാറും ഇടുക്കി ഡാമും പൊൻമുടിയും ഷോളയാറുമെല്ലാം ഈ നിമിഷം മനസ്സിൽ തെളിഞ്ഞു വരുന്നു.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു അവസാനം പോയ ഊട്ടി യാത്ര. സുഖകരമായി പര്യവസാനിച്ച പത്തോളം യാത്രകളുടെ പിൻബലത്തിലാണു മുന്നൂറിലേറെ കിലോമീറ്റർ ദൂരം വരുന്ന ആ യാത്രക്കു ഞങ്ങൾ തയ്യാറെടുത്തത്. കോളജിലെ തകർപ്പൻ ക്രിസ്തുമസ് ആഘോഷത്തിനു ശേഷം വീടുകളിലേക്കു മടങ്ങിയ ഞങ്ങൾ രാത്രി ഒൻപതു മണിയോടെ ഒത്തുകൂടി. പെട്ടെന്നു പ്ലാൻ ചെയ്തതായാതുകൊണ്ട് ആരുടെയും കയ്യിൽ ആവശ്യത്തിനു പണം ഉണ്ടായിരുന്നില്ല. എന്നത്തേയും പോലെ എന്നെ സമീപിച്ചു. ഞാൻ റെഡിയാക്കി തരാം എന്ന ഉറപ്പിൽ എന്റെ രണ്ടു സുഹൃത്തുക്കളും യാത്രക്കു തയ്യാറായി.

രാത്രി കാളിസിലും അഞ്ചു ബൈക്കിലുമായി ഞങ്ങൾ 19 പേർ യാത്ര തിരിച്ചു. അപ്പോൾ ഏകദേശം രാത്രി ഒരു മണിയായിരുന്നു. രാത്രിയുടെ സംഗീതത്തിനൊപ്പം ആളൊഴിഞ്ഞ വഴികളിലൂടെ ബൈക്കുകൾ ചീറിപ്പാഞ്ഞു. പലരും പല തരത്തിലുള്ള നുണകൾ പറഞ്ഞാണു വീട്ടിൽ നിന്നിറങ്ങിയത്. ഇടക്കിടക്ക് വണ്ടി നിർത്തി വിശ്രമിച്ചും കൂട്ടംകൂടി നിന്ന് ഫോട്ടോസ് എടുത്തും ആ യാത്ര മുന്നേറി.

രാവിലെ അഞ്ചിനു കഴിച്ച കട്ടൻചായയുടെ ബലത്തിൽ എല്ലാവരും ഊട്ടിപ്പട്ടണത്തിനായി കാത്തിരുന്നു. ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ ഷോർട്ട് കട്ട്സ് കണ്ടുപിടിച്ചിരുന്ന ഞങ്ങൾക്ക് ഒൻപത് മണിയോടെ ആദ്യത്തെ പണികിട്ടി. വനാന്തരങ്ങളിലൂടെ ഓഫ് റോഡ് ഡ്രൈവിങ്ങിന്റെ സുഖം ആസ്വദിച്ചു കൊണ്ടിരുന്നപ്പോൾ അതാ മുന്നിലൊരു ചെക്ക് പോസ്റ്റ്. ആ ചെക്ക്പോസ്റ്റ് കടക്കണമെങ്കിൽ കയ്യിൽ കുറുവടിയുമേന്തി നിൽക്കുന്ന ഗാർഡിനു കൈമടക്കു കൊടുക്കണമെന്ന്, ആദ്യം അപേക്ഷിച്ചും പിന്നീട് ഭീഷണിപ്പെടുത്തിയും നോക്കി ആ കാട്ടുമാക്രി വഴങ്ങിയില്ല. ഒടുവിൽ 300 രൂപ കൊടുത്തു കവാടം കടന്നു.

പിന്നീട് ഹെയർപിൻ വളവുകളുടെ ആഘോഷ യാത്രയായിരുന്നു. അൻപതോളം വരുന്ന ഭീമൻ കർവുകൾ കിടത്തിയും മലർത്തിയും ബൈക്കുകൾ മുന്നോട്ടു നീക്കി ഞങ്ങൾ ആസ്വദിച്ചു.

വിശപ്പ് അതിന്റെ പാരമ്യത്തിലെത്തിയപ്പോഴേക്കും ഊട്ടി ഞങ്ങൾക്ക് ദൃശ്യമായി. 12 മണിയോടെ തിരക്കേറിയ ഊട്ടി ടൗണിൽ ഞങ്ങളെത്തി. ആദ്യം കണ്ട ഹോട്ടലിൽ തന്നെ കയറി എല്ലാവരും വയറു നിറച്ചു ഭക്ഷണം കഴിച്ചു. പിന്നെ അവിടെ താമസിക്കാനുള്ള സൗകര്യം നോക്കി നടന്നു. എന്നാൽ കീശയുടെ വലിപ്പവും ലോഡ്ജിന്റെ വാടകയും ഒക്കാതെ വന്നപ്പോൾ നിരാശരായി നിന്ന ഞങ്ങളുടെ മുന്നിലേക്കു ദേവദൂതനെപ്പോലെ ഉണ്ണി എന്ന പരിചയക്കാരൻ കടന്നു വന്നു. ഊട്ടിയിൽ എൻജിനീയറിങ്ങിനു പഠിക്കുന്ന ഉണ്ണിയുടെ ശ്രമഫലമായി മൂന്നു മുറികൾ ഞങ്ങൾക്കു സൗജന്യമായി ലഭിച്ചു. വഴിമുട്ടി നിന്ന അവസരത്തിൽ ഞങ്ങളെ സഹായിച്ച ഉണ്ണിയെ നന്ദിയോടെ ഓർക്കുന്നു. ഊട്ടിയിലെ പ്രധാനസ്ഥലങ്ങളിലെല്ലാം കൊണ്ടുപോയ ഉണ്ണി ഞങ്ങൾക്കൊരു രക്ഷകനായി മാറി. രാത്രിയിൽ വയറു നിറച്ച് ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ ഷോപ്പിങ്ങിനു ഇറങ്ങി. വഴിവക്കിലെ കടകളിൽ

നിന്ന് സാംപിൾ എന്ന പേരിൽ ഞങ്ങൾ വാരി തിന്ന ചോക്ലേറ്റിനു കണക്കില്ല. ചോക്ലേറ്റ് വാങ്ങിയതോടെ എല്ലാവരുടെയും പോക്കറ്റ് കാലിയായി തുടങ്ങിയിരുന്നു. അതിനിടയിൽ അക്കൗണ്ടിൽ പണമിട്ടോളാം എന്നു വാക്കു തന്നിരുന്ന ഒരു സുഹൃത്ത് ചില സാങ്കേതിക കാരണങ്ങളാൽ കൈമലർത്തിയപ്പോൾ ഞാൻ മൊത്തത്തിൽ കാലിയായി. രാത്രി റൂമിൽ ഊട്ടിയുടെ തണുപ്പിനെ അതിജീവിക്കാനുള്ള പുകച്ചുരുളുകൾ നിറഞ്ഞു നിൽക്കുകയായിരുന്നു. ഒരിക്കലും മറക്കാത്ത ഒരു അനശ്വര രാത്രിയായി അത് തീർന്നു. കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ ഞങ്ങൾ അറിഞ്ഞിരുന്നില്ല, ഞങ്ങൾക്കു വേണ്ടി ഒരുപറ്റം സുഹൃത്തുകൾ കൊടുംതണുപ്പിൽ കിടക്കുകയായിരുന്നെന്ന്. രാവിലെ തന്നെ സുര എല്ലാവർക്കും കാപ്പിയുണ്ടാക്കി തന്നു. ആ കാപ്പിയുടെ ബലത്തിൽ ഞങ്ങൾ ഊട്ടിയോടു വിട പറഞ്ഞു.

എന്നാൽ തിരിച്ചു പോക്കിൽ ഒരു വലിയ അപകടം ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു. സിനിമകളിൽ മാത്രം കണ്ടിട്ടുള്ള കൊമ്പൻ മീശയുള്ള തമിഴ്നാട് പൊലീസ് ഞങ്ങളെ പിടികൂടി. ഓവർലോഡ്, പ്രൈവറ്റ് വണ്ടി എന്നൊക്കെ പറഞ്ഞ് അവൻമാർ വിലയിട്ടു 3,000 രൂപ. 'ഇടിവെട്ടിയവനെപാമ്പു കടിച്ചു' എന്നു പറഞ്ഞാൽ അവൻമാർക്ക് മനസ്സിലാവില്ലല്ലോ? കാലുപിടിച്ചപ്പോൾ 1,000 രൂപ കൈക്കൂലി ചോദിച്ചു ഇല്ലെങ്കിൽ വണ്ടി ആർ.ടി. ഓ. യുടെ അടുത്തേക്കു കൊണ്ടുപോകുമെന്നു ഭീഷണിയും. അവിടേം ഇവിടേം മാറിയിരുന്ന നൂറു രൂപകൾ കൂട്ടി ചേർത്തപ്പോൾ അത് ആയിരം രൂപക്കു തുല്യമായി. അതവൻമാർക്കു വായിക്കരിയിട്ടേച്ച് മനസ്സുകൊണ്ടു



ആയിരം തവണ അവരെ കൊല്ലാതെ കൊന്നു യാത്ര തുടർന്നു.

വിശപ്പ് കൂടിക്കൊണ്ടും വണ്ടിയുടെ ഫ്യുവൽ ഇൻഡിക്കേറ്റർ താഴ്ന്നുകൊണ്ടുമിരുന്നു. ഒടുവിൽ മഹാനായ പവനായി ഒരു 500 രൂപ ഡീസൽ അടിക്കാൻ കൊടുത്തു. അതിനിടെ ചിന്നു 100 രൂപക്കു ഓറഞ്ച് വാങ്ങി വന്നു. അപ്പോൾ സമയം ഏഴ്. ഒരു ദിവസത്തെ വിശപ്പ് മൊത്തം ഒരു ഓറഞ്ചിൽ ഒതുക്കി. ഒൻപതോടെ ഞങ്ങൾ അങ്കമാലിയിലെത്തി. വലിയൊരു നെടുവീർപ്പോടെ ഞങ്ങൾ പറഞ്ഞു

Mind blowing മച്ചാനേ......

**Starin Thomas**

III BSc CM & E



# ഒരു ദോശ തിന്ന കഥ....:)

എനിക്കു വളരെ പ്രിയപ്പെട്ട ഒരു വിഭവമാണ് ദോശ. ദോശക്കല്ലിൽ എണ്ണ വിതറി, പച്ചരിയും ഉഴുന്നും അരച്ച മാവൊഴിച്ച് പരത്തി ഇരുവശവും നന്നായി മൊരിച്ച് സാമ്പാറോ ചട്നിയോ ചമ്മന്തിയോ കൂട്ടി കഴിക്കാൻ തന്നെ ഒരു സുഖമാണ്. അമ്മയുണ്ടാക്കുന്ന പലഹാരങ്ങളിൽ എനിക്കേറ്റവും ഇഷ്ടം ദോശയോടാണ്. ദോശകളിൽ പലപല വ്യത്യസ്തതകൾ, പരീക്ഷണങ്ങൾ എല്ലാം എനിക്കിഷ്ടമാണ്. പ്രത്യേകിച്ചും മസാലദോശ. ജീവിതത്തിലെ സുപ്രധാനമായ ഒരു യാത്രക്കിടയിൽ വളരെ രുചികരമായ ഒരു മസാലദോശ കഴിച്ച കഥയാണ് ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നത്.

2014 ഫെബ്രുവരി നാലിന് ചെന്നൈയിലേക്ക് നടത്തിയ യാത്ര ഇതുവരെയുള്ള ജീവിതത്തിൽ വളരെ നിർണായകമായിരുന്നു. ആ യാത്രയുടെ ഫലം വലിയൊരു നേട്ടവും. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ ടെക്നിക്കൽ സെക്ഷനിലെ ജോലിക്കുള്ള ഫിസിക്കൽ ടെസ്റ്റിനു വേണ്ടിയാണ് പോയത്. ഞാനും അച്ഛനും പിന്നെ വിക്ടോറിയ കോളേജിൽ എന്റെ ബാച്ചിൽ ഉണ്ടായിരുന്ന രണ്ടുമൂന്നു കൂട്ടുകാരും ഒന്നിച്ചാണ് പോയത്. എഴുത്തുപരീക്ഷ നല്ലരീതിയിൽ പാസായി. ഇനി ഫിസിക്കൽ എന്നത് കുറച്ചു പ്രയാസമാണ്. ഞാനാണെങ്കിൽ പ്രാക്ടീസിൽ കുറച്ചൊക്കെ ഒരു മടി കാണിച്ചു. എങ്കിലും ടെസ്റ്റിന് കുറച്ചുകൂടി നന്നായി ചെയ്യാൻ കഴിയും എന്നൊരു വിശ്വാസം എനിക്കുണ്ടായിരുന്നു. അച്ഛനും അമ്മക്കും പോലും ഇല്ലായിരുന്നു ആ വിശ്വാസം. അങ്ങനെ ഞങ്ങൾ ചെന്നൈയിലെ പെരമ്പൂരിനടുത്തുള്ള 'പാടി' എന്ന സ്ഥലത്തിറങ്ങി. അവിടെ ഒരു ചെറിയ സെറ്റപ്പ് ലോഡ്ജിൽ റൂമെടുത്തു. അടുത്തദിവസം ആവടിയിലാണ് ടെസ്റ്റ്.

രാത്രി ഏകദേശം ഒരു എട്ടുമണിയോടെ വിശപ്പു തുടങ്ങി. എനിക്ക് പ്രത്യേകം ഭക്ഷണ ശീലങ്ങളൊന്നുമില്ല. രാവിലെയും ഉച്ചക്കും രാത്രിയും ഏതു ഭക്ഷണവും കഴിക്കും. പക്ഷെ അച്ഛനു ചില ചിട്ടകളുണ്ട്. ചോറോ കഞ്ഞിയോ അല്ലാതെ ഒരു ഭക്ഷണവും രാത്രി കഴിക്കില്ല. ചപ്പാത്തിപോലും. തമിഴ്നാട്ടിലെ പൊന്നിയരിച്ചോറും അച്ഛന് ഇഷ്ടമല്ല. അതിനാൽ എന്നോടും കൂട്ടുകാരോടും പോയി കഴിച്ചിട്ടുവരാൻ



അച്ഛൻ പറഞ്ഞു. ഞാൻ കൂട്ടുകാർക്കൊപ്പം പുറത്തിറങ്ങി. അടുത്തുതന്നെ കുറച്ച് നല്ല ഹോട്ടലുകൾ. ചെന്നൈ റാവുത്തർസ് ബിരിയാണി എന്ന പ്രശസ്തമായ റസ്റ്റോറന്റ് അടക്കം. പക്ഷെ എന്നെ ആകർഷിച്ചത് ഒരു വെജിറ്റേറിയൻ ഹോട്ടൽ ആണ്; ഹോട്ടൽ അക്ഷയ. നമ്മുടെ ആലുവ സാഗർ ഹോട്ടൽ പോലെ ഒന്നാണ്. പുറംമോടി കൊണ്ടും ഭക്ഷണം കൊണ്ടും നല്ല ഹോട്ടലാണെന്ന് എനിക്കുതോന്നി. ഒഴിഞ്ഞുകിടന്ന ഒരു ടേബിളിനു ചുറ്റുമിരുന്ന് ഞാനും കൂട്ടുകാരും നാളത്തെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മൂവരും പാലക്കാടിന്റെ പലപല ഭാഗങ്ങളിൽ നിന്നുള്ളവർ; ടൗൺ, ചിറ്റൂർ, ആലത്തൂർ.... ഞാൻ ഒറ്റപ്പാലവും. വെയ്റ്റർ ഓർഡറിനു വന്നു. ഞങ്ങളെല്ലാവരും മസാലദോശയാണ് ഓർഡർ പറഞ്ഞത്.

"എൻറും ഇറവുക്ക് സ്പെഷൽ മസാല ദോസൈ ഇറ്ക്ക്. വേണ്ടുമാ?" വെയ്റ്ററുടെ അടുത്ത ചോദ്യം.

"ആമാ... റൊമ്പ മകിഴ്ചി" ഞാൻ പറഞ്ഞു.

"എങ്കൾക്ക് സാദാ മസാലറോസ്റ്റ് പോദും." ബാക്കി മൂവരും.

അഞ്ചുമിനിറ്റിനുള്ളിൽ ഞങ്ങളുടെ മുമ്പിൽ ഓർഡർ ചെയ്ത ദോശകൾ ഒന്നൊന്നായി പ്രത്യക്ഷപ്പെട്ടു. കൂട്ടുകാർ അവരുടെ സാദാ ദോശകളും ഞാൻ എന്റെ സ്പെഷ്യൽ ദോശയും തിന്നുതുടങ്ങി. സാദാദോശക്ക് സാമ്പാറും രണ്ടു ചമ്മന്തികളും സ്പെഷ്യൽ ദോശക്ക് മൂന്നു ചമ്മന്തികളും; അവ മൂന്നും മൂന്ന് ടേസ്റ്റിൽ. ഒന്ന് സവാളയും മുളകും ചേർത്തുണ്ടാക്കിയത്. മറ്റൊന്ന് തേങ്ങാച്ചമ്മന്തി. പിന്നെ പുതിനയില കൊണ്ടും. മൂന്നും ഇന്ത്യൻ ദേശീയപതാകയുടെ നിറങ്ങൾ പോലെ ഓറഞ്ച്, വെള്ള, പച്ച നിറങ്ങളിൽ ഭംഗിയായി വച്ചിരിക്കുന്നു. ദോശ ഏറെ വിശിഷ്ടമായിരുന്നു. ദോശയും അതിനകത്തെ മസാലയും ചേർന്ന ആ പ്രത്യേക സ്വാദ് തീർത്തും അപാരം. നല്ല അരിയും ഉഴുന്നും ചേർന്ന മാവായിരുന്നു ദോശയുടേതെന്ന് മനസിലായി. അകത്തുണ്ടായിരുന്ന മസാലയും കിടിലനായിരുന്നു. ഇതുവരെ കഴിച്ചിട്ടുള്ളതിനേക്കാൾ വ്യത്യസ്തമായത്. പ്രധാനമായും കാപ്സിക്കം ചേർത്ത് ഒപ്പം ഉള്ളി, ഉപ്പ്, അൽപം ഗരം മസാല, കുരുമുളക് പൊടി ഇവയെല്ലാം ചേർന്നത്. ദോശയും അതിന്റെ മസാലയും സാമ്പാറും ചമ്മന്തികളും കൂട്ടിച്ചേർത്ത് കഴിക്കുന്നതുതന്നെ ഒരു പ്രത്യേക അനുഭവമായിരുന്നു. അമ്പത്തഞ്ച് രൂപയായിരുന്നു അതിന്റെ ബില്ല്. സത്യത്തിൽ അതിനു നൂറുരൂപ കൊടുക്കേണ്ടിവന്നാലും സാരമില്ല. അത്ര ആസ്വദിച്ച് ഒരു ഭക്ഷണം ജീവിതത്തിലിന്നേവരെ കഴിച്ചിട്ടുമില്ല. സത്യത്തിൽ സോൾട്ട് ആന്റ് പെപ്പർ സിനിമയിൽ കുക്ക് ബാബുവിന്റെ ഉണ്ണിയപ്പം കഴിച്ച ലാലിന്റെ അവസ്ഥയായിരുന്നു ഈ മസാലദോശ തിന്ന നേരത്തെനിക്കു തോന്നിയത്. അതിനാൽ പത്തുരൂപ ടിപ്പും വച്ചു. തിരികെ ലോഡ്ജിൽ ചെന്ന് ദോശയുടെ കാര്യം പറഞ്ഞ് അച്ഛനെ കൊതിപ്പിച്ചുകൊണ്ടിരുന്നു. "വരാതിരുന്നത് വലിയ നഷ്ടമായിപ്പോയി അച്ഛാ..." എന്നു പറഞ്ഞു.

പിറ്റേന്ന് ഫിസിക്കൽ ടെസ്റ്റ് വിജയിച്ചു. രാവിലെ 8 മണിയോടെ തന്നെ. തിരികെ വന്ന് ലോഡ്ജ് വെക്കേറ്റ് ചെയ്ത് പ്രാതൽ കഴിക്കാൻ വീണ്ടും 'അക്ഷയ' ഹോട്ടലിൽ. ഇന്ന് സാദാ മസാലദോശയേ ഉള്ളൂ. ഞാനും അച്ഛനും ഓരോന്ന് വീതം കഴിച്ചു. രുചിയിൽ ഇതും മോശമല്ല.



അച്ഛൻ പറഞ്ഞു. "ഈ സാദാ മസാലറോസ്റ്റിന് ഇത്ര ടേസ്റ്റ്. അപ്പോ നീ ഇന്നലെ കഴിച്ച സ്പെഷ്യലിന് അപാര ടേസ്റ്റായിരിക്കുമല്ലോ!"

"ഞാൻ പറഞ്ഞതല്ലേ വരാൻ." എന്റെ മറുചോദ്യം.

ചെറിയൊരു ചിരിയോടെ അച്ഛൻ അതിന്റെ ബില്ല് കൊടുത്തു. വലിയ ഒരു നേട്ടത്തോടെ ചെന്നൈയോട് വിടപറയാനിറങ്ങുമ്പോൾ ഒരിക്കൽ കൂടി ആ വെജിറ്റേറിയൻ ഹോട്ടൽ നോട്ടുചെയ്തു. ഇതേ ആവശ്യത്തിനും മറ്റു പല കാര്യങ്ങൾക്കും ഇനിയും ചെന്നൈയിൽ വരേണ്ടിവരും. വരുമ്പോൾ ഈ ഹോട്ടലിൽ വീണ്ടും വരണം എന്ന് മനസിലുറപ്പിച്ചു.

ഒരു പക്ഷെ, ഇതിനേക്കാൾ നല്ല ഭക്ഷണം അവിടെ എത്രയോ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും കിട്ടുന്നുണ്ടാകാം. പക്ഷെ, ഈ രുചി എനിക്കൊരിക്കലും മറക്കാനാകില്ല. എന്തെന്നാൽ ജീവിതത്തിലെ സുപ്രധാന വിജയങ്ങളിലും സന്തോഷത്തിനുമിടയിൽ ആസ്വദിച്ച ഒരു ഭക്ഷണമായതിനാൽ.

**Yadhu Pushkaran**

I MA History

Hari Menon

" അപ്പൂന് ഒരു മഞ്ചാടിമണികൾ
പെറുക്കുന്നതാണ് കുട്ടികൾക്കിഷ്ടം.
ചെറു ഉരുണ്ട, മാമ്പ കുറവ്
മഞ്ചാടിമണികളെ ആരും പെറുക്കാറില്ല.
മഞ്ചാടിമണികളെ അവൾക്കാണ് അമ്പലപ്പറമ്പിലെ
പൂക്കൾ അവൾക്കാണ് ഇടവഴിയിലൂടെ ഒരു ചെറുകല്ലോടു
തൂവിയിട്ട മഞ്ചാടിമണികൾ പെറുക്കുന്ന
അമ്പൂട്ട അവൾ മുതൽ കുന്നിൽ
സൂക്ഷിക്കാനായി താനാണ് ഈ കൈ" അപ്പോൾ
പറഞ്ഞു

[മഞ്ചാടിക്കുരു – അഞ്ജലി മേനോൻ].

# മഞ്ചാടി മരം



## ജൂഡ് ആന്തണി ജോസഫ്

അങ്കമാലിക്കടുത്ത് അത്താണിയിൽ ജനിച്ച ജൂഡ് ആന്തണി ജോസഫ് യുസിയിലെ പ്രീഡിഗ്രി ഫസ്റ്റ് ബാച്ച് വിദ്യാർഥിയായിരുന്നു. കാസർകോഡ് എൽബിഎസ് കോളജിൽ നിന്ന് എൻജിനീയറിങ് ബിരുദം പൂർത്തിയാക്കിയ ജൂഡ് ചലച്ചിത്ര മേഖലയിലേക്കു കടന്നു വരുന്നതിനു മുമ്പ് ഇൻഫോസിസിൽ സോഫ്റ്റ്‌വെയർ എൻജിനീയറായിരുന്നു. 'നക്ഷത്രങ്ങളുടെ രാജകുമാരൻ', 'യെല്ലോ പെൻ' എന്നീ ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തിട്ടുണ്ട്. യുസി കോളജിൽ ചിത്രീകരിച്ച ആദ്യത്തെ മ്യൂസിക് വീഡിയോ യൂടേൺ സംവിധാനം ചെയ്തതും ജൂഡ് ആന്തണിയാണ്. 2014ൽ 'ഓം ശാന്തി ഓശാന'യിലൂടെ സ്വതന്ത്ര സംവിധായകനായി.



## അരുൺ മാത്യു (ആർ.ജെ. മാത്തുക്കുട്ടി)

ആർ.ജെ. മാത്തുക്കുട്ടി എന്ന അരുൺ മാത്യു 2003–2006 കാലഘട്ടത്തിൽ യുസി കോളജിൽ മലയാള സാഹിത്യ ബിരുദ വിദ്യാർഥിയായിരുന്നു. കലാലയ യൂണിയനിൽ ആർട്സ് ക്ലബ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കാക്കനാട് കേരള പ്രസ് അക്കാദമിയിൽ നിന്ന് ജേണലിസത്തിൽ ഡിപ്ലോമ പൂർത്തിയാക്കിയ അരുൺ വീക്ഷണം പത്രത്തിൽ കുറച്ചുകാലം റിപ്പോർട്ടർ ആയിരുന്നു. 2008 മുതൽ കൊച്ചി റെഡ് എഫ്എമ്മിൽ ആർജെയാണ്. ജനപ്രിയ ഷോയായ റെഡ് കാർപ്പറ്റിന്റെ അവതാരകനായ അദ്ദേഹം ഇപ്പോൾ സീനിയർ പ്രൊഡ്യൂസർ കൂടിയാണ്. നിരവധി പരസ്യങ്ങൾക്കും 'കുതറ'യിൽ തമിഴ് നടൻ ഭരതിനും ശബ്ദം നൽകി. ഇപ്പോൾ മലയാള ചലച്ചിത്രം 'യു റ്റൂ ബ്രൂട്ടസി'നു വേണ്ടി സംഭാഷണം എഴുതുന്നു.



## റാസി റൊസാരിയോ

കേരളത്തിലെ യുവ ചിത്രകാരൻമാരിൽ ശ്രദ്ധേയനായ റാസി റൊസാരിയോ 1994–97 കാലഘട്ടത്തിൽ യുസിയിൽ മലയാള ബിരുദ വിദ്യാർഥിയായിരുന്നു. മഹാരാജാസ് കോളജിൽ നിന്നു ബിരുദാനന്തര ബിരുദവും എറണാകുളം ലോ കോളജിൽ നിന്ന് നിയമത്തിൽ ബിരുദവും നേടി. ചിത്രകലയെ ഒരേ സമയം കലയായും ഉപജീവനമാർഗമായും കാണുന്ന റാസി കേരളത്തിൽ ചിത്രകലയെ ജനകീയമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കോളേജ് ക്യാംപസുകളും ഗ്രാമങ്ങളും കേന്ദ്രീകരിച്ച് നൂറിലധികം പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ചിത്രകലയിലെ നിക്ഷേപം ജനകീയമാക്കുന്നതിലും നിർണായക ചുവടുവെയ്പ്പ് നടത്തി. മോഹൻലാൽ, സംവിധായകരായ അൻവർ റഷീദ്, സിദ്ദിഖ് എന്നിവർ റാസിയുടെ ചിത്രത്തിൽ നിക്ഷേപം നടത്തിയ പ്രമുഖരിൽ ഉൾപ്പെടും.



## ലിജോ ജോസ് പല്ലിശേരി

ചാലക്കുടി മുരിങ്ങൂർ സ്വദേശിയായ ലിജോ ജോസ് പല്ലിശേരി യുസിയിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം പൂർത്തിയാക്കി. പരസ്യചിത്രങ്ങളിലൂടെയാണ് തുടക്കം. 'നായക'നിലൂടെ സ്വതന്ത്ര ചലച്ചിത്ര സംവിധായകനായി. 'നായക'നും രണ്ടാമത്തെ ചിത്രം 'സിറ്റി ഓഫ് ഗോഡും' പ്രമേയത്തിലും അവതരണത്തിലും വ്യത്യസ്തത പുലർത്തിയെങ്കിലും ബോക്സ് ഓഫിസിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കിയില്ല. 'ആമേനാ'ണ് ലിജോയ്ക്ക് ബ്രേക്ക് നൽകിയ ചിത്രം. കൊമേഴ്സ്യൽ വിജയം നേടിയ ചിത്രം രാജ്യന്തരതലത്തിലും ശ്രദ്ധിക്കപ്പെട്ടു. കാനഡ രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച വിദേശ ചിത്രത്തിനുള്ള പുരസ്കാരവും 'ആമേൻ' നേടി.



## കെ. ടോണി ജോസ്

എംജി സർവ്വകലാശാലയുടെ രൂപീകരണത്തിനു ശേഷം യുസി കോളജിന് ആദ്യമായി കലാപ്രതിഭ പട്ടം സമ്മാനിക്കുന്നത് കെ. ടോണി ജോസാണ്. 1996-98 കാലഘട്ടത്തിൽ ആംഗലേയ സാഹിത്യ ബിരുദാനന്തര ബിരുദ വിദ്യാർഥിയായിരുന്നു. പിൽക്കാലത്ത് മിമിക്രിതാരമായും ചലച്ചിത്രതാരമായും തിളങ്ങിയ അജയൻ എന്ന സാക്ഷാൽ ഗിന്നസ്പക്രുവിനെ‌ അട്ടിമറിച്ചാണ് അന്ന് ടോണി കലാപ്രതിഭയാകുന്നത്. രചനമത്സരങ്ങളിലെ മികവാണ് അന്ന് ടോണിയെ പ്രതിഭാ പുരസ്കാരത്തിന് അർഹനാക്കിയത്. തൊട്ടടുത്ത വർഷം കലാലയ യൂണിയൻ ചെയർമാനായിരുന്നു. 2000 മുതൽ മലയാള മനോരമയിൽ ജേണലിസ്റ്റാണ്. ഇപ്പോൾ കോട്ടയത്ത് ചീഫ് സബ് എഡിറ്ററാണ്. യുസി കോളജിലെ പഠനകാലത്ത് പ്രണയത്തിലായ സീനാ സിറിയക്കിനെയാണ് ജീവിതസഖി ആക്കിയത്.



# നിലാവ് പെയ്യുമ്പോൾ

**Arun Mathew (RJ Mathukutty)**
(2003 - 2006)

ഇലകൾ അത്രയും തല്ലിക്കൊഴിച്ച് നിൽക്കുന്ന പടുകൂറ്റൻ മഹാഗണി മരത്തിന്റെ വിരിഞ്ഞ ചില്ലകൾക്കിടയിലായിരുന്നു അപ്പോൾ പൂർണ്ണ ചന്ദ്രൻ. താഴെ പ്രാചീനമായ ചാപ്പലിന്റെ വെളുത്ത ചുവരുകളിൽ നിഴൽ വീണ് കിടക്കുന്നു. ഞാൻ ബസ്ക്കറ്റ് ബോൾ കോർട്ടിലേക്ക് ഇറക്കികെട്ടിയ കൽപ്പടവിൽ നോക്കി. എന്തോ ഒഴുകിയിറങ്ങുന്നതുപോലെ സ്തബ്ധനായി നിന്ന ആ നിമിഷത്തിൽ മനസ്സ് എനിക്കു മാത്രം കേൾക്കാവുന്ന അത്രയും രഹസ്യമായി പറഞ്ഞ് തന്നു.

"നിലാവ് പെയ്യുന്നതാണ്."

യൂണിയൻ ഭരണത്തിന്റെ പേരിൽ ക്യാംപസിലൂടെ സ്വച്ഛന്ദം വിഹരിച്ചിരുന്ന രാത്രികളിൽ ഒന്നിൽ കണ്ട ആ കാഴ്ചയെക്കുറിച്ച് കൂട്ടുകാർക്കു മുന്നിലിരുന്നു വിതുമ്പി പറയുമ്പോൾ, കയ്യിൽ കള്ളും കവിളിൽ കണ്ണുനീരുമുണ്ടായിരുന്നു. അന്ന് കേരള പ്രസ് അക്കാദമിയിലേക്കുള്ള ക്ഷണം വന്നതിന്റെ ആ രണ്ടാം നാളിൽ കറി വിളമ്പുന്ന ചേട്ടന്റെ മുഷിഞ്ഞ ഷർട്ടിൽ മുഖം ചേർത്തുവച്ചു പഴയ കവിത വീണ്ടും കരഞ്ഞു.

'അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ നിന്നെനിക്കേത് സ്വർഗ്ഗം വിളിച്ചാലും'

അന്ന് തട്ടാൻപടി ഷാപ്പ് പൂട്ടിയതും ഞങ്ങൾ പുറത്തിറങ്ങിയതും ഒരുമിച്ചായിരുന്നു. നേരം നന്നായി ഇരുട്ടി. ഞാൻ കരഞ്ഞു വീങ്ങിയ കണ്ണുകളോടെ ആകാശത്തേക്കു നോക്കി നിന്നപ്പോൾ സുഹൃത്തിന്റെ ചോദ്യം.

'നിനക്ക് ബിബിസിയിൽ നിലാവ് പെയ്യുന്നത് കാണണോ?'

എന്റെ അടിവയറ്റിൽ നിന്ന് എന്തോ ഒന്ന് ശക്തമായി പുറത്തേക്കു വരുന്നതു പോലെ, പാതി ബോധത്തിന്റെ മറവിലും ഞാൻ തിരിച്ചറിഞ്ഞു. അത് വാളല്ല വാളിനേക്കാൾ മൂർച്ചയുള്ള ഒരാഗ്രഹമാണ്.

മഞ്ഞയും ചുവപ്പും പെയിന്റ് അടിച്ച മതിൽ ചാടിയാണ് അകത്ത് കയറിയത് ചെന്നയുടൻ മനസ്സിലായി ഒരിക്കൽ കണ്ട നിലാവ് എന്നും ഉദിക്കില്ല. ഒഴിഞ്ഞ ആകാശത്തിനു ചുവട്ടിൽ ഞങ്ങൾ ശൂന്യരായി ഇരുന്നു. പെട്ടന്നാണ് വെട്ടം വീണത്.

'നിലാവാണോ'

ചാടിയെണീറ്റ് നോക്കുമ്പോൾ നീണ്ട വെട്ടത്തിനുമപ്പുറം ഒരു മുഖം. നിലാവിന്റേതല്ല. പ്രിൻസിപ്പാളിന്റേതാണ്.

'എന്താ ഈ നേരത്തിവിടെ?'

ഞാൻ അഡ്മിഷൻ കിട്ടിയ പുതിയ ഇടത്തെക്കുറിച്ചും യൂസിയെ മിസ് ചെയ്യുന്നതിനെക്കുറിച്ചും പറഞ്ഞപ്പോൾ പ്രിൻസിപ്പാൾ പഴയ ചോദ്യം വീണ്ടും ചോദിച്ചു.

'എന്താ ഇവിടെ?'

ഞാൻ മിണ്ടിയില്ല തല കുനിച്ച് നിന്നു. രണ്ട്, മൂന്ന്, നാല്... ചോദ്യം ഒന്നാണെങ്കിലും അതിൽ ദേഷ്യത്തിന്റെ ചൂട് കൂടി കൂടി വരുന്നത് മനസ്സിലായപ്പോൾ ഒടുക്കം നിഷ്കളങ്കമായി സത്യം പറഞ്ഞു.

'ബിബിസിയിൽ നിലാവ് പെയ്യുന്നത് കാണാൻ വന്നതാണ്'

പിന്നെ ഒരു ചോദ്യവും ഉണ്ടായില്ല. ഒടുക്കം ഗേറ്റിനരികിൽ വന്നു യാത്രയാകുമ്പോൾ വാൽസല്യത്തോടെ ഓർമിപ്പിക്കുക മാത്രം ചെയ്തു.

'ഈ വിഷമം കുറച്ച് കാലത്തേക്കു മാത്രം ഉള്ളതാണ്. ഇനി പുതിയ ക്യാംപസ് പുതിയ കൂട്ടുകാർ എല്ലാം മറക്കും'

നീണ്ട എട്ടു വർഷങ്ങൾ, പ്രിയപ്പെട്ട സർ, അങ്ങയുടെ ദീർഘ വീക്ഷണത്തോടെ അങ്ങ് അന്നു പറഞ്ഞ വാക്കുകൾക്ക് ഇന്ന് ഞാനൊരു മറുപടി പറഞ്ഞോട്ടെ?

ഒരു പെണ്ണിന്റെ കന്യകത്വം അത്രയും കവർന്നെടുത്ത് സ്വർഗ ലോകത്തേക്കു മടങ്ങിപ്പോകുന്ന ഗന്ധർവനെപ്പോലെയാണ് ആ കലാലയം.

ഒരിക്കൽ യൂസിയെ പ്രണയിച്ചവർ പിന്നെ ഒരു ക്യാംപസിലും തൃപ്തരാകില്ല.

# കാറ്റുമൂളിയോ പ്രണയം with JUDE ANTHANY JOSEPH



Watch video on our YouTube CHANNEL UCCollege Magazine14

സംവിധായകന്‍ എന്നൊക്കെ പറഞ്ഞപ്പോള്‍ മിനിമം ഒരു കൂളിങ് ഗ്ലാസും എസി കാറിലൊരു സിനിമ
സ്റ്റൈല്‍ എന്‍ട്രിയുമൊക്കെയാണ് പ്രതീക്ഷത്. പക്ഷേ പ്രതീക്ഷകളൊക്കെ തകിടം മറിച്ച് യൂസിയു
ടെ സിഗ്നേച്ചര്‍ വാഹനമായ ആനവണ്ടിയിലായിരുന്നു വരവ്. സിനിമക്കാരന്റെ ജാഡകളോ പരിവേഷ
ങ്ങളോ ഇല്ലാതെയാണ് അയാള്‍ യൂസിയുടെ പടവുകള്‍ വീണ്ടും ചവിട്ടിയത്. തന്റെ വട്ടുകള്‍ക്കും
കുസൃതികള്‍ക്കും ഇപ്പോഴും ഒരു മാറ്റവുമില്ലെന്നു ഒടിഞ്ഞു തൂങ്ങി പ്ലാസ്റ്റര്‍ ഇട്ടിരിക്കുന്ന വലതുകൈ
സാക്ഷ്യപ്പെടുത്തുന്നു. ദ വര്‍ഷങ്ങള്‍ക്കിടയില്‍ കാലം ഒരുപാട് മാറി, പക്ഷേ അയാള്‍ക്കും യൂസി
ക്കും കാര്യമായ മാറ്റങ്ങളൊന്നുമില്ല. എല്ലാം പഴയതു പോലെ തന്നെ. ആകെ മാറിയത് സിജോ ജോ
സഫെന്ന ആ പ്രീഡിഗ്രി ലാസ്റ്റ് ബാച്ചുക്കാരന്റെ പേരു മാത്രമാണ്. സിജോ ജോസഫിനെ നിങ്ങള്‍
ക്കും അറിയില്ല. എന്നാല്‍ മലയാളത്തില്‍ ആദ്യമായി ഒരു പെണ്‍കുട്ടിയുടെ പോയിന്റ് ഓഫ് വ്യൂവില്‍
നിന്നു പ്രണയകഥ പറഞ്ഞ ഓംശാന്തി ഓശാനയുടെ സംവിധായകനെ നമുക്ക് അറിയാം. അതെ,
ജൂഡ് ആന്തണി ജോസഫ്, നമ്മുടെ യൂസിയുടെ സ്വന്തം പയ്യന്‍സ് മനസ്സ് തുറക്കുന്നു...

**യൂസി കോളജില്‍ നിന്ന് തന്നെ തുടങ്ങാം.**

എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ഓര്‍മകള്‍ സമ്മാനിച്ചിട്ടുള്ളതും വ്യക്തിപരമായി ഏറ്റവും ഇഷ്ടമുള്ള
ഇടവും യൂസി കോളജാണ്. യൂസിയില്‍ തന്നെ പഠിച്ചാല്‍ മതിയായിരുന്നു എന്നു തോന്നിയിട്ടുണ്ട് പിന്നെ.
ഇവിടെ നിന്നു പോയതിനു ശേഷം ഇത്ര നല്ലൊരു ക്യാംപസൊന്നും ഞാന്‍ കണ്ടിട്ടില്ല. പിള്ളേരാണെങ്കിലും ഇവി
ടുത്തെ സ്റ്റാഫായിരുന്നെങ്കിലും നമ്മുടെ വീട്ടില്‍ പോകുന്ന ഒരു ഫീലായിരുന്നു. അതിനു ശേഷം ഞാന്‍ പഠിച്ചി
രുന്ന കോളജില്‍ ക്രിയാത്മകമായി നമ്മുക്കൊന്നും ചെയ്യാന്‍ പറ്റാത്ത സ്ഥലമായിരുന്നു. പഠിത്തവും പൊളി
റ്റിക്സും അടിയും പിടിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ അവിടെ. ഇവിടെ പഠിച്ചിരുന്ന സമയത്ത് ഞാനും എന്റെ
ഫ്രണ്ട്സും എല്ലാ ദിവസവും എന്തെങ്കിലും പരിപാടിയായിട്ട് ഇറങ്ങുമായിരുന്നു. മൈമോ, സ്കിറ്റോ, പാട്ടോ
അങ്ങനെ എന്തു പരിപാടിയുണ്ടെങ്കിലും പേരു കൊടുക്കുക, ഒച്ചപ്പാടുണ്ടാക്കുക, ബഹളംവയ്ക്കുക അതായി
രുന്നു പരിപാടി. എന്റെ ഉള്ളില്‍ എന്തെങ്കിലും നന്മയുണ്ടെങ്കില്‍ എന്നിലൊരു മനുഷ്യനുണ്ടെങ്കില്‍ അതിന്റെ
കാരണം യൂസി കോളജാണ്. പറവൂര്‍ ആയിരുന്നു എന്റെ സ്കൂള്‍, എല്ലാ ദിവസവും ഈ വഴിക്കാണ് പൊക്കോ
ണ്ടിരുന്നത്. കോളജ് കാണുമ്പോള്‍ ഇവിടെ തന്നെ പഠിക്കണമെന്ന് കൊതിച്ചിരുന്നു. പിന്നെ യൂസിയില്‍ പഠിച്ചവ
രൊക്കെ ഫിലിം സ്റ്റാറും എഴുത്തുകാരുമൊക്കെയായപ്പോള്‍ ഞാന്‍ കരുതി ഇനി എളുപ്പത്തില്‍ എങ്ങാനും ബിരി
യാണി കൊടുത്താലെങ്കിലോ എന്ന്.

### സിനിമയാണ് വഴിയെന്നു തീരുമാനിക്കുന്നത് എപ്പോഴാണ്

പത്താം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന സമയം മുതൽ സിനിമാ സംവിധായകൻ ആവണമെന്നായിരുന്നു ആഗ്രഹം. എനിക്കൊരു നടനാകണമെന്നായിരുന്നു ആഗ്രഹം. ചാൻസ് ചോദിച്ചു സംവിധായകരുടെ പിന്നാലെ നടക്കുന്നതിനു പകരം ഞാൻ ഡയറക്ടറായാൽ എനിക്കു തന്നെ അഭിനയിക്കാമല്ലോ ഇതായിരുന്നു സംവിധായകൻ ആകാനമെന്ന ആഗ്രഹത്തിലേക്ക് എന്നെ നയിച്ചത്. പിന്നെ യുസിയിൽ പഠിക്കുമ്പോൾ ഞാനൊരു നാടകം ചെയ്തു. ഞാൻ തന്നെ തിരക്കഥയെഴുതി, സംവിധാനം ചെയ്ത് അഭിനയിച്ചൊരു നാടകം. ആ നാടകം ഇവിടെ വലിയ ഹിറ്റായിരുന്നു. അതിനു മികച്ച ജനപ്രീതിയാർജ്ജിച്ച നാടകത്തിനുള്ള അവാർഡ് കിട്ടി. അതിലാണ് എനിക്കു തോന്നിയത് സംവിധാനം പറ്റിയപണിയാണ് ഒന്ന് ചെയ്തു നോക്കാമെന്ന്. ദ സീക്രെട്ട് എന്നായിരുന്നു നാടകത്തിന്റെ പേര് കോമഡിയായിരുന്നു. നാടകമത്സരം എന്ന് എഴുതിവെച്ചിരിക്കുന്ന കണ്ടപ്പോൾ വെറുതെ പേരു കൊടുക്കാൻ തോന്നി. നാടകം എഴുതാൻ വയ്യ, കഷ്ടപ്പെടാനും വയ്യ പക്ഷേ എങ്ങനെയെങ്കിലും സ്റ്റേജിൽ കയറുകയും വേണം. കൃഷ്ണപ്രസാദ് എന്നൊരു കൂട്ടുകാരൻ ഉണ്ടായിരുന്നു എനിക്ക്. അവന്റെ അച്ഛൻ ചല ച്ചിത്ര നിർമ്മാതാവായിരുന്നു. ക്രൈം ഫയൽ എന്ന ചിത്രത്തിന്റെ ആദ്യത്തെ പേര് 'ദ സീക്രെട്ട്' എന്നായിരുന്നു. അതിനു വേണ്ടി ചെയ്തൊരു പോസ്റ്റർ ഇവൻ കൊണ്ടു തന്നു. അതിൽ 'ദ സീക്രെട്ട്' എന്നു എഴുതിയിരുന്നു. ഞാൻ പറഞ്ഞു നമുക്കു എല്ലാവർക്കും കൂടി സ്റ്റേജിൽ കയറി 'ദ സീക്രെട്ട്' എന്നു മൂന്നു പ്രാവശ്യം പറഞ്ഞിട്ട് ഇറങ്ങി പോരാം. അതായിരുന്നു പ്ലാൻ. വൈകുന്നേരമായപ്പോൾ കൂട്ടത്തിലൊരുത്തൻ പറഞ്ഞു 'എന്തിനാടാ വെറുതെ സ്റ്റേജിൽ കയറി നാണം കെടുന്നത്, എന്തെങ്കിലുമൊരു തട്ടിക്കൂട്ട് കഥയെങ്കിലും ചെയ്തു കൂടെ'. അങ്ങനെ ഞാൻ എഴുതാൻ നിയോഗിക്കപ്പെട്ടു. ഞാൻ വീട്ടിൽ പോയി വായിൽതോന്നിയത് എന്തൊക്കെയോ എഴുതി കൊണ്ടു വന്നു, ചെയ്തു. സംഭവം ഭയങ്കര ഹിറ്റായി. അങ്ങനെ വെറുതെയൊരു തമാശക്കു തോന്നി ചെയ്തതാണ് ആ നാടകം. അന്നാണ് എനിക്ക് ആദ്യമായിട്ട് എന്തെങ്കിലുമൊരു കഴിവുണ്ടെന്നു സ്വയം തോന്നുന്നത്. അവിടെ നിന്ന് ഞാൻ ഉറപ്പിച്ചു, എനിക്ക് ഡയറക്ടറാകണമെന്ന്.

### ഐടി കമ്പനിയിലെ ഉയർന്ന ശമ്പളമുള്ള ജോലി ഉപേക്ഷിച്ചിട്ടായിരുന്നു സിനിമ പിടിക്കാനുള്ള പുറപ്പാട്

എനിക്കു പിന്തുണ കിട്ടി എല്ലായിടത്തു നിന്നും. ഡയറക്ടർ എന്നാണു ഞാൻ സ്വയം വിളിച്ചുകൊണ്ടിരുന്നത്. ഞാൻ ഇൻഫോസിസിൽ ജോലി ചെയ്യുന്ന സമയത്തു സമപ്രായക്കാരായ ഒരുപാട് പേരുണ്ടായിരുന്നു എന്റെ ബാച്ചിൽ. അവരോടൊക്കെ ഞാൻ ഡയറക്ടറാകണം ഡയറക്ടറാകണം എന്നു പറഞ്ഞു കൊണ്ടിരുക്കുമായിരുന്നു. എന്നെ കാണുമ്പോൾ തന്നെ അവർ ചോദിക്കും 'ഡയറക്ടർ എവിടെ പോകുന്നു ഡയറക്ടർ ഫുഡ് കഴിച്ചോ' എന്നൊക്കെ. അതു കേൾക്കുമ്പോൾ തന്നെ നമുക്ക് ഡയറക്ടറാകാൻ തോന്നും. പിന്നെ വീട്ടുകാരും 'എപ്പോഴാ ഡയറക്ടറാകുന്നേ' എന്നു ചോദിച്ചു തുടങ്ങി. ഞാൻ ആരെയെങ്കിലും പരിചയപ്പെട്ടാൽ ആദ്യം പറയുക എനിക്കു സംവിധായകൻ ആകാൻ ആഗ്രഹമുണ്ടെന്നാകും. പിന്നീട് കാണുമ്പോൾ അവരും ചോദിക്കും എന്തായി കാര്യങ്ങളെന്ന്. അങ്ങനെ എന്നെ അറിയുന്നവർ എല്ലാവരും ചോദിച്ചു തുടങ്ങി നീ എപ്പോഴാ ഡയറക്ടറാകുന്നതെന്ന്. അങ്ങനെ ഡയറക്ടറായേ മതിയാവൂ എന്ന അവസ്ഥയായി. ആ ചോദ്യങ്ങൾ തന്നെയായിരുന്നു എന്റെ ഏറ്റവും വലിയ പ്രചോദനവും. ജോലിയൊക്കെ രാജിവച്ചു ഇതിനു വേണ്ടി തന്നെ ഇറങ്ങി പുറപ്പെട്ടു. പിന്നെ എന്തുകാര്യം ചെയ്യുമ്പോഴും നമുക്ക് സ്വയം ഒരു വിശ്വാസം വേണം. എന്തോ ഭാഗ്യത്തിനു ഉള്ളിലൊരു വിശ്വാസം ഉണ്ടായിരുന്നു. പിന്നെ പല കാര്യങ്ങളും ഒത്തു വന്നു.

ജൂഡ് യുസിയിലെ പ്രീഡിഗ്രി പഠനകാലത്ത് സുഹൃത്തിനൊപ്പം



### ഒരു പെൺകുട്ടിയുടെ പോയിന്റ് ഓഫ് വ്യൂവിലെ പ്രണയം; ആദ്യ ചിത്രത്തിൽ തന്നെ ഇത്തരത്തിലൊരു പരീക്ഷണമെടുക്കാൻ കാരണം

തിരഞ്ഞെടുത്തതല്ല. മമ്മൂട്ടിയുടെ ആത്മകഥയായിരുന്നു ഞാൻ ആദ്യം സിനിമയാക്കാൻ ഇരുന്നത്. ഞാൻ അതിന്റെ എഴുത്തിലായിരുന്നു. പഴയകാലം കാണിക്കണം, ഒരുപാട് സമയമെടുക്കണം അങ്ങനെയൊരു സിനിമ യഥാർത്ഥ്യമാക്കാൻ. പെട്ടെന്നു നടക്കുന്നൊരു പ്രോജക്റ്റ് അല്ല അത്. നാലു വർഷത്തോള

**"എന്റെ ഉള്ളിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ എന്നിലൊരു മനുഷ്യനുണ്ടെങ്കിൽ അതിന്റെ കാരണം യൂസി കോളജാണ്."**



**പ്രണയത്തെക്കുറിച്ചു പറയുകയാണെങ്കിൽ മനസ്സിൽ ഏറ്റവും കൂടുതൽ പ്രണയമുള്ള വ്യക്തി ഞാനാണെന്നു എനിക്കു തോന്നിയിട്ടുണ്ട്. പ്രണയം ഇല്ലായിരുന്നെങ്കിൽ ഈ ലോകത്ത് ഒന്നും ഉണ്ടാകുമായിരുന്നില്ല. എത്ര വലിയ കാര്യമാണെങ്കിലും ചെറിയ കാര്യമാണെങ്കിലും മനസ്സിലൊരു പ്രണയമുണ്ടെങ്കിലേ അതു വിജയമാകുകയുള്ളൂ.**

മായിരുന്നു ഡയറക്ടറാകണമെന്ന് എന്നു പറഞ്ഞ് ഇറങ്ങി പുറപ്പെട്ടിട്ട് എനിക്കു എങ്ങും എത്താത്തതിന്റെ വല്ലാത്ത ടെൻഷനുണ്ടായിരുന്നു. എഴുത്തും എങ്ങും എത്തുന്നില്ല. അങ്ങനെ വട്ടു പിടിച്ചിരിക്കുന്ന സമയത്ത് അജു വർഗീസ് വിളിച്ചപ്പോൾ ഞാൻ അവനോട് പറഞ്ഞു എഴുത്ത് എങ്ങും എത്തുന്നില്ല, ഒന്നും ശരിയാവുന്നില്ല എന്നൊക്കെ. അപ്പോ അവൻ പറഞ്ഞു നിനക്കു വേണ്ടി കഥയെഴുതാൻ ഞാൻ മിഥുൻ എന്നൊരു പയ്യനെ ഏർപ്പാടു ചെയ്തിട്ടുണ്ട്. അവൻ അറിയാവുന്ന പയ്യനാണെന്നു പറഞ്ഞു. മിഥുൻ ഒരു ദിവസം എന്നെ വന്നു കണ്ടു. ഒറ്റ ദിവസം തന്നെ അവൻ എന്നോടു അഞ്ചു കഥ പറഞ്ഞു. ഒന്നും എനിക്കിഷ്ടമായില്ല. മിഥുനെ ഞാൻ ഒഴിവാക്കിവിട്ടതാണ്. പിന്നെ ഇവൻ നിരന്തരം എന്നെ ഒരു കഥ പറയാനുണ്ടെന്നു പറഞ്ഞു വിളിക്കാൻ തുടങ്ങി. ഞാൻ ബിസിയാണെന്നൊക്കെ പറഞ്ഞു അവനെ ഒഴിവാക്കിക്കൊണ്ടിരുന്നു. ഒരു ദിവസം വിളിച്ചു അവൻ ഒരു കഥ പറയാം എന്നു പറഞ്ഞു. ഞാൻ പറഞ്ഞു എനിക്കു കേൾക്കേണ്ട. അവൻ പറഞ്ഞു വേറെ ഒരു ഡയറക്ടറിനു വേണ്ടി എഴുതിയതാ വെറുതെ ഒന്നു കേട്ടുനോക്കു എന്നു പറഞ്ഞു. അങ്ങനെ അവൻ കഥ പറഞ്ഞു. കഥ കേട്ട ശേഷം ഞാൻ കുഴപ്പമില്ല നല്ല കഥയാണെന്നു പറഞ്ഞു. ഇതിപ്പൊ ആരെ കൊണ്ടു ഡയറക്ട് ചെയ്യിപ്പിക്കും എന്നായി മിഥുൻ. മറ്റാർക്കോ വേണ്ടി എഴുതിയതാണെന്നല്ലേ പറഞ്ഞത് ഇപ്പോ എന്താ പെട്ടെന്നു സംവിധായകൻ ഇല്ലാതായോ എന്നു ഞാൻ ചോദിച്ചു. നല്ല കഥയാണെങ്കിൽ തനിക്കെടുത്തു കൂടെ എന്നായി അവൻ. എനിക്ക് ഇങ്ങനെയുള്ള പൈങ്കിളി പ്രണയം ഒന്നും ചെയ്യാൻ താൽപര്യമില്ല എന്നു പറഞ്ഞു ഞാൻ ഒഴിഞ്ഞു മാറി. പിന്നെ വീട്ടിൽ പോയിരുന്നു ആലോചിച്ചു ഈ പ്രണയവും നൊസ്റ്റാൾജിയയുമൊക്കെ ഏതു കാലത്തും വിറ്റു പോകുന്ന ഐറ്റം ആണല്ലോ എന്ന്. ഞാൻ അവനെ വിളിച്ചു. നീ എഴുതിയിരിക്കുന്നതുപോലെ ചെയ്യാൻ പറ്റില്ല. നമുക്ക് കുറച്ചു പഴയ കാലമൊക്കെ മിക്സ് ചെയ്യാം. ഹ്യൂമർ വിട്ട് ഒരു സീൻ പോലും വേണ്ടാ. അങ്ങനെ ഞാനും മിഥുനും സംസാരിച്ചു സംസാരിച്ചാണ് കഥ ഈ രൂപത്തിലെത്തിയത്. അല്ലാതെ പ്ലാൻ ചെയ്തെടുത്തൊരു സിനിമയല്ലിത്.

***ടൈറ്റിൽ കാർഡിൽ തക്ക സമയത്ത് ഇട്ടിട്ടുപോയ കാമുകിക്കും പ്രതിസന്ധികളിൽ കട്ടക്കു നിന്ന ഫ്രണ്ട്സിനും നന്ദി പ്രകാശനം. പ്രണയത്തെക്കുറിച്ചും സൗഹൃദത്തെക്കുറിച്ചും***

പ്രണയത്തെക്കുറിച്ചു പറയുകയാണെങ്കിൽ മനസ്സിൽ ഏറ്റവും കൂടുതൽ പ്രണയമുള്ള വ്യക്തി ഞാനാണെന്നു എനിക്കു തോന്നിയിട്ടുണ്ട്. പ്രണയം ഇല്ലായിരുന്നെങ്കിൽ ഈ ലോകത്ത് ഒന്നും ഉണ്ടാകുമായിരുന്നില്ല. എത്ര വലിയ കാര്യമാണെങ്കിലും ചെറിയ കാര്യമാണെങ്കിലും മനസ്സിലൊരു പ്രണയമുണ്ടെങ്കിലേ അതു വിജയമാകുകയുള്ളൂ. എൻജിനീയറിങ് കഴിഞ്ഞു ഒരു ജോലി കണ്ടുപിടിക്കണം, അവളെ വിവാഹം ചെയ്യണം എന്നൊക്കെ കരുതിയിരുന്ന സമയത്താണ് അവൾ പോയി കളഞ്ഞത്. പിന്നെ ജോലി പെട്ടെന്ന് ഒന്നും കണ്ടുപിടിക്കേണ്ട. വളരെ സ്വസ്ഥമായി ഇരുന്ന് ആലോചിക്കാം. സിനിമയെക്കുറിച്ചു മാത്രം ആലോചിച്ചാൽ മതി അവളെക്കുറിച്ചു ചിന്തിക്കുകയേ വേണ്ടാ. അപ്പോ നമ്മൾ ഫ്രീയായി. അതുകൊണ്ടാണു ഞാൻ ആത്മാർഥമായി നന്ദി പറഞ്ഞത്. അല്ലായിരുന്നെങ്കിൽ അവളെയും കെട്ടി നാലു പിള്ളേരുമായി എവിടെയെങ്കിലും അടങ്ങു കൂടി പോകുമായിരുന്നു. കൂട്ടുകാർ കട്ടയ്ക്കു നിന്നു എന്നു പറഞ്ഞത് വളരെ ശരിയാണ്. വീട്ടുകാർക്കു ഭാഗ്യത്തിനു എന്റെ അടുത്തു നിന്നു കാശ് കിട്ടേണ്ട ആവശ്യം ഇല്ലായിരുന്നു. എങ്കിലും എനിക്കു ജീവിക്കാൻ കാശു വേണമായിരുന്നല്ലോ. എന്റെ കൂട്ടുകാരോട് എനിക്ക് അങ്ങോട്ടും ഒന്നും ചോദിക്കേണ്ടി വന്നിട്ടില്ല. ഞാൻ ഇങ്ങനെ നടക്കുമ്പോൾ ഒരുത്തൻ വിളിച്ചിട്ടു നീ ഇപ്പോ എവിടെയുണ്ട്? എനിക്കൊന്നു കാണണമല്ലോ എന്നു പറയും. നിന്റെ കയ്യിൽ കാശ് വല്ലതുമുണ്ടോ, ഉണ്ടാവില്ലല്ലോ എന്നു പറഞ്ഞു ഇങ്ങോട്ടു കാശ് വച്ചു തരുമായിരുന്നു. 'നീ പട്ടിണി കിടക്കേണ്ടവൻ അല്ല നീ സിനിമയൊക്കെ എടുക്കേണ്ടവനാണ്. നീ പടമൊക്കെ സംവിധാനം ചെയ്യുമ്പോൾ കാശ് തിരിച്ചു തന്നാൽ മതി'യെന്നു പറയുന്ന പത്തു പേരെങ്കിലും മിനിമം ഉണ്ടായിരുന്നു സുഹൃത്തുക്കളായി എപ്പോഴും. അവരും വീട്ടുകാരുമൊക്കെ നൽകിയ പിന്തുണ കൊണ്ടാണ് സിനിമയെടുക്കാൻ പറ്റിയത്. അതൊക്കെയൊരു യോഗവും ഭാഗ്യവുമാണ്.

**എനിക്കു ഭയങ്കര ഇഷ്ടമാണു പഴയകാലം. 1980കളിൽ ജീവിച്ചു മരിക്കണമെന്നൊക്കെ ആഗ്രഹിക്കുന്ന ഒരാളാണു ഞാൻ. ഇപ്പോഴത്തെ ബിസി ലൈഫ്, വാട്സ്ആപ്പ്, ഫേയ്സ്ബുക്ക് ഇതൊന്നും ഇല്ലാതെ ഇരുന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഞാനൊക്കെ കംപ്യൂട്ടർ ആദ്യമായി കാണുന്നത് ഇവിടെ നിന്നു പഠിച്ചിറങ്ങുന്ന വർഷമാണ്. അന്നു ഈ കഴ്സർ മാറുന്നില്ലല്ലോ എന്നൊക്കെ പറഞ്ഞു മൗസ് വലിച്ചുകൊണ്ടുപോയിട്ടൊക്കെയുണ്ട്.**



***യുസിയിലെ പ്രണയങ്ങൾ***

യുസിയിൽവച്ചു ഞാൻ പ്രണയിക്കാൻ നോക്കി പക്ഷേ നടന്നില്ല. അതുകൊണ്ടാണ് യുസിയിലെ ലൈഫ് കിടിലനായത്. യുസി കോളജിൽ ക്ലാസ് തുടങ്ങിയതിന്റെ പിറ്റേദിവസം തന്നെ ഞാൻ ലൈൻ വലിക്കാൻ നോക്കി. എന്റെ ക്ലാസിൽ കാണാൻ കൊള്ളാവുന്ന മൂന്നു പെൺകുട്ടികൾ ഉണ്ടായിരുന്നു. മിനു, ഹിമ മറ്റൊരു പെൺകുട്ടി. ക്ലാസ് തുടങ്ങിയതിന്റെ രണ്ടാമത്തെ ദിവസം ലഞ്ച് ബ്രേക്കിന്റെ സമയത്തു ഞാൻ മിനുവിന്റെ അടുത്തുപോയിരുന്നു. എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്, എനിക്ക് ആദ്യമായിട്ടാണ് ഒരു പെൺകുട്ടിയോട് ഇഷ്ടം തോന്നുന്നത്, എനിക്കു നിന്നെ ഇഷ്ടമാണ്. അപ്പോൾ അവൾ പറഞ്ഞു സോറി എനിക്കു വേറെ ഒരാളുണ്ട്. ഞാൻ പറഞ്ഞു ഓകെ താങ്ക്യു. ഞാൻ നേരേ ഹിമയുടെ അടുത്തേക്കു പോയി. ഇതേ ഡയലോഗ്. ഇതു മിനുവും കാണുന്നുണ്ട് ഹിമയും കാണുന്നുണ്ട്. അവർ വിചാരിച്ചു തമാശയാണെന്ന്. നീ ഇപ്പോ ഇതേ ഡയലോഗല്ലേ അവളോടു പറഞ്ഞതെന്ന് ഹിമ. ഹേ അതു നീ കേട്ടോ? അതു വെറുതെ പറഞ്ഞതാ സീരിയസാണെന്നു ഞാനും. പിന്നെ കംപ്ലീറ്റ് ഇമേജ് പോയി കോഴി, വായിനോക്കി ഇമേജായി. പിന്നെ യുസിയിൽ പ്രേമിക്കാനേ നോക്കിയിട്ടില്ല. പിന്നെ ഞാൻ ഇവിടെ അർമാദിച്ചു നടന്നു.

***ഇങ്ങോട്ട് ആരും പ്രണയാഭ്യർഥന നടത്തിയില്ലേ?***

പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ ഇല്ല, സത്യത്തിൽ എന്റെ കാമുകി ഇങ്ങോട്ട് വന്നതാണ്. ഞാൻ മറ്റൊരു പെൺകുട്ടിയെ വളക്കാൻ വേണ്ടി കഷ്ടപ്പെട്ടു നടക്കുമ്പോൾ ഞാൻ പറഞ്ഞ മൊത്തം ഡയലോഗുകളും പോയികൊണ്ടിരുന്നത് അങ്ങോട്ടാണ്. അങ്ങനെ അവസാനം വളഞ്ഞു വന്നു. പിന്നെ അതൊക്കെയൊരു യോഗമാണല്ലോ. പക്ഷേ രസമായിരുന്നു. എനിക്കതിൽ ഒന്നും ഒരു വിഷമവും ഇല്ല.

***സിനിമയിലെ പല രംഗങ്ങളിലും ആത്മകഥാംശം ഇല്ലേ***

തീർച്ചയായിട്ടും. നായിക പൂജ ആണെങ്കിലും അതിൽ ഇരിക്കുന്ന ആത്മാവ് എന്റേതാണ്. അവൾ കാണിക്കുന്ന എല്ലാ മണ്ടത്തരങ്ങളും വികൃതികളും ഞാൻ കാണിച്ചിട്ടുള്ളവയാണ്. കഥാനായകൻ ഗിരി, തിരക്കഥാകൃത്ത് മിഥുനെപോലെയാണ്. അധികം സംസാരിക്കുകയൊന്നുമില്ല. പൂജയുടെ കഥാപാത്രത്തെ പോലെയാണു ഞാൻ. ആരോടും ഇടിച്ചു കയറി വളവളാന്നു സംസാരിക്കും.

ഞാൻ പഠിച്ചുകൊണ്ടിരുന്ന സമയത്ത് വീഗാലാന്റിൽ ടൂറിനു പോയപ്പോൾ എന്റെ ബാച്ചിലുണ്ടായിരുന്ന രണ്ടു പെൺകുട്ടികളെ ഒരുത്തൻ ബാക്കിൽ പിടിച്ചു കയറ്റാൻ നോക്കി. അവനിട്ടു ഞാൻ രണ്ടു പൊട്ടിച്ചു. ആ ഒരു രംഗം മാത്രമാണ് എന്റെ ലൈഫിൽ നിന്നു ഞാൻ നായകനു കൊടുത്തിട്ടുള്ളത്. പള്ളിയിലെ വീഞ്ഞ് കട്ടുകുടിക്കുന്ന അൾത്താര ബാലൻ അതും ഞാൻ തന്നെയാണ്. അങ്ങനെ പടത്തിലുള്ള സകല വൃത്തികേടുകളും ചെയ്തിരിക്കുന്നത് ഞാനാണ്. അടുത്ത സിനിമയിൽ എന്തുകൊടുക്കുമെന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. സ്റ്റോക്ക് മൊത്തം തീർന്നു.

***ദൂരദർശൻ, ശക്തിമാൻ അങ്ങനെ കുറെ സോഷ്യൽ മെമ്മറീസുണ്ടല്ലോ ചിത്രത്തിൽ***

എനിക്കു ഭയങ്കര ഇഷ്ടമാണു പഴയകാലം. 1980കളിൽ ജീവിച്ചു മരിക്കണമെന്നൊക്കെ ആഗ്രഹിക്കുന്ന ഒരാളാണു ഞാൻ. ഇപ്പോഴത്തെ ബിസി ലൈഫ്, വാട്സ്ആപ്പ്, ഫേയ്സ്ബുക്ക് ഇതൊന്നും ഇല്ലാതെ ഇരുന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഞാനൊക്കെ കംപ്യൂട്ടർ ആദ്യമായി കാണുന്നത് ഇവിടെ നിന്നു പഠിച്ചിറങ്ങുന്ന വർഷമാണ്. അന്നു ഈ കഴ്സർ മാറുന്നില്ലല്ലോ എന്നൊക്കെ പറഞ്ഞു മൗസ് വലിച്ചുകൊണ്ടുപോയിട്ടൊക്കെയുണ്ട്. പിന്നെ ലൈഫ് പെട്ടെന്നങ്ങു മാറുകയായിരുന്നു. കംപ്യൂട്ടർ, മൊബൈൽ ഫോൺ, സിഡി അങ്ങനെ പലതും വരുന്നു. ഒരു ഏരിയ മൊത്തം മാഞ്ഞു പോകുകയായിരുന്നു അവിടെ. അതൊക്കെ വല്ലാതെ മിസ് ചെയ്യുന്ന ഒരാ

ളാണ് ഞാൻ. പടം ചെയ്യുമ്പോൾ അതിൽ പഴയ കാലം കൊണ്ടുവരണമെന്നു ആഗ്രഹിച്ചിരുന്നു. അങ്ങനെ മനഃപൂർവ്വമിട്ടതാണ് അതൊക്കെ. ഞാൻ കരുതി അതു എനിക്കു മാത്രമാണ് മിസ് ചെയ്യുന്നതെന്ന്. പക്ഷെ ഒരുപാട് പേർക്കു അതു മിസ് ചെയ്യുന്നുണ്ടെന്നാണ് പടം പുറത്തിറങ്ങി കഴിഞ്ഞപ്പോഴുള്ള പ്രതികരണം സൂചിപ്പിക്കുന്നത്.

***പ്രീഡിഗ്രിയായിരുന്നു ഒരു കോളജിന്റെ ആത്മാവ്***

തീർച്ചയായിട്ടും. പ്രീഡിഗ്രിക്കാർക്കു പ്രത്യേകിച്ചു ടെൻഷൻ ഒന്നും ഉണ്ടായിരുന്നില്ല. ഉഴപ്പി, അലമ്പി ആർമാദിച്ചു നടക്കാമായിരുന്നു. മറ്റുള്ളവർക്ക് അങ്ങനെയല്ലായിരുന്നു അവർക്കു പഠിക്കാൻ ഒരുപാട് ഉണ്ടായിരുന്നു. അവർക്കു ഡിഗ്രി പാസായിട്ടു വേണമായിരുന്നു ജീവിക്കാനുള്ള വഴി കണ്ടെത്തേണ്ടത്. പ്രീഡിഗ്രി തോറ്റാലും കുഴപ്പം ഉണ്ടായിരുന്നില്ല. പ്രീഡിഗ്രിക്കാരുള്ളതുകൊണ്ടു കോളജിൽ എപ്പോഴും എന്തെങ്കിലും പരിപാടികൾ കാണും. പിന്നെ കാണാൻ ഏറ്റവും ഭംഗിയുള്ളതും പാവങ്ങളുമായ പെൺകുട്ടികൾ ഉള്ളതും പ്രീഡിഗ്രി ബാച്ചിലായിരിന്നു. അങ്ങനെ ക്യാംപസിൽ മുഴുവൻ ഒഴുകി നടക്കുന്ന പ്രതീതിയായിരുന്നു പ്രീഡിഗ്രിക്കാർക്ക്. അതു എടുത്തു കളഞ്ഞപ്പോൾ ക്യാംപസ് വല്ലാതെ ഡ്രൈയായി.



യുസിയിലെ ജയ്ജിങ്കോസ് ഗ്യാങ്ങിനൊപ്പം 'ദി സീക്രട്ട്' എന്ന നാടകാവതരണത്തിനു ശേഷം. നാടകത്തിൽ ജയന്റെ ആത്മാവ് കയറിയ പോലീസ് ഓഫീസറുടെ വേഷമായിരുന്നു ജൂഡിന്.

***യുസിയിലെ ഗ്യാങ്***

ജയ്ജിങ്കോസ് എന്നായിരുന്നു ഞങ്ങളുടെ ഗ്യാങിന്റെ പേര്. ജാങ്കോസ് എന്ന പേരിൽ ഡിഗ്രി വിദ്യാർഥികളുടെ മറ്റൊരു ഗ്യാങ് ഉണ്ടായിരുന്നു. ഞാനാണ് പറഞ്ഞത് ഗ്യാങിനു ജിങ്കോസ് എന്നു പേരിടാമെന്ന്. എന്തിനാണ് വെറുതെ സീനിയേഴ്സിന്റെ കയ്യിൽ നിന്നു തല്ലുമേടിച്ചു കൂട്ടുന്നതെന്നു ചോദിച്ചപ്പോൾ ഞാൻ പേരു ജയ് ജിങ്കോസ് എന്നു പരിഷ്കരിക്കാമെന്നു പറഞ്ഞു. നാടകം കളിച്ച കാര്യം നേരത്തെ പറഞ്ഞിരുന്നല്ലോ. നാടകം തുടങ്ങും മുൻപ് ഞാൻ അനൗൺസ് ചെയ്തു ജാങ്കോസ് എന്ന മഹാപ്രസ്ഥാനവുമായി ജിങ്കോസ് എന്ന മഹാപ്രസ്ഥാനത്തിനു യതൊരു ബന്ധവുമില്ല. ഇന്റർവെൽ ആയപ്പോൾ ജാങ്കോസിലെ ചേട്ടൻമാർ വന്നു എന്നെ പൊക്കി ബാക്ക് സ്റ്റേജിൽ കൊണ്ടു പോയി കുത്തിനു പിടിച്ചിട്ടു ചോദിച്ചു നിന്നോടാരാടാ പറഞ്ഞത് ഞങ്ങളുടെ പേര് പറയാൻ. ഞാൻ ചോദിച്ചു എന്താ ഇനി ചെയ്യേണ്ടത്. ജാങ്കോസിനു ബന്ധമുണ്ടെന്ന് അനൗൺസ് ചെയ്യാൻ പറഞ്ഞു. എന്നിട്ട് അവർ എന്നെ സ്റ്റേജിലേക്കു ഉന്തിയിട്ടു. നാടകം കഴിഞ്ഞപ്പോൾ വീണ്ടും വന്നു. നാടകം നല്ലതായതുകൊണ്ടു ഒന്നു ചെയ്യുന്നില്ല. മേലാൽ ജാങ്കോസിന്റെ പേരു ഉപയോഗിച്ചു പോകരുതെന്ന താക്കീതും തന്നു.

***വിനീത് ശ്രീനിവാസനുമായുള്ള സൗഹൃദം***

മലർവാടി ആർട്സ് ക്ലബിലാണ് ഞാൻ ആദ്യമായി വിനീതിനൊപ്പം വർക്ക് ചെയ്യുന്നത്. അതിൽ ലാസ്റ്റ് അസിസ്റ്റന്റായിരുന്നു. ക്ലാപ്പ് ബോയ് ആയിരുന്നു. രാവിലെ ലൊക്കേഷനിൽ വരും. ഞാൻ നമസ്കാരം പറയും വിനീത് തിരിച്ചു പറയും. ആ ബന്ധമേ ഉണ്ടായിരുന്നുള്ളു. ഷൂട്ടിങിനിടയിൽ വിഷു വന്നു. അവനു ഞാൻ ഒരു മെസേജ് അയച്ചു 'ഇന്നു വിഷു നാളെ വെറും ഷു'. രാവിലെ ലൊക്കേഷനിൽ വന്നപ്പോൾ വിനീത് എന്നെ വിളിച്ചു. എടാ നീയാണോ ആ മെസേജ് അയച്ചത്. ഞാൻ പറഞ്ഞു അതെ. നീ കൊള്ളാമല്ലോ നിന്റെ കയ്യിൽ ഇനിയുമുണ്ടോ ഇങ്ങനത്തെ സ്റ്റോക്ക്. ഞാൻ ചോദിച്ചു ഇങ്ങനത്തെ ചളിയാണോ നിനക്കു ഇഷ്ടം. അന്നു മുതലാണു വിനീത് എന്നെ ശ്രദ്ധിച്ചു തുടങ്ങിയത്. പിന്നെ എന്തെങ്കിലുമുണ്ടെങ്കിൽ എന്നെ വിളിച്ചു ചോദിക്കും. ഞാൻ കത്തിയടിക്കുന്നതു കൊണ്ട് വിനീതും തിരിച്ചു കത്തിയടിക്കുമായിരുന്നു. ഞാൻ എടാന്നു വിളിച്ചു തുടങ്ങി, എന്നെയും തിരിച്ചു വിളിച്ചു തുടങ്ങി. അളിയാന്നു വിളിച്ചു തുടങ്ങി, പിന്നെ തെറി വിളിച്ചു തുടങ്ങി. അങ്ങനെ ഭയങ്കര ബന്ധമായി. എവിടെ പോയാലും എനിക്കൊരു വില ഉണ്ടായിരുന്നു. ഒന്നാമത് ഇൻഫോസിസിൽ നിന്നു വിട്ടു പോയൊരാൾ എന്നതുകൊണ്ട് ചുമ്മാ നടന്നവൻ അല്ല എന്നൊരു പരിഗണനയുണ്ടായിരുന്നു. അതു കൂടാതെ വിനീത് ശ്രീനിവാസന്റെ അസിസ്റ്റന്റാണെന്നു പറയുമ്പോൾ പ്രത്യേകമൊരു ബഹുമാനം കിട്ടിയിരുന്നു. വിനീതുമായിട്ടുള്ള ബന്ധം തന്നെയാണു ഇത്ര പെട്ടെന്നു ഒരു സിനിമ ചെയ്യാനുള്ള വഴിയൊരുക്കിയതും.

### ജീവിതം സിനിമക്കു മുമ്പും പിമ്പും

സിനിമക്കു മുമ്പും പിമ്പും എനിക്കു കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. ചില ആളുകളുടെ മനോഭാവത്തിലൊക്കെ മാറ്റം വന്നു. ഞാൻ ജോലി രാജിവച്ച സമയത്തു ചില ബന്ധുക്കളൊക്കെ ചോദിക്കുമായിരുന്നു നല്ലൊരു ജോലിയും കളഞ്ഞിട്ട് ഇങ്ങനെ നടക്കാൻ നിനക്കെന്താ വട്ടാണോ എന്ന്. പെണ്ണുകെട്ടാൻ ഒന്നും ഉദ്ദേശമില്ലേ? ജോലി ഇല്ലാത്തവർക്കു പെണ്ണ് കിട്ടില്ലയെന്നൊക്കെ പറയുമായിരുന്നു. ഞാൻ പറയുമായിരുന്നു എന്നെ വെറുതെ വിടൂ. ഞാൻ നിങ്ങളുടെയൊന്നും വീട്ടിലേക്കു വരുന്നില്ല, കാശ് കടം ചോദിക്കുന്നുമില്ലാ. ഇപ്പോൾ അവർക്കു കാണുമ്പോൾ തന്നെ ഭയങ്കര ബഹുമാനമൊക്കെയാണ്. അവർക്ക് മാറ്റം വന്നിട്ടുണ്ട്. എനിക്കു മാറ്റമൊന്നും വന്നിട്ടില്ല. എനിക്കു തോന്നിയിട്ടുള്ള ഒരു കാര്യം നമ്മൾ ഒരു സംവിധായകനോ സ്റ്റാറോ ഒക്കെയായി കഴിയുമ്പോൾ പിന്നെ നമ്മൾ ഏസിയൊക്കെ ഇട്ട് സ്വന്തം കാറിലേ യാത്ര ചെയ്യൂ. പുറത്തുള്ള ആളുകളുമായുള്ള ബന്ധം തന്നെ നഷ്ടപ്പെടും. അതുകൊണ്ടാവാം പണ്ടു പല നല്ല സിനിമകൾ എടുത്തിരുന്നവരുടെയും സെൻസ് നഷ്ടപ്പെടുകയും അവരുടെ സിനിമകൾ നിരന്തരം പരാജയപ്പെടുകയും ചെയ്യുന്നത്. അങ്ങനെ എന്റെ സെൻസും നഷ്ടപ്പെട്ടു പോകുമോ എന്നൊരു പേടിയുള്ളതു കൊണ്ട് ഞാൻ ഇപ്പോഴും ബസിലാണ് യാത്ര ചെയ്യുന്നത്.



### സിനിമയുടെ കൊമേഴ്ഷ്യൽ വിജയം സംവിധായകൻ എന്ന നിലയിൽ ഉത്തരവാദിത്വം വർദ്ധിപ്പിച്ചോ

എനിക്ക് അങ്ങനെയൊരു ഉത്തരവാദിത്വം തോന്നിയിട്ടൊന്നുമില്ല. ഞാൻ സിനിമ ചെയ്തില്ലെന്നു കരുതി ഇവിടെ ഒന്നും സംഭവിക്കാൻ പോകുന്നില്ല. എന്റെ സിനിമ പരാജയപ്പെട്ടെന്നു കരുതി ഇവിടെ ലോകം ഇടിഞ്ഞു വീഴാനൊന്നും പോകുന്നുമില്ല. എനിക്കു മാത്രമേ നഷ്ടമുള്ളു. അതുകൊണ്ട് ഉത്തരവാദിത്വം എന്നൊന്നും പറയേണ്ട ആവശ്യമില്ല. എല്ലാവരെയും തൃപ്തിപ്പെടുത്തി ഒരു സിനിമ ചെയ്യേണ്ട ആവശ്യമൊന്നുമില്ല നമുക്ക്. ഈ ഉത്തരവാദിത്വമൊക്കെ എന്റെ അടുത്ത സിനിമ തുടങ്ങി ആദ്യത്തെ മൂന്നു മിനിട്ടിലെ ഉണ്ടാകൂ. അതിനു ശേഷം പ്രേക്ഷകർ തീരുമാനിക്കും തുടർന്നു കാണണോ, എഴുന്നേറ്റ് പോകണോയെന്ന്. പടം എപ്പോൾ ഓടുന്നോ അപ്പോ പ്രേക്ഷകർ കൂടെ നിൽക്കും അല്ലാതെ ഉത്തരവാദിത്വം കൊണ്ടു ഇരുന്നിട്ടൊന്നും ഒരു കാര്യവുമില്ല. വെറുതെ ടെൻഷനടിക്കാം എന്നല്ലാതെ..



### രഞ്ജി പണിക്കരുടെയും ലാൽ ജോസിന്റെയും കാസ്റ്റിങ്

മത്തായി ഡോക്ടർ എന്ന കഥാപാത്രം എഴുതുമ്പോൾ തന്നെ ഞാൻ മിഥുനോടു പറഞ്ഞു സ്ഥിരം കാണുന്ന ആരും വേണ്ടാ. മത്തായി ഡോക്ടർ എന്നു പറയുമ്പോൾ തന്നെ എല്ലാവരുടെയും മനസ്സിൽ ആദ്യം എത്തുന്നത് ലാലു അലക്സായിരിക്കും. 'എന്റെ പൊന്നുമോളേ' എന്നു വിളിച്ചോണ്ട് ഓടി വരും ഞാൻ പറഞ്ഞു അതു വേണ്ടാ. മലയാള സിനിമയിൽ ഇതുവരെ അച്ഛൻ വേഷം ചെയ്ത ഒരാളും വേണ്ടാ. എന്നാൽ മലയാളികൾക്കു പരിചയമുള്ള മുഖമായിരിക്കുകയും വേണം. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയെ വരെ ഞാൻ ആലോചിച്ചു. ഇയാളെ കാണാൻ നല്ല ഭംഗിയുണ്ടല്ലോ, നല്ല അച്ഛൻ. പിന്നെ ഞാൻ കരുതി വേണ്ടാ പുള്ളിക്കു നല്ല തിരക്കായിരിക്കും. ഇനി അഥവാ പുള്ളിക്കു അഭിനയിക്കാൻ അറിയില്ലെങ്കിൽ എന്റെ പണി കൂടുകയും ചെയ്യും. മിഥുനാണ് രഞ്ജി പണിക്കരുടെ പേരു നിർദ്ദേശിച്ചത്. ഗൂഗിളിൽ കയറി സേർച്ച് ചെയ്തപ്പോൾ ഇയാൾ ചിരിച്ചു കൊണ്ടിരിക്കുന്ന ഒരു പടവും കണ്ടു. ഞാൻ പറഞ്ഞു മിഥുനെ നല്ല ചിരിയാണല്ലോ ഒന്നു വിളിച്ചു നോക്കിയാല്ലോ എന്നു പറഞ്ഞു. ഞാൻ വിളിച്ചു. കണ്ടു, കഥ പറഞ്ഞു. പുള്ളിക്ക് ആദ്യം നല്ല പേടിയുണ്ടായിരുന്നു. ഞാൻ ഭയങ്കര സ്റ്റിഫാണ് എന്റെ മുഖത്ത് ഭാവമൊന്നും വരില്ലയെന്നും പുള്ളി പറഞ്ഞു. ഞാൻ പറഞ്ഞു സാരമില്ല അതൊക്കെ ഞാൻ നോക്കി കൊള്ളാം. അദ്ദേഹം വന്നു. അഭിനയിക്കാനൊക്കെ പുള്ളിക്ക് ഇഷ്ടമായിരുന്നു. ആദ്യത്തെ ദിവസം അദ്ദേഹം കുറച്ചു കഷ്ടപ്പെട്ടു. പിന്നീട് അങ്ങോട്ടു പുള്ളി തകർത്ത് അഭിനയിച്ചു.

ലാൽജോസ് സാറിനെ എനിക്കു ഒരു പരിചയവുമില്ല. ഞാൻ അദ്ദേഹത്തെ കാണാൻ ചെന്നു. വിസ്മയമാക്സിൽ കിടന്ന് ഉറങ്ങുകയായിരുന്നു അദ്ദേഹം. ഞാൻ പുറത്തു വെയ്റ്റ് ചെയ്തു. പുള്ളി ഉറക്കമൊക്കെ കഴിഞ്ഞു പതുക്കെ പുറത്തോട്ട് വന്ന് ഒരു സിഗററ്റൊക്കെ കത്തിച്ചു. ഞാൻ പറഞ്ഞു സാർ ഒരു സ്ക്രിപ്റ്റ് പറയാനുണ്ട്. വലിയ താൽപര്യമൊന്നുമില്ലാതെ അദ്ദേഹം പറഞ്ഞോളു എന്നൊന്നു അമർത്തി മൂളി. ഞാൻ പതുക്കെ കഥ പറഞ്ഞു തുടങ്ങി 10 മിനിട്ടൊക്കെ കഴിഞ്ഞപ്പോൾ പുള്ളി പതുക്കെ സിഗററ്റൊക്കെ മാറ്റി ശ്രദ്ധിക്കാൻ തുടങ്ങി. സംഗതി ഏറ്റുവെന്ന് എനിക്കു മനസ്സിലായി. ഫുൾ സ്ക്രിപ്റ്റ് ഒറ്റ ഇരിപ്പിൽ പറഞ്ഞു തീർത്തു. പറഞ്ഞു നിർത്തിയപ്പോൾ സാർ ചോദിച്ചു അല്ല ഇതിലിപ്പോ ഞാൻ എന്താ ചെയ്യേണ്ടത്. ഞാൻ പറഞ്ഞു സാർ അഭിനയിക്കണം. മെക്കാനിക്കിന്റെ റോളാണോ? ഞാൻ പറഞ്ഞു അല്ല. അതു ചെയ്യാൻ വേറെ ആളുണ്ട്. സാർ ചെയ്യേണ്ടത് എഴുത്തുകാരന്റെ വേഷമാണ്. ഹേയ് അതൊന്നും ശരിയാവില്ല, എന്റെ ശവാഭിനയമാണ്, എന്റെ മുഖത്തു ഭാവം ഒന്നും വരില്ല എന്നു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി. ഞാൻ പിന്നെ കാലുപിടിച്ചു സമ്മതിപ്പിക്കുകയായിരുന്നു. പുള്ളി എന്നോടു പറഞ്ഞൊരു കാര്യമുണ്ട്. വർഷങ്ങളായി ഞാൻ എത്രയോ പടങ്ങളിൽ തല കാണിച്ചു. എന്റെ അടുത്ത കൂട്ടുകാരു വരെ വിളിച്ചു തനിക്കു വേറെ പണിയില്ലേ എന്നു വരെ ചോദിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് എന്റെ അഭിനയം നന്നായി എന്ന് എന്റെ കൂട്ടുകാരൊക്കെ പറയുന്നത്. അതുപോലെ രഞ്ജി പണിക്കർ സാർ എന്നോടു പറഞ്ഞിട്ടുണ്ട് അദ്ദേഹം ഇത്രയും കാലം മലയാള സിനിമയിൽ ഉണ്ടായിട്ട് ആദ്യമായിട്ടാണ് അദ്ദേഹത്തിനു ഇത്രയും കോൾ ഒരു സിനിമയുമായി ബന്ധപ്പെട്ടു ലഭിച്ചതെന്ന്. ആളുകൾ രഞ്ജി പണിക്കർ എന്നൊന്നും വിളിക്കുന്നില്ല പകരം ഡോക്ടറേ സുഖമാണോ, മത്തായി ഡോക്ടറെ എന്നൊക്കെയാണു വിളിക്കുന്നതെന്ന്. അങ്ങനെഎല്ലാവർക്കും ഭയങ്കര ഭാഗ്യമുള്ള സിനിമയായിരുന്നു ഓം ശാന്തി ഓശാന.

യാത്ര പറഞ്ഞു പിരിയും മുമ്പ് ഓം ശാന്തി ഓശാന ഷൂട്ട് ചെയ്യാൻ കോളജ് വിട്ടുകൊടുക്കാത്തതിന്റെ പരിഭവം ജൂഡ് പങ്കുവച്ചു. ക്യാംപസിനു എന്തെങ്കിലും പ്രധാന്യമുള്ള കഥ സിനിമയാക്കാൻ അവസരം ലഭിച്ചാൽ സകല സ്വാധീനവും ഉപയോഗിച്ചു യുസിയിൽ തന്നെ ഷൂട്ട് ചെയ്യുമെന്നും ജൂഡ്. ക്രിക്കറ്റ് കളിച്ചപ്പോൾ കൈ ഉളുക്കിയതാണെന്നാണ് ആദ്യം പറഞ്ഞത്. അഞ്ഞിലി ചക്ക തിന്നാനുള്ള കൊതിക്കു മരത്തിൽ വലിഞ്ഞു കയറിയപ്പോഴാണ് കൈ ഒടിഞ്ഞതെന്ന പരമമായ രഹസ്യം പരസ്യമാക്കിയ ശേഷമാണ് അദ്ദേഹം കട്ട് പറഞ്ഞത്.

# കടൽ

മഴ പെയ്തു നനഞ്ഞ മരങ്ങൾക്കും മണ്ണിനും മേൽ ഇളം വെയിൽ വീണു കിടക്കുമ്പോഴത്തെ തിളക്കമായിരുന്നു ആ നാളുകൾക്ക്. റോഡുകൾ, വാഹനങ്ങൾ, കെട്ടിടങ്ങൾ അങ്ങനെ ചുറ്റുമുള്ള നാഗരികതയുടെ അടയാളങ്ങളെല്ലാം ഒരു നിമിഷം ഇറേസർ കൊണ്ടു മായ്ച്ചു കളഞ്ഞാൽ, ചെറിയൊരു കുന്നിൻ പുറത്തെ പ്രാചീനമെന്നു തോന്നിപ്പിക്കുന്ന കോളജായിരുന്നു അത്. വൻ മരങ്ങൾ. നിബിഡമായ പച്ച. മരങ്ങൾക്കിടയിലൂടെ നാടപോലെ കിടക്കുന്ന ചെമ്മൺ പാത. മഞ്ഞയും ചുവപ്പും നിറത്തിൽ പൂത്തു നിൽക്കുന്ന വാകകളിൽ നിന്നു വഴിയിലേക്കു അടർന്നു വീണ പൂക്കൾ.

പ്രണയിക്കാതെ വയ്യായിരുന്നു. പ്രണയിക്കുമ്പോൾ, ഏറ്റവും ആഴത്തിലേൽക്കുന്ന മുറിവു പോലെ, ഏറ്റവും അഗാധമായി പ്രണയിക്കാതെയും വയ്യായിരുന്നു. ക്യാംപസിന്റെ അന്തരീക്ഷം എല്ലാവരെയും പ്രണയികളാക്കി. ആൺകുട്ടികൾ കാമുകിമാരുടെ മിഴികളിലേക്കുറ്റു നോക്കി അതിന്റെ അഗാധതയിലേക്കു എന്നെന്നേക്കുമായി പിടഞ്ഞു വീണു. മരച്ചുവടുകളിൽ പെൺകുട്ടികൾ കൂട്ടുകാരുടെ കയ്യിൽ അമർത്തിപ്പിടിച്ച് ജീവിതത്തിനു മുഴുവനും വേണ്ടിയുള്ള ധൈര്യവും ഊർജവും നേടി. മഴ പെയ്യുമ്പോൾ ഒരു കുടക്കീഴിൽ അവർ ഒരുമിച്ചു നടന്നു.

ക്യാംപസിൽ, ഉപേക്ഷിക്കപ്പെട്ടതെന്നു തോന്നിപ്പിക്കുന്ന പഴയൊരു ഹോസ്റ്റലിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. നാലുകെട്ടുകളെ ഓർമിപ്പിക്കുന്ന, നടുവിൽ കളിമുറ്റമുള്ള ഒരു കെട്ടിടം. രണ്ടാം നിലയിലെ ചില മുറികളിൽ മാത്രം കുറച്ചു കുട്ടികൾ താമസിച്ചു. അവിടെ, വാതിലുകളില്ലാത്ത കുളിമുറികൾ, എപ്പോഴും കുന്നുകൂടിക്കിടക്കുന്ന അഴുക്കു വസ്ത്രങ്ങൾ, ചിതറിക്കിടക്കുന്ന കടലാസുകളും പുസ്തകങ്ങളും. എല്ലാത്തിനും മീതെ, ആ ആൺ മണവും.

താഴത്തെ നില ഒഴിഞ്ഞു കിടന്നു. അവിടെ തുറക്കപ്പെടാത്ത അനേകം മുറികളിൽ അനേകമനേകം പേരുടെ യൗവനാസക്തികളും തീവ്രസ്വപ്നങ്ങളും പ്രണയഭംഗങ്ങളുമൊക്കെ അടക്കം ചെയ്യപ്പെട്ടിരുന്നു. സെമിത്തേരികളിലേതു പോലെ നിശ്ശബ്ദമായിരുന്നു താഴത്തെ ആ നില. അവിടെയായിരുന്നു അതിഥികൾക്കു വേണ്ടിയുള്ള മുറി.

അപൂർവമായി മാത്രം ആരെങ്കിലും വന്നു കയറുന്ന ആൺ ഹോസ്റ്റലിലെ ആ ഗസ്റ്റ്റൂമിൽ അവൾ എനിക്കു വേണ്ടി കാത്തിരുന്നു. ഒരിക്കലും ആരും അടക്കാൻ മിനക്കെടാത്ത ജനാലകളിലൂടെ, മഴ പെയ്യുമ്പോൾ വെള്ളം അടിച്ചു കയറുകയും വേനലിൽ വെയിൽ വന്നു വീഴുകയും ചെയ്തിരുന്നു. ക്ലാസ് തുടങ്ങുന്നതിനു മുൻപുള്ള സമയമായിരുന്നു. പ്രഭാതത്തിലെ മഞ്ഞിന്റെ അവസാനപാളികൾ അപ്പോഴും ബാക്കി നിന്നു. ഗസ്റ്റ് റൂമിലെ പഴയ തടിക്കസേരകളിൽ മുഖാമുഖമിരുന്ന് ഞാൻ അവളുടെ പിടയുന്ന മിഴികളിലേക്കുറ്റുനോക്കി. അതായിരുന്നു ഞാനാദ്യം കണ്ട കടൽ.

മഴയിൽ ചോരുന്ന ചുവരിൽ അവിടവിടെ പായൽ പടർന്ന ആ പഴയ ഹോസ്റ്റൽ ഗസ്റ്റ് റൂമിലിരുന്ന് അവൾ എനിക്കുവേണ്ടി പതിഞ്ഞ ശബ്ദത്തിൽ പാടി. മോക്ഷം കിട്ടാതെ അടക്കം ചെയ്യപ്പെട്ട ഏതൊക്കെയോ ആത്മാക്കളെ ആ പാട്ട് ഉണർത്തിയിരിക്കണം.

തണുത്ത ഒരു കാറ്റ് പതിയെ വീശിക്കടന്നു പോയി. ഹൃദയം നിലയ്ക്കുന്ന ആ പാട്ടിന്റെ വരികൾ ഇപ്പോൾ ഓർക്കാൻ വയ്യ. പാട്ടു തീർന്നപ്പോൾ അവളുടെ മൃദുലമായ വിരലുകളിൽ തൂവൽ കൊണ്ടെന്ന പോലെ ഞാൻ തലോടി, ആ കൈകളിൽ ചുംബിച്ചു. ആദ്യത്തെയും അവസാനത്തെയും ആ സ്പർശത്തിൽ തിരമാലകൾക്കിടയിൽപ്പെട്ട കപ്പൽ പോലെ മനസ് ആടിയുലഞ്ഞു.

ഞങ്ങൾ ക്യാംപസിലേക്കിറങ്ങി, മഞ്ഞിന്റെ ഒരു കൂടാരത്തിലെന്ന പോലെ മരങ്ങളുടെ തണൽപ്പാതയിലൂടെ ഒരുമിച്ചു നടന്നു. അപ്പോൾ മഞ്ഞപ്പൂക്കളുടെ ഒരു മഴ പെയ്തു.

വിദൂരമായ ഏതോ വസന്തത്തിൽ നിന്നെത്തിയ ചിത്രശലഭങ്ങൾ ഞങ്ങളെ ചുറ്റിപ്പറന്നിരിക്കണം. ഓർമയില്ല.

**K. Tony Jose** (1996 - 1998)



സർക്കാരിന്റെ മദ്യനയത്തെക്കുറിച്ച് ഗൗരവമേറിയ ചർച്ചകൾ നടക്കുന്ന സമയമാണിത്. സർക്കാർ ഘട്ടംഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. ഈ അവസരത്തിൽ കേരളത്തിലെ മദ്യനിരോധന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ എം.പി. മന്മഥനെ ഓർമിക്കുകയാണ് മലയാളം വിഭാഗം അദ്ധ്യാപകനായ സജു മാത്യു. യുസി കോളജിലെ പൂർവ്വവിദ്യാർത്ഥിയായ മന്മഥന്റെ ജന്മശതാബ്ദിവർഷം കൂടിയാണ് ഇത്.



# എം.പി. മന്മഥനെ ഓർക്കുമ്പോൾ

Mr. Saju Mathew

കേരളം സമ്പൂർണ്ണ മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള കർമ്മപദ്ധതികളുമായി മുന്നേറുമ്പോൾ, ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് മദ്യനിരോധനത്തിനായി പോരാട്ടം ആരംഭിച്ച എം.പി. മന്മഥന്റെ വഴിയിലേക്ക് വൈകിയെങ്കിലും നാം മടങ്ങി എത്തുകയാണ്. ലഹരിയുടെ അധിനിവേശത്തിന് എതിരെ ശക്തമായ ജനവികാരം ഉയർന്ന 2014 അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് എന്നത് ചിലപ്പോൾ യാദൃച്ഛികം ആയിരിക്കാം. കറകളഞ്ഞ ഗാന്ധിയൻ, മികച്ച അദ്ധ്യാപകൻ, സംഘാടകൻ, വാഗ്മി എന്നിങ്ങനെ എം.പി. മന്മഥന് വിശേഷണങ്ങൾ ഏറെയാണ്. ആലുവ യു.സി. കോളേജിൽ വിദ്യാർത്ഥി ആയിരുന്ന കാലത്തു തന്നെ അദ്ദേഹം പൊതുരംഗത്ത് ഏറെ സജീവമായിരുന്നു. 1937ൽ ഗാന്ധിജിയെ ആലുവയിൽ വെച്ച് കണ്ടതാണ് എം.പി. മന്മഥന്റെ ജീവിതത്തിലെ വഴിത്തിരിവ് ആയ സംഭവം. 'സ്മൃതി ദർപ്പണം' എന്ന ആത്മകഥയിൽ ഗാന്ധിജിയുടെ സന്ദർശനത്തെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. അയിത്തോച്ചാടന പ്രവർത്തനങ്ങളുടെ ഭാഗമായി ഗാന്ധിജി കേരളം സന്ദർശിച്ചപ്പോൾ ആലുവയിൽ അദ്ദേഹത്തിന് സ്വീകരണം ഏർപ്പാടു ചെയ്തത് മന്മഥൻ ആയിരുന്നു.



ഗാന്ധിജിയെ ഖദർമാലയിട്ടു സ്വീകരിക്കുവാൻ കാർത്യായനി എന്ന പതിനൊന്നുകാരി പെൺകുട്ടിയെ ഏർപ്പെടുത്തിയതും അദ്ദേഹമായിരുന്നു. ആ കുട്ടിയാണ് പിൽക്കാലത്ത് ഗാന്ധികാർത്യായനി എന്ന പേരിൽ പ്രശസ്തി നേടിയത്. ദലിതരോടുള്ള ഗാന്ധിജിയുടെ സഹാനുഭൂതിയും സ്നേഹവും ദലിതരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ മന്മഥന് പ്രേരണ നൽകി. തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ് അദ്ധ്യാപകനും പ്രിൻസിപ്പലുമായിരുന്ന കാലത്ത് പിന്നോക്ക വിഭാഗത്തിൽപെട്ട കുട്ടികളുടെ ക്ഷേമത്തിന് വേണ്ടി ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ എം.പി. മന്മഥന് കഴിഞ്ഞു.

സർവോദയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഭൂദാനം, ഖാദി പ്രചാരണം എന്നീ മേഖലകളിലും സജീവമായി പ്രവർത്തിച്ച മന്മഥൻ 1980 ലാണ് കേരള മദ്യനിരോധന സമിതിയുടെ പ്രസിഡന്റായത്. 1994 ആഗസ്റ്റ് 15 നു മരണം വരെയും അദ്ദേഹം പ്രസ്ഥാനത്തിനു നേതൃത്വം നൽകി. മട്ടാഞ്ചേരി, ഊരമന, ആഴിമാവ്, കുപ്പാടം എന്നിവടങ്ങളിലൊക്കെ മദ്യഷാപ്പുകൾക്കെതിരെ സമരം ചെയ്ത മന്മഥൻ തിരുവനന്തപുരത്തും പാളയത്തും സർക്കാർ മദ്യഷാപ്പിനെതിരെയുള്ള സമരത്തിനു നേതൃത്വം നൽകി. സർക്കാർ മദ്യവ്യാപാരം നടത്തുന്നതിനെ അദ്ദേഹം എക്കാലവും എതിർത്തിരുന്നു. മദ്യത്തിനെതിരായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും അദ്ദേഹം മുൻതൂക്കം നൽകി. ഘട്ടംഘട്ടമായുള്ള മദ്യനിരോധനം 1991 ൽ യുഡിഎഫ് സർക്കാരിന്റെ നയമായത് എം.പി. മന്മഥന്റെ സമരങ്ങൾക്കുള്ള അംഗീകാരമായിരുന്നു. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന 1996ൽ സർക്കാർ ചാരായ നിരോധനം ഏർപ്പെടുത്തിയെങ്കിലും അതിനു സാക്ഷ്യം വഹിക്കാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായില്ല. എം.പി. മന്മഥന്റെ ജന്മശതാബ്ദി വർഷത്തിൽ വീണ്ടും സമ്പൂർണ്ണ മദ്യനിരോധനം എന്ന മഹത്തായ ലക്ഷ്യത്തിലേക്കു കേരളം പ്രവേശിക്കുകയാണ്.

കേരളത്തിന്റെ മതസൗഹാർദ്ദ അന്തരീക്ഷം നിലനിർത്താൻ എം.പി. മന്മഥൻ ഗാന്ധിയൻ മാതൃകയിൽ നടത്തിയ ശ്രമങ്ങളും ഏറെ പ്രശംസനീയമാണ്. 1983 ൽ നിലയ്ക്കലിൽ ഇരുമതവിഭാഗങ്ങൾ ആരാധനാലയത്തിന്റെ പേരിൽ തർക്കം നടന്നപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു സമാധാന ശ്രമങ്ങൾ.

തലശ്ശേരിയിൽ രാഷ്ട്രീയ, വർഗീയ കലാപമുണ്ടായപ്പോഴും അദ്ദേഹമാണ് ശാന്തിദൂതുമായി എത്തിയത്. തെറ്റെന്നു ബോധ്യമുള്ളവയ്ക്കെതിരെയെല്ലാം അദ്ദേഹം ഗാന്ധിയൻ മാതൃകയിലുള്ള സമരവുമായി രംഗത്തുവന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ രാജ്ഭവനു മുന്നിൽ ഒറ്റയ്ക്കു സത്യാഗ്രഹം നടത്തി മന്മഥൻ ജയിലിൽ പോയി. തന്റെ മനസാക്ഷിക്ക് നിരക്കാത്ത കാര്യങ്ങൾക്ക് കൂട്ടുനിൽക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ എം.ജി. കോളേജ് പ്രിൻസിപ്പൽ സ്ഥാനവും അദ്ദേഹം രാജിവച്ചു. ഒത്തുതീർപ്പുകൾക്ക് വഴങ്ങാത്ത എം.പി. മന്മഥന്റെ ജീവിതവും ദർശനവും വരും തലമുറകൾക്ക് വഴികാട്ടിയാകും.

*തലവര മാറ്റിയെഴുതാൻ കഴിയില്ല എന്നാണ് പഴമക്കാർ പറയാറ്. എന്നാൽ സ്വയം തലവര മാറ്റിയെഴുതിയ വ്യക്തിയാണ് റാസി റൊസാരിയോ. അതും വരച്ച് തന്നെ.. റാസി നിറങ്ങൾ കോറിയിടുന്നത് സ്വന്തം ജീവിതത്തിൽ നിന്ന് തന്നെയാണ്. പത്താം ക്ലാസിൽ മൂന്നു തവണ എഴുതി തോറ്റ ഒരുവനിൽ നിന്ന് റാസിയെന്ന ചിത്രകാരനിലേക്കുള്ള ദൂരം അയാൾ ഓടി തീർക്കുന്നത് കേവലം ഏണിയും പാമ്പും കളിയിലെ കോണിവെച്ചല്ല. ജീവിതപരിസരങ്ങളോട് നിരന്തരം കലഹിച്ചു തന്നെയാണ് ഓരോ ചുവടുകളും. ചിത്രകലയെ ജനകീയമാക്കി മാറ്റുന്നതിൽ നിർണായകമായ ഇടപെടലുകൾ നടത്തുന്ന റാസി റൊസാരിയോയുടെ വേറിട്ട വഴികളിലൂടെ ഒരു യാത്ര...*

# വരമൊഴിയുന്നു



Watch video on our YouTube CHANNEL UCCollage Magazine14

**• യുസിയൻ: എന്റെ ആദ്യത്തെ മേൽവിലാസം**

പത്താം ക്ലാസിൽ നാലു തവണ എഴുതിയ ആളാണ് ഞാൻ. ഓരോ വർഷം കഴിയുന്തോറും എന്റെ എസ്എസ്എൽസി ബുക്കിന്റെ കനം കൂടിക്കൂടി വന്നു. അതുകൊണ്ടു തന്നെ പ്രീഡിഗ്രിക്ക് ഒരു കോളജിലും അഡ്മിഷൻ കിട്ടിയില്ല. പിന്നീട് പാരലൽ കോളജിൽ പഠിച്ച ശേഷമായിരുന്നു യുസി കോളജിൽ ഡിഗ്രിക്ക് അഡ്മിഷൻ കിട്ടുന്നത്. പത്താം ക്ലാസ് മുതൽ പ്രീഡിഗ്രി രണ്ടാം വർഷം വരെ കൂട്ടുകാരും ബന്ധുക്കളും അധ്യാപകരും നിരന്തരമായി പരിഹസിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു. വരക്കാനുള്ള കഴിവ് ഉണ്ടായിരുന്നെങ്കിലും അന്ന് ഞാൻ വരച്ച് തുടങ്ങിയിരുന്നില്ല. യുസിയിൽ അഡ്മിഷൻ കിട്ടിയത് എന്നെ സംബന്ധിച്ചിടത്തോളം ഒരു ആശ്വാസമായിരുന്നു. എന്തു ചെയ്യുന്നു എന്നു ചോദിക്കുമ്പോൾ യുസിയിൽ പഠിക്കുന്നു എന്നു പറയാൻ എനിക്കൊരു മേൽവിലാസമുണ്ടായി. അന്നു മുതലാണ് എനിക്കൊരു വില കിട്ടി തുടങ്ങിയത്. അവിടെ മുതലാണ് എനിക്കൊരു ആത്മവിശ്വാസം തോന്നി തുടങ്ങിയത്. 94 മുതൽ 97 വരെ ബിഎ മലയാളത്തിനാണ് ഞാൻ യുസി കോളജിൽ പഠിച്ചിരുന്നത്. യുസിയിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി എന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത്. ഡിഗ്രി ഒന്നാം വർഷം ഞാനും കോളജിലെ വരക്കുന്ന ചില കൂട്ടുകാരും ചേർന്നു കോളജിന്റെ നടുമുറ്റത്ത് മുള നാട്ടി, വെള്ള തുണി വലിച്ചു കെട്ടി അതിലാണ് പ്രദർശനം നടത്തിയത്. തീർത്തും അനൗപചാരികമായ ഒരു പ്രദർശനം. അന്ന് മലയാള സമാജത്തിന്റെ എന്തോ പരിപാടി ഉദ്ഘാടനം ചെയ്യാനെത്തിയ എം.വി. ദേവൻ മാഷ് പ്രദർശനം കാണാനെത്തി. ദേവൻ മാഷിനെ അനുഗമിച്ച പ്രിൻസിപ്പൽ എന്നെ ചേർത്തു നിർത്തി ഇവനാണ് ഇവിടുത്തെ ആസ്ഥാനചിത്രകാരൻ എന്ന് പരിചയപ്പെടുത്തി. ദേവൻ മാഷ് എന്നെ നോക്കിയതു പോലും ഇല്ല. എനിക്ക് വല്ലാത്ത വിഷമം തോന്നി. ഞാൻ ഒരു നർത്തകന്റെ രൂപമായിരുന്നു വരച്ചിരുന്നത്. ഞാൻ മാഷിന്റെ പിന്നാലെകൂടി ചിത്രങ്ങളെക്കുറിച്ചു പറഞ്ഞുതരാമോ എന്നു ചോദിച്ചു. പെട്ടെന്ന് അദ്ദേഹം ദേഷ്യപ്പെട്ടോണ്ട് ചോദിച്ചു 'തനിക്ക് ഇത് മാത്രമേ വരക്കാൻ കിട്ടിയൊള്ളോ?, അവിടെ ആ പിള്ളേര് ആ മരത്തണലിൽ ഇരിക്കുന്നത് കണ്ടോ, അവർ ഒരുമിച്ചു നടക്കുന്നത് കണ്ടോ, ഇത്രയും നല്ല കാഴ്ചകൾ ഇവിടെയുണ്ടായിട്ട് തനിക്ക് ഈ ഡാൻസുകാരന്റെ പടം മാത്രമേ വരക്കാൻ കിട്ടിയൊള്ളോ'. എനിക്ക് പെട്ടെന്ന് ശ്വാസം നിലച്ചതു പോലെയായി

പോയി. പക്ഷേ അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ കണ്ണ് തുറപ്പിച്ചു. പിന്നീട് എനിക്കു മുമ്പിലുള്ള കാഴ്ചകളെ അതു വീട്ടിലോ കോളജിലോ മറ്റ് എവിടെയായാലും ഞാൻ സൂക്ഷ്മമായി നിരീക്ഷിക്കാൻ തുടങ്ങി. അത് എന്റെ വരയിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ അവസാനവർഷ വിദ്യാർഥിയായിരിക്കുമ്പോളാണ് കോളജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ നടക്കുന്നത്. അതിനോടനുബന്ധിച്ചു ലൈബ്രറിയിലൊരു ചിത്ര പ്രദർശനം നടത്താനുള്ള അവസരം എനിക്ക് ലഭിച്ചു. എല്ലാ ആളുകളിൽ നിന്നും വളരെ പോസിറ്റീവായ പല കമന്റുകളും ചിത്രങ്ങൾക്കു ലഭിച്ചു. ആ പ്രദർശനത്തോടെയാണ് ചിത്രകാരൻ എന്ന രീതിയിൽ തന്നെ മുന്നോട്ടു പോകാമെന്ന ആത്മവിശ്വാസം എനിക്കു ഉണ്ടാകുന്നത്. പിന്നീട് അഞ്ചു വർഷങ്ങൾക്കു ശേഷം ദർബാർ ഹാളിൽ ഒരു പ്രദർശനം നടത്താൻ വേണ്ടി ചിത്രങ്ങൾ തിരഞ്ഞെടുത്തപ്പോൾ അന്നു പ്രദർശിപ്പിച്ച മൂന്നു ചിത്രങ്ങളെ എനിക്ക് അതിൽ നിന്ന് എടുക്കാൻ കഴിഞ്ഞുള്ളു. ബാക്കി 30 ചിത്രങ്ങളും മാറ്റിവെയ്ക്കേണ്ടി വന്നു. അന്ന് മഹത്തരമെന്നും ഉദാത്തമെന്നും വിശേഷിപ്പിച്ച പലതും ശരാശരി നിലവാരം പോലും പുലർത്തിയിരുന്നില്ല എന്ന് എനിക്ക് ബോധ്യമായി. പക്ഷേ അന്ന് എന്നെ പ്രശംസിച്ചവരോടും പ്രോത്സാഹിപ്പിച്ചവരോടും ഒരുപാട് നന്ദിയുണ്ട്. അന്ന് അവരത് ചെയ്തില്ലായിരുന്നെങ്കിൽ ഇന്ന് എനിക്കു ഇതുപോലെ വരയ്ക്കാൻ കഴിയുമായിരുന്നില്ല.

അങ്ങനെ യൂസി കോളജ് എന്നെ സംബന്ധിച്ചിടത്തോളം ആദ്യമൊരു ആശ്വാസമായിരുന്നു. പിന്നീട് യൂസിയിൽ ഉണ്ടായിരുന്ന മൂന്നു വർഷങ്ങൾ ഞാൻ എന്നെത്തന്നെ പഠിച്ചൊരു കാലഘട്ടമായിരുന്നു. എന്റെ എഴുത്തിന്റെ ആരംഭം യൂസിയിൽ നിന്നാണ്. അന്ന് അതിന് നെഗറ്റീവും പോസ്റ്റീവുമായ ഒരുപാട് പ്രതികരണങ്ങൾ ലഭിച്ചിരുന്നു. എന്നെ സ്വയം തിരിച്ചറിയാനും അന്വേഷിക്കാനുമുള്ള വലിയൊരു അവസരമായിരുന്നു അത്. എന്റെ കൂടെ യൂസിയിൽ പഠിച്ചവരോടും പഠിപ്പിച്ച അധ്യാപകരോടും വളരെയധികം നന്ദിയുണ്ട്.

**• കലയും കച്ചവടവും**

ചിത്രകല എന്നെ സംബന്ധിച്ചിടത്തോളം ഒരേ സമയം പാഷനും പ്രൊഫഷനുമാണ്. മുഴുവൻ സമയം കലാകാരനായി തന്നെ ഇരിക്കുന്നതിലാണ് താത്പര്യം. അങ്ങനെ വരുമ്പോൾ കേരളം പോലെ ഒരിടത്ത് ചിത്രകാരനാകാൻ ആഗ്രഹിക്കുകയും അതു മാത്രമേ ചെയ്യുള്ളൂ എന്നു വാശിപിടിക്കുമ്പോൾ അതിന് ഒരുപാട് ബുദ്ധിമുട്ടുകളും പരിമിതികളുമുണ്ട്. ഏതൊരു കാര്യവും അതിനു ചവിട്ടുപടികൾ ഇട്ടുകൊടുത്താൽ മാത്രമേ അത് ഉയർത്തിക്കൊണ്ടു വരാൻ പറ്റൂ. നമ്മളെ സംബന്ധിച്ചിടത്തോളം സാഹിത്യം കുട്ടിക്കഥകൾ മുതൽ നമ്മൾ കേൾക്കുന്നുണ്ട്. സംഗീതമെന്നു പറയുന്നത് താരാട്ട് പാട്ട് മുതൽ കേൾക്കുന്നുണ്ട്. പക്ഷേ ചിത്രങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന്റേത് മാത്രമായി ഒരു വിൽപ്പന ചരക്ക് എന്ന നിലയിലാണ് നിലനിൽക്കുന്നത്. ഒരു ചിത്രത്തിന്റെ മൂല്യം നിർണയിക്കപ്പെടുന്നത് അത് വിറ്റുപോകുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. അത് അതിന്റെ ആവശ്യം തന്നെയാണ്. പക്ഷേ ആ ചിത്രങ്ങൾ ജനങ്ങളിലേക്ക് എത്തുന്നില്ല. അത് ജനങ്ങളിലേക്ക് എത്തിക്കാൻ ചിത്രകാരൻമാർ തന്നെ മുൻകൈ എടുക്കുന്നില്ല എന്നാണ് അനുഭവം എന്നെ പഠിപ്പിച്ചത്. കാരണം ഞാൻ എന്റെ ചിത്രങ്ങളുടെ പകർപ്പ് എടുത്ത് ഫ്രെയിം ചെയ്തു വിൽപ്പന നടത്തിയപ്പോൾ ജനങ്ങളുടെ ഭാഗത്തുനിന്ന് മികച്ച പ്രതികരണമാണ് കിട്ടിയത്. കലാകാരൻമാരുടെ ഭാഗത്ത് നിന്ന് വലിയ എതിർപ്പുകൾ ഉണ്ടായി. എന്നാൽ മുതിർന്ന കലാകാരൻമാർ പലരും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ക്യാംപസുകളിലും ഗ്രാമങ്ങളിലും പ്രദർശനം നടത്തി. വിസിറ്റിങ് കാർഡിന്റെ വലിപ്പത്തിൽ ചിത്രങ്ങളുടെ പ്രിന്റുകൾ എടുത്ത് വിൽപ്പനക്ക് വച്ചു. ആർട്ട് എക്സിബിഷൻ നടത്തി ഇങ്ങോട്ട് ക്ഷണിക്കാതെ ആളുകൾ എവിടെയാണോ അങ്ങോട്ട് ചെല്ലുക, ചിത്രങ്ങൾ പ്രദർശിപ്പിക്കുക, അവരുടെ പോക്കറ്റിലുള്ള ചെറിയ പൈസക്ക് അത് വാങ്ങാവുന്ന അവസരം ഉണ്ടാക്കുക ഇങ്ങനെയൊക്കെയാണ് ചിന്തിച്ചിരുന്നത്. ആദ്യകാലത്ത് ഞാൻ അത് വിൽക്കുമ്പോൾ തീപ്പെട്ടി പടം വിൽക്കാൻ നടക്കുന്നു എന്നൊക്കെ പറഞ്ഞു ഒരുപാട് പേർ ആക്ഷേപിക്കുമായിരുന്നു. ഞാൻ അവരോട് പറയുമായിരുന്നു പടം മാത്രമേ നിങ്ങൾ കാണുന്നുള്ളൂ. അതിനകത്ത് തീയുണ്ടാക്കാൻ കഴിയുന്ന ഒരുപാട് കൊള്ളികൾ ഉണ്ട്. പത്ത് കൊല്ലത്തിനു ശേഷം അത് ശരിക്കും കത്തിപ്പടരും. അത് നിങ്ങൾക്ക് മനസ്സിലാവാൻ കുറച്ച് സമയം എടുക്കുമെന്ന് മാത്രം.



**• ഉഴുതിമറിച്ച ആകാശം**

വിൻസന്റ് വാൻഗോഗിനെക്കുറിച്ച് ഞാൻ 'ഉഴുതുമറിച്ച ആകാശ'മെന്ന പേരിൽ ഒരു പരമ്പര ചെയ്തിരുന്നു. 12 ചിത്രങ്ങളും 12 കവിതകളും. അത് പിന്നീട് പുസ്തകമായി ഇറക്കി. വാൻഗോഗിന്റെ ജീവിതം ഒരു നൂറ്റാണ്ടിനു ശേഷം നമ്മൾ നോക്കി കാണുന്നതായിട്ടാണ്. അദ്ദേഹത്തിന്റെ ഉണങ്ങിയ സൂര്യകാന്തിയിൽ നിന്നൊരു കഥ പറഞ്ഞു തുടങ്ങി, അത് 12 ചിത്രങ്ങളിലൂടെ അവസാനിക്കുമ്പോൾ കിടപ്പറയുടെ ജാലകം തുറന്ന് ആ സൂര്യകാന്തികൾ പുഷ്പിച്ച് അദ്ദേഹത്തെ അന്വേഷിക്കുന്നതായിട്ടാണ് ആ പരമ്പര അവസാനിച്ചിരിക്കുന്നത്. അത് ചെയ്തപ്പോൾ എന്നോടു പലരും ചോദിച്ചു റാസിക്ക് വാൻഗോ



ഗിനെപോലെ ആകാനാണോ ആഗ്രഹമെന്ന്. ഞാൻ പറഞ്ഞു അല്ല, വാൻ ഗോഗിനെ പോലെ ആവാതിരിക്കാനാണ് ഞാൻ ഇത് ചെയ്യുന്നത്. അന്നത്തെ പാരീസിലെ അവസ്ഥയാണ് ഇന്ന് കേരളത്തിൽ. അപ്പോ നമ്മൾ പറയുകയാണ് നമ്മൾ ദേ ഇതുപോലെ നടക്കണുണ്ട് ഇപ്പോ കാണുന്നുണ്ടെങ്കിൽ കണ്ടോളാൻ. ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ അംഗീകരിക്കപ്പെട്ടാൽ നമുക്ക് കൂടുതൽ വരക്കാൻ പ്രചോദനം കിട്ടും. അങ്ങനെ വരുമ്പോൾ ഈ മേഖലയിൽ നമ്മുടേതായ ഒരുപാട് സംഭാവനകൾ ചെയ്യാൻ പറ്റും. സത്യത്തിൽ ആ ബുക്കിൽ ഞാൻ എന്നെക്കുറിച്ചു തന്നെയാണ് പറഞ്ഞിരിക്കുന്നത്, എന്നെക്കുറിച്ച് എന്നു പറയുമ്പോൾ എന്നെ പോലെ പുതിയതായി ഈ മേഖലയിലേക്കു കടന്നു വരുന്ന ഓരോ കലാകാരനെക്കുറിച്ചും. ചിത്രകലയുടെ ഏറ്റവും വലിയ പ്രശ്നം ഇതൊരു പുരാവസ്തു പോലെയാണ്. ഒന്നെങ്കിൽ ചിത്രകാരൻ മരിക്കണം അല്ലെങ്കിൽ മരിച്ചിട്ട് കുറെ വർഷങ്ങൾ കഴിയണം എന്നാലെ ചിത്രങ്ങൾക്ക് വിലയുണ്ടാവൂ ചിത്രകാരൻ മഹാനാകുള്ളൂ. വാൻഗോഗിനുണ്ടായ ദുരന്തം മറ്റൊരാൾക്കും ഉണ്ടാകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതിന് ആദ്യം നമ്മൾ തന്നെ നിന്ന് കാണിക്കണം. വാൻഗോഗ് സീരീസിലൂടെ എന്നെക്കുറിച്ചു തന്നെ പറഞ്ഞു എന്നൊരു അടുപ്പം കൂടിയുണ്ട്.

• ചിരിക്കുന്ന ക്രിസ്തു

എനിക്ക് വളരെ അടുപ്പമുള്ള മറ്റൊരു ചിത്രം 'ചിരിക്കുന്ന ക്രിസ്തു'വാണ്. ഞാൻ അത് വരക്കാൻ കാരണം നമ്മൾ ചില കാര്യങ്ങൾ ഇങ്ങനെ വിശകലനം ചെയ്യുമ്പോൾ ചില കാര്യങ്ങൾ എപ്പോഴും തെറ്റിക്കിടക്കും. ഉദാഹരണത്തിന് യേശുവിനെക്കുറിച്ചു പറയുമ്പോൾ എല്ലാം അദ്ദേഹം സ്നേഹത്തെക്കുറിച്ചും ജീവിതം ആഘോഷിക്കുന്നതിനെക്കുറിച്ചുമൊക്കെയാണ് പറയുന്നത്. പക്ഷേ ചിത്രകലയിൽ വരുമ്പോൾ മാത്രം അത് ദുഃഖവും വിഷാദവുമൊക്കെയായി മാറും. പഠിക്കുന്ന കാലത്ത് നമുക്ക് സ്കൂളിലും കോളജിലുമൊക്കെ ഒരുപാട് ഗുരുക്കൻമാരുണ്ട്. ഇവരിൽ നമ്മുക്ക് എപ്പോഴും ഇഷ്ടം നമ്മളോട് ചിരിച്ചും സന്തോഷത്തോടും പെരുമാറുന്ന അധ്യാപകരോട് ആയിരിക്കും. എപ്പോഴും വിഷമിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ അടുത്തേക്ക് നമ്മൾ ഒരിക്കലും വിഷമം പറയാൻ ചെല്ലില്ല. അപ്പോൾ ലോകത്തിന്റെ മുഴുവൻ ഗുരുനാഥനായ യേശു ഒരിക്കലും വിഷാദവാനാവില്ല എന്ന് എനിക്ക് തോന്നി. അങ്ങനെയാണ് ആ ചിത്രം വരച്ചത്. ആ ചിത്രം വരച്ചകാലത്ത് എനിക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഇത്രയും മഹാൻമാരായ കലാകാരൻമാർ ചെയ്യാതിരുന്ന ഒരു കാര്യം ഞാൻ എന്തുകൊണ്ട് ചെയ്തു എന്നതായിരുന്നു പലരുടെയും പ്രധാനപ്രശ്നം. ഞാൻ ബൈബിളിന് എതിരെ മറ്റോ ആണോ വരച്ചത് എന്ന സംശയമാണ് അവരെ അങ്ങനെ ചിന്തിപ്പിച്ചത്. പിന്നീട് നല്ലൊരു ഉദ്ദേശത്തോടെയാണ് അത് വരച്ചതെന്നു വന്നതോടുകൂടി ഇപ്പോൾ പള്ളികളിലേക്കും വെഞ്ചരിപ്പിനുമൊക്കെ ആ ചിത്രം ധാരാളമായി ഉപയോഗിക്കാറുണ്ട്. എന്റെ ചിത്രങ്ങളിൽ ഏറ്റവും കൂടുതൽ പ്രിന്റ് വിൽക്കപ്പെടുന്നത് ഇതേ ചിത്രമാണ്. 2020ൽ നടക്കുന്ന ലേലത്തിൽ വരുന്ന എന്റെ ആദ്യത്തെ ചിത്രവും ലാഫിങ് ക്രൈസ്റ്റാണ്.

• റാസിയും റൊസാരിയോയും

റൊസാരിയോ എന്നത് എന്റെ സുഹൃത്താണ്. 24-ാം വയസ്സിൽ ക്യാൻസർ ബാധിതനായി മരിച്ചു പോയി. എനിക്ക് അന്ന് 20 വയസ്സാണ്. അവൻ എന്നോട് ചോദിച്ചു. "നമ്മുടെ പേരുകൾ തമ്മിൽ നല്ല ചേർച്ചയാണല്ലോ; അത് ചേർത്ത് നിന്റെ ചിത്രത്തിനു താഴെ ഒപ്പിട്ടാലോ? എനിക്കും ജീവിക്കാൻ പറ്റില്ല എന്റെ പേരെങ്കിലും ഇവിടെ നിലനിൽക്കട്ടെ." എന്റെ ജീവിതത്തിൽ റൊസാരിയോയുടെ പ്രാധാന്യമെന്നു പറയുന്നത് നമുക്ക് വരയ്ക്കാൻ കാര്യമായ പിന്തുണയും ആത്മവിശ്വാസവും ഇല്ലാതിരുന്ന ഒരു കാലത്ത് 'നീ വരക്കു അത് ശരിയാവും' എന്ന് പറഞ്ഞ ചുരുക്കം ചില വ്യക്തികളിലൊരാളാണ് അവൻ.

വാൻഗോഗ് സീരിസിലെ ആദ്യ ചിത്രമായ 'തിരസ്ക്കരിക്കപ്പെട്ട പ്രണയ'ത്തിലാണ് ഞാൻ ആദ്യമായി റാസി റൊസാരിയോ എന്ന പേരു ഉപയോഗിക്കുന്നത്. ആ ചിത്രത്തിനു കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാനതല ചിത്രപ്രദർശനത്തിലേക്ക് സെലക്ഷൻ കിട്ടി.

അതേസമയം മറ്റൊരു മതസ്ഥന്റെ പേരെന്ന നിലയിൽ ചിലരതിനെ ഏറ്റെടുക്കുകയും എനിക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ അതിന്റെ പേരിൽ അഭിമുഖീകരിക്കേണ്ടി വരുകയും ചെയ്തു. എന്റെ വാപ്പയെ കുഞ്ഞുമുഹമ്മദ് റൊസാരിയോ എന്നു വിളിച്ച് പരിഹസിക്കുക വരെ ചെയ്തു. മറ്റൊരു സംഭവം ഞാൻ പേരു മാറ്റാൻ ഗസറ്റിൽ പബ്ലിഷ് ചെയ്യാൻ ശ്രമിച്ചപ്പോൾ അവിടെ നിന്ന് എനിക്കൊരു മറുപടി കിട്ടി. ഇതൊരു ക്രിസ്ത്യൻ പേരാണ് അതുകൊണ്ട് ഇതൊരു മുസ്ലിം പേരിനൊപ്പം ചേർക്കാൻ കഴിയില്ലായെന്ന്. ഞാൻ ഒരു ഭീഷണിക്കത്തു പോലെ തിരിച്ച് അയച്ചു. ഇന്ത്യയൊരു മതേതര രാജ്യമാണെന്നും ഇവിടെ ഏതെങ്കിലുമൊരു പേര് ഒരു പ്രത്യേക സമുദായത്തിന്റേതാണെന്ന് പറയാൻ പാടില്ലയെന്നും. അതിനു ശേഷമാണ് എനിക്ക് പേര് രജിസ്റ്റർ ചെയ്തു ലഭിച്ചത്. നമ്മുടെയൊക്കെ ഭരണകേന്ദ്രങ്ങളിൽ പോലും ഇത്തരം ചിന്ത ഇങ്ങനെ വ്യാപിച്ചു കിടക്കുന്നു എന്നതാണ് അതിൽ നിന്നും മനസ്സിലാക്കേണ്ടത്. •



# മാർക്വേസും ആമേനും പിന്നെ ഞാനും

*കുമരംകരിയെന്ന സാങ്കൽപിക ഭൂമികയുടെ പ്രണയവും സംഗീതവും നന്മയും കുന്നായ്മയും പറഞ്ഞ ലിജോ ജോസ് പെല്ലിശേരിയും യുസിയിലെ പൂർവ വിദ്യാർഥിയാണ്. 1996-98 കാലഘട്ടത്തിൽ അദ്ദേഹം ഇവിടെ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. അവതരണത്തിലും പ്രമേയത്തിലും വ്യത്യസ്തത പുലർത്തിയിട്ടും ബോക്സ് ഓഫിസിൽ കുരിശുമരണം ഏറ്റുവാങ്ങേണ്ടി വന്ന 'നായകൻ', 'സിറ്റി ഓഫ് ഗോഡ്' എന്നീ ചിത്രങ്ങൾക്കു ശേഷമായിരുന്നു ലിജോയുടെ ഉയർത്തെഴുന്നേൽപ്പ്. കാനഡ രാജ്യാന്തര ചലച്ചിത്ര മേളയിൽ മികച്ച വിദേശ ഫീച്ചർ ഫിലിമിനുള്ള അവാർഡും ആമേൻ നേടി. ചലച്ചിത്ര ആസ്വാദനത്തിനു പുതിയ മാനങ്ങൾ നൽകിയ സംവിധായകൻ ഇപ്പോൾ ഡബിൾ ബാരൽ എന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിങ് തിരക്കിലാണ്... ലിജോയുമായി നടത്തിയ കോഫി ചാറ്റ്.*

**. മാർകേസും ഫെലിനിയും എന്റെ ഹീറോസ്..**

ഗബ്രിയേൽ ഗാർസിയാ മാർകേസും ഫെഡറിക്കോ ഫെലിനിയും എന്നെ ഏറെ സ്വാധീനിച്ചിട്ടുള്ള വ്യക്തികളാണ്. മാർകേസിന്റെ എഴുത്തിലും ഫെലിനിയുടെ സിനിമകളിലും നിറഞ്ഞു നിൽക്കുന്ന മാജിക്കൽ റിയലിസം എന്നെ എന്നും വിസ്മയിപ്പിച്ചിട്ടുണ്ട്. മാജിക്കൽ റിയലിസത്തിന്റെ സാധ്യതകളാണ് ആമേനിൽ പരീക്ഷിച്ചത്. ചിത്രത്തിലെ കുമരംകരി ഒരു സാങ്കൽപിക ഗ്രാമമാണ്. പക്ഷേ, അവിടെയുള്ള ഓരോ കഥാപാത്രവും നിത്യ ജീവിതത്തിൽനിന്ന് അടർത്തിയെടുത്തിട്ടുള്ളതാണ്. എന്റെ അമ്മയുടെയും അമ്മാമയുടെയും കൂട്ടുകാരുടെയുമൊക്കെ വാക്കുകളിൽനിന്നും എന്റെ അനുഭവത്തിൽ നിന്നുമൊക്കെയാണ് ഓരോ കഥാപാത്രത്തെയും രൂപപ്പെടുത്തിയിരിക്കുന്നത്.

**. എംബിഎക്കാരൻ സംവിധായകനായ കഥ**

ചലച്ചിത്ര നടൻ കൂടിയായിരുന്ന അച്ഛൻ ജോസ് പെല്ലിശേരിക്കു ഞാൻ സിനിമയിലേക്കു കടന്നുവരുന്നതിനോട് താൽപര്യം ഉണ്ടായിരുന്നില്ല. പത്താംക്ലാസ് കഴിഞ്ഞ ഉടൻ സംവിധായകൻ ആകാനുള്ള മോഹം ഞാൻ അച്ഛനെ അറിയിച്ചു. ആദ്യം പഠിത്തം, പിന്നെ സിനിമ. ഡിഗ്രി, പിജി പഠനമൊക്കെ കഴിഞ്ഞിട്ടു സിനിമയെക്കുറിച്ച് ആലോചിച്ചാൽ മതിയെന്നായിരുന്നു അച്ഛന്റെ നിലപാട്. അങ്ങനെ ഞാൻ ബാംഗ്ലൂർ ഐഐഎമ്മിൽ നിന്ന് ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദമെടുത്തു. ജോലിയിൽ പ്രവേശിച്ചു. ഇതല്ല നിന്റെ വഴിയെന്നു മനസ്സു പറഞ്ഞു കൊണ്ടിരുന്നു. ഒരു സുപ്രഭാതത്തിൽ ജോലി വലിച്ചെറിഞ്ഞ് ഞാൻ സിനിമയിലേക്ക് എടുത്തു ചാടി. ആ യാത്ര ഇപ്പോൾ ആമേനിൽ എത്തിനിൽക്കുമ്പോൾ എന്റെ തീരുമാനം ശരിയായിരുന്നുവെന്നു ഫീൽ ചെയ്യുന്നു.

**മുത്തച്ഛൻ പകർന്നു നൽകിയ സിനിമാ കമ്പം**

അച്ഛൻ ജോസ് പെല്ലിശേരി വഴിയാണ് സിനിമാ ബന്ധമെങ്കിലും എന്നിലെ ചലച്ചിത്രകാരനെ രൂപപ്പെടുത്തുന്നത് അമ്മയുടെ അച്ഛൻ ജയിംസാണ്. തമിഴ്നാട് സ്വദേശിയായ അദ്ദേഹം കേരളത്തിലെത്തി കാലടിക്കടുത്തുള്ള കൊറ്റമത്ത് സ്ഥിരം താമസമാക്കുകയായിരുന്നു. കടുത്ത സിനിമാ കമ്പക്കാരനായിരുന്നു അദ്ദേഹം. മുത്തച്ഛനൊപ്പം തിയറ്ററുകളിൽ പോകുന്നതു പതിവായിരുന്നു. അദ്ദേഹത്തോടൊപ്പം ഓപ്പറേറ്റിങ് റൂമിൽ ഫിലിം റോളുകൾ കറങ്ങുന്നതുൾപ്പെടെയുള്ള വർണക്കാഴ്ചകൾ കണ്ടു നിന്ന ഞാൻ പതുക്കെ സിനിമയെ പ്രണയിച്ചു തുടങ്ങുകയായിരുന്നു.

ഓരോ തവണയും ആമേൻ കാണുമ്പോഴും വ്യത്യസ്തമായ ആസ്വാദന അനുഭവമാണ് പ്രേക്ഷകർക്കു ലഭിക്കുന്നത്. ഞാനോ ചിത്രത്തിന്റെ അണിയറ പ്രവർത്തകരോ വിചാരിച്ചതിലും വലിയ ഉയരങ്ങളും മാനങ്ങളും ചിത്രത്തിനു ലഭിച്ചു. ദൈവികമായൊരു അദൃശ്യ സ്പർശം ചിത്രത്തിന്റെ വിജയത്തിനു പിന്നിലുണ്ട്. കഥ തുടരട്ടെ, ആമേൻ... അപ്രകാരം തന്നെ.

# रंग बिरंगी ज़िंदगी



अब मेरी ज़िंदगी ,
कुछ इस तरह के रंगों से
भर गयी है
कि चारों ओर रंग – बिरंगी
तितलियों की तरह
दूसरों की खुशियाँ नज़र आती हैं
और एक काली मुरझाया हुआ
फूल – जैसे मेरे ग़म ।
आज तक तो सिर्फ़
ज़िंदगी के हसीन रंगों से
ही खेलते आये हैं , लेकिन
अब एक ऐसे मोड़ पर आ गई हूँ
जहाँ तन्हाई और अकेलेपन
का काला बादल छा गया है ।
पता नहीं कैसे , इन्हीं रंगों से
अपनी ज़िंदगी दुबारा रचूँ
और यह भी नहीं पता
कि बिछुड़े हुए उन हसीन रंगों को
कैसे एक बार फिर
अपना बना लूँ
अभी तो बस मानो भगवान से
यहीं एक दुआ बाकी है
मुझे वापस उस रंगीन
समय पर ले चलो
जहाँ एक ज़माने में हम
रंग बिरंगे तितलियों में
सवार रहते थे ,
जब ज़िंदगी दूसरों के
सामने एक तमाशा बनकर
नहीं रहती थी ।
बस यहीं है दुआ ...

**Nikita Annie Baiju**

II BSc Psychology

# AGAINST THE CURRENTS



The world around us is changing fast. Rivers, forests and snow is fast disappearing. The children of today do not get to enjoy most of the cool stuffs the children of the past did like climbing trees, swimming in the rivers and so on. Don't worry this is not about deforestation or global warming, but a small story about a close encounter with the nature's valuable treasure, so that those who have spend their childhood in cities could read and enjoy for themselves. When I was a really small girl about six years of age something amazing happened. My father as part of his job got transferred to place called Karimanal in Idukki district. During that time I had just finished my classes and was eager to enjoy my vacations. We packed everything and went on a long drive to that place. It felt like entering into a beautiful forest. I put on my sweater as it was getting a little chilly. I looked around to find rows and rows of trees along the way. I felt kind of dizzy when the car took a lot of turns, so I decided to take a short nap. When I woke up I had reached our new home. It was a small and beautiful house situated among the hills. A road ran in front of the house that separated the forest from it. We all fell in love with the place instantly. We settled in pretty well. Dad went to office, mom was busy cooking and I played with my toys. Schools and hospitals were scarce in the region. To reach a shop we had to travel about five kilometers. There were very few homes. The only neighbour we had was Shanti aunty who made wonderful snacks at home. We visited her regularly and she was very happy to feed me a variety of snacks.

One Sunday evening while I was riding my cycle I heard a deafening noise. It was some birds. I looked in that direction. I saw a huge tree which had brown fruits which looked like grapes. I went to my mom and asked what it was. My mother told that it was the Njaval tree and the fruits were edible. I wanted to taste the fruits so badly and asked my dad to get some for me. Dad agreed. I wanted to go with



him to get the fruits and pleaded to take me with him but he disagreed. Like all the other kids of my age I had to sit at home with my mother. About an hour later he came back with sparkling eyes and sweat all over his body. He had brought some njaval pazham in his hand. He came running towards us and asked us to follow him. We got excited and followed him. We walked through the forest and I felt a cooling sensation sweep across my body. I could hear the sound of flowing water nearby. When we took a few steps after that we saw the most astonishing sight. The mighty Periyar River was flowing right in front of us. As I have told before it was the summer season and the scorching sun was piercing my body from all sides. I felt as though the water was calling me. The boredom seemed to suddenly end and the river flowed right through my heart cooling me from inside. After that my dad took me there every day to teach me swimming along with my mom.

A month after this discovery I had become an expert in swimming. It was awesome just pure fun. There were neither rules nor specific methods to follow. I swam the way I felt like. It developed into a style which resembles the main stroke which I do today in competitions. One fine day dad told me why don't we try to cross the river? It was a very dangerous idea but it was really exciting. We gathered up our courage and decided to try. The river had less current and the water was really calm. We could see a large variety of plants on the banks of the river. The river stretched ahead of us. I could feel the sand of the river bank underneath my feet. A few moments from now I wouldn't be able to feel it because the sand would be many meters deep. I wondered whether I would ever come back alive. But I did not think much about it as the thought itself seemed a bit scary at that time.

So I leapt into the river splashing water into my father's face. We both went on swimming. I was only looking at him who was swimming ahead of me. A large number of birds were singing in their sweet melodies cheering us as we crossed the river. We had reached the middle of the river. It somehow felt as if the current had stopped. I remembered the tales told by Shanti aunty. She told the story of a man who lived nearby and died due to a bite of a king cobra that came along with a wood floating through the river. The man was found dead on the banks along with the cobra wrapped around him. But I was not that completely scared probably because dad was swimming near me and he would never let anything happen to me. I felt an immense love for my parents. We swam on and on. It was a really long way and we finally reached the opposite bank. It was filled with more varieties of plants. On the sand we saw paw prints of a tiger which was usual in those regions. Maybe it was real or just my imagination but I really saw two eyes staring at me from behind the bushes. We made our way back in that instant. It was the best idea. That bank was not a safe place to stay. Our swim back was easier and took lesser time. Finally we had reached the place where we had started. I ran and gave my mom a big hug.

I felt cold, tired and desperately hungry. But standing on the bank of the mighty river Periyar, I felt like a champion. I had conquered the river. It was one of the most amazing experiences of my life. That was the first and the last time we had crossed the river. Soon we had to move to a new place as a result of another transfer and life went on. But no matter where we went that particular day was engraved in my memory and remembering it gave me a sense of pride and lots of happiness.

**Jiya Joseph**
I BSc Psychology

# വേരുകൾ



മൽകം മഗറിജ് പരമ്പരാഗത കേരളീയ വേഷത്തിൽ യൂസി കോളജിൽ.

പ്രഗത്ഭരായ അധ്യാപകരായിരുന്നു യൂസി കോളജിന്റെ മൂലധനം. റോജർ ഹിക്സ്, ടി.എസ്. വെങ്കിട്ടരാമൻ, ടി.ഐ. പുന്നൻ, ടി.ആർ. അനന്തരാമൻ, ഡി.പി. ഉണ്ണി, കുറ്റിപ്പുഴ കൃഷ്ണപിള്ള. രാജൻ ഗുരുക്കൾ അങ്ങനെ നീളുന്നു ആ നിര. മദർ തെരേസയെ ലോകത്തിനു പരിചയപ്പെടുത്തിയ മൽകം മഗറിജ് എന്ന ബ്രിട്ടിഷുകാരൻ യൂസി കോളജിൽ അധ്യാപകനായിരുന്നുവെന്ന് അറിയാവുന്നവർ വിരളമാണ്. 1924 മുതൽ 1928 വരെ അദ്ദേഹം ഇവിടെ അധ്യാപകനായിരുന്നു. 40 വർഷത്തിനു ശേഷം ബിബിസി സംഘത്തോടൊപ്പം 1968ൽ അദ്ദേഹം കോളജ് സന്ദർശിച്ചിരുന്നു. ലോക പ്രശസ്തമായ പഞ്ച് മാഗസിന്റെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. 'Chronicles of Wasted Time' എന്ന അദ്ദേഹത്തിന്റെ അനുഭവക്കുറിപ്പുകളുടെ പുസ്തകത്തിൽ അദ്ദേഹം യൂസി കോളജ് ജീവിതത്തെപ്പറ്റിയും ആലുവയെക്കുറിച്ചും എഴുതിയിട്ടുണ്ട്. (പുസ്തകം കോളജ് ലൈബ്രറിയിൽ ലഭ്യമാണ്.)




1968ൽ സന്ദർശന വേളയിൽ അദ്ദേഹം സന്ദർശക ഡയറിയിൽ ഇങ്ങനെ എഴുതി

"For forty years I have looked forward to seeing Alwaye again, since I spent here such happy and interesting years. Now my wish has been realised. The realisation has not fallen short of expectation. Thus been enchanted to meet old friends, bathe again in the Periyar River and see the college has grown so much [illegible]" — Malcolm Muggeridge



ചിത്രങ്ങൾക്ക് കടപ്പാട്: പ്രൊഫ. പി.എം. ഗീവർഗീസ് (മുൻ ഇംഗ്ലീഷ് വിഭാഗം മേധാവി, യൂസി കോളജ്)

കോളേജ് ഗ്രൗണ്ടിന്റെ നടുവിൽ പുസ്തകക്കെട്ടുമായി
ഞാനാണ് പിടിച്ചിട്ടു സംവിധായകൻ
കമലിന്റെ 'ഗ്രാമഫോൺ' ചിത്രത്തിൽ.
ഒരു ഇടവേളയിൽ വായിച്ചു തീർക്കുമ്പോൾ
മനസ്സിൽ മരം പെയ്യുന്നുണ്ടായിരുന്നു.
"ഇന്നലെ പെയ്തു തോരാ
മഴയ്ക്കുശേഷം പെയ്യുന്ന മാവിൽ
ചുറ്റും കരച്ചിൽ മരം പെയ്യുകയാണ്"
ഉമ്മാ നമസ്കാരം കഴിഞ്ഞ് പള്ളിയിൽ
നിന്ന് [illegible] ഞാൻ ആ മാവിൻ
ചുവട്ടിലേക്ക് നടന്നു. അവിടെ മഴയിൽ നനഞ്ഞ
കുതിർന്ന് എന്റെ ബാപ്പയും ഉമ്മയും ഇരുവരും
[illegible] വിചാരങ്ങളിൽ. [illegible], [illegible]
[illegible] [illegible] ഒരുപാട് വിചാരങ്ങൾ.
ബാപ്പയുടെയും ഉമ്മയുടെയും വിചാരങ്ങൾ
[illegible], [illegible] [illegible]
ഞാൻ നിന്നു. പെട്ടെന്ന് [illegible]
[illegible] [illegible] [illegible]
[illegible]".



# 27 THURSDAY MARCH

086-279 WEEK 13

March '14

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

8

9

10

11

12

Do you know I was all alone in the island of silence....

1

2

3

4

5

6

# തൊരപ്പൻ

എന്റെ അകത്ത് ഒരു തൊരപ്പൻ
ചത്ത് കിടന്ന് ചീഞ്ഞ് നാറുന്നു
അവനെന്റെ കപ്പത്തോട്ടങ്ങളിൽ
കുഴി കുത്തിയവനാണ്
അവനെക്കൊല്ലാൻവച്ച വിഷം,
എന്റെ അകത്തളങ്ങളിൽ കെട്ടികിടക്കുന്നു
അവന് വച്ച കെണികളിൽ ഞാൻ തന്നെ
പിടിക്കപ്പെട്ട് പിടയുന്നു

ഒടുവിൽ അവൻ ചത്തു എന്നിട്ടും
സ്വസ്ഥത തരാതെ അവൻ എന്റെ
അകത്ത് കിടന്നു നാറുന്നു

നാറ്റം പുറത്ത് വരാതിരിക്കാൻ
ഞാൻ മൂക്ക് പൊത്തി
നാറ്റം വായിലൂടെ കടക്കാതിരിക്കാൻ
ഞാൻ വായടച്ചു
എന്നിട്ടും അവൻ നാറി നാറി
എന്റെ വീട്ടിലവന്റെ സാന്നിധ്യം അറിയിച്ചു

'എന്താ ഒരു നാറ്റം? അവർ ചോദിച്ചു'

'ആ...? പുറത്തെന്തോ ചത്തിട്ടുണ്ടെന്ന്
തോന്നുന്നു' ഞാൻ പറഞ്ഞു

അവർക്ക് വിശ്വാസമായില്ല,
വിശ്വാസിക്കാതിരുന്നിമില്ല
എങ്കിലും എനിക്കുറപ്പാണ് അവനളിയും
അലിയും മണ്ണോട് ചേരും

പക്ഷേ എന്റെ കപ്പതോട്ടത്തിൽ പുതിയ
കുഴികൾ കണ്ട് തുടങ്ങിയിരിക്കുന്നു



Janaki S.
II BSc Physics

# Alone!!!

The revelation crept upon me,
The revelation of me being
Still here...
Of me being alone,
In the darkness,
No souls to turn to
The deadly silence
Scares me...
Why am I still here?
Why am I still in this loop?



No way to escape
From this endless tunnel,
Not even one to lead me,
To lead me to freedom,
To the eternal bliss...

Dhanya Jose
I Bsc Physics

# സൃഷ്ടി Vs സ്രഷ്ടാവ്



സൂര്യകാന്തിത്തോട്ടത്തിനു നടുവിൽ സൂര്യന്റെ നിറങ്ങളെണ്ണി തലപുണ്ണാക്കുകയായിരുന്നു ആ ചിത്രകാരൻ. എങ്ങനെഎണ്ണീട്ടും നിറമൊന്നു മാത്രം. മഞ്ഞ. വിൻസെന്റ് വാൻഗോഗ് തല ചൊറിഞ്ഞു. നീല മാത്രമായിപ്പോയതിനാണോ ആ മണ്ടൻ മൈക്കിൾ പൊട്ടിത്തെറിച്ചത്. ലോകം മുഴുവൻ എനിക്ക് മഞ്ഞയാണെന്ന് നേരിൽകണ്ട് പറഞ്ഞു കൊടുക്കാമായിരുന്നു.

"താനിവിടെയിരുന്ന് ഓരോന്നോർത്തോ. തുമ്മിച്ചാകുന്നത് ഞാനാ." മൈക്കിൾ വാക്കിംഗ് സ്റ്റിക്കുമായി തോട്ടത്തിലേക്കിറങ്ങി. പല നിറങ്ങളിലാണ് ഞാൻ എന്റെ ക്യാൻവാസ് നിറച്ചത്. എന്നിട്ടിപ്പോ. Dream in persian blue പോലും.

വാൻഗോഗ് വീണ്ടും സൂര്യനെനോക്കി. "അതൊക്കെപ്പോട്ടെ. തന്റെ പെമ്പർന്നോരെവിടെ?"

"പെമ്പർന്നോരോ?!!"

"ഓ... നിങ്ങൾ New Generation ആണല്ലോ. കെട്ടും താലിയും ഇല്ലാത്തോർ." വാൻഗോഗ് ചിരിച്ചു.

"അപ്പോ പിന്നെ താനോ!? ക്യാൻവാസിൽ മഞ്ഞ ചാർത്തിയപ്പോഴും കേയുടെയും ക്രിസ്റ്റീനിന്റെയും റാഷേലിന്റെയും ഹൃദയത്തിൽ താൻ ചുവപ്പ് നിറച്ചത് എനിക്കറിയായ്കയില്ല." മൈക്കിൾ ഒന്നു ചിരിച്ചു.

"ഹേയ്, ഒരൽപ്പം കറുപ്പു കിട്ടുമോ? ഈ ചുഴലിദീനക്കാരന്?" ഒതുക്കിയാലും മെരുങ്ങാത്ത താടിയും മുഷിഞ്ഞ വേഷവുമായി ആടിയാടി അയാൾ കടന്നുവന്നു. ഫയദോർ ദസ്തവ്സ്കി.

"ദസ്തവ്സ്കി... താൻ പോലുമറിയാത്തൊരു നാട്ടിൽ ശ്രീധരൻ എന്നൊരാൾ തന്നെപ്പറ്റി ഒരു പുസ്തകമെഴുതി എന്നു കേട്ടല്ലോ." ഉണ്ടായിരുന്ന കറുപ്പ് വാൻഗോഗ് വച്ചുനീട്ടി.

"ഞാനും കേട്ടു. ഇപ്പോൾ ഭ്രാന്തന്മാർക്കാണല്ലോ ഡിമാന്റ്. അതാവണം ഞാനും താനുമൊക്കെ കഥാപാത്രങ്ങളാകുന്നത്." ഫയദോർ തിരിഞ്ഞു നടന്നു.

"ഹേയ് എന്തുപറ്റി. ഫയദോർ... ഒന്നു നിൽക്കൂ... കാര്യം പറഞ്ഞിട്ടു പോകൂ." മൈക്കിൾ തൊണ്ടപൊട്ടുമാറ് വിളിച്ചു ചോദിച്ചു.

"അന്നയെ കാണാനില്ല. അവളുടെ FB Timeline എടുത്തു നോക്ക്."

"മൈക്കിൾ നീ നോക്കൂ... മഞ്ഞ നിറത്തിലാകാതെ FB Account ഞാൻ തുടങ്ങില്ല എന്ന് നിനക്കറിയാമല്ലോ... ഓ മറന്നു, നിനക്കു കണ്ണുകാണില്ലല്ലോ..."

"ഫയദോർ ഒന്നു പറഞ്ഞിട്ടുപോകൂ.... എന്റെ കണ്ണിന്റെ കാര്യം താനും മറന്നോ?!?" മൈക്കിൾ തലകുനിച്ചു. ഫയദോർ ഒന്നു നിന്നു.

"ശ്രീധരന്റെ പുസ്തകം വായിക്കാൻ അന്ന മലയാളം പഠിച്ചിരിക്കുന്നു. പഠിക്കാൻ വായിച്ചതാവട്ടെ ബഷീറിന്റെ ബാല്യകാലസഖിയും. ആളിപ്പോ ഇക്കാന്റെ അടുത്താത്രേ."

"മൈക്കിൾ, എന്നാ വാ, നമുക്കൊന്ന് പോയി നോക്കാം." വാൻഗോഗ് മൈക്കിളുമായി

നടന്നു.

ഗെയിറ്റ് തുറന്നു അകത്തു കടന്നപ്പോഴേ അവൾ ഓടിവന്നു. പാത്തുമ്മാടെ ആട്. പഴുത്ത പ്ലാവിലകൾ തീർന്നിരിക്കണം. അവൾ അപ്പോഴും 'ശബ്ദങ്ങൾ' ചവച്ചുകൊണ്ടിരുന്നു.

"ഇതാരാ നമ്മൾ അറിയാത്തൊരാൾ ഇവിടെ?" വാൻഗോഗ് വീട്ടുമുറ്റത്തുകണ്ട പയ്യനെ നോക്കി നെറ്റി ചുളിച്ചു.

"ഞാൻ പയ്യൻ... വി.കെ.എൻ. കുടിറക്കിവിട്ട പയ്യൻ. കേട്ടിട്ടില്ല എന്നു മാത്രം പറയരുത്. എന്റെ സൃഷ്ടാവ് ഹൃദയം പൊട്ടി മരിക്കും. എല്ലാ കഥകളിലും കയറിയിറങ്ങി എല്ലാം കണ്ടു മടങ്ങലാണ് എന്റെ പണി. ശ്രീധരൻ അന്നയുടെയും ദസ്തയോവ്സ്കിയുടെയും കഥയെഴുതിയത്രേ. ആ പ്രണയകഥയുടെ ഈ പതിപ്പിലെങ്കിലും ഒന്നു കയറിയിറങ്ങിയാൽ കൊള്ളാം എന്നൊരാഗ്രഹം. ബഷീറിക്ക പറഞ്ഞാൽ ശ്രീധരൻ കേൾക്കും."

"ആ.... താനാദ്യം ആ മാങ്കോസ്റ്റിനിൽ നിന്നും കണ്ണെടുക്ക്. അത് ഉമ്മാന്റെ ചാമ്പമരത്തിൽ ചാമ്പങ്ങ നോക്കി വച്ച സുന്ദരിമാർക്കുള്ളതാണ്. പിന്നെ താനിങ്ങനെ ഓരോ ലൊട്ടുലൊടുക്ക് വർത്തമാനം പറഞ്ഞി തനിക്ക് പറ്റിയത് ഇതല്ലെടോ... നല്ലൊന്നാന്തരം satire ആണ്. അതിന് താനൊരു ഉമ്മിണി വല്ല്യ ഒന്നാ... പക്ഷെ ഇതിൽ അതുമ്പണ്ട...." ബേപ്പൂർ സുൽത്താൻ പടിയിറങ്ങിവന്നു. കൂടെ അന്നയും പയ്യൻ ആകെ വിഷണ്ണനായി. വി.കെ.എൻന്റെ പയ്യൻ കഥകളിലേക്ക് തിരിച്ചു നടന്നു. കൂടെ നമ്മുടെ വിനീത് ശ്രീനിവാസന്റെ Background Music ഉം.

"അന്ന, താനെന്തു പണിയാ കാണിച്ചേ... ആ ഫയദോർ താനില്ലാതെ വിഷമിക്കുകയാണ്." മൈക്കിൾ പുരികമുയർത്തി.

"അല്ലേലും ഇവിടെ ഒരു അന്നയുടെയും ആവശ്യമില്ല. മുറ്റമടിക്കുന്നെന്ന വ്യാജേന സാറാമ്മ കുറ്റിച്ചൂലുമായി പുറത്തിറങ്ങി.

ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത മരക് എന്നുരുവിട്ടുകൊണ്ട് ബഷീർ മങ്കോസ്റ്റിന്റെ ചുവട്ടിലെ ചാരുകസേരയിൽ ഇരിപ്പുറപ്പിച്ചു. അന്നയും മൈക്കിളും വാൻഗോഗും ഒന്നും മിണ്ടാതെ ചൂതാട്ടക്കാരുടെ കേന്ദ്രം ലക്ഷ്യമാക്കി നടന്നു. സാറാമ്മയപ്പോഴും കുറ്റിച്ചൂലിന്റെ മുട്ടിനിടിക്കുകയായിരുന്നു.

"ശെടാ...." പത്രോസ് ശ്ലീഹ ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള ലിഫ്റ്റിന്റെ വാതിൽക്കൽ കുത്തിയിരുന്ന് നെടുവീർപ്പിട്ടു.

"ഉം... എന്താ." വട്ടം കൂടിയിരുന്ന ദൈവങ്ങൾക്കിടയിൽ നിന്നും വിഷ്ണു ഭഗവാൻ തലയുയർത്തി.

"അല്ല... നിങ്ങൾ മനുഷ്യരെ സൃഷ്ടിച്ചു. അതിൽ ഇതുപോലെ കുറേ extra ordinary ജീനുകളെയും. അവരാകട്ടെ വരച്ചും എഴുതിയും കുറേ കഥാപാത്രങ്ങളെ സൃഷ്ടിച്ചു. നിങ്ങളുടെ സൃഷ്ടികൾ മണ്ണടിഞ്ഞു. നിങ്ങൾ ചിത്രങ്ങളായി. എന്നാൽ ഈ ഭ്രാന്തന്മാർ പടച്ചുവിട്ട സൃഷ്ടികളോ... അവയിന്നും ജീവിക്കുന്നു. പല ജീവിതങ്ങളിലൂടെയും. അപ്പോ... ആരാ കേമൻ? നിങ്ങളോ? കലാകാരന്മാരോ?"

ദൈവങ്ങൾ പരസ്പരം നോക്കി. അപ്പോൾ ശ്രീധരന്റെ നോവലിൽ അന്ന ദസ്തയേവ്സ്കിയുടേതായിരുന്നു. വാൻഗോഗിന്റെ ചിത്രങ്ങൾ ലോകം ഉറ്റുനോക്കുകയായിരുന്നു. പത്താം ക്ലാസുകാരൻ ബഷീറിന്റെ പാത്തുമ്മാന്റെ ആടിനെ സ്വപ്നം കാണുകയായിരുന്നു. എന്തോ ഒന്നുകൂടി പയ്യൻ വീണ്ടും വായിക്കപ്പെടുകയായിരുന്നു. പ്രസിദ്ധീകരിക്കപ്പെടുകയായിരുന്നു.

** **മൈക്കിൾ** - ശ്യാമപ്രസാദ് സംവിധാനം ചെയ്ത ആർട്ടിസ്റ്റിലെ കേന്ദ്ര കഥാപാത്രം*



**Christy Anna Thomas**
I MA Malayalam



# Stranger Sun

I have seen a stranger sun each passing day, that lights my day in every different way giving me the hope that I rise to, at every dawn and how I feel thankful to almighty for another chance to live, granting me all the love, happiness and care I need and to pass on and for all I have in my life, I feel truly blessed. To share a smile and to receive one experienced one as a joy of receiving a gift. To make someone laugh, delighting the heart with utmost happiness. To have someone share their thoughts and their time with you, leaves me feeling grateful deep down inside, erasing every bit of loneliness that had once crept inside, To have a shoulder to cry on to, for every comforting word spoken or just a pat that says 'Everything will be okay, we'll pass through this day' Such sweet joys and pain, come plentiful each day but somehow we don't see it, we don't understand the beauty of every small little thing that happens to us in our lives.

Blinded by negativity, our ego, our selfishness and faults that we pick out in others than of ours, everyday is woken up to darkness. I've realized that its not of what will happen in the future or how many troubles or joys I'm going to face tomorrow its nothing of tomorrow but of the gift of today. The joy of every tear that falls down my face today, the joy of every laugh I bring to someone else's face today, and all that happens to me today,

I'm thankful and happy for it, not sure of my tomorrow. God may or may not grant me another day but I can live today to the best I can. For I have seen a stranger sun and it has lighted my day in a different way, giving me hope, love and happiness that I need for today.

**Anita John**

I Msc Psychology



"If society shapes the character within a human being, then does loneliness has any influence in a person's character formation"?

Loneliness ... a state of having no one to share our feelings and emotions a crisis in which no one can be there to take us out of our helplessness... a feeling of confession ... Beyond all these, loneliness have another meaning...

Loneliness can be considered as a method which can manipulate the creativity within a person. It can bring out the angel or demon within a person... the good or bad... when we are wandering our minds in loneliness we start thinking about ourselves, the world within us or the delusional confusions going on within ourselves that are undefined. It all depends on our perspectives towards situations in our life that shapes our character even loneliness.

When we are lonely we realize that what we are rather than what we want us to be. This decreases the ego within us. That creates a state of love towards everything around us. It leads us to a divine level of thinking that helps us to attain complete ecstasy.

This is one way in which loneliness can manipulate our character. The other way is quiet a deviation i.e. bringing out the demon within us. Revealing us our deepest intentions, the so called fantasies that lies within our 'id' when defined in Freudian terms, the sub conscious level that may lead us to depressions or paranoia or even schizophrenia.



It creates a feeling of helplessness or fear within us so we either try to stay away from those fears or we try to face them by putting ourselves into those fearful situations to prove that we are not afraid of them. It is like moving with the flow of river of life, not bothering much about the outcomes of our actions and giving importance only to that feeling of impulsiveness that emerge within us that gives us a fake impression that we don't have any fears.

Actually, it is loneliness that can bring out the intellectual properties within a human being... the real persona... the real human...

**Donia Babu**

III Bsc psychology



# THE MATTER IS GREY

*(inspired from thoughts shared in the class by our professor)*

It's amazing that life poses several questions which are tough to answer and once we find the answer, life changes the questions. Please do not mistake it to be the result of mindless boarding. It was actually a philosophy I quite accidentally came across and I found it very true. Since I was and still am a player in this particular game of life. So here I am sharing with you one such question life threw at me...

" Why is it that 'dilemma' lurks behind every ' middle position' ?, Might appear quite funny...But please show the patience to think it over. Think about the colourless shades- black and white fall in the category...what about grey? Is it a colour or a colourless shade?. People easily believe in birth and death but find it hard to digest the in-between-state of a 'spirit'. There is the male category and the female category, but ever accepted the biological reality which does not fall into neither of the extreme categories? On facing a question, a child is expected to give either a "yes" or a "no" as an answer. Anything in between is out of question.

Society feels chagrined at the existence of these " middle dilemmas". Being an 'adolescent' from a 'middle-class' family, I was quite affected by this invisible chastising of the society. Neither a child nor an adult, who is neither rich nor poor, I felt myself in deep trouble...

In an era when science and its speedy advancement is considered the foundation stone on which every societal edifice is built, the fact that no one bothers to give things a scientific and rational thought appears to be a paradox. A simple pendulum is in stable position when it is not swinging either to the left or right extremes. In seasons, spring is the best, when it is neither hot nor cold. It is common in any society to criticize a miser and spendthrift alike, curse sunny days and moonless nights alike, and despise chatty people and silent people alike.

But still the "middle" remains a riddle in most occasions. Why? This is my question for you to ponder over. People loathe the extremes. But in life, when the matter is practical and real, the matter is always grey...The "middle sector" is neglected and it suffers...

**Sreelakshmi S.**

I BA Economics



# 03 THURSDAY APRIL

095-272 WEEK 14

| M | T | W | T | F |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 7 | 8 | 9 | 10 | 11 |
| 14 | 15 | 16 | 17 | 18 |
| 21 | 22 | 23 | 24 | 25 |
| 28 | 29 | 30 | | |

8

9

10

11 മെസേജ് ബോക്സിൽ അച്ചായന്റെ ചോദ്യം
ബ്ലിങ്ക് ചെയ്തു... ഇന്ന് ആർക്ക് എതിരെയാണ്
12 സമരം? ഉത്തരം ലളിതം...
എനിക്കെതിരെ തന്നെ...
1 ഞാൻ സമരത്തിലാണ്, എന്റെ
എന്നോട് തന്നെ... Struggle...
2

3

4

5

6

# ചൂട്ട്

സമയം ഏറെ കഴിഞ്ഞിരുന്നു,
പ്രഭാതകിരണങ്ങൾ ഇനിയും
എത്തിയിട്ടില്ല...!!
പ്രകൃതി പ്രഭാതത്തെ സ്വീകരിക്കാനായി
കാത്തിരുന്നു...
ചൂടുള്ള വാർത്തയുമായി
ആദ്യം എത്താൻ പത്രക്കാരനും
ചൂടൻ ചായയ്ക്ക്
പാൽതരുവാൻ പാൽക്കാരനും
അങ്ങനെ....
ലോകം ഉണരുവാനായി കാത്തിരുന്നു
പെട്ടെന്ന്, എങ്ങ് നിന്നോ ആരോ വിളിച്ചു
പറഞ്ഞു
"മനുഷ്യന്റെ ക്രൂരതകൾ കണ്ട്
മടുത്ത്,
സൂര്യൻ പണിമുടക്കിലാണത്രെ!!"
തോറ്റ ചരിത്രം കേട്ടിട്ടില്ലാത്ത
മനുഷ്യൻ,
വീണ്ടും ചൂട്ടെടുത്തു
സൂര്യനെതിരെ സമരം ചെയ്യാൻ
വീണ്ടും നേടാനായി..!!
നശിക്കുവാനായി...!!

**Sony George**
II BSc Psychology



# To live... Fight... & Survive...

Too dangerous the world around you
To live, fight and survive
You seldom know
"Familiar" faces around you
Behind the facade of laughs
They love with their brain,
Never with their heart
You will be stained,
When you shake hands with them
You will be nailed,
When you raise arms against them
It's hard for you to stay and fight
Make your dreams not
Castles on seashore
It's hard for you to find
A ship of hope
Whose sails breeze to you

**Deepa Elizabath John**
II BA English

പ്രെയ്സ് ദി ലോർഡ്, അൽ ഹംദുലില്ല, ഹരേ രാമ ഹരേ രാമാ... രാമ രാമ ഹരേ ഹരേ... എന്നിങ്ങനെപ്രാർത്ഥിച്ചുകൊണ്ട് എന്നും രാവിലെ എഴുന്നേൽക്കാൻ സാധിക്കണമേ എന്നാഗ്രഹിക്കുന്ന ഒരു സാധാരണ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനാണു ഞാൻ... എങ്കിലും ഈ മതേതര സർക്കാരും ഒരു മരണവും ഇതിനെ എവിടെ കൊണ്ടുപോയി എത്തിക്കുമോ എന്തോ..? അതിനു മുമ്പ് ഞാൻ എന്നെ പരിചയപ്പെടുത്തിയില്ലല്ലോ? ഞാൻ തോമസ് ചാക്കോ... തൊമ്മിച്ചൻ എന്നാണ് എല്ലാവരും വിളിക്കുന്നത്. വിവാഹമൊന്നും കഴിച്ചിട്ടില്ല. അതിനുള്ള പ്രായമൊന്നും ആയിട്ടില്ലതാനും. പത്തനംതിട്ട ജില്ലയിൽ പൊൻകുഴിക്ക് അടുത്ത് വലിയകാവ് എന്ന ഗ്രാമത്തിൽ സഖാവ് വർഗീസ് ചാക്കോയുടെ മകനായി ജനിച്ചുവെങ്കിലും അപ്പനെപ്പോലെ പാർട്ടിയിൽ ഇറങ്ങുവാനോ പ്രവർത്തിക്കുവാനോ ഞാൻ തത്പരനായിരുന്നില്ല. എനിക്ക് എന്റേതായ ചില ആദർശങ്ങളും വിശ്വാസങ്ങളുമുണ്ട്. അപ്പന്റെയും എന്റെയും പാതരണ്ടാണ്. വിശ്വാസവും ആദർശവും ഒന്നാണെന്നു പറഞ്ഞുനടക്കുന്നതിലല്ലല്ലോ കാര്യം. അതു മനസിലാക്കാൻ ഞാൻ പഠിച്ചതു മുതലാണ് ഇങ്ങനെയൊരു രീതി തിരഞ്ഞെടുക്കേണ്ടിവന്നത്.

"തൊമ്മിച്ചാ... എടാ തൊമ്മിച്ചാ... മണി പത്തായില്ലേടാ... എന്തൊരുറക്കമാണെടാ ഇത്."

ശല്യം! ആരാണെന്നറിയാൻ ഞാൻ കണ്ണുതുറന്നു നോക്കിയപ്പോൾ ഇളിച്ച പല്ലുകളുമായി നിൽക്കുകയായിരുന്നു സനൂപ്. "എന്താണെടാ പുല്ലേ, ഈ രാവിലെ തന്നെ മനുഷ്യനെ മെനക്കെടുത്താനായിട്ട്."

"വേഗം റെഡിയായി വാടാ... ദാ അവർ പുറത്ത് കാറുമായി വെയിറ്റ് ചെയ്ത് നിൽക്കയാ..."

"എന്നാത്തിനാടാ...?"

"ഓ, നീയങ്ങു മറന്നോ? ഇന്നല്ലയോ നമ്മൾ ഗോവയ്ക്ക് പോകാൻ പ്ലാൻ ചെയ്തിരിക്കുന്നത്."

"ഹോ, ഞാനതങ്ങ് മറന്നു... അല്ലേലും എനിക്കീ ഗോവയ്ക്ക് പോകാനൊന്നും ഒരു താൽപര്യോമില്ല... അവിടെ പോയിട്ട് എന്നാ കാണിക്കാനാ... കള്ളുകുടിക്കാനും പെണ്ണുപിടിക്കാനുമൊക്കെയല്ലായോ നീയൊക്കെ അവിടേക്ക് കെട്ടിയെടുക്കുന്നേ. നിങ്ങൾ വിളിച്ചോണ്ട് മാത്രമാണ് ഞാൻ കൂടെ വരുന്നത് എന്നറിയാല്ലോ?"

"കഥ പറഞ്ഞുനിൽക്കാനൊന്നും സമയമില്ല. നീ വേഗം വന്ന് വണ്ടിയിൽ കയറ്." സനൂപ് അൽപം ശബ്ദമുയർത്തി പറഞ്ഞു. പ്രഭാതകൃത്യങ്ങൾ ചെയ്തു തീർക്കുവാനൊന്നും അവരെന്നെ അനുവദിക്കില്ല എന്ന് അറിയാവുന്നതുകൊണ്ട് തന്നെ ഞാൻ വേഗം ചെന്ന് വണ്ടിയിൽ കയറി. ജോണി സർവ്വ ദൈവങ്ങളെയും വിളിച്ചു ഡ്രൈവിംഗ് സീറ്റിൽ ചെന്നിരുന്നു. മുന്നിൽ തന്നെ ഞാനും. അഫ്സലും സനൂപും പിറകിലും. ഒരു 2009 മോഡൽ ബ്ലാക്ക് റിറ്റ്സ് കാർ. കാണാനൊക്കെ ഒരു ഐശ്വര്യമുണ്ടെങ്കിലും ലക്ഷണംകെട്ട വണ്ടി. എവിടെ കൊണ്ടുപോയാലും കുഴപ്പങ്ങളേ ഉണ്ടായിട്ടുള്ളൂ... എങ്കിലും സനൂപ് തന്റെ കാമുകിയെപ്പോലെയാണ് ആ വണ്ടി നോക്കുന്നത്. ജോണി ഡ്രൈവിംഗ് സീറ്റിൽ ഇരിക്കുമ്പോൾ തന്നെ അവന്റെ മുഖം ചുളിഞ്ഞത് ഞാൻ കണ്ടു. ഹോ... ഇതിനെയൊക്കെയാണല്ലേ ന്യൂ ജനറേഷൻ എന്ന് പറയുന്നത്. ഞാൻ പെട്ടെന്നതോർത്തില്ല. ജോണി മെല്ലെ വണ്ടി സ്റ്റാർട്ട് ആക്കി. ഞാനൊഴികെ ബാക്കിയെല്ലാവരും നല്ല ത്രില്ലിലാണ്. മിററിലൂടെ സനൂപിന്റെ ചുളിഞ്ഞ മുഖം എനിക്ക് കാണാം. അഫ്സലും ജോണിയും ദീപാവലി മിഠായി കിട്ടിയ കുട്ടികളെപ്പോലെ വെറുതെ കിടന്ന് ചിരിക്കുന്നുണ്ട്.

ഞങ്ങളുടെ യാത്ര തുടങ്ങിയിട്ട് ഏകദേശം ഒരു 70 കിലോമീറ്റർ ദൂരം അവരെല്ലാവരും കൂകിവിളിയും ബഹളവും കൈയായിരുന്നു. ഇടുക്കി ജില്ലയിലെ ഉൾപ്രദേശങ്ങളിലൂടെ യാത്ര തുടർന്നപ്പോൾ കൂടെ വന്ന മാക്രികൾ വീണ്ടും പാട്ടും ബഹളവും തുടങ്ങി.



അതിനിടയിൽ നല്ല മഴ പെയ്തു. "എടാ പൊട്ടൻ ജോണി, ആ വൈപ്പർ ഒന്നു ഓൺചെയ്യടാ.' പുറകിൽ നിന്നു സനൂപിന്റെ കൽപ്പനവന്നു.

പെട്ടെന്നാണ് അഫ്സൽ അലറിയത്. "എന്റെ അള്ളാ.... ടാ ജോണി... വണ്ടി നിർത്തടാ...."

"എന്തിനാടാ?" അവൻ ദേഷ്യപ്പെട്ടു.

"വണ്ടി നിർത്താനാണ് ഞാൻ പറഞ്ഞത്." അഫ്സൽ ഒച്ചയിട്ടു. ജോണി മെല്ലെ വണ്ടി സൈഡാക്കി. അഫ്സൽ വണ്ടിയിൽനിന്നുമിറങ്ങി ഓടി. പിന്നാലെ ഞങ്ങളും. അപ്പോഴാണ് ആ കാഴ്ച കണ്ടത്. റോഡിനരികിൽ പുൽത്തകിടിയിൽ ഒരു ചെറുപ്പക്കാരൻ പയ്യൻ ചോരയിൽ കുളിച്ച് അവസാന ശ്വാസത്തിന് വേണ്ടി കൈയ്യുംകാലുമിട്ടടിക്കുന്നു. കുറച്ചുമാറി അവന്റെ ബൈക്ക് തകർന്നു ചിതറിക്കിടക്കുന്നു. ഏതോ പാണ്ടിലോറി ഇടിച്ചിട്ടു പോയതാകും. സനൂപ് തലയിൽ കൈവച്ചു സംശയം പറഞ്ഞു.

"നിങ്ങളൊക്കെ എന്ത് മണ്ണാങ്കട്ടയാ ഈ നോക്കി നിൽക്കുന്നത് നായിന്റെ മക്കളെ. ഒന്നു പിടിക്ക് ഇവനെ നമുക്ക് ഹോസ്പിറ്റലിൽ കൊണ്ടുപോവാം..." ഞാൻ മുഖം ചുമപ്പിച്ച് ചൂടായി...

പക്ഷെ അവരെല്ലാവരും ഒരു സംശയത്തോടെ പറഞ്ഞു. "വെറുതെ വേണ്ടാത്ത പണിയ്ക്ക് നിൽക്കണ്ട. ഇടിച്ച വണ്ടി നിർത്താതെ പോയ സ്ഥിതിക്ക് ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നത് ബുദ്ധിയല്ല."

എനിക്ക് ദേഷ്യം കൂടി. "ഈ മഴയത്ത് തീരെ താൽപ്പര്യമില്ലാഞ്ഞിട്ടും നിങ്ങടെ കൂടെ വന്ന ഞാനിവനെ കണ്ടെങ്കിൽ അത് ദൈവം അയച്ചത് തന്നെയാ... അത് കണ്ടില്ലെന്ന് വയ്ക്കാൻ എനിക്ക് പറ്റില്ല ജോണി .. നീ വണ്ടിയെടുക്ക്..."

"സോറി തൊമ്മിച്ചാ... ഇങ്ങനെയൊരു റിസ്ക് എടുക്കാൻ എന്നെക്കൊണ്ട് പറ്റില്ല... നീ വേണമെങ്കിൽ ഒറ്റയ്ക്ക് കൊണ്ടുപൊയ്ക്കോ....

ജോണി എന്നെ നോക്കി പറഞ്ഞു. ചെറിയ മഴകൊണ്ട് എല്ലാവരും നനഞ്ഞിരുന്നു. ഞാൻ ആ ചെറുപ്പക്കാരനെ കൈകൊണ്ട് വാരിയെടുത്ത് വണ്ടിയിൽ കയറ്റി കിടത്തി. എന്നിട്ടു തലയും താഴ്ത്തി വണ്ടിയിൽ കയറാൻ മടിച്ചുനിന്നവരോടായി കേണു പറഞ്ഞു. "എടാ കാലുപിടിക്കാം. നിങ്ങളാരും ഹോസ്പിറ്റലിൽ കയറണ്ട ഞാൻ ഒറ്റയ്ക്ക് കൊണ്ടുപോവാം. എല്ലാ റിസ്കും ഞാൻ എടുത്തോളാം. ഇനി എന്തെങ്കിലും ഉണ്ടായാൽ തന്നെ നിങ്ങളുടെ പേരൊന്നും ഞാൻ ആരോടും പറയില്ല. ഈ വണ്ടിയിൽ കിടക്കുന്നവന് അവന്റെ ജീവൻ തിരിച്ചുകൊടുക്കാൻ പറ്റിയില്ലെങ്കിൽ പിന്നെ ഞാൻ മരിച്ചാൽ പോലും എന്റടുത്ത് വന്നേക്കരുത്..." ജോണി പെട്ടെന്നു തന്നെ ചെന്നു വണ്ടിയിൽ കയറി വണ്ടി സ്റ്റാർട്ട് ചെയ്തു. കൂടെ അഫ്സലും സനൂപും ചെന്നു കയറി. ഞാൻ ആ ചെറുപ്പക്കാരന്റെ ഫോണിൽ നിന്നും അവന്റെ വീട്ടിലേക്കു വിളിച്ചു വിവരം പറഞ്ഞു.

വൈകുന്നേരം ആയപ്പോഴേക്കും അവന്റെ വീട്ടുകാർ ഹോസ്പിറ്റലിൽ എത്തി. അവന്റെ അച്ഛനും അമ്മയും അനുജത്തിയുമാണ് വന്നിരിക്കുന്നത്. ആളൊരു പാവപ്പെട്ട കുടുംബത്തിലെ ആണെന്ന് തോന്നുന്നു. ഏതാണ്ട് ഒരു രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ ഡോക്ടർ വന്നു. പുറത്തു പേടിച്ചു കാത്തുനിന്ന എല്ലാവരോടും കൂടെ പറഞ്ഞു. "ആർക്കെങ്കിലും കാണണമെങ്കിൽ ചെന്നുകാണാം. അയാൾക്കിപ്പോൾ കുഴപ്പമൊന്നുമില്ല. പേടിക്കാൻ ഒന്നുമില്ല."

അതുകേട്ടപ്പോൾ അവന്റെ അമ്മ കരഞ്ഞുകൊണ്ട് ഓടിച്ചെന്ന് ഡോക്ടറോട് നന്ദി പറഞ്ഞു. ഡോക്ടർ അവന്റെ അമ്മയോട് പറഞ്ഞു. "നന്ദി പറയേണ്ടത് അവരോടാണ്. സമയത്ത് ഇവിടെ എത്തിച്ചില്ലായിരുന്നുവെങ്കിൽ എന്തുചെയ്തിട്ടും ഒരു കാര്യവുമില്ലായിരുന്നു. പ്രത്യേകിച്ച് ആ വണ്ടിയോടിച്ചവനോട്." എന്നുപറഞ്ഞ് ജോണിയെ ചൂണ്ടിക്കാട്ടി. അവന്റമ്മ കൈകൂപ്പി അവന്റടുത്തേക്ക് ചെന്നു കരഞ്ഞു പറഞ്ഞു. "ഞങ്ങൾ മൂന്ന് ആത്മാക്കളുടെ ആകെയുള്ള ഏക ആശ്രയമാണ് മോനെ അകത്ത് കിടക്കുന്നത്. അച്ഛന് മരുന്നുവാങ്ങാൻ മറന്നു, വീട്ടിൽ വന്നു കയറിയപ്പോൾ... ഞാനിതാ വാങ്ങിവരാമ്മച്ചീ എന്നു പറഞ്ഞ് വിളമ്പിവച്ച ചോറുപോലും കഴിക്കാതെ വീട്ടിൽനിന്നും ഇറങ്ങിയതാ മോനെ അവൻ... നീ ദൈവമാണ് മോനേ... അല്ലെങ്കിൽ അതിലൂടെ പോയ ഒരു വാഹനത്തിലുള്ള ആളുകൾക്കും തോന്നാത്ത ദയ കുട്ടിക്ക് തോന്നുമോ..." "അമ്മയുടെ മോനെ രക്ഷിച്ച ദൈവം ഞാനല്ല അമ്മേ..." ദേഹത്താകെ ചോരയുമായി ക്ഷീണിച്ച കണ്ണുകളുമായി ഹോസ്പിറ്റലിന്റെ ഇരുമ്പുകസേരയിൽ രണ്ടുകൈയ്യും തലയിൽ വച്ച് താഴേയ്ക്ക് നോക്കിയിരിക്കുന്ന എന്നെ അമ്മയ്ക്ക് കാണിച്ചുകൊടുത്ത് അവൻ പറഞ്ഞു. "ആരുമല്ലാത്ത ഒരാൾക്കുവേണ്ടി എല്ലാ റിസ്കും സ്വയം ഏറ്റെടുത്ത് ഒന്നു സംശയിച്ചു നിന്ന ഞങ്ങളെയൊക്കെ വഴക്ക് പറഞ്ഞ് ഇവിടെ എത്തിച്ച ആ ഇരിക്കുന്നവനാണ് അമ്മ പറഞ്ഞ ദൈവം."

എന്റെ കൈപിടിച്ച് അമ്മ കരഞ്ഞുതുടങ്ങിയപ്പോൾ അവരിൽനിന്നൊക്കെ മാറി ഞാൻ വണ്ടിയിൽ കയറി ഇരുന്നു. ഹോസ്പിറ്റലിൽ നിന്നും ഇറങ്ങിവന്ന കൂട്ടുകാരോടായി ഞാൻ പറഞ്ഞു. "കുറച്ച് മനുഷ്യപ്പറ്റുള്ളവർ മതി എനിക്ക് ഫ്രണ്ട്സ് ആയിട്ട്. സ്വന്തം കാര്യം മാത്രം നോക്കി നടക്കാനാണെങ്കിൽ എന്തിനാ കുറേ ഫ്രണ്ട്സ്? പരസ്പരം തെറിവിളിക്കാനോ? ഒരുമിച്ചിരുന്ന് സിനിമ കാണാനോ? അല്ലെങ്കിൽ കിട്ടുന്ന ഞായറാഴ്ചകളിൽ ഇരുന്ന് വെള്ളമടിക്കാനോ? കണ്ട പെൺകുട്ടികളുടെ പിന്നാലെ നടക്കാനോ? ചെയ്തുകൂട്ടുന്നത് എന്തെങ്കിലുമൊക്കെ മറ്റുള്ളവർക്ക് വേണ്ടിയാകുമ്പോഴല്ലേ നമ്മൾ മനുഷ്യരാകുന്നത്. യാതൊരു വ്യത്യാസവും കാണിക്കാൻ കഴിയാത്ത ജീവനുള്ള മനുഷ്യർ."

ഏതൊരു മനുഷ്യനെയും ഒരുപോലെ കാണുവാൻ തോന്നിപ്പിക്കുന്ന ആദർശത്തിന്റെ മുകളിൽ നിൽക്കുന്നവർപോലും മറന്നു തള്ളുന്ന ചില കാര്യങ്ങൾ ചെയ്തു തീർക്കാൻ ഉള്ളിൽ നന്മ മാത്രം മതിയെന്നു നമ്മെ മനസിലാക്കി തരുന്ന ചില മനുഷ്യരുണ്ടിവിടെ... ഒന്നും മോഹിക്കാതെ സമത്വം എന്നൊരു ആശയം മനസിൽ ഉൾക്കൊള്ളാനും സഹജീവികളോട് കരുണയോടെ പെരുമാറാനും സാധിക്കുന്ന ഇത്തരം ചില മനുഷ്യരല്ലേ സത്യത്തിൽ യഥാർത്ഥ കമ്യൂണിസ്റ്റ് പോരാളികൾ...

Akhil Raj
II BSc Physics

# പശ്ചിമഘട്ടസംരക്ഷണവും ഗാഡ്ഗിൽ റിപ്പോർട്ടും; കേരളത്തിൽ

സാക്ഷരതയിലും സാമൂഹിക സാമ്പത്തിക ആരോഗ്യ രംഗങ്ങളിലും വികസിതരാഷ്ട്രങ്ങളുടെ നിലവാരത്തിനൊപ്പം ഉയർന്നുവെന്നു അഭിമാനിക്കുന്നവരാണ് നാം കേരളീയർ. ലോകകാര്യങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തി, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ നേട്ടങ്ങൾ അതിവേഗത്തിൽ സ്വായത്തമാക്കി ദിനംപ്രതി ജീവിതനിലവാരത്തെ മെച്ചപ്പെടുത്തുന്നവരാണ് കേരളീയർ. എന്നാൽ പരിസ്ഥിതി സംരക്ഷണ വിഷയത്തെ സമൂഹം പൊതുവിൽ അവഗണിക്കുകയാണ്. ചിലരാകട്ടെ സാമ്പത്തിക ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള പ്രകൃതിവിഭവ ചൂഷണ നയമാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ അസ്തിത്വത്തിന്റെ തന്നെ ആധാരമായ പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധസമിതി റിപ്പോർട്ടുണ്ടാക്കിയ കോളിളക്കങ്ങളും വസ്തുതകളും വിശകലനം ചെയ്യുകയാണ് ഈ ചെറുലേഖനത്തിൽ.

**പശ്ചിമഘട്ടവും വെല്ലുവിളികളും**

ലോകത്തിലെ 35 ജൈവവൈവിധ്യ കലവറകളിൽ (hotspots) ഒന്നാണ് കേരളത്തിലെ വനങ്ങൾ ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകൾ. അതിൽത്തന്നെ അത്യപൂർവമായ എട്ട് സ്ഥാനങ്ങളിലൊന്നു കൂടിയാണ് പശ്ചിമഘട്ടം. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നീ ആറു സംസ്ഥാനങ്ങളിലായാണ് പശ്ചിമഘട്ടം നിലകൊള്ളുന്നത്. കേരള വനഗവേഷണ സ്ഥാപനത്തിന്റെ പഠന പ്രകാരം കേരളത്തിലെ മലനിരകളിൽ മാത്രം 14 ഇനം സസ്തനികളും, 16 ഇനം പക്ഷികളും, 93 ഇനം ഉരഗങ്ങളും കാണപ്പെടുന്നവയാണ്. ഇവയിൽ ഭൂരിഭാഗവും വംശനാശഭീഷണി നേരിടുന്നവയാണ്.

29 ഗോത്രങ്ങളിൽപ്പെട്ട ആദിവാസികളുടെ വാസസ്ഥലമായ പശ്ചിമഘട്ടത്തിന്റെ കേരളാതിർത്തിയിൽ നിന്നു മാത്രം 44 നദികൾ ഉദ്ഭവിക്കുന്നു. ദക്ഷിണ ഭാരതത്തിന്റെ അന്തരീക്ഷ താപനില, മഴയുടെ അനുപാതം, കാലാവസ്ഥ എന്നിവ നിർണയിക്കുന്നതിൽ പ്രധാന പങ്ക് പശ്ചിമഘട്ടം നിർവഹിക്കുന്നു. ഏകദേശം ഇരുപത്തിയഞ്ച് കോടിയോളം വരുന്ന ജനങ്ങളുടെ ജീവിതത്തെ പ്രത്യക്ഷമായും പരോക്ഷമായും ഈ മേഖല സ്വാധീനിക്കുന്നുണ്ട്.

കേരളത്തിന്റെ കാര്യം മാത്രമെടുത്താൽ, അറബിക്കടലിൽനിന്നും വരുന്ന നീരാവി നിറഞ്ഞ കാറ്റ് തടഞ്ഞുനിർത്തി വർഷത്തിൽ മുന്നൂറ് സെന്റിമീറ്ററോളം മഴപെയ്യിക്കുന്നതും അങ്ങനെ വിവിധങ്ങളായ കാർഷിക വിളകൾ നിലനിർത്തുന്നതിലും ഭക്ഷ്യസുരക്ഷയിലും സാമ്പത്തിക മേഖലയിൽ സംരക്ഷണമുറപ്പാക്കുന്നതിലും പശ്ചിമഘട്ടത്തിനു വലിയ പങ്കുണ്ട്. പശ്ചിമഘട്ട മേഖലയെ എന്ത് വിലകൊടുത്തും സംരക്ഷിക്കേണ്ടതാണെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

എന്നാൽ 1920 മുതൽ 1990 വരെയുള്ള കാലഘട്ടത്തിൽ മാത്രം ഈ പ്രദേശത്തെ വനസമ്പത്ത് 40 ശതമാനത്തോളം കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനു ശേഷമുള്ള നവ ഉദാരവത്കരണ സാമ്പത്തിക നയത്തിന്റെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിൽ ചൂഷണം ഇരട്ടിയായിരിക്കുന്നു. ഖനനം, വ്യവസായം, വൈദ്യുതനിലയം, ടൂറിസം എന്നിവയുടെ പേരിൽ പശ്ചിമഘട്ടത്തെ ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾ തകൃതിയായി നടന്നുവരികയാണ്. അതിന്റെ പ്രത്യാഘാതങ്ങളുടെ ഏറ്റവും ഉത്തമ ഉദാഹരണമാണ് വർഷത്തിൽ മുന്നൂറു സെന്റിമീറ്റർ മഴ ലഭിച്ചിട്ടും വരൾച്ചാ ബാധിതമെന്നു പ്രഖ്യാപിക്കേണ്ടി വരുന്ന കേരളം. കൃഷിയുടെ പേരിൽ നടക്കുന്ന ചൂഷണങ്ങളും പറയാതെ വയ്യ. രാസകീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം ഭക്ഷ്യോല്പ്പാദനത്തിൽ വലിയ കുതിച്ചുചാട്ടം നടത്തുമെന്നാണ് അവകാശപ്പെടുന്നതെങ്കിലും അത് ഭൂമിയുടെ തനതായ സ്വഭാവത്തെ നഷ്ടപ്പെടുത്തി മുരടിപ്പിക്കുമെന്നത് വസ്തുതയാണ്. ജനിതകമാറ്റം വരുത്തിയ വിളകളുടെ ഉപയോഗം എങ്ങനെ കൃഷിഭൂമിയെ ബാധിക്കുന്നു എന്നതും പഠനവിഷയമാക്കേണ്ടതാണ്. ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭാഗമായ് കുത്തകകൾ ഭൂമിയുടെ രക്തം കുടിക്കുന്ന കടവാതിലുകളാകുമ്പോൾ കർഷക സമൂഹത്തിന്റെ കടക്കെണിയുടെയും ആത്മഹത്യയുടെയും കാരണങ്ങൾ കേവലം സാമ്പത്തിക പ്രശ്നങ്ങൾ മാത്രമല്ല, തെറ്റായ ഭൂവിനിയോഗരീതികൾ ഉണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടിയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ധാരാളം തണ്ണീർത്തടങ്ങളുള്ള സ്ഥലമെന്ന രീതിയിലും പശ്ചിമഘട്ടം ഒരു ആവാസവ്യവസ്ഥയും വിഭവ സ്രോതസ്സുമാണ്. കാലാവസ്ഥയും ഭൂഗർഭ ജലനിരപ്പും ഇവ അനുയോജ്യമായ രീതിയിൽ സം



രക്ഷിക്കുന്നു. ഇപ്പോൾത്തന്നെ ആഗോളജനസംഖ്യയുടെ സിംഹഭാഗവും ജലദാരിദ്ര്യ മേഖലയിലാണ് എന്ന വസ്തുതയുമായ് താരതമ്യം ചെയ്യുമ്പോൾ പശ്ചിമഘട്ടം അനുഗ്രഹീതമായ പ്രദേശമാണെന്ന് മനസ്സിലാക്കാം.

**ഗാഡ്ഗിൽ റിപ്പോർട്ട്**

പാരിസ്ഥിതികത്തകർച്ച മൂലം പശ്ചിമഘട്ടത്തിനുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായിട്ടാണ് ഭാരതത്തിലെ ഏറ്റവും പ്രശസ്തനായ പരിസ്ഥിതി ശാസ്ത്രജ്ഞരിലൊരാളായ പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ അധ്യക്ഷതയിൽ പതിനാലംഗ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധസമിതിയെ കേന്ദ്ര വനം സംരക്ഷണ വകുപ്പ് നിയമിച്ചത്.

പരിസ്ഥിതിലോലമായ പ്രദേശങ്ങളെ നിർണയിക്കുന്നതിനുള്ള ഒരു രീതിശാസ്ത്രമടക്കമാണ് ഈ സമിതി റിപ്പോർട്ടിലൂടെ സമർപ്പിച്ചിരിക്കുന്നത്. വികസനമെന്നത് സംരക്ഷണം കൂടിയാണെന്ന് സ്ഥാപിച്ചുകൊണ്ടുള്ള സുസ്ഥിര വികസനമാർഗനിർദ്ദേശങ്ങളാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം. പശ്ചിമഘട്ടത്തെ പൊതുവിൽ ഒരു പരിസ്ഥിതിലോല പ്രദേശമായിട്ടാണ് ഈ സമിതി പരിഗണിക്കുന്നതെങ്കിലും അതിൽത്തന്നെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്. പരിസ്ഥിതിലോലപ്രദേശങ്ങളുടെ (Ecologically Sensitive Zone ESZ) വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് മുൻഗണന നിശ്ചയിക്കുകയും അതിനെ ESZ1, ESZ2, ESZ3 എന്നിങ്ങനെ തരംതിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഏകദേശം 8100 ഹെക്ടർ വിസ്തീർണം വരുന്ന 2200ഓളം ചതുരങ്ങളായി പശ്ചിമഘട്ടം ഉൾപ്പെടുന്ന പ്രദേശത്തെ വിഭജിച്ച്, ഓരോ മേഖലയെയും പ്രത്യേകം പരിഗണിച്ചാണ് ഈ വർഗീകരണം നടത്തിയിരിക്കുന്നത്. ഓരോ മേഖലയും ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ അതാത് താലൂക്കിന്റെ പേരിലാണ് വിശേഷിപ്പിച്ചിരിക്കുന്നതെങ്കിലും ജനപ്രതിനിധികളും മറ്റും തെറ്റിധരിച്ചിരിക്കുന്നതോ തെറ്റിദ്ധരിപ്പിക്കുന്നതോ പോലെ ആ താലൂക്ക് മുഴുവനും നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നില്ല എന്നതാണ് വസ്തുത. കൃത്യമായ പരിസ്ഥിതിലോലമേഖല, അതാത് പഞ്ചായത്തുകളിൽ ഗ്രാമസഭകൾ കൂടി നിർണയിക്കുകയും അവിടെ നടപ്പാക്കേണ്ട മാർഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുക എന്ന തികച്ചും ജനാധിപത്യപരമായ ഒരു ശുപാർശയാണ് ഈ റിപ്പോർട്ടിൽ കാണാനാവുക. പശ്ചിമഘട്ട അതോറിട്ടി മുതൽ ഗ്രാമസഭ വരെയുള്ള അധികാര വികേന്ദ്രീകരണമാണ് ഗാഡ്ഗിൽ മുന്നോട്ടുവെക്കുന്നത്.

ഏറ്റവും പ്രാധാന്യമർഹിക്കുന്ന ESZ1 മേഖലയിൽ പ്രത്യേക സാമ്പത്തിക മേഖലകൾ, പുതിയ ഹിൽസ്റ്റേഷനുകൾ, വിഷമാലിന്യ സംസ്കരണം, പുതിയ ഖനനമേഖലകൾ, അപകടകാരികളായ ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസായശാലകൾ, വൻകിട ജലവൈദ്യുത പദ്ധതികൾ എന്നിവയ്ക്ക് അനുമതി നൽകരുതെന്നും നിലവിലുള്ളവ ഘട്ടംഘട്ടമായി നിർത്തണമെന്നുമാണ് ശുപാർശ. പരിസ്ഥിതിലോല മേഖലകളിൽ നദികളുടെ ഗതിമാറ്റം പാടില്ലെന്നും 30 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ ഇടക്കാല വിളകളുടെ കൃഷിയിൽ നിന്നും ദീർഘകാലവിളകളിലേക്ക് മാറണമെന്നും, അങ്ങനെ മാറുന്ന കർഷകർക്ക്, പ്രത്യേകിച്ച് ചെറുകിട കർഷകർക്ക് ഒരു നിശ്ചിത തുക ധനസഹായമായി നല്കണമെന്ന് റിപ്പോർട്ട് പറയുന്നു. രാസകീടനാശിനികളുടെയും, രാസവളങ്ങളുടെയും ഉപയോഗം കുറച്ച് ജൈവകൃഷിരീതിയിലേക്ക് ഘട്ടംഘട്ടമായി മാറണമെന്നും അതിനുള്ള സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.



Madhav Gadgil

ESZ2 ലും ESZ3 ലും ഖനന പ്രവർത്തനങ്ങളും, ESZ3 ൽ വ്യവസായശാലകളും സാമൂഹ്യ ഹിതപരിശോധനക്കും കർശനമായ പ്രാദേശിക നിയന്ത്രണങ്ങൾക്കും വിധേയമായി ആകാമെന്നും റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. ESZ1 ലും ESZ2 ലും വളരെ അത്യാവശ്യമായ് മാത്രമേ വലിയ റോഡുകളും റെയിൽ ലൈനുകളും പാടുള്ളൂ. ESZ2 ലും ESZ3 ലും പുതിയ നിർമാണപ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ആഘാത പഠനത്തിനു ശേഷം മാത്രമേ അനുമതി നല്കാവൂ.

വനം വനേതര ആവശ്യങ്ങൾക്കും കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കും ഉപയോഗിക്കരുതെന്നതാണ് ഈ റിപ്പോർട്ടിന്റെ രത്നച്ചുരുക്കം. നിയന്ത്രണങ്ങളും മേഖലാ നിർണയവും പൂർണമായും താഴെത്തട്ടിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെ വേണമെന്ന് നിഷ്കർഷിക്കുന്ന ഈ റിപ്പോർട്ട് വളരെ ശാസ്ത്രീയവും ജനാധിപത്യപരവുമാണ്.

പക്ഷെ, കേരളത്തിലെ ജനപ്രതിനിധികളും മതസാമുദായിക നേതാക്കന്മാരും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും ഒന്നടങ്കം ഗാഡ്ഗിൽ റിപ്പോർട്ടിനെ തള്ളിപ്പറഞ്ഞു. ചെറുകിട കർഷകരെയും മലയോര ജനതയെ മുഴുവനായും ഈ റിപ്പോർട്ട് പ്രതികൂലമായി ബാധിക്കുമെന്നും ഭൂമിയും വീടുമെല്ലാം ഒഴിഞ്ഞു പോകേണ്ടി വരുമെന്ന അസത്യ പ്രചരണമായിരുന്നു നടത്തപ്പെട്ടത്. തീർച്ചയായും പരിസ്ഥിതിയെ അന്യായമായ ചൂഷണം ചെയ്തുകൊണ്ടിരുന്ന പാറമട ലോബികളും മണൽ മാഫിയകളുമൊക്കെയായിരുന്നു ഇതിന്റെ പിന്നിൽ എന്ന് സംശയിക്കണം. പല ദിനങ്ങളിലായ് നടന്ന പ്രതിഷേധങ്ങളിൽ പൊതുസ്ഥാപനങ്ങളും വാഹനങ്ങളും നശിപ്പി



ക്കുകയുമുണ്ടായി.

വൻകിടക്കാരുടെ സാമ്പത്തികലാഭത്തിനുവേണ്ടി അസത്യം പ്രചരിപ്പിക്കുന്ന ഈ ലോബികൾക്ക് സാധാരണ ജനങ്ങളെയും മത സാമുദായിക സംഘടനകളെയും ജനപ്രതിനിധികളെയും തെറ്റിദ്ധരിപ്പിക്കാനായി എന്നത് വിസ്മയകരമാണ്. കൃഷിഭൂമി കാർഷികേതര ഉപയോഗത്തിനായ് കൈമാറരുത് എന്ന നിർദ്ദേശം വളച്ചൊടിച്ച് ഇനി ഭൂമി കൈമാറ്റം ചെയ്യാനാകില്ലെന്നും പട്ടയം കിട്ടില്ലെന്നും പറഞ്ഞ് സാധാരണ കൃഷിക്കാരുടെ ഭൂമി റിയൽ എസ്റ്റേറ്റ് മാഫിയ ചുളുവിലക്ക് തട്ടിയെടുത്തു. ഇത് ചൂഷണത്തിന്റെ ഒരുദാഹരണം മാത്രം. അല്ലെങ്കിൽത്തന്നെ ഏതു ജനതയാണ് തങ്ങളുടെ പ്രദേശത്ത് പാറമടയ്ക്കും മറ്റും അനുമതി വേണമെന്ന് വാദിക്കുക. ഇതെല്ലാം വൻകിട മുതലാളിമാരുടെ വിപണനതന്ത്രങ്ങളും സ്വാർത്ഥതാല്പര്യങ്ങളുമാണെന്ന് മനസ്സിലാക്കേണ്ടതാണ്.

**നിലനിൽക്കുന്ന ചോദ്യങ്ങൾ**

ഗാഡ്ഗിൽ സമിതി റിപ്പോർട്ട് ശാസ്ത്രീയമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിലും, ന്യായമായും അതിനെതിരെ ഉന്നയിക്കാവുന്ന ചോദ്യങ്ങൾ ഉണ്ട്; ഒരുവശത്ത് കുത്തക മുതലാളിമാരുടെ കുപ്രചരണങ്ങളിൽ അന്ധരായി പ്രതിഷേധിക്കുന്ന ജനങ്ങൾക്കും മറുഭാഗത്ത് ഈ റിപ്പോർട്ട് അക്ഷരംപ്രതി നടപ്പിലാക്കണമെന്ന് വാദിക്കുന്ന തീവ്രപരിസ്ഥിതിവാദികൾക്കും മധ്യത്തിലായ് നിൽക്കുന്ന ചില ചോദ്യങ്ങൾ.

തീരദേശ സംരക്ഷണ നിയമം (CRZ) നടപ്പിലാക്കിയിട്ട് പാവപ്പെട്ട തീരദേശവാസികളുടെ ജീവിതം ബുദ്ധിമുട്ടിലായെന്നു മാത്രമല്ല, നിയമത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടതുമില്ല. നദികളുടെയും കായലുകളുടെയും കടലിന്റെയും ഓരങ്ങളിൽ നിയമത്തിന്റെ പഴുതുകളിലൂടെയും രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചും വൻ സൗധങ്ങളും വ്യാപാര സമുച്ചയങ്ങളും കൺവെൻഷൻ സെന്ററുകളും ഉയർന്നപ്പോൾ, തീരങ്ങളിൽ വസിക്കുന്ന സാധാരണക്കാരായവരുടെ കുടിലുകളും ചെറിയ വീടുകളും പുതുക്കിപ്പണിയാനോ അറ്റകുറ്റപ്പണികൾ നടത്തുവാനോ സാധിക്കുന്നില്ല എന്നത് അനീതിയാണ്. എറണാകുളം ജില്ലയിലെ ബോൾഗാട്ടിയിൽ കായൽ നികത്തി, CRZ നിയമം കാറ്റിൽപ്പറത്തി വൻകെട്ടിടസമുച്ചയങ്ങൾ പണിയുമ്പോൾ, കുറച്ചകലെയുള്ള മുളവുകാട്ടിൽ ഒരു സാധാരണ തൊഴിലാളിയുടെ വീട് CRZ നിയമം അനുസരിക്കുന്നില്ലെന്നതിനാൽ പൊളിച്ചുമാറ്റൽ ഭീഷണി നേരിടുന്നു.

ഇങ്ങനെ സാധാരണക്കാർ കുടിയൊഴിഞ്ഞുപോകേണ്ടി വരുകയും, എന്നാൽ വൻകിടക്കാർ അവിടങ്ങളിലേക്ക് ചേക്കേറുകയും ചെയ്യുമോ എന്ന ഭയാശങ്ക വേണ്ടതുണ്ട്. കാരണം ജനാധിപത്യപരവും സാധാരണക്കാരന് ഒട്ടേറെ അനുകൂലവുമായ ഗാഡ്ഗിൽ റിപ്പോർട്ടിനെ ചൊല്ലിയുള്ള വിവാദങ്ങളെത്തുടർന്ന് ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ട നിർദേശങ്ങൾ നൽകാൻ നിയോഗിക്കപ്പെട്ട കസ്തൂരിരംഗൻ സമിതി, വൻകിടക്കാർക്ക് കൂടുതൽ സ്വാതന്ത്ര്യവും എന്നാൽ സാധാരണ ജനങ്ങൾക്ക് കൂടുതൽ നിയന്ത്രണങ്ങളും ശുപാർശ ചെയ്യുന്ന ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ഇത്, മുതലാളിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് അധികാരികളുടെ പ്രവർത്തനങ്ങൾ എന്ന സംശയം ജനിപ്പിക്കാനിടയാക്കുന്നു. അതിനാൽ വീടും സ്വത്തും ഉപജീവനമാർഗങ്ങളും ഉപേക്ഷിക്കേണ്ടിവരുമോ എന്ന ആശങ്ക സ്വാഭാവികമായും ഉണ്ടാകുന്നു.

വ്യക്തമായ റിപ്പോർട്ട് ജനങ്ങൾക്ക് ലഭ്യമാക്കാനായിട്ടില്ല എന്നതാണ് ഒരു പ്രശ്നം. തീവ്രപരിസ്ഥിതി നിലപാടുകളെടുക്കുന്ന ഒരു സംഘടന മലയാള പരിഭാഷ പ്രസിദ്ധീകരിച്ചുവെങ്കിലും അത് കോട്ടങ്ങളെ വിസ്മരിച്ചിരിക്കുന്നു എന്ന തോന്നലുണ്ടാക്കുന്നു. കാര്യക്ഷമമായ ചർച്ചകൾക്ക് വേദിയൊരുക്കാനോ, പശ്ചിമഘട്ടത്തിന്റെ സംരക്ഷണം ജനതയുടെ നിലനിൽപ്പിന്റെ കാര്യമാണെന്ന് ബോധവൽക്കരിക്കാനോ അധികാരികൾ തയ്യാറാകുന്നില്ല എന്നതും ചർച്ചകൾ എങ്ങുമെത്താതെ ആശങ്കകൾ വർദ്ധിപ്പിക്കാൻ മാത്രം ഉപകരിക്കുന്നുള്ളൂ എന്നത് ഒട്ടും ആശാസ്യമല്ല.

നിയമസഭയിൽ നടന്ന ചർച്ചയിൽ പല സാമാജികരും ഗാഡ്ഗിൽ റിപ്പോർട്ടിനെ പഞ്ചസാരയിൽ പൊതിഞ്ഞ സ്റ്റീൽബോംബ് എന്നും ഇടിത്തീ എന്നും വിമർശിക്കുകയുണ്ടായി. അതിലെ നല്ല വശങ്ങളെ ഉൾക്കൊണ്ട്, ജനഹിതമറിഞ്ഞ്, പ്രാദേശികമായ മാറ്റങ്ങളോടെ പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്ന, സുസ്ഥിര വികസനം മുന്നോട്ടുവെക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ജനങ്ങളെയും പരിസ്ഥിതിയെയും ഒരുപോലെ സംരക്ഷിക്കുന്ന ഒരു നയം സർക്കാരുകളും നമ്മളും സ്വീകരിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു.

**Amos Ram Rehum**

I BSc Physics

# भारत का राजनीतिक भविष्य



हमारा देश भारत , १५ अगस्त १९४७ को स्वतंत्र हुआ तो उसके सामने दो चुनौतियाँ थीं। एक था धर्म के नाम पर मचाए गए खूनखराबा को खत्म करना और दूसरा यह था कि भारत को आगे बढ़ानेवाले नेता कौन बनेंगे! इस प्रश्न के इर्द – गिर्द सभी घूमते रहें और समय बीतते बीतते भारत में कई नेताओं का उदय हुआ। उन्हें आम आदमियों ने राजनीतिज्ञ नाम से पुकारा।

भारत के प्रथम प्रधानमंत्री पंडित जवाहरलाल नेहरू बने और डॉ. राजेन्द्र प्रसाद प्रथम राष्ट्रपति बने। नेहरू जी की बेटी , इंदिरा गाँधी भारत की प्रथम महिला प्रधानमंत्री बनी। ऐसे अच्छे अच्छे नेताओं के कदमों के पीछे ही भारत की जनता चलती रही। राजीव गाँधी , एस . राधाकृष्णन , सक्कीर हुसैन , डॉ. ए . पी . जे . अब्दुल कलाम जैसे अनेक थे और हैं जिन्होंने हमारे वर्तमान को संवरकर भविष्य को सुरक्षित रखना चाहा लेकिन ऐसा कुछ हुआ या नहीं ? अगर नहीं हुआ तो इसके क्या कारण हैं ? इस स्थिति को कैसे बदला जाए ? ऐसे कई प्रश्नों का सामना करने के लिए कोई भी तैयार नहीं हैं।

हम सबको पता है कि भारत के भविष्य को बदलनेवाले प्रथम कारक है राजनीति। तो हमें एक उज्जवल भविष्य की ओर बढ़ते हुए राजनीतिक व्यवस्था का पालन करना चाहिए। लेकिन दिन – ब – दिन भारत में भ्रष्टाचार , आतंकवाद , गरीबी आदि बढ़ते ही चले जा रहे है। आम आदमी तो राजनीति शब्द सुनते ही हँसते है – यह सोचकर कि राजनीति में नीति और न्याय कहाँ हैं ? नहीं है ?

हमारे देश में बहुत सारे दल हैं जैसे कांग्रेज़ , भाजपा , भारतीय समाजवादी पार्टी और आज का चर्चित दल , आम आदमी पार्टी । ऐसी कई पार्टियाँ है जो भारत में समता , न्याय , साक्षरता आदि मूल्यों का संचालन करना चाहते हैं। मगर हरेक पार्टी में कुलीनीकरण हो रहा है। एक ही परिवार के लोग एक – के – बाद – एक होकर नेता बनता है। यह तो जनसाधारण में से किसी नेता के उभरने में एक बाधा डाल रहा है। अगर राजनीतिज्ञ जनता के बीच से नहीं हुआ तो उनकी समस्याओं को सुलझाने के लिए नेताओं द्वारा बहुत यात्राएँ की जाती हैं। इससे अगर अच्छे – से – अच्छे सुझाव निकले होते तो क्या हमारा भारत महान ऐसा ही रहता।

भ्रष्टाचार , आतंकवाद आदि बुरी – सी – बुरी समस्याएँ भी आज राजनीति से अटूट रिश्ते रख रहे हैं। गरीबों को सरकार से कुछ काम करवाने के लिए या मदद मिलने के लिए एक राजनीतिज्ञ को शायद रिश्वत देने पड़ते हैं। वह भी पैसों के रूप में या किसी और चीज़ों एवं सेवाओं के रूप में। कभी – कभार आतंक मचाने से भी पीछे नही हटते ऐसे लोग।

अगर एक राजनीतिज्ञ का कर्तव्य भारत को अखंड रखने का है तो आज के ज़माने में इसी राजनीतिज्ञों की वजह से भारत खंडित हो रहे हैं। इस तरह से बिना नीति के राजनीति चलते रहे तो राष्ट्र ऐसे ही फटते कागज़ की तरह रह जाएँगे। हमें तो विकास चाहिए, नेताओं की नहीं – राष्ट्र की यानी आम जनता की।

Navami T. S    II BA English



# രാഷ്ട്രീയ ജീർണ്ണതയുടെ ഗർഭധാരണം



'ഈ രാഷ്ട്രീയം എന്നുവച്ചാൽ എന്താണച്ഛാ?'

'മിടുക്കൻ, നല്ല ചോദ്യം അച്ഛൻ ലളിതമായി പറഞ്ഞു തരാം'

'ഉദാഹരണത്തിനു നമ്മുടെ വീട്ടിലെ കാര്യങ്ങൾ തന്നെയെടുക്കാം. അതായത് അച്ഛനാണ് ഈ വീട്ടിലെ ഗൃഹനാഥൻ. അച്ഛനാണു വരുമാനം കൊണ്ടുവരുന്നത്. അതുകൊണ്ട് എന്നെ മുതലാളി അല്ലെങ്കിൽ ക്യാപിറ്റലിസ്റ്റ് എന്നു വിളിക്കാം.

നിന്റെ അമ്മയാണ് ഈ വീട്ടിലെ കാര്യങ്ങൾ നോക്കുന്നത്, അതുകൊണ്ടു നമുക്ക് അമ്മയെ ഭരണകൂടം അല്ലെങ്കിൽ ഗവൺമെന്റ് എന്നു വിളിക്കാം.

വീട്ടിലെ പണികളെല്ലാം ചെയ്യുന്നത് വേലക്കാരിയാണ്, അതുകൊണ്ടു വേലക്കാരിയെ നമുക്ക് തൊഴിലാളി അഥവ അദ്ധ്വാനവർഗ്ഗം എന്നു വിളിക്കാം.

നിന്റെ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് ഞങ്ങളുടെ ജോലി. അതുകൊണ്ടു നിന്നെ പൊതുജനം എന്നു വിളിക്കാം. നിന്റെ അനിയനെ നമുക്കു ഭാവിയുടെ വാഗ്ദാനം എന്നു വിളിക്കാം.

ഇനി ചിന്തിച്ചു നോക്കു ഇപ്പോൾ മനസ്സിലായില്ലേ എന്താണ് രാഷ്ട്രീയമെന്ന്...?'

അച്ഛന്റെ ഉദാഹരണത്തിൽ ചിന്താവിഷ്ടനായി കുട്ടി ഉറങ്ങാൻ പോയി. രാത്രിയിൽ അനിയന്റെ കരച്ചിൽ കേട്ടുണർന്ന് അവൻ മുറിയിലേക്കു ചെന്നു. കുഞ്ഞനിയൻ ഉറക്കത്തിൽ മൂത്രമൊഴിച്ച് ഡയപറും ബെഡ്ഷീറ്റുമെല്ലാം നനച്ചിരിക്കുന്നു. അവൻ അമ്മയെ വിളിക്കാൻ അമ്മയും അച്ഛനും കിടക്കുന്ന മുറിയിലേക്ക് ചെന്നു. അമ്മ കൂർക്കം വലിച്ചുറങ്ങുകയാണ്. അല്ലെങ്കിൽ വേണ്ട, അമ്മയെ ഉണർത്തേണ്ട, വേലക്കാരിയെ വിളിക്കാമെന്നു കരുതി അവരുടെ മുറിയിലേക്കു ചെന്നു. അച്ഛൻ കിടക്കുന്നതു കണ്ടപ്പോൾ അവൻ ഒന്നും മിണ്ടാതെ തിരിച്ചു പോയി അനിയന്റെ ഡയപറും ബെഡ്ഷീറ്റും മാറ്റിക്കൊടുത്തു. പിറ്റേ ദിവസം അവൻ അച്ഛനോട് പറഞ്ഞു, "അച്ഛാ രാഷ്ട്രീയമെന്താണെന്ന് എനിക്കിപ്പോൾ ശരിക്കും മനസ്സിലായി".

'മിടുക്കൻ എന്താ മനസ്സിലായത്?'

'മുതലാളിത്തം അദ്ധ്വാനവർഗത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് ഉറങ്ങുകയാണ്. ജനങ്ങൾ അവഗണിക്കപ്പെടുന്നു. ഭാവിയുടെ വാഗ്ദാനങ്ങൾ മൂത്രത്തിൽ കുളിച്ചു കിടക്കുന്നു. ഇതല്ലേ അച്ഛാ ശരിക്കും ഉള്ള രാഷ്ട്രീയം'

**Albin Eldhose**

I MSc. Psychology



# LEFT RIGHT LEFT

കൊടും വേനലാണടു-
ക്കളക്കോലായിൽ നിന്നും
ദാഹമകറ്റുവാനിടംവലം മാർച്ച്.
മുറ്റത്തൊരുകുടം വെള്ളം
മീതെ പരന്ന മൂടിക,
അതിനിടയ്ക്കൊരു വിടവുണ്ട-
തിലേയ്ക്കാണീ മാർച്ച്.
കയ്യിൽ മാരകായുധങ്ങളില്ല,
വർണ്ണക്കൊടികളില്ല,
അക്രമമില്ല,
പ്രതിഷേധ പ്രകടനങ്ങളില്ല
നാവിൽ നിന്നുതിരും
മുഴുനീളെ വാക്യങ്ങളില്ല.
വഴിനീളെ ശാന്തമാം
കാൽപ്പെരുമാറ്റം മാത്രം.
മുന്നിലെത്തുമോരോരോ
പ്രതിബന്ധങ്ങളെ,
തച്ചുടയ്ക്കാതെ
വഴിമാറിമുന്നേറും
ഇവർക്കൊരു ലക്ഷ്യമുണ്ട്;
മർത്യർക്കിതൊരു കുടം വെള്ളം
ഇവർക്കിതാർട്ടിക്കന്റാർട്ടിക് സമുദ്രം.
ഉള്ളിൽക്കടന്നവർ
വരിവരിയായ് നിരനിരയായ്
ദാഹനീർ നുണയവേ
വേൾഡ് ട്രേഡ് സെന്ററിൽ
ബിൻലാദന്റെ അന്ത്യശാസനം
കാൽവഴുതിവീണു കടലിലെന്നോണം
കുടംകുളത്തെ മനുഷ്യച്ചങ്ങല
ഒന്നിനുമേലൊന്നൊന്നായ്
മഞ്ഞുപാളിപോൽ
പഴയ പഞ്ചതന്ത്രം കഥയിലെ
ഇലതന്ന പക്ഷിയെ കാത്ത്
പ്രതീക്ഷയറ്റ ഒരെത്തിനോട്ടം.

**Haridas M.U.**
II MA Malayalam



# ജെപിയെന്ന ജനനായകൻ

ലോകസഭാ തിരഞ്ഞെടുപ്പുകാലത്ത് ചുറ്റും നിറഞ്ഞ ഫ്ളക്സ് ബോർഡുകളിലും പോസ്റ്ററുകളിലും ചിരിച്ചിരി
ക്കുന്ന അനവധിയായ മുഖങ്ങളും ചിഹ്നങ്ങളും കണ്ടാൽ സാധ്യതകൾക്കു പഞ്ഞമില്ലായിരുന്നുവെന്ന് തോന്നുമാ
യിരുന്നു. എന്നാൽ സാമൂഹിക പ്രതിബന്ധതയില്ലാത്ത, സ്ഥാനമോഹികളുടെ നീണ്ട നിര മാത്രമായിരുന്നു അത്.
ആദർശധീരൻമാരായ, ധാർമികതയുള്ള നേതാക്കൻമാർക്കുണ്ടായ വംശനാശത്തിനാണ് ഈ കഴിഞ്ഞ പാർല
മെന്റ് തിരഞ്ഞെടുപ്പ് സാക്ഷിയായത്. തിരഞ്ഞെടുപ്പ് കമ്മീഷനെ 'നോട്ട' യുണ്ടാക്കാൻ പ്രേരിപ്പിച്ചതിനു കാര
ണവും മറ്റൊന്നാവില്ല. 60 ലക്ഷം വോട്ടർമാർ ഇക്കുറി നിഷേധവോട്ട് ചെയ്തപ്പോൾ അത് വല്ലാത്തൊരു അപായ
സൂചനയാണ് ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥക്കു നൽകുന്നത്.

അധികാര മോഹവും ലാഭേച്ഛയും ഉണ്ടാക്കിയ മൂല്യച്യുതിയാണ് സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖ
മുദ്ര. ഈ സാഹചര്യത്തിൽ സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയെ നയിച്ച നേതാക്കൻമാരിലേക്കും ഒരു തിരനോട്ടം
അനിവാര്യമാകുന്നു. ഗാന്ധിജിയെയും നെഹ്റുവിനേയും പട്ടേലിനേയുമൊക്കെ നാം ഇതിനോടകം മറന്നു കഴി
ഞ്ഞു. വിസ്മരിക്കപ്പെട്ടവരുടെ പട്ടികയിൽ പ്രധാനി ജയപ്രകാശ് നാരായൺ തന്നെയാണ്. ആദ്യം തന്നെ തേടി
വന്ന മന്ത്രിപദവും പിന്നീട് തന്നെ തേടി വന്ന പ്രധാനമന്ത്രിപദവും നിരസിച്ച് ഗാന്ധിയനല്ലായിരുന്നിട്ടും ഗാന്ധി
മാർഗത്തിൽ സഞ്ചരിച്ച ശക്തനായ നേതാവായിരുന്നു അദ്ദേഹം.

1970കളുടെ ആദ്യപകുതിയിൽ വിലക്കയറ്റത്തിലും ദാരിദ്ര്യത്തിലും തൊഴില്ലായ്മയിലും രാജ്യം നട്ടം തിരിഞ്ഞ
പ്പോൾ സർക്കാരിനെതിരെ ശബ്ദമുയർത്തിയത് പ്രതിപക്ഷമോ, മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളോ അല്ല. മറിച്ച്
അത്രയും കാലം സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിന്ന ജെപിയെന്ന
ജയപ്രകാശ് നാരായണായിരുന്നു. ഗാന്ധിജിയുടെ പേരു ഉച്ചരിക്കാനുള്ള
യോഗ്യത പോലും കോൺഗ്രസിനു നഷ്ടമായിരിക്കുന്നു എന്ന്
അദ്ദേഹം തുറന്നടിച്ചു. സമ്പൂർണ വിപ്ലവത്തിനു സമയമായി എന്ന്
അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. പ്രതിസന്ധിഘട്ടങ്ങളിൽ ജന
ങ്ങൾക്കൊപ്പം നിന്ന, പദവികളിൽ നിന്ന് അകലം പാലിച്ച അദ്ദേഹ
ത്തിൽ ജനം ഒരു നേതാവിനെ കണ്ടെത്തുകയായിരുന്നു. അവർ
അദ്ദേഹത്തെ ജനനായകൻ എന്നർത്ഥം വരുന്ന 'ലോക്നായക്'
എന്നു സ്നേഹത്തോടെ വിളിച്ചു. ദിനംപ്രതി വർദ്ധിച്ചു വന്ന ജെപി
യുടെ ജനസമ്മിതി ഇന്ദിരാഗാന്ധിയെ അസ്വസ്ഥയാക്കി. മാസ
ങ്ങൾക്കപ്പുറമുള്ള പൊതുതിരഞ്ഞെടുപ്പിൽ ജെപിയിൽ അവർ
ശക്തനായ ഒരു പ്രതിയോഗിയെ കണ്ടു. 1971ൽ റായ്ബറേലി
യിൽ നിന്ന് ജയിക്കാൻ സർക്കാർ സംവിധാനങ്ങൾ
ദുരുപയോഗം ചെയ്തുവെന്ന പരാതിയിന്മേൽ 1975ൽ അലഹ
ബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ്
അസാധുവായി പ്രഖ്യാപിച്ചു. ആറു വർഷത്തേക്ക് തിരഞ്ഞെ
ടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് വിലക്കും ഏർപ്പെടുത്തി.

ഈ വിധി വന്നതോടെ കോൺഗ്രസ് പൂർണമായും
പ്രതിരോധത്തിലായി. ജെപി രാജ്യത്തെ ഏറ്റവും ശക്ത
നായ നേതാവായി ഉയർന്നു. അസാധുവാക്കപ്പെട്ടിട്ടും
സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം അധികാരത്തിൽ
തുടർന്ന പ്രധാനമന്ത്രിക്കെതിരെ ജെപി ആഞ്ഞടിച്ചു.
തോൽവി മുന്നിൽ കണ്ട ഉരുക്കുവനിത അടിയന്തിരാവ
സ്ഥയിൽ അഭയം കണ്ടു. 1975 ജൂൺ 25ന് രാഷ്ട്രപതി
അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. അന്ന് രാത്രി തന്നെ
73-കാരനായ ജെപി അറസ്റ്റ് ചെയ്യപ്പെട്ടു. 'ടോട്ടൽ റവല്യൂ
ഷ'നെപിന്തുണച്ച് അറസ്റ്റുവരിച്ച പലരും പിന്നീട്
ദേശീയ രാഷ്ട്രീയത്തിലെ വമ്പൻമാരായി തീരുന്നതിനും
രാജ്യം സാക്ഷിയായി.

1902ൽ ബിഹാറിൽ ജനിച്ച ജയപ്രകാശ് നാരായണൻ
ചെറുപ്പം മുതൽക്കേ തികഞ്ഞ ആദർശവാദിയായിരുന്നു.
1919ൽ നിസഹകരണ സമരത്തിനു ആഹ്വാനം
ചെയ്തുകൊണ്ടു മൗലാനാ അബ്ദുൾകലാം ആസാദ് നട
ത്തിയ പ്രസംഗത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട
അദ്ദേഹം ബ്രിട്ടീഷ് മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന
പാറ്റ്നകോളജിലെ പഠനം ഉപേക്ഷിച്ചു. വാർഷിക പരീ
ക്ഷക്കു കേവലം 20 ദിവസം മാത്രം ബാക്കി നിൽക്കെയായി



രുന്നു ജെപിയുടെ കടുത്ത തീരുമാനം. പഠനത്തിൽ സമർത്ഥനായിരുന്നതുകൊണ്ട് അദ്ദേഹത്തിനു ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ നിന്നും വിളിവന്നു. എന്നാൽ ബ്രിട്ടീഷ് സർക്കാരിൽ നിന്ന് സംഭാവന സ്വീകരിക്കുന്ന സ്ഥാപനത്തിലേക്ക് താനില്ല എന്ന് ജെപി മറുപടി നൽകി. കോൺഗ്രസ് നടത്തിയിരുന്ന ബീഹാർ വിദ്യാപീഠിൽ അദ്ദേഹം വിദ്യാഭ്യാസം തുടർന്നു.

1922ൽ ഗാന്ധിജി നിസഹകരണ പ്രസ്ഥാനം പിൻവലിച്ചപ്പോൾ അനേകായിരം സ്വാതന്ത്ര്യ സമര സേനാനികൾക്കൊപ്പം ജെപിയും നിരാശനായി. അതേ വർഷം ഉപരിപഠനത്തിനായി അദ്ദേഹം അമേരിക്കയിലേക്ക് കപ്പൽ കയറി. അവിടെ പഠനചെലവ് കണ്ടെത്തനായി അദ്ദേഹം പല ജോലികളിലും ഏർപ്പെട്ടു. ഈ സമയത്താണ് അദ്ദേഹം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും സാമ്പത്തിക അസമത്വത്തിന്റെ ഭീകരതയെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കുന്നത്. അങ്ങനെ ക്യാപിറ്റലിസത്തിന്റെ ഈറ്റില്ലമായ അമേരിക്കയിൽവച്ച് അദ്ദേഹം മാർക്സിസത്തിലും സോഷ്യലിസത്തിലും ആകൃഷ്ടനായി.

1929ൽ അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി. നെഹ്റുവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം കോൺഗ്രസിൽ ചേർന്നു. കോൺഗ്രസിൽ ഗാന്ധിജിയായിരുന്നു അദ്ദേഹത്തിന്റെ മാർഗദർശി. 1932ൽ നിയമലംഘനസമരത്തിന്റെ ഭാഗമായി ജെപി ജയിലിൽ അടയ്ക്കപ്പെടുന്നു. ജയിലിൽവച്ച് അദ്ദേഹം റാംമനോഹർ ലോഹ്യ, യോഗേന്ദ്ര ശുക്ല, അച്യുത് പട്‌വർധൻ എന്നീ ദേശീയ നേതാക്കളുമായി അടുപ്പത്തിലാകുന്നു. പിന്നീട് ഇടതുപക്ഷ ചിന്താഗതിയിൽ വിശ്വസിച്ചിരുന്ന ലോഹ്യക്കും ആചാര്യ നരേന്ദ്രദേവക്കുമൊപ്പം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. കോൺഗ്രസിനുള്ളിലെ ഇടതുപക്ഷമായി അവർ പ്രവർത്തിച്ചു. 1942 ഗാന്ധിജി ക്വിറ്റ് ഇന്ത്യ സമരം പ്രഖ്യാപിച്ചപ്പോൾ ജെപി ചില സഹതടവുകാർക്കൊപ്പം ജയിൽ ചാടി. സ്വാതന്ത്ര്യലബ്ധി വരെ അദ്ദേഹം സമരങ്ങളുടെ മുൻപന്തിയിൽ ഉണ്ടായിരുന്നു.

പദവികൾ തന്നെ തേടി വന്നപ്പോഴെല്ലാം മടി കൂടാതെ അവ നിരസിക്കുകയായിരുന്നു ജെപിയുടെ പതിവ്. പ്രഥമ പ്രധാനമന്ത്രി നെഹ്റു മന്ത്രിസഭയിലേക്ക് ക്ഷണിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ് 'power corrupts and absolute power corrupts absolutely'. പിന്നീട് 1977ൽ പ്രധാനമന്ത്രിയാവാൻ നിർബന്ധിച്ച് ജനങ്ങൾ മുറവിളി കൂട്ടിയപ്പോഴും അദ്ദേഹം ഇതേ വാക്കുകൾ ആവർത്തിച്ചു. ആശയങ്ങളേക്കാൾ അവൻ മുന്നോട്ടുവച്ച മൂല്യങ്ങളിൽ ഉറച്ചു നിന്ന ജെപിയുടെ മനസ് മാർക്സിസത്തിൽ നിന്ന് സോഷ്യലിസത്തിലേക്കും സോഷ്യലിസത്തിൽ നിന്ന് സർവ്വോദയ സിദ്ധാന്തത്തിലേക്കും യാത്ര ചെയ്തു.

1977 ജനുവരി 18ന് അടിയന്തിരാവസ്ഥ പിൻവലിക്കപ്പെട്ടു. അടിയന്തിരാവസ്ഥ കാലത്തെ കൊടിയ അനീതികൾക്കെതിരെ ജെപി ശക്തമായ നിലപാടെടുത്തു. ജനുവരി 23നു ജെപിയുടെ നേതൃത്വത്തിൽ ജനതാ പാർട്ടി രൂപംകൊണ്ടു. ആറ് പ്രമുഖ പാർട്ടികൾ ജനതാ പാർട്ടിയിൽ ഒത്തുചേർന്നു. ഈ പാർട്ടികളെ ഒന്നിച്ചു നിർത്തിയത് അവരുടെ തീവ്രമായ ഇന്ദിരാവിരുദ്ധതയിലുപരി അവർക്കു ജെപിയിലുണ്ടായിരുന്ന വിശ്വാസമായിരുന്നു. ജനം ജനതാ പാർട്ടിയിലേക്ക് ഒഴുകിയെത്തി. ജെപിയുടെയും ജനതാപാർട്ടിയുടെയും വളർച്ച തടയാൻ കേന്ദ്ര സർക്കാർ പല ശ്രമങ്ങളും നടത്തി. ദില്ലിയിലെ രാംലീലാ മൈതാനത്ത് ജനതാ പാർട്ടിയുടെ ശക്തിപ്രകടനത്തിനു ആളുകൾ കുറയുന്നതിനായി അന്ന് ദൂരദർശനിൽ ഹിറ്റ് ചിത്രമായ 'ബോബി' സംരക്ഷണം ചെയ്യുകവരെയുണ്ടായി. പക്ഷെ ലോക്നായ്ക്കിന്റെ ജനപ്രീതിയെ തടുക്കാൻ ഡിംപിൾ കപാഡിയയുടെ ചൂടൻരംഗങ്ങൾ പോരാതെ വന്നു.

അണപൊട്ടിയൊഴുകിയ ജനസാഗരത്തോട് ജെപി പറഞ്ഞു 'ഈ പോരാട്ടം സ്വാതന്ത്ര്യവും അടിമത്വവും തമ്മിലാണ്; സ്വേച്ഛാധിപത്യവും അടിമത്വവും തമ്മിൽ; ജനങ്ങൾക്ക് അധികാരം നൽകുന്നവരും ജനങ്ങൾക്കു മേൽ അധികാരം പ്രയോഗിക്കുന്നവരും തമ്മിൽ. നമ്മുക്ക് മുന്നിൽ രണ്ടുവഴികളുണ്ട് ഒന്ന് ഗാന്ധിയുടെ വഴി, മറ്റേത് പല രാജ്യങ്ങളെയും അടിമത്വത്തിലേക്കും അരാജകത്വത്തിലേക്കും പിന്നീട് സർവ്വനാശത്തിലേക്കും നയിച്ച വഴി'

സ്വാതന്ത്ര്യലബ്ധി മുതൽ അന്നു വരെ രാജ്യം ഭരിച്ച കോൺഗ്രസ് പാർട്ടി 1977ൽ ആദ്യമായി പരാജയം രുചിച്ചു. ഇന്ദിരാഗാന്ധിയെന്ന ഉരുക്കുവനിത റായ്ബറേലിയിൽ 55,000ത്തോളം വോട്ടിന് തോറ്റു. അതിനു മുമ്പും ശേഷവും കോൺഗ്രസിനൊപ്പം മാത്രം നിന്നിട്ടുള്ള അമേഠിക്കാർ സഞ്ജയ് ഗാന്ധിയെ 77,000ത്തോളം വോട്ടുകൾക്ക് തോൽപ്പിച്ചു. പ്രധാനമന്ത്രി പദം ജെപി മൊറാർജി ദേശായിയെ ഏൽപ്പിച്ചു. അങ്ങനെകേന്ദ്രത്തിലെ ആദ്യത്തെ കോൺഗ്രസ്-ഇതര സർക്കാർ അധികാരത്തിൽ വന്നു. ജഗ്ജീവൻ റാം, ചരൺ സിങ്, ജോർജ് ഫെർണാണ്ടസ്, എ.ബി. വാജ്പേയ് എന്നിവർ മന്ത്രിമാരായി. ജെപിയായിരുന്നു സർക്കാരിന്റെ രക്ഷാധികാരിയും വഴികാട്ടിയും. 79ൽ അദ്ദേഹം മരണപ്പെടാതിരുന്നെങ്കിൽ ആ സർക്കാർ വീണു പോകില്ലായിരുന്നുവെന്നു വിശ്വസിക്കുന്നവരുണ്ട്. സർക്കാരിന്റെ പതനത്തോടൊപ്പം ജനതാ പാർട്ടിയും പിളർന്നു.

ഗാന്ധിജിക്കു ശേഷം ജയപ്രകാശ് നാരായൺ ഇന്ത്യയെ വീണ്ടും ജനാധിപത്യത്തിന്റെ പാതയിലേക്കു കൈപിടിച്ച് നടത്തി. ചില മനുഷ്യർ സ്ഥാനമാനങ്ങളേക്കാൾ ഉയരത്തിൽ വളരും. അവരെ വഹിക്കാൻ തക്ക യോഗ്യത ഒരു പദവിക്കും ഉണ്ടാവില്ല. അങ്ങനെയുള്ളവരുടെ സ്ഥാനം ജനഹൃദയങ്ങളിലാണ്. അവരെ ലോകം 'മഹാത്മ'യെന്നും 'ലോക്നായിക്'യെന്നും വിളിച്ച് ആദരിച്ചു.

പ്രതിസന്ധിയിലാകുന്ന ഏതൊരു നാടിനും ആവശ്യം ലാഭേച്ഛയില്ലാത്ത, അധികാരമോഹിയല്ലാത്ത ജനങ്ങളെ അറിയുന്ന നേതാക്കളെയാണ്, സ്ഥാനാർഥികളെയല്ല. സമ്പൂർണ വിപ്ലവം ആരംഭിക്കേണ്ടത് പൊതുസമൂഹത്തിൽ നിന്നാണ്. അസമത്വങ്ങൾക്കും അനീതിക്കും ചൂഷണങ്ങൾക്കുമെതിരെ ജനങ്ങൾക്കൊപ്പം നിന്ന് പോരാടാൻ ഒരു നേതാവില്ല എന്നത് തന്നെയാണ് ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ആ നേതാവിന്റെ അസാന്നിധ്യമാണ് ജയപ്രകാശ് നാരായൺ എന്ന ജെപിയെ മൂന്നര പതിറ്റാണ്ടുകൾക്കിപ്പുറവും പ്രസക്തനാക്കുന്നത്.

**Kannan K.**
I BA Economics

# fakebook



കമൽ സംവിധാനം ചെയ്ത 'നമ്മൾ' ജനപ്രീതി നേടിയ ഒരു കാമ്പസ് ചിത്രമാണ്. അനാഥരായ ശിവനും ശ്യാമും മാതാപിതാക്കൾ അമേരിക്കയിലാണെന്നും തങ്ങൾ അതിസമ്പന്നരാണെന്നും കൂട്ടുകാരെ വിശ്വസിപ്പിക്കുന്നു. കാമ്പസിൽ ഇത്തരം മുഖംമൂടികളെ കണ്ടെത്തുക ശ്രമകരമല്ല. എന്നാൽ സോഷ്യൽനെറ്റ്‌വർക്കിംഗ് സൈറ്റിലെ കൃത്രിമം നിറഞ്ഞ യൂസറെ കണ്ടെത്താൻ എളുപ്പമല്ല. ഈ സാധ്യത മുതലെടുത്ത് ആണ് പെണ്ണായും പെണ്ണ് ആണായും മാറുന്നത് കാണാം. നുണകൾ നിർമിക്കുകയും അവ സത്യമാണെന്ന് വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഏർപ്പാട് സൈബർ ലോകത്ത് മാത്രം ഒതുങ്ങുന്ന ഒന്നല്ല. തമാശകൾക്കപ്പുറത്ത് മുല്ലപ്പൂവിപ്ലവത്തിലും ഡൽഹിയിലെ സമരങ്ങളിലും ഉണ്ടായ ഭീമമായ ജനപങ്കാളിത്തത്തിൽ സോഷ്യൽ മീഡിയ നിർണായക സ്വാധീനം ചെലുത്തുമ്പോൾ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്.

ബ്രാൻഡഡ് തുണിത്തരങ്ങൾ നമ്മുടെ വിപണി കീഴടക്കി തുടങ്ങും മുൻപ് കവലയിലെ തയ്യൽക്കാരന്റെ കയ്യിൽ അളവെടുക്കാൻ തുണിയുമായി ചെല്ലുമ്പോൾ പരസ്യമായിരുന്നത് ഞാനിതാ ഒരു ഷർട്ട് അല്ലെങ്കിൽ പാന്റ് തയ്ക്കാൻ പോകുന്നുവെന്ന അസൂയാവഹമായ സംഗതിയാണ്. ഇന്ന് അതൊരു മധുരസ്മരണ മാത്രമാണ്. ബ്രാൻഡഡ് വസ്ത്രം ധരിച്ചു നിൽക്കുന്ന ചിത്രം ഫേസ്ബുക്കിലിടുമ്പോൾ, അതിനെക്കുറിച്ചുള്ള ശരി, തെറ്റുകൾ ന്യായാന്യായങ്ങളൊക്കെ ലൈക്കിന്റെയും കമന്റിന്റെയും രൂപത്തിൽ നിറയുന്നു. ഓക്സ്ഫോർഡ് ഡിക്ഷണറി അവരുടെ പുതിയ പതിപ്പിൽ 'സെൽഫി' എന്ന വാക്ക് ഉൾപ്പെടുത്തിയിരിക്കുന്നു. ആത്മരതി മുൻപെങ്ങുമില്ലാത്ത വിധം വർദ്ധിച്ചിരിക്കുന്നു. ഒരു പഞ്ചായത്തിലെ എല്ലാവരും കവികളും ഫോട്ടോഗ്രാഫർമാരുമായി മാറുന്നത് ഈ സാഹചര്യത്തിലാണ്. ബ്രാൻഡഡ് വസ്ത്രം ധരിച്ചു നിൽക്കുന്ന നാം, കവലയിലെ തയ്യൽക്കാരന്റെ കയ്യിൽ അളവെടുക്കാൻ തുണിയുമായി ചെല്ലുന്ന ഗ്രാമീണ ചിത്രത്തിനു മേൽ നിഴൽ വീഴ്ത്തുന്നു.

വിവിധ സാങ്കേതിക വിദ്യകളുടെ സങ്കലനമായ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ, മുമ്പുണ്ടായിരുന്ന ഉപകരണങ്ങളുടെയും സാങ്കേതികതയുടെയും പോരായ്മകളെ മറികടക്കുന്നു. ടെലിവിഷൻ, റേഡിയോ, പത്രം തുടങ്ങിയ മാധ്യമങ്ങൾ നമുക്ക് വിവരം എത്തിച്ചു തരുന്നു; റിസീവിംഗ് എൻഡിലിരുന്നു നാം അവ ശേഖരിക്കുന്നു. ഇവിടെ നടക്കുന്നത് ഒരു വൺവേ കമ്മ്യൂണിക്കേഷൻ മാത്രമാണ്. മറുഭാഗത്ത് പങ്കാളിത്ത ആസ്വാദനത്തെ പുനർ നിർമിക്കാൻ കഴിയുന്നു എന്നതാണ് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളുടെ വിജയം.

നിയതമായ ഘടനയോ, ലിഖിതരൂപമോ ഇല്ലാത്ത നാടൻപാട്ടുകളും പഴങ്കഥകളും വായ്മൊഴി വഴക്കത്തിലൂടെയാണ് ഒരു തലമുറയിൽ നിന്നും മറ്റൊന്നിലേക്ക് സംക്രമിക്കപ്പെടുന്നത്. കാലമെത്ര കഴിഞ്ഞിട്ടും അതിന്റെ സൗന്ദര്യവും ജൈവികതയും നഷ്ടപ്പെടുന്നില്ല. സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ നമ്മുടെ സ്വകാര്യസ്വത്തായ പാസ്‌വേർഡ് ഉപയോഗിച്ചാണ് തുറക്കപ്പെടുന്നത്. ഉടൻ ഒരു നാൽക്കവലയായി മാറുകയും ചെയ്യുന്നു. അങ്ങനെ, ഒരേസമയം സ്വകാര്യതയും ജനകീയതയും സമ്മാനിക്കുന്നു സോഷ്യൽ മീഡിയ.

ഡിജിറ്റൽ ഫോട്ടോഗ്രാഫിയുടെ ചമയക്കൊഴുപ്പ്, ഉത്തരാധുനികതയുടെ ദൃശ്യസംസ്കാരത്തിന്റെ മറ്റൊരു മുഖമാണ് കാഴ്ചക്കാരന്റെ കർതൃത്വത്തെ ഒളിഞ്ഞുനോട്ടക്കാരന്റെ വികലമായ ധാരണയിലേക്ക്, പകർത്തിയെഴുതുകയാണ് ഈ പുതിയ രീതി ചെയ്യുന്നത്. അങ്ങനെ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ ജൈവിക അഭിവാഞ്ഛകളെ തൃപ്തിപ്പെടുത്തുവാനുള്ള പ്രതലം ഒരുക്കിക്കൊടുക്കുന്നു.

റോൾമോഡൽ എന്നത് താരാരാധനയായി മാറുന്നത് പുതുമാധ്യമങ്ങളുടെ ഇടപെടൽ മൂലമാണ്. വിർച്വൽ റിയാലിറ്റി എന്ന സംജ്ഞയിൽ അവർ ലോകത്തെ ഒതുക്കുന്നു. മുഹമ്മദ് ബുവാസിയുടെ ആത്മഹത്യ, ആ രാജ്യത്തെ മുന്നിൽ ഒന്നു ജനങ്ങളും സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റ് വഴി

കണ്ടു എന്നുള്ളതുകൊണ്ട് വിപ്ലവമുണ്ടാകുമോ? പത്രത്തിലും റേഡിയോയിലും ടെലിവിഷനിലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ വാർത്തകൾ കണ്ടിട്ടും കേട്ടിട്ടും ഉണ്ടാവാത്ത ആൾക്കൂട്ടം എങ്ങനെയാണ് ഡൽഹിയിൽ അടുത്തിടെ ഉണ്ടായത്?

ഇടപെടൽ ആവശ്യമായ സാമൂഹികാന്തരീക്ഷത്തിൽ പോലും ജനപ്രിയതയുടെ അംശം സൃഷ്ടിച്ച് അതിനെ തീർത്തും സെൻസേഷനൽ ആക്കാനാണ് നവമാധ്യമങ്ങൾ ശ്രമിക്കുന്നത്. ഒരു ലൈക്കിലൂടെ സമരപങ്കാളി ആയി ഉത്തരവാദിത്വത്തിൽ നിന്ന് തന്ത്രപരമായി രക്ഷപ്പെടുവാനും നാം പഠിച്ചു കഴിഞ്ഞു. മറ്റൊരുതരത്തിൽ പറഞ്ഞാൽ സ്വകാര്യമായ ഒരു ആസ്വാദനമായി, അഥവാ വിനോദമാക്കി നാം ലൈക്ക് അടിച്ച്, റെക്കോർഡ് നേടി സംതൃപ്തരാകുന്നു. നമ്മളൊക്കെ ഫേസ്ബുക്ക് ആക്ടിവിസ്റ്റുകളായി മാറുമ്പോൾ നമ്മുടെ സാമൂഹിക പ്രതിബദ്ധത ഫേസുബുക്ക് വാളിൽ ഒതുങ്ങുന്നു. കാതലായ ഒരു പ്രശ്നത്തിൽ ക്രിയാത്മകമായി ഇടപെടുന്നു എന്ന് സ്വയം വിശ്വസിപ്പിക്കുന്നു. ഉപരിപ്ലവമായ ഈ






കാഴ്ചപ്പാട് ഒരു കപട സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണ്.

യഥാർത്ഥ ജീവിതം, കേവലം നാനോ സെക്കന്റുകൾ മാത്രം നിലനിൽക്കുന്ന ഒന്നു മാത്രമാണെന്ന അതിശയം ഭൗതികശാസ്ത്രജ്ഞന്മാർ മുന്നോട്ടു വച്ചിട്ടുണ്ട്. നമ്മെ മരണത്തിലേക്ക് കൊണ്ടുപോകുന്നതും ജീവിതത്തിലേക്ക് തിരിച്ചെടുക്കുന്നതും ഈ നാനോ സെക്കന്റ് ആണ്. ധാരണകളുടെയും വിശ്വാസങ്ങളുടെയും (Perception and beliefs) അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് യാഥാർത്ഥ്യം (reality) എന്ന ആശയം ഇതിനോട് ചേർത്തുവായിക്കാം. Perception is reality എന്ന് റോബർട്ട് ആന്റൺ വിൽസൺ. 'The structure of scientific revolution' എന്ന പുസ്തകത്തിൽ, തോമസ് എസ്. കുൻ ഈ ആശയത്തിന് കൂടുതൽ വിശദീകരണം നൽകുന്നുണ്ട്.

'വർത്തമാനം' എന്ന നൈമിഷികമായ അവസ്ഥ, ഭൂതത്തിന്റെയും ഭാവിയുടെയും സ്വാധീനത്തിൽ രൂപപ്പെടുന്നു എന്ന് Stephen Hawking, A Brief History of Time എന്ന പുസ്തകത്തിൽ അടയാളപ്പെടുത്തുന്നു. സമയത്തെ കോണിക്കലായി ചിത്രീകരി ച്ചിരിക്കുന്നു അദ്ദേഹം.

നമ്മുടെ പ്രൊഫൈലുകൾ തയ്യാറാക്കുന്നതും പ്രൊഫൈൽ ചിത്രങ്ങളിൽ മാറ്റം വരുത്തുന്നതും നിലനിൽക്കുന്ന സൗന്ദര്യസങ്കൽപ്പങ്ങളുടെ പരിപാലനം തന്നെയാണ്. നിലവിലുള്ള സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിന്റെ സുരക്ഷിതമായ പരിപാലനവേദിയാകുന്നു ഫേസ്ബുക്ക് പോലെയുള്ള നവമാധ്യമസോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ.

**Vishnu Ravi** — II BA Economics

**Ancif C. Abu** — I BA English

Akhil Raj

**ആവിഷ്കാര സ്വാതന്ത്ര്യത്തിനു പരിധികൾ നിശ്ചയിക്കേണ്ടതുണ്ടോ? കഴിഞ്ഞ വർഷത്തെ കലാലയ മാഗസിനിൽ ദൈവത്തെ 'എരപ്പൻ' എന്ന് വിളിച്ചതിന്റെ പേരിൽ ഏറെ ക്രൂശിക്കപ്പെട്ട അനുരാഗ് ആവിഷ്കാര സ്വാതന്ത്ര്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സംസാരിക്കുന്നു. മറുവശത്ത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ നടക്കുന്ന വ്യക്തിഹത്യകളെക്കുറിച്ചും മതനിന്ദയെക്കുറിച്ചും തൻവീർ സംസാരിക്കുന്നു. ഇരുവരുടെയും ആശയപരമായ ഈ ഏറ്റുമുട്ടൽ ക്യാംപസിൽ പുതിയ സംവാദങ്ങൾ(വിവാദങ്ങൾ അല്ല) സൃഷ്ടിക്കുമെന്നു പ്രതീക്ഷിക്കാം.**



# എരപ്പനിൽ നിന്ന് ഒരുവനിലേക്കുള്ള ദൂരം

യൂസിയുടെ ആത്മാവിലേക്ക് ഇഴുകിച്ചേർന്ന രണ്ടാം വർഷം ആ പേര് ഞാൻ ആവർത്തിച്ചു കേട്ടു...

'എരപ്പൻ...!' ഒരു ചെറു പുഞ്ചിരിയോടെ മാത്രമേ എന്നും ഞാൻ ആ വിളിയെ എതിരേറ്റുള്ളൂ...

സർഗാത്മകതയുടെ ഇടങ്ങളിലേക്ക് മത്സരബുദ്ധി കുത്തിനിറയ്ക്കപ്പെട്ട്, സാംസ്കാരിക പ്രവർത്തനങ്ങൾ ഗാനമേളകൾ മാത്രമായി മാറ്റപ്പെട്ട്, സാംസ്കാരിക കൂടിച്ചേരലുകൾ ഗ്യാങ്ങുകളായി രൂപാന്തരപ്പെട്ട്, ചർച്ചയുടെ തണലിടങ്ങൾ മുൾവേലികളാൽ മാറ്റപ്പെട്ട് യൂസിയും മാറ്റത്തിന്റെ പാതയിലാണ്.

എരപ്പനിൽ നിന്ന് ഒരുവനിലേക്കുള്ള ദൂരം ഒരോർമ്മപ്പെടുത്തലാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിനു നേരെ കുരച്ച് വിലങ്ങിടപ്പെട്ട ഒരുപാട് പേരെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തൽ. ലോകത്ത് എല്ലായിടത്തും എല്ലാ കാലങ്ങളിലും സർഗാത്മക ആവിഷ്കാരങ്ങൾക്കു നേരെ മതങ്ങളും ഭരണകൂടങ്ങളും വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പലകാലങ്ങളിൽ തത്വചിന്തകരും എഴുത്തുകാരുമായിരുന്ന ഒട്ടനവധി പ്രതിഭാശാലികളുടെ സൃഷ്ടികൾ നശിപ്പിക്കപ്പെടുകയോ അവർ തന്നെ ഇല്ലാതാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ നിയന്ത്രണങ്ങൾക്ക് മനുഷ്യകുലത്തോളം തന്നെ പഴക്കമുണ്ടെന്നു പറയാം.

സോക്രട്ടീസ് മുതൽ റുഷ്ദി വരെ നീളുന്നു ആ പട്ടിക. 1988ൽ സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ' പുറത്തിറങ്ങിയതു മുതൽ അദ്ദേഹത്തെയും വിവിധ ഭാഷകളിലെ ആ പുസ്തകത്തിന്റെ പരിഭാഷ നിർവഹിച്ചവരെയും വിമർശങ്ങളും വിവാദങ്ങളും പിന്തുടരുന്നു.

സ്വതന്ത്ര്യമായ ചിന്തക്കും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം നിയമ വ്യവസ്ഥകൾ നൽകുമ്പോഴും ഏതെങ്കിലും വിഭാഗത്തിന്റെ വിശ്വാസങ്ങളെ കലാസൃഷ്ടികൾ മുറിവേൽപ്പിക്കുന്നുണ്ടോ എന്നു ഒരു ജനാധിപത്യ സംവിധാനത്തിൽ പരിശോധിക്കുന്നത് സ്വാഭാവികം മാത്രമാണ്. എന്നാൽ ഏത് അളവിൽ എവിടെ വരെ ഇത്തരം സർഗാത്മക സ്വാതന്ത്ര്യത്തെ ചങ്ങലയ്ക്കിടുമെന്നുള്ളതാണ് യഥാർത്ഥ പ്രശ്നം. നിർഭാഗ്യവശാൽ രാഷ്ട്രീയവും മതവും ജാതിയുമൊക്കെയാണ് പലപ്പോഴും കലാസൃഷ്ടികൾക്കു നേരെ മതിലുകൾ തീർക്കുന്നത്. സങ്കുചിത താൽപര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നവരുടെയും മതമൗലികവാദികളുടെയും ഇരകളായി പലപ്പോഴും കലാകാരൻമാർ മാറുന്നു. ഒരു കലാസൃഷ്ടിയെ കണ്ണടച്ച് എതിർക്കുന്നതിനെ ഫാസിസ്റ്റ് മനോഭാവമെന്നോ ആൾക്കൂട്ട മനശാസ്ത്രമെന്നോ പേരിട്ടു വിളിക്കാം.

സാംസ്കാരിക പ്രവർത്തനങ്ങൾ ഗാനമേള മാത്രമായി മാറ്റപ്പെടുന്നതും അരാഷ്ട്രീയത ഉദാത്തമായി അംഗീകരിക്കപ്പെടുന്നതും സാംസ്കാരിക കൂടിച്ചേരലുകൾ ഗ്യാങ്ങുകളായി രൂപപ്പെടുന്നതുമെല്ലാം ഈയൊരു ആൾക്കൂട്ട മനശാസ്ത്രത്തിന്റെ ബാക്കിപത്രമായി വായിച്ചെടുക്കാം.

സ്വയം പരിമിതപ്പെട്ട് മതിലുകൾക്കുള്ളിലായി ആൾക്കൂട്ടം പുതിയ ആശയങ്ങളെയും സർഗാത്മകമായ ഇടപെടലുകളെയും ശക്തമായി പ്രതിരോധിക്കുന്നതായി കാണാം. ചിന്തയുടെ പുതിയ ആകാശങ്ങൾ തുറക്കപ്പെട്ടാൽ

അതുവരെ ശീലിച്ച് സ്വീകരിച്ച തടവറകളിൽ നിന്ന് തങ്ങൾക്ക് പുറത്ത് പോകേണ്ടി വരുമോ എന്ന ഭയമാണ് അവരെ നയിക്കുന്നത്.



ബെഞ്ചമിൻ മൊളായിസ്

1985–ൽ തന്റെ മുപ്പതാമത്തെ വയസ്സിൽ ദക്ഷിണാഫ്രിക്കൻ വിപ്ലവകവി ബെഞ്ചമിൻ മൊളായിസ് തൂക്കിലേറ്റപ്പെട്ടു. ലോകമെമ്പാടുമുള്ള മനുഷ്യസ്നേഹികൾ എതിർത്തുവെങ്കിലും പി.ഡബ്ല്യു. ബോത്തയുടെ വർണവെറിയൻ ഭരണകൂടം ബധിരമായ കാതുകളോടെ ആ യുവാവിനെ കൊലപ്പെടുത്തി.

"അടിച്ചമർത്തലിനെതിരെ എന്റെ രക്തം മഴയായി പെയ്യും അതിനായ് എന്റെ ജീവിതം നൽകുന്നതിൽ ഞാനഭിമാനിക്കുന്നു" മരിക്കും മുമ്പ് മൊളായീസ് ലോകത്തോട് ഇങ്ങനെവിളിച്ചു പറഞ്ഞു.

മതങ്ങൾ മനുഷ്യത്വത്തെ അപഹരിച്ചെടുക്കുന്ന ഈ കാലത്ത് കലാസൃഷ്ടികൾ കൂടുതൽ പ്രതിബന്ധങ്ങൾ നേരിടുമെന്ന കാര്യത്തിൽ സംശയമില്ല.

അൾജീരിയയിലെ ഒരു സായുധ മത സംഘടന സ്വതന്ത്രരായ പത്രപ്രവർത്തകരെയും എഴുത്തുകാരെയും തെരഞ്ഞുപിടിച്ച് കശാപ്പ് ചെയ്തു. പേനകൊണ്ട് ജീവിക്കുന്നവൻ വാളാൽ മരിക്കുമെന്നതായിരുന്നു അവരുടെ മുദ്രാവാക്യം. 1988ൽ 'സാത്താന്റെ വചനങ്ങൾ' പുറത്തിറങ്ങിയതോടെ ഇറാൻ ഭരണകൂടം സൽമാൻ റുഷ്ദിക്കെതിരെ ഫത്ത്വ പ്രഖ്യാപിച്ചു. ദീർഘകാലം അദ്ദേഹത്തിനും ഒളിവിൽ ജീവിക്കേണ്ടി വന്നു. ഈ പുസ്തകം ഉണ്ടാക്കിയ ദുരന്തങ്ങൾ അവിടെ അവസാനിച്ചില്ല. ഇതിന്റെ ജപ്പാനീസ് പരിഭാഷകൻ 1991 ജൂലൈയിൽ കൊല്ലപ്പെട്ടു. ഇതേ മാസം ഇറ്റാലിയൻ പരിഭാഷകന് കുത്തേറ്റു. നോർവേയിലെ പ്രസാധകൻ കഷ്ടിച്ചു രക്ഷപ്പെട്ടു. തുർക്കിയിൽ പരിഭാഷ ആക്രമിക്കപ്പെടുകയും 37 പേർ ഇതിനോടനുബന്ധിച്ചു വധിക്കപ്പെടുകയും ചെയ്തു.

ഹിറ്റ്ലർമാർ ഉണ്ടായതും ഇപ്പോൾ ഉള്ളതും ഇനി ഉണ്ടാകുന്നതും ഇത്തരം കൂട്ടിലടയ്ക്കപ്പെടുന്ന വിവരക്കേടുകളുടെ സംഘടിത ബലത്തിലാണ്. ചരിത്രത്തിൽ എക്കാലവും സർഗാത്മകതയും അതിന്റെ സൃഷ്ടാക്കളും വേട്ടയാടപ്പെട്ടിട്ടുണ്ട്. എങ്കിലും ഇതിനെ ശാശ്വതമായി തടഞ്ഞു നിർത്താൻ ഒരുകാലത്തും ആർക്കും കഴിഞ്ഞിട്ടില്ല. താത്ക്കാലികമായി മാത്രം നിശബ്ദരാക്കാൻ കഴിഞ്ഞേക്കാം. പക്ഷെ ക്രിയാത്മകത മതിലുകളെ മറികടന്ന് സ്വാതന്ത്ര്യത്തിന്റെ ആകാശത്തിലൂടെ സഞ്ചരിക്കുക തന്നെ ചെയ്യും.

**Anurag P.**

II BSc Psychology




# സാത്താന്റെ വികൃതികൾ

ഇംഗ്ലീഷ് പെൻ ഏർപ്പെടുത്തിയിട്ടുള്ള പെൻ പിന്റർ സാഹിത്യ പുരസ്കാരത്തിനു ഇത്തവണ അർഹനായത് ഇന്ത്യൻ-ബ്രിട്ടീഷ് നോവലിസ്റ്റായ സൽമാൻ റുഷ്ദിയാണ്. ഈ പുരസ്കാരം അദ്ദേഹത്തിന്റെ പുസ്തകത്തിനോ ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങൾക്കോ മാത്രമുള്ളതല്ല; റുഷ്ദിയുടെ മറ്റ് എഴുത്തുകാരോടുള്ള ദയാപൂർവ്വമായ പെരുമാറ്റത്തിനു കൂടിയാണെന്നു ഇംഗ്ലീഷ് പെൻ പ്രസിഡന്റ് മൗറിൻ ഫ്രീലി പുരസ്കാരദാന ചടങ്ങിൽ അഭിപ്രായപ്പെട്ടു. പ്രസ്തുത പുരസ്കാരലബ്ധിയോടെ സൽമാൻ റുഷ്ദിയും ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സംവാദങ്ങളും വീണ്ടും സജീവമാകുകയാണ്.

1988ൽ പുറത്തിറങ്ങിയ 'സത്താനിക് വേഴ്സസ്' എന്ന നോവലാണ് ബുക്കർ പ്രൈസ് ജേതാവ് കൂടിയായ സൽമാൻ റുഷ്ദിയെ വിവാദ നായകനാക്കുന്നത്. ഇസ്ലാം മതവും

വിശ്വാസങ്ങളും കേന്ദ്ര പ്രതിപാദ്യ വിഷയമായി ഒട്ടേറെ ഗ്രന്ഥങ്ങൾ പുറത്തു വന്ന ഒരു കാലഘട്ടത്തിൽ എന്തു
കൊണ്ട് റുഷ്ദി മാത്രം വിമർശിക്കപ്പെട്ടു എന്ന് ചിന്തിക്കേണ്ടതുണ്ട്. വി.എസ്. നെയ്പോളിന്റെ 'Among the
Believers: An Islamic Journey', മാക്സിമി റോഡിൻസണിന്റെ 'Muhammad' എന്നീ ഗ്രന്ഥങ്ങൾ പുറത്തിറങ്ങിയ
പ്പോൾ ഉണ്ടാകാത്ത വിവാദങ്ങൾ എന്തുകൊണ്ട് റുഷ്ദിക്കു നേരെ ഉയർന്നു? റുഷ്ദി ഇവിടെ ശ്രമിച്ചത് വിമർശിക്കാ
നല്ല മറിച്ച് ഇസ്‌ലാമിനെ പരിഹസിക്കാനാണ് എന്നതാണ് യഥാർഥ്യം.

കുരിശ് യോദ്ധാക്കൾ പ്രവാചകനെ അധിക്ഷേപിച്ച് വിളിച്ച നാമം തന്റെ കഥയിലെ പ്രവാചകനു നൽകുക, ഒരു
വേശ്യാലയത്തിലെ വേശ്യകൾക്ക് പ്രവാചക ഭാര്യമാരുടെ നാമങ്ങൾ നൽകുക തുടങ്ങി ചരിത്രത്തെ വളച്ചൊടി
ക്കുന്ന കാര്യങ്ങളാണ് റുഷ്ദി തന്റെ കൃതിയിൽ എഴുതിയത്.

വിമർശനവും അപഹസിക്കലും രണ്ടാണെന്ന ബോധത്തിൽ നിന്നുകൊണ്ടു വേണം യഥാർത്ഥത്തിൽ ആവി
ഷ്കാര സ്വാതന്ത്ര്യമെന്ന വിഷയത്തെ സമീപിക്കാൻ. ആരും വിമർശനങ്ങൾക്ക് അതീതരാണെന്നോ അല്ലെങ്കിൽ
വിമർശിക്കപ്പെട്ടുകൂടാ എന്നോ ആരും അഭിപ്രായപ്പെടുന്നില്ല. എന്നാൽ അത് ഏതെങ്കിലും ജനവിഭാഗത്തിന്റെയോ
സമുദായത്തിന്റെയോ വികാരങ്ങളെ വ്രണപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് വിവാദങ്ങൾ ഉണ്ടാകുന്നത്. അത്തരം
വിമർശനങ്ങളെ ഒരിക്കലും ന്യായീകരിക്കാനാവില്ല.




ചരിത്രത്തിന്റെ പല ഘട്ടങ്ങളിൽ ജൂതർക്കെതി
രെയും കറുത്തവർഗക്കാർക്കെതിരെയും നടത്തിയ
വിദ്വേഷ പ്രസംഗങ്ങൾ ഇത്തരത്തിൽ ന്യായീകരി
ക്കാൻ ശ്രമം നടന്നിട്ടുണ്ട്. ജെർമി വാൾട്ടറൺ എന്ന
അമേരിക്കൻ എഴുത്തുകാരൻ തന്റെ കൃതിയിൽ പറ
യുന്നത് വിദ്വേഷ പ്രസംഗത്തിന്റെ ഇരകളാകുന്നവർ
അതിനോട് സമരസപ്പെട്ടു ജീവിക്കാൻ പഠിക്കണമെ
ന്നാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ
വിദ്വേഷ പ്രസംഗങ്ങളെ ന്യായീകരിച്ച് വിവേകരഹി
തവും ചിന്താശൂന്യവുമായ ഒരു നിലപാടാണ്
ജെർമിയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന അമേ
രിക്കയും കൈക്കൊള്ളുന്നത്.

ഏതൊരു സ്വാതന്ത്ര്യത്തിനും എന്ന പോലെ
അഭിപ്രായ സ്വാതന്ത്ര്യത്തിനും കൃത്യമായ അതിരു
കൾ ഉണ്ട്. രാഷ്ട്രീയക്കാരന്റെ വിദ്വേഷ പ്രസംഗ
ത്തിന് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ സംര
ക്ഷണം ലഭിക്കാത്തത് പോലെ തന്നെ കലാകാരന്റെ
അതിരുവിട്ട പ്രവർത്തനങ്ങൾക്ക് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ തണലും നൽകേണ്ടതില്ല.

9/11 നു ശേഷം മീഡിയ വളർത്തിയെടുത്ത ഇസ്‌ലാമോഫോബിയയുടെയും അന്യവത്ക്കരണത്തിന്റെയും മധ്യ
ത്തിൽ മുസ്‌ലീമുകൾ ജീവിക്കുമ്പോൾ ഇത്തരം സൃഷ്ടികൾ കൂടുതൽ സങ്കീർണമായ പ്രശ്നങ്ങൾ സൃഷ്ടിക്കു
ന്നു. 2005ൽ പ്രവാചകനെ ചിത്രീകരിച്ചതിന്റെ പേരിൽ വിവാദമായ ഡാനിഷ് കാർട്ടൂണിനെ വിരുദ്ധ മൂല്യങ്ങൾ
പ്രതിനിധാനം ചെയ്യുന്ന പടിഞ്ഞാറും ഇസ്‌ലാമും തമ്മിലുള്ള സംഘട്ടനമായിട്ടാണ് പലരും കണ്ടത്. ഇതിൽ ആദ്യ
ത്തേത് യുക്തിയുടെയും സ്വാതന്ത്ര്യത്തിന്റെയും രണ്ടാമത്തേത് അയുക്തിയുടെയും അടിച്ചമർത്തലിന്റേതുമായി
വ്യാഖ്യാനിക്കപ്പെട്ടു.

റുഷ്ദി പറയുന്നത് തന്റെ വിവാദ ഗ്രന്ഥം നിലനിൽക്കുന്നത് പടിഞ്ഞാറൻ പ്രബുദ്ധ മൂല്യങ്ങളിലാണെന്നും
അതിനെഎതിരിടുന്നത് ഇസ്‌ലാമും അതിന്റെ പിന്തിരിപ്പൻ മനോഭാവവുമാണെന്നാണ്. എന്നാൽ യഥാർത്ഥത്തിൽ
റുഷ്ദിയുടെ ഗ്രന്ഥം പിൻപറ്റുന്നത് പ്രബുദ്ധ മൂല്യങ്ങളെയല്ല മറിച്ച് പൗരസ്ത്യതയെ വിശിഷ്യാ ഇസ്‌ലാമിനെ അപ
നിർമിച്ച ഓറിയന്റലിസ്റ്റ് പാരമ്പര്യത്തിലാണ്. അത്തരം പാരമ്പര്യങ്ങളിൽ നിന്ന് മുക്തമാകാൻ പടിഞ്ഞാറിനു
ഇനിയും കഴിഞ്ഞിട്ടില്ല എന്നാണ് സമകാലിക വ്യവഹാരങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

അകീൽ ബിൽഗ്രാമി ചൂണ്ടികാട്ടുന്നത് പോലെ പടിഞ്ഞാറ് ഒരു ഭൂമിശാസ്ത്ര മേൽവിലാസമാണ്. അവിടെ
ക്രിസ്ത്യാനികളും മുസ്‌ലിമുകളും മതമില്ലാത്തവരും ഒക്കെയുണ്ട്. പടിഞ്ഞാറൻ സംസ്കാരമെന്നു പറയുന്നത്
അതിനാൽ തന്നെ ബഹുസ്വരതയായിട്ടാണ് അവതരിപ്പിക്കപ്പെടേണ്ടത്. റുഷ്ദിയെ പോലുള്ളവർ മറന്ന് പോകു
ന്നത് പരസ്പരം ബഹുമാനത്തിന്റെയും ഇത്തരം ഒരു ബഹുസ്വരതയുടെയും യാഥാർത്ഥ്യങ്ങളാണ്. അതുകൊണ്ട്
തന്നെ വിമർശനങ്ങളെ അപഹാസത്തിന്റെ പരിധിയിലേക്ക് കടക്കാതെ സൂക്ഷിക്കേണ്ടതുണ്ട്. മതവിശ്വാസിയുടെ
വിമർശനം മതഭ്രാന്തും മതേതരന്റെ ആക്ഷേപം വിമർശനവും ആകുന്ന സവിശേഷ സാഹചര്യം കൂടി ഇത്തരം
ചർച്ചകളിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

ആവിഷ്കാര സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ന്യായീകരണങ്ങൾ ഓർമിപ്പിക്കുന്നത് സൗത്ത് ആഫ്രിക്കൻ ബ്ലാക്ക്
നാഷണലിസ്റ്റായ സ്റ്റീവ് ബിക്കോയുടെ വാക്കുകളാണ്.

'Not only whites are kicking us; they also tell us how to react to being kicked"

**Thanveer Ibrahim**

II BA Malayalam

*കോളജ് കാമ്പസുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുകയോ അല്ലെങ്കിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ വേണമെന്ന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ സർക്കാർ നിലപാടിനെ അനുകൂലിച്ചും പ്രതികൂലിച്ചും കാമ്പസിൽനിന്നുതന്നെ വാദമുഖങ്ങൾ ഉയരുന്നു. കലാലയങ്ങൾ ഡോക്ടറെയും എഞ്ചിനീയറെയും അദ്ധ്യാപകരെയും മാത്രം സൃഷ്ടിച്ചാൽ പോരെന്നും സാമൂഹിക പ്രതിബദ്ധതയുള്ള നല്ല രാഷ്ട്രീയക്കാരെയും സൃഷ്ടിക്കണമെന്ന് നിമേഷ് തോമസ് വാദിക്കുന്നു. മറുവശത്ത് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വളർന്നുവന്നവർ തന്നെ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കണമെന്ന് വാദിക്കേണ്ടി വരുന്ന വിധത്തിൽ കാമ്പസുകൾ കലുഷിതമാകുന്നുവെന്ന് ഗ്രീഷ്മ എം.എം. വാദിക്കുന്നു.*

# യഥാർത്ഥ രാഷ്ട്രീയക്കാരൻ.... യഥാർത്ഥ മനുഷ്യസ്നേഹി

ജനാധിപത്യം ഈ നാടിന്റെ ആത്മാവാണ് . രാഷ്ട്രീയം ജീവനാഡിയും. ജനങ്ങളുടെ കൂട്ടായ്മയായി മാറുന്ന വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആണ് ജനാധിപത്യ പ്രക്രിയക്ക് ജീവനേകുന്ന രക്തം. നമ്മുടെ കലാലയങ്ങളിൽ രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും ഒരു പരിധി വരെ നിരോധിക്കുവാനും നിർദ്ദേശം നല്കുന്ന സർക്കാർ സത്യവാങ്മൂലം ഈ നാടിന്റെ ജനാധിപത്യത്തിനു വെല്ലുവിളിയാണ്.

ക്ലാസ്മുറികളും കലാലയങ്ങളും നാളെയുടെ ഡോക്ടർമാരെയും എഞ്ചിനീയർമാരെയും അദ്ധ്യാപകരെയും മാത്രം വാർത്തെടുക്കേണ്ട ഇടമല്ല. മറിച്ച് സാമൂഹിക പ്രതിബദ്ധതയുള്ള, നന്മയെ തിരിച്ചറിയുന്ന ഒരുകൂട്ടം രാഷ്ട്രീയക്കാരെയും വളർത്തേണ്ടിയിരിക്കുന്നു. സിലബസും പാഠപുസ്തകങ്ങളും നമുക്ക് മുന്നിൽ തുറന്നുതരുന്ന അറിവിനെ സ്വീകരിക്കുന്നതിനോടൊപ്പം, സാമൂഹിക രാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന സംവാദങ്ങൾക്ക് വേദിയാകുന്ന 'തിരിച്ചറിവിന്റെ' ശ്രീകോവിൽ ആയി മാറണം കലാലയങ്ങൾ.

ഇന്ന് യുവതലമുറയ്ക്ക് രാഷ്ട്രീയം എന്ന് കേട്ടാൽ അലർജിയാണ്. തമ്മിൽത്തല്ലും പാരവെക്കലുമാണ് രാഷ്ട്രീയം എന്ന് വിചാരിക്കുന്ന പലരുമുണ്ട് നമ്മുടെ ഇടയിൽ. ഈ തെറ്റിധാരണ തിരുത്തപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 'യഥാർത്ഥ രാഷ്ട്രീയക്കാരൻ യഥാർത്ഥ മനുഷ്യസ്നേഹിയാണ്' എന്ന തിരിച്ചറിവ് വിദ്യാർത്ഥികളുടെ ഇടയിൽ ഊട്ടിയുറപ്പിക്കുവാൻ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കു സാധിക്കണം.

വ്യക്തി കേന്ദ്രീകൃതമായ രാഷ്ട്രീയമല്ല മറിച്ച് ആശയങ്ങളെയും നിലപാടുകളെയും അടിസ്ഥാനമാക്കുന്ന രാഷ്ട്രീയം ആയിരിക്കണം നമ്മുടെ നാടിനെ ഭരിക്കേണ്ടത്. രാഷ്ട്രീയ അവബോധം വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ പ്രസ്ഥാനങ്ങൾക്ക് സാധിക്കണം.



നമ്മുടെ പ്രതികരണങ്ങൾ ഇന്ന് പലപ്പോഴും facebook status updatil മാത്രം ഒതുങ്ങിപ്പോകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സമരങ്ങളും പ്രകടനങ്ങളും സമൂഹത്തിന്റെ പ്രതികരണശേഷിയെ അളക്കുന്ന അളവുകോലാണ്. പഠിപ്പ് മുടക്കിക്കൊണ്ടുള്ള അനാവശ്യ സമരങ്ങളെ എതിർക്കുന്നതിനോടൊപ്പം, ന്യായമായ ആവശ്യങ്ങളെ ഉന്നയിച്ചു നടത്തുന്ന സമരങ്ങളെ അടിച്ചമർത്തുന്നത് ശരിയല്ല.

രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്നവരെയല്ല, മറിച്ചു നാടിന്റെയും വിദ്യാർത്ഥികളുടെയും നന്മക്കായി, സാമൂഹിക വിഷയങ്ങളെ ഏറ്റെടുക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനങ്ങളെയാണ് നമുക്ക് വേണ്ടത്.

ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപങ്ങളെ വാർത്തെടുക്കട്ടെ നമ്മുടെ കലാലയങ്ങൾ.
നിലയ്ക്കാതിരികട്ടെ ആ മുദ്രാവാക്യങ്ങൾ.
നേരിനും നന്മയ്ക്കുമായി........

**Nimesh Thomas**

I MA Economics

# ചോരക്കളമാകുന്ന ക്യാംപസുകൾ

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വളർന്ന് വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കണം എന്ന് ആവശ്യപ്പെടുന്ന നേതാക്കളുടെ വാദങ്ങൾക്ക് ശക്തിപകരും വിധം വീണ്ടും കലാലയങ്ങൾ കലുഷിതമാകുന്നു. വിദ്യാർത്ഥികളുടെ അവകാശങ്ങൾ നേടിയെടുക്കാൻ ഒരേ മനസോടെ പോരടിക്കേണ്ടവർ, തമ്മിൽ തമ്മിൽ പോരടിക്കുമ്പോൾ നഷ്ടമാകുന്നത് ക്യാംപസിന്റെ നന്മയും തനിമയുമാണ്.

നിസ്സാര പ്രശ്നങ്ങളെ ഊതിപ്പെരുപ്പിച്ച് വൻ വിഷയമാക്കുന്നവർ എന്താണ് ലക്ഷ്യമാക്കുന്നത്? വിദ്യാർത്ഥിക ളുടെ നന്മയല്ല എന്നുള്ളത് പകൽപോലെ വ്യക്തം. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പരമമായ ലക്ഷ്യം സമൂഹത്തി നും രാജ്യത്തിനും സേവനം ചെയ്യാൻ കഴിയുന്ന ഉത്തമ പൗരൻമാരെ സൃഷ്ടിക്കുക എന്നതാണ്. എന്നാൽ അതാണോ സംഭവിക്കുന്നത്? തീർച്ചയായും അല്ല. സഹപാഠികൾ തമ്മിലുള്ള സംഘട്ടനം പോരാതെ തെരുവിലി റങ്ങി പൊതുമുതൽ നശിപ്പിക്കുന്നതുവരെ എത്തിയിരിക്കുന്നു ഇന്ന് വിദ്യാർത്ഥി രാഷ്ട്രീയം.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരിൽ ഏറിയപങ്കും കർഷകരുടെയും തൊഴിലാളികളുടെയും മക്കളാണ്. അന്നന്നത്തെ ആഹാരത്തിനായി അദ്ധ്വാനിക്കുന്ന അവർ തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകണം എന്ന ഉദ്ദേശ്യത്തോടെ മുണ്ട് മുറുക്കിയുടുത്ത് എല്ലുമുറിയെ പണിയെടുത്ത് മക്കളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പറഞ്ഞു വിടുമ്പോൾ പഠിപ്പുമുടക്കം എന്ന സമരമുറ ആ വിദ്യാർത്ഥിക ളുടെയും മാതാപിതാക്കളുടെയും സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുകയാണ്. സ്വാർത്ഥ താൽപര്യങ്ങ ൾക്ക് വേണ്ടി പഠിപ്പുമുടക്കുന്ന അവർ ആ മാതാപിതാക്കളുടെ വിയർപ്പിന്റെ വിളി അറിയാതെ പോകുന്നതെന്തേ??

സാഹചര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിൽക്കൂടിയും കലാലയങ്ങളെ സജീവമാക്കി നിലനിർത്താൻ കലാലയ രാഷ്ട്രീയം കൂടിയേ തീരൂ. സമാധാനപരമായ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പും മാതൃകാപരമായ യൂണിയൻ പ്രവർത്തനങ്ങളും തന്നെയാണ് ഒരു നല്ല കലാലയത്തെ സൃഷ്ടിക്കുന്നത്. വിദ്യാർത്ഥികൾ തമ്മിൽ ആശയപരമായ സംഘട്ടനമാവാം. അത് കായികപരമായ സംഘട്ടനത്തിലേക്ക് വഴിമാറുമ്പോൾ കലാലയത്തിനു തന്നെയല്ല , സമൂഹത്തിനു തന്നെ ശാപമായി മാറുന്നു.

നമ്മുടെ രാഷ്ട്രീയം എന്തായാലും അവയുടെയെല്ലാം ഉദ്ദേശമായ 'വിദ്യാർത്ഥിയുടെ അവകാശ സംരക്ഷണം' എന്ന ബൃഹത്തായ ലക്ഷ്യത്തെ സാധൂകരിക്കാനായി നമുക്കൊരുമിച്ച് പോരാടാം. അതിനായി അൽപം വിട്ടുവീഴ്ചയ്ക്ക് തയ്യാറായി നമുക്കൊരുമിച്ച് വിളിക്കാം 'വിദ്യാർത്ഥി ഐക്യം സിന്ദാബാദ്.'

*(ഇതിൽ ഒരു രാഷ്ട്രീയ പാർട്ടിയോട് കക്ഷി ചേരലോ രാഷ്ട്രീയ പ്രേരിത തന്ത്രമോ ഇല്ല, ഇത് എന്റെ കാഴ്ചപ്പാട് മാത്രമാണ്.)*

**Greeshma M.M.**

II BA Malayalam



സ്വയംഭരണ കോളജുകൾ ആരംഭിക്കാനുള്ള സംസ്ഥാനസർക്കാർ തീരുമാനം നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. കോളജുകൾക്കു സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കാൻ ഡോ. എൻ.ആർ. മാധവമേനോൻ അധ്യക്ഷനായ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ഇപ്പോൾ മന്ത്രിസഭാ തീരുമാനം സർക്കാർ ഉത്തരവായി പുറത്തുവന്നു കഴിഞ്ഞു. എറണാകുളം മഹാരാജാസ്, ചങ്ങനാശേരി എസ്.ബി., തേവര എസ്.എച്ച്., എറണാകുളം സെന്റ് തെരേസാസ് എന്നീ കോളജുകൾക്ക് ഇതിനോടകം സ്വയംഭരണാവകാശം ലഭിച്ചു കഴിഞ്ഞു. യുസി കോളജും സ്വയംഭരണ അവകാശത്തിനു വേണ്ടി അപേക്ഷിച്ച കോളജുകളുടെ പട്ടികയിൽ ഉണ്ടായിരുന്നു. ആദ്യ പട്ടികയിൽ തിരസ്കരിക്കപ്പെട്ട യുസി വീണ്ടും സ്വയംഭരണ പദവിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ അക്കാദമിക രംഗത്ത് നിലനിൽക്കുന്ന ജനാധിപത്യ സ്വഭാവത്തെ ഒട്ടും മാനിക്കാത്ത സ്വകാര്യ മാനേജ്മെന്റുകൾക്കു തന്നിഷ്ടം പോലെ പ്രവർത്തിക്കാനുള്ള അവസരമാണ് സ്വയംഭരണം നൽകുന്നതെന്ന വാദഗതി ഉയരുമ്പോൾ വിഷയത്തെ വിശദമായി വിശകലനം ചെയ്യുകയാണ് എം.ജി. സർവകലാശാല മുൻ പ്രോ വൈസ് ചാൻസലറും ഇപ്പോൾ യുസി കോളജിൽ ഇക്കണോമിക്സ് വിഭാഗം മേധാവിയുമായ ഡോ. രാജൻ വർഗീസ്.



Dr. Rajan Varghese

# സ്വയംഭരണ പദവി: ആശങ്കകളും ബദലും

1968ൽ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസനയം കോത്താരി കമ്മീഷൻ(1964 -1966) ശുപാർശകളുടെ അടിസ്ഥാനത്തിലായിരുന്നു. പിന്നീടുള്ള രണ്ട് ദശകക്കാലം വിദ്യാഭ്യാസത്തിന്റെ ദേശീയതലത്തിലുള്ള ഗതിവിഗതികൾ രൂപപ്പെടുത്തിയതും കോത്താരി കമ്മീഷൻ നിർദ്ദേശങ്ങളാണ്. ഔദ്യോഗികവും കൃത്യവുമായി സ്വയം ഭരണ കോളജ് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നതും കോത്താരി കമ്മീഷനാണ്.

ഒരു യൂണിവേഴ്സിറ്റിയിൽ മികവുള്ള കോളജിനോ കോളജുകളുടെ ക്ലസ്റ്ററിനോ സ്വയംഭരണ പദവി നൽകാമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. വിദ്യാർഥി പ്രവേശനം, പഠനകോഴ്സുകൾ, പരീക്ഷകൾ എന്നിവ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കാൻ ഇത്തരം കോളജുകൾക്ക് അധികാരം കൊടുക്കണം. ഡിഗ്രി നൽകുക, പൊതുമേൽനോട്ടങ്ങൾ വഹിക്കുക എന്നീ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിലേക്ക് യൂണിവേഴ്സിറ്റികളുടെ ജോലി പരിമിതപ്പെടുത്തണമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

സ്വയംഭരണമെന്നത് എന്നെന്നേയ്ക്കുമായി നൽകുന്ന ഒരു അവകാശമല്ലായെന്നും അതിനുള്ള അർഹത നിരന്തരമായ പ്രവർത്തനങ്ങളിലൂടെ നേടേണ്ട ഒന്നാണെന്നും കമ്മീഷൻ കോളജുകളെ ഓർമപ്പെടുത്തുന്നുണ്ട്. നിലവാരത്തകർച്ച ഉണ്ടായാൽ പദവി തിരിച്ചെടുക്കാൻ യൂണിവേഴ്സിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഏഴാം പഞ്ചവത്സര പദ്ധതി 500 സ്വയംഭരണ കോളജുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടെങ്കിലും പദ്ധതിയുടെ അവസാനം ഏഴ് സംസ്ഥാനങ്ങളിലായി 129 സ്വയംഭരണ കോളജുകൾ മാത്രമാണ് നിലവിൽ വന്നത്. 1987ൽ യുജിസി ഇത്തരം കോളജുകളെ സംബന്ധിച്ച പുതുക്കിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

**നിലവിലുള്ള ആശങ്കകൾ**

ഓട്ടോണമസ് പദവി കോളജ് മാനേജുമെന്റുകൾക്ക് അനിയന്ത്രിത സ്വാതന്ത്ര്യം നൽകുമെന്നതാണ് പ്രധാനപ്രശ്നം. ഇത് കാലക്രമേണ സ്ഥാപനത്തിന്റെ സമ്പൂർണ സ്വകാര്യവത്ക്കരണത്തിന് ഇടയാക്കും. ജീവനക്കാർക്കെതിരേയുള്ള സ്വേച്ഛാധിപത്യപരമായ തീരുമാനങ്ങൾ, അധ്യാപകരുടെ വർദ്ധിച്ച ജോലി ഭാരം, അട്ടിമറിക്കപ്പെടുന്ന അവകാശങ്ങളും മറ്റ് സർവ്വീസ് വ്യവസ്ഥകളുമൊക്കെയാണ് മറ്റ് ആശങ്കകൾ. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുമ്പോൾ അധ്യാപകർക്ക് ലഭിച്ചിരുന്ന അന്തസിന് ഇടിവ് തട്ടുന്ന സ്ഥിതിയും ഉണ്ടാകും. ഓട്ടോണമി സംബന്ധിച്ചുള്ള നിയമവ്യവസ്ഥയിലെ അപര്യാപ്ത-അധികാര നിയന്ത്രണങ്ങൾ, ഉത്തരവാദിത്തം, ഘടനാപരമായ പൊരുത്തപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗുണനിലവാരം ഉറപ്പിക്കുന്ന രീതിയിൽ ജീവനക്കാരുടെ നിയമനവും പ്രൊമോഷനും നടത്താൻ കഴിയില്ല. പുതിയ കോഴ്സുകൾക്കുള്ള സ്റ്റാഫ്, അധ്യാപകരുടെ നിയമനം ഇവ സംബന്ധിച്ചുള്ള അവ്യക്തതകൾ. ഭരണക്രമത്തിലെ നടപടികളിലുള്ള മാറ്റങ്ങൾ വിവിധ കമ്മറ്റികളിലേക്കുള്ള നോമിനേഷനുകൾ ഇവയെല്ലാം ഭരണരംഗത്തെ തലവേദനയായി തീരും.

പരീക്ഷാ നടത്തിപ്പിലൂടെയും അഫിലിയേഷൻ ഫീസിലൂടെയും സർവകലാശാലകൾക്ക് ലഭിച്ചിരുന്ന വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് യൂണിവേഴ്സിറ്റിയുടെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കും.

യുജിസിയുടെയും മറ്റ് ധനസഹായ ഏജൻസികളുടെയും പിന്തുണയോടെ നൂതനകോഴ്സുകൾ



**ഓട്ടോണമസ് പദവി കോളജ് മാനേജുമെന്റുകൾക്ക് അനിയന്ത്രിത സ്വാതന്ത്ര്യം നൽകുമെന്നതാണ് പ്രധാന പ്രശ്നം. ഇത് കാലക്രമേണ സ്ഥാപനത്തിന്റെ സമ്പൂർണ സ്വകാര്യവത്ക്കരണത്തിന് ഇടയാക്കും. ജീവനക്കാർക്കെതിരേയുള്ള സ്വേച്ഛാധിപത്യപരമായ തീരുമാനങ്ങൾ, അധ്യാപകരുടെ വർദ്ധിച്ച ജോലിഭാരം, അട്ടിമറിക്കപ്പെടുന്ന അവകാശങ്ങളും മറ്റ് സർവ്വീസ് വ്യവസ്ഥകളുമൊക്കെയാണ് മറ്റ് ആശങ്കകൾ.**

ആരംഭിക്കുന്നത് യൂണിവേഴ്സിറ്റി നിയമങ്ങൾക്ക് അനുസൃതമായിരിക്കണമെന്നില്ല പക്ഷെ ഇത്തരം കോളജുകളുടെ ഡിഗ്രിക്കും യൂണിവേഴ്സിറ്റി അംഗീകാരം നൽകേണ്ടിവരും. സ്വയംഭരണ കോളജുകളിലെ പരമ്പരാഗത കോഴ്സുകളുടെ സ്ഥാനത്ത് കമ്പോള സാധ്യതകളുടെ അടിസ്ഥാനത്തിൽ നൂതന കോഴ്സുകൾ ഡിഗ്രിതലത്തിൽ വരുന്നതോടുകൂടി യൂണിവേഴ്സിറ്റികളിൽ പിജി തലത്തിൽ മിടുക്കരായ വിദ്യാർഥികളുടെ വരവ് കുറയും. കോഴ്സുകൾ തമ്മിലുള്ള തുല്യതയും മറ്റും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും.

ഓട്ടോണമി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ യൂണിവേഴ്സിറ്റികൾ ഡിഗ്രി നൽകുന്നതിനു മുൻപ് സ്വയംഭരണ കോളജുകൾ വികസിപ്പിച്ചെടുത്ത കോഴ്സുകൾ, അധ്യയനരീതി, മൂല്യ നിർണയ പ്രക്രിയ എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ യാതൊരുവിധ സംവിധാനവും രൂപപ്പെടുത്തിയിട്ടില്ലായെന്നതാണ് യാഥാർഥ്യം.

പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സ്വയംഭരണ കോളജുകൾക്ക് കഴിയില്ല. നിലവിലുള്ള അധ്യാപകരെക്കൊണ്ട് നൂതനകോഴ്സുകൾ പഠിപ്പിക്കുക എന്നത് പ്രായോഗികവുമല്ല. പുതിയ കോഴ്സു പഠിപ്പിക്കാൻ നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നൽകിയാലും പ്രശ്നം പരിഹരിക്കപ്പെടില്ല. അധിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ അധ്യാപകരും വിമുഖരാണ്. നൂതനകോഴ്സുകൾ പഠിപ്പിക്കാൻ പലപ്പോഴും ഗസ്റ്റ്/വിസിറ്റിങ് ഫാക്കൽറ്റിയെ വേണ്ടവണ്ണം ലഭിക്കണമെന്നില്ല. പ്രിൻസിപ്പൽമാർക്ക് കഠിനപരിശീലനം തന്നെ ആവശ്യമായി വരും. കേരളത്തിലെ പല കോളജുകളുടെയും നിലവാരത്തകർച്ചയ്ക്ക് കാരണം സർക്കാർ സമീപനമോ ആഗോളീകരണ നയങ്ങളോ അല്ല മറിച്ച് മാനേജുമെന്റുകളുടെ ഭാവനാശൂന്യമായ പ്രിൻസിപ്പൽ നിയമന നടപടികളാണ്.

സ്വയംഭരണ കോളജുകളിലെ പുനഃസംഘടിപ്പിച്ച പുതിയ ഡിഗ്രി കോഴ്സുകൾ പലതും പിജി കോഴ്സുകളുടെ പ്രവേശനത്തിന് അംഗീകരിച്ചിട്ടില്ല. പുനഃസംഘടിപ്പിച്ച പല മുൻനിര കോഴ്സുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങളും മറ്റ് പഠനോപാധികളും ലഭ്യമല്ലായെന്ന പരാതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്.

സ്വയംഭരണ കോളജുകൾ മുന്നോട്ടുവച്ചിട്ടുള്ള ഇന്റേണൽ ഇവാല്യുവേഷൻ സംവിധാനത്തിന്റെ വിശ്വാസ്യതയാണ് മുഖ്യവിഷയം. ഗുണനിലവാരം ഉറപ്പാക്കുന്ന ഇന്റേണൽ-എക്സ്റ്റേണൽ ഇവാല്യുവേഷനുകൾ തമ്മിലുള്ള അനുപാതം, മൂല്യനിർണയത്തിന്റെ രഹസ്യസ്വഭാവം, ഊതിപ്പെരുപ്പിച്ച മാർക്കുകളുടെ വിശ്വാസ്യത, പരീക്ഷാ നടത്തിപ്പിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും മനുഷ്യവിഭ

വഷശേഷിയും കണ്ടെത്തുക തുടങ്ങിയ കാര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ സ്വയഭരണ കോളജുകൾക്ക് എത്ര മാത്രം നേരിടാൻ കഴിയുമെന്നതാണ് പ്രശ്നം.

പരീക്ഷകൾക്ക് മാർക്ക് നൽകുന്ന കാര്യത്തിൽ സ്വയംഭരണ കോളജുകൾ കടുത്ത മത്സരഭാവം പ്രകടമാക്കും. നിലവിലെ 20-25 ശതമാനം ആന്തരിക നിർണ്ണയത്തിനുള്ള സ്വാതന്ത്ര്യത്തിന്റെ പഴുത് ഉപയോഗപ്പെടുത്തി ഊതിവീർപ്പിച്ച മാർക്കുകൾ നൽകുന്നതിന്റെ കഥകൾ ഈ രംഗത്തുള്ള എല്ലാവർക്കും അറിയാം. ഇങ്ങനെയൊക്കെ കൊടുത്തിട്ടും സർവ്വകലാശാലയുടെ കീഴിലുള്ള പല സ്വാശ്രയ എൻജിനീയറിങ് കോളജുകളിലെയും വിജയശതമാനം 10 മുതൽ 35 ശതമാനം വരെയാണ്.

പരസ്യങ്ങളുടെ പെരുമ്പറ മുഴക്കി കോഴ്സുകൾ എത്തുമ്പോൾ പിൻതള്ളപ്പെടുന്നത് ഗവേഷണ മേഖലയും ലിബറൽ സയൻസ്-സോഷ്യൽ സയൻസ് വിഭാഗത്തിൽപ്പെട്ട കോഴ്സുകളുമായിരിക്കും. ഇപ്പോൾത്തന്നെ പല സ്വയംഭരണ കോളജുകളും മത്സരപ്പരീക്ഷകൾക്കും പ്രവേശനപരീക്ഷകൾക്കും അനുയോജ്യമായി അവരുടെ കോഴ്സുകൾ രൂപകൽപ്പനചെയ്തു കഴിഞ്ഞു. കോളജുകൾ കോച്ചിങ് ഷോപ്പുകളായി മാറുന്ന കാഴ്ചയാണ് കാണുന്നത്.

സ്വകാര്യ മാനേജ്മെന്റുകൾ സ്വയംഭരണ പദവി ദുരുപയോഗം ചെയ്ത ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. അധ്യാപക നിയമനം, വിദ്യാർഥി പ്രവേശനം, പ്രൊമോഷൻ, വർക്ക് ഡിസ്ട്രിബ്യൂഷൻ തുടങ്ങിയ കാര്യങ്ങളിൽ മാനദണ്ഡങ്ങൾ ലംഘിച്ച നിരവധി പരാതികൾ സർവ്വകലാശാലകൾക്ക് ലഭിച്ചിട്ടുണ്ട്. സ്വയംഭരണ കോളജുകളിൽ അധ്യാപകരുടെ അധിക ജോലികൾ പലതാണ്. കരിക്കുലം നിർമിക്കുക, പാഠപുസ്തകങ്ങൾ നിർദ്ദേശിക്കുക, ചോദ്യപേപ്പറുകൾ തയ്യാറാക്കുക, പരീക്ഷ നടത്തുക, ഫലപ്രഖ്യാപനം നടത്തുക തുടങ്ങി യൂണിവേഴ്സിറ്റികൾ ചെയ്ത എല്ലാം ജോലികളും അധ്യാപകരുടെ ചുമതലയായി മാറും.

സ്വയംഭരണ കോളജുകളുടെ ആവിർഭാവം കേരളത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് പൊതു ആസ്തികളുടെ സ്വകാര്യവത്ക്കരണത്തിന് ആക്കം കൂട്ടുമെന്നതിൽ സംശയമില്ല. അധികാരം സർക്കാരിൽ നിന്ന് സാധാരണക്കാരിലേക്കല്ല, മറിച്ച് ശക്തരായ സ്വകാര്യ ഏജൻസികളിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

### ബദൽ സമീപനം

12-ാം പദ്ധതിക്കായി യുജിസി തയാറാക്കിയ രേഖകളിൽ കോളജ് ക്ലസ്റ്റർ യൂണിവേഴ്സിറ്റീസ് എന്ന സംവിധാനത്തെക്കുറിച്ച് പറയുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനവുമായി ബന്ധപ്പെട്ട അഞ്ചാം അധ്യായത്തിലാണ് പരാമർശമുള്ളത്. 20,000 ത്തോളം വരുന്ന സർക്കാർ/ സർക്കാർ എയിഡഡ് കോളജുകളിൽ 12-ാം പദ്ധതി കാലത്ത് (2012-2017) 400 കോളജ് ക്ലസ്റ്റർ യൂണിവേഴ്സിറ്റികളായി മാറ്റാനാണ് ലക്ഷ്യമിടുന്നത്. പത്തും പതിനൊന്നും പദ്ധതികളിൽ യുജിസി മുന്നോട്ട്വച്ച കോളജ് ക്ലസ്റ്റർ പദ്ധതിയുടെ പുതിയ പതിപ്പാണ് ക്ലസ്റ്റർ യൂണിവേഴ്സിറ്റീസ്.

സ്വയംഭരണ കോളജുകളുടെ ആവിർഭാവം കേരളത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് പൊതു ആസ്തികളുടെ സ്വകാര്യവത്ക്കരണത്തിന് ആക്കം കൂട്ടുമെന്നതിൽ സംശയമില്ല. അധികാരം സർക്കാരിൽ നിന്ന് സാധാരണക്കാരിലേക്കല്ല, മറിച്ച് ശക്തരായ സ്വകാര്യ ഏജൻസികളിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

കേരളത്തിൽ 2007ൽ നിലവിൽ വന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ ഡോ. കെ. ബാബുവിന്റെ നേതൃത്വത്തിൽ ക്ലസ്റ്റർ കോളജ് പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ക്ലസ്റ്റർ കോളജ് പദ്ധതിക്ക് അനുമതി നൽകുകയും ഉണ്ടായി. ഓരോ ക്ലസ്റ്ററിനും ഒരു കോടി രൂപ വീതം അനുവദിച്ചെങ്കിലും പദ്ധതി കാര്യക്ഷമമായില്ല. സ്വകാര്യ എയിഡഡ് മാനേജുമെന്റുകൾ ഈ ക്ലസ്റ്ററിൽ അംഗമാകാൻ സന്നദ്ധമായില്ല. സർക്കാർ കോളജുകൾ ഗവൺമെന്റിൽ നിന്ന് ലഭിച്ച ധനസഹായം പോലും ചെലവഴിക്കാൻ കഴിയാതെ മടിച്ചുനിന്നു. ഈ വസ്തുതകൾ നിലനിൽക്കുമ്പോൾ തന്നെ സർവ്വകലാശാലയുടെയും സർക്കാരിന്റെയും ഉന്നത വിദ്യാഭ്യാസരംഗത്തെ അധികാരങ്ങൾ വികേന്ദ്രീകൃത മാതൃകയിൽ നിലനിർത്താനും ഫലപ്രദമായി നടപ്പിലാക്കാനും ഏറെ സഹായകരമായ ക്ലസ്റ്റർ കോളജ് പദ്ധതി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

2011ൽ നിലവിൽ വന്ന സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പോണ്ടിച്ചേരി യൂണിവേഴ്സിറ്റി വൈസ് ചാൻസിലറായ ജെ.എ.കെ. തരീൻ അധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ടിലും ക്ലസ്റ്റർ സംവിധാനത്തിന് അനുകൂല പരാമർശമുണ്ട്. ഓരോ ജില്ലയിലും മുപ്പത് കോളജുകൾ വരെ ഉൾക്കൊള്ളുന്ന കോളജ് ക്ലസ്റ്റർ മൾട്ടിപ്പിൾ ക്യാമ്പസ് യൂണിവേഴ്സിറ്റിയെന്ന ആശയമാണ് തരീൻ കമ്മിറ്റി മുന്നോട്ടുവെക്കുന്നത്. ക്ലസ്റ്റർ സംവിധാനത്തിൽ കോളജുകൾ യൂണിവേഴ്സിറ്റിയുടെ ഭാഗമായിത്തന്നെ നിലനിൽക്കുന്നു. ഇതിന് ആവശ്യമായ നിയമനിർമാണം നടത്താൻ ഒരു പ്രത്യേക സമിതിയെ നിയമിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നുണ്ട്. ഒറ്റയ്ക്ക് മാറി നിൽക്കുന്നതിനും മത്സരിക്കുന്നതിനും പകരം പങ്കുവയ്ക്കലും കൂട്ടായ പ്രവർത്തനവുമാണ് ക്ലസ്റ്ററിന്റെ അടിസ്ഥാനതത്ത്വം. ക്ലസ്റ്ററുകൾ ഭാവിയിൽ ജില്ലാ സർവ്വകലാശാല എന്ന നിലയിലേക്ക് വളരാനുള്ള സാധ്യതയുണ്ട്. സമൂഹത്തോട് ഉത്തരവാദിത്തമുള്ള സ്വയംഭരണമെന്ന ആശയത്തെ ഒരു യാഥാർഥ്യമായി പരിവർത്തിപ്പിക്കാൻ ഉതകുന്ന വികേന്ദ്രീകൃതവും ജനാധിപത്യപരവുമായ ബദൽ അക്കാദമിക് ഭരണ സംവിധാനത്തിന്റെ സാധ്യതകളാണ് കോളജ്-ക്ലസ്റ്റർ യൂണിവേഴ്സിറ്റീസ് മുന്നോട്ടുവയ്ക്കുന്നത്.

# ചില മാഗസിൻ കഥകൾ

1988ലെ കലാലയ യൂണിയൻ മാഗസിന്റെ കവർ ഡിസൈൻ ഒരു കൊളാഷ് വർക്കായിരുന്നു. കെഎസ്‌യുക്കാരനായ മാർട്ടിൻ ആന്റണിയായിരുന്നു മാഗസിൻ എഡിറ്റർ. കവർ ഡിസൈൻ നിർവ്വഹിച്ചതാകട്ടെ എസ്എഫ്ഐക്കാരനായ ദീപക് ജോൺ മാത്യുവും. ദീർഘകാലം വിദേശത്ത് ജോലി നോക്കിയ മാർട്ടിൻ ഇന്ന് ജീവിച്ചിരിപ്പില്ല. ഹൈദ്രബാദ് ഐഐടിയിൽ പ്രൊഫസറാണ് ദീപക് ഇപ്പോൾ. കച്ചേരി മാളികയുടെ രൂപത്തിനു മുകളിൽ പ്രശസ്തരായ വ്യക്തികളുടെ ചിത്രങ്ങൾ ഒട്ടിച്ചുചേർത്തായിരുന്നു കവർ ഡിസൈൻ ചെയ്തത്.






മാർട്ടിൻ ആന്റണി



ദീപക് ജോൺ മാത്യു

ചിത്രങ്ങൾക്കും വിവരങ്ങൾക്കും കടപ്പാട്:
ശ്രീ. രമേഷ് പുത്തലത്ത് (യു.സി.സി.-യു.എ.ഇ. അലുംനി)




കലാലയ യൂണിയൻ തെരഞ്ഞെടുപ്പുകളിലെ പ്രചരണ രീതികൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ചാർട്ടിലും ബാനറിലും തുടങ്ങി സോഷ്യൽ മീഡിയ കാമ്പയിനിംഗ് വരെ നീളുന്നു ഇന്ന് പ്രചരണ പരിപാടികൾ. 80കളിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ച ഒരു ലഘുലേഖയാണ് മുകളിൽ. മാഗസിൻ എഡിറ്റർ സ്ഥാനത്തേക്ക് മത്സരിക്കുന്ന പോളി കെ. അയ്യമ്പിള്ളിയെ വിജയിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നതാണ് ലഘുലേഖ. തെരഞ്ഞെടുപ്പിൽ പോളി പരാജയപ്പെട്ടു. പിൽക്കാലത്ത് കേരളത്തിലെ ഒന്നാംനിര പുസ്തക പ്രസാധന സ്ഥാപനമായി ഉയർന്നുവന്ന പെൻബുക്ക്സിന്റെ സ്ഥാപകനും ഇതേ പോളിതന്നെ ആയിരുന്നു.



ജോസ് ഗ്രേസ്

2014 നു മുമ്പ് യുസികോളജ് ഒരു സ്വതന്ത്ര സ്ഥാനാർത്ഥി മാഗസിൻ എഡിറ്ററായി മത്സരിച്ച് വിജയിക്കുന്നത് 1982 ലാണ്
വയനാട്ടുകാരനായ ജോസ് ഗ്രേസ് എന്ന ആംഗലേയ ബിരുദ വിദ്യാർത്ഥിയാണ് അന്ന് വിജയിച്ചത്. മാഗസിന് നെരൂദയുടെ ആത്മകഥയായ Memoirs എന്നാണ് ജോസ് പേര് നൽകിയത്.
തെരഞ്ഞെടുപ്പുകാലത്ത് ഉപയോഗിച്ച 'Please be graceful to Jose Grace'. എന്ന പ്രയോഗം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

# ഓലമടൽ



# 30 THURSDAY JANUARY

030-335 WEEK 5

January '14

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

8

9

10

11 [illegible]

12 [illegible]

1 [illegible]

"He said chase your dreams, but make sure you don't find any shortcuts".

2

3

4

5

6



# 10DULKAR ക്രീസ് വിടുമ്പോൾ

നിങ്ങൾ ഓർമ്മകൾ സൂക്ഷിക്കുന്നവരാണെങ്കിൽ ഒന്നു തിരിഞ്ഞുനോക്കൂ... നിങ്ങളുടെ ബാല്യത്തിൽ വിശാലമായ പാടത്തോ, പറമ്പിലോ, ഇടവഴികളിലോ നാട്ടിയ സ്റ്റംപിന് മുന്നിൽ സച്ചിൻ തെൻഡുൽക്കറായി നിന്നിട്ടില്ലേ? നിങ്ങളുടെ കൂട്ടുകാരിലൊരുവന്റെ വീട്ടിലെ ടിവിയ്ക്ക് മുന്നിൽ എല്ലാവരും ഒരുമിച്ച് കൂടി ആ ഇന്നിംഗ്സുകൾക്ക് ആർത്തുവിളിച്ച് കൈയ്യടിച്ചിട്ടില്ലേ... ഇല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ബാല്യത്തിലെ വിലപ്പെട്ടതായേക്കാവുന്ന ചില നിമിഷങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു എന്നുവേണം കരുതാൻ.

സച്ചിനെപ്പറ്റി എഴുതുക എന്നത് എളുപ്പമല്ല. ഇതിനെപ്പറ്റി മുദാർപത്യേര എന്ന എഴുത്തുകാരൻ പറഞ്ഞത് ഇങ്ങനെയാണ്. "എഴുതിയെഴുതി മഷി തീരും, നിബ് ഒടിയും, കടലാസുകൾ വെറുതെ പാഴാക്കും. മികച്ച ഒരു തുടക്കത്തിന് വേണ്ടി നിങ്ങൾ സ്വയം ശപിക്കും. നമുക്കൊരിക്കലും മിത്തിനെ പുനഃസൃഷ്ടിക്കാനാവില്ല."

പ്രതിഭ എന്നത് ജന്മസിദ്ധമാണ്. ആ പ്രതിഭയെ വളർത്തി അതിന്റെ പാരമ്യത്തിൽ എന്നും നിലനിർത്തിയ വ്യക്തിയാണ് സച്ചിൻ. അതുകൊണ്ടാണ് 16-ാം വയസിൽ പാക്കിസ്ഥാൻ സ്പിൻ മാന്ത്രികൻ അബ്ദുൽ ഖാദറിന്റെ പന്തിനെ അടിച്ചുപറത്തിയ അതേ പ്രതിഭ പിന്നീട് മണലാരണ്യത്തിൽ വോണിനെ കശാപ്പ് ചെയ്തപ്പോഴും ഗ്വാളിയാർ 2010ൽ സ്റ്റെയിനെ തകർത്തടിച്ചപ്പോഴും ഒട്ടും കോട്ടം തട്ടാതെ നാം ആസ്വദിച്ചത്.

സച്ചിനെക്കുറിച്ച് വിമർശകർ മുന്നോട്ടുവയ്ക്കുന്ന ഒട്ടേറെ ചോദ്യങ്ങളുണ്ട്. മാസ്റ്റർ ബ്ലാസ്റ്റർ എന്ന പേരുണ്ടെങ്കിലും ദ്രാവിഡിനോളം ക്രീസിൽ പിടിച്ചുനിൽക്കാൻ സച്ചിനാകുമോ? വിവിയൻ റിച്ചാർഡ്സിനെപ്പോലെ ആക്രമണകാരിയാകുവാൻ പറ്റുമോ? ഗവാസ്കറിനെപ്പോലെ ഒരു ഇന്നിംഗ്സ് മുഴുവൻ ഡിഫൻസിലൂന്നി കളിക്കാൻ പറ്റുമോ? ധോണിയെപ്പോലെ ഒരു നല്ല ഫിനിഷറാകുവാൻ പറ്റുമോ? ഒടുവിൽ ഒരു ചോദ്യം കൂടി.... ബ്രാഡ്മാനല്ലേ മികച്ച താരം?

ഈ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടി തരുന്നത് വാക്കുകൾ കൊണ്ടല്ല, തന്റെ ഇന്നിംഗ്സുകൾ കൊണ്ടാണ്. 373 മിനിറ്റ് ക്രീസിൽ നിന്ന് 210 പന്തിൽ ദക്ഷിണാഫ്രിക്കക്കെതിരെ തന്റെ 19-ാമത്തെ വയസിൽ നേടിയ സെഞ്ചുറി, 2004 ൽ സിഡ്നിയിൽ ഓസ്ട്രേലിയക്കെതിരെ 613 മിനിറ്റ് നിന്ന് 413 പന്തിൽ നേടിയ 241*. ഇതു മതിയാകും ആ ക്ഷമയുടെയും ഡിഫൻസിന്റെയും മികവ് മനസിലാക്കാൻ.

ആക്രമണകാരിയായ വിവ് റിച്ചാർഡ്സിനോട് സച്ചിനെ വളരെ നാളുകളായി നാം താരതമ്യം ചെയ്യാറുണ്ട്. എന്നാൽ സച്ചിനെപ്പോലെ മനോഹരമായി അപ്പർകട്ട് കളിക്കാനോ സ്ലോഗ് സ്വീപ്പ് കളിക്കാനോ റിച്ചാർഡ്സിന് കഴിഞ്ഞിരുന്നില്ല. വന്യമായ കരീബിയൻ കരുത്തായിരുന്നു റിച്ചാർഡ്സിന്റെ ശക്തി. ഇന്ന് ക്രിസ്ഗെയ്‌ലും പൊള്ളാർഡും കളിക്കുന്നതുപോലെ. അൽപം കൂടുതൽ 'ക്ലാസ്' ഉണ്ടെന്നും പറയണം.

ഏകദിനത്തിലെ ആദ്യ ഇരട്ട സെഞ്ചുറി നാമാരും മറക്കില്ല. ഒരിന്നിംഗ്സ് മുഴുവൻ കളിച്ചാണ് 200 റൺസ് സച്ചിൻ നേടിയത്. 30-ാം വയസിലും മികച്ച പ്ലെയ്സ്മെന്റ്, മികച്ച ടൈമിംഗ്, കോപ്പി ബുക്ക് ഷോട്ടുകളുടെ പൂർണ്ണത... ഒടുവിൽ ലാംഗ്‌വെൽട്ടിനെതിരെ ഓടിയെടുത്ത അവസാനസിംഗിളിനുമുണ്ട് വശ്യമായ ഒരു സൗന്ദര്യം.

സച്ചിനെ ബ്രാഡ്മാനോട് താരതമ്യം ചെയ്യുക എന്നത് ഓസ്ട്രേലിയൻ മാധ്യമങ്ങൾക്ക് ഹരമായിരു




ന്നു ഒരുകാലത്ത്. എന്നാൽ ബ്രാഡ്മാൻ കളിച്ച കാലഘട്ടവും സച്ചിൻ കളിച്ച കാലഘട്ടവും വളരെ വ്യത്യസ്തമാണെന്ന് നമുക്കറിയാം. ബ്രാഡ്മാന് നേരിടേണ്ടിവന്ന പ്രധാന എതിരാളികൾ ഇംഗ്ലണ്ടും വെസ്റ്റ് ഇന്റീസും മാത്രമായിരുന്നു. കളിച്ച കളികൾ ഒട്ടുമിക്കതും പരിചിതമായ സാഹചര്യത്തിൽ. ബ്രാഡ്മാൻ കളിച്ചത് ടെസ്റ്റുകൾ മാത്രമായിരുന്നു. നിശ്ചിത ഓവർ ബ്രാഡ്മാൻ കണ്ടിട്ടില്ലെന്ന് വേണം പറയാൻ. സച്ചിനെപ്പോലെ മുരളീധരനേയോ സുനിൽ നരൈനേയോ ഷുഐബ് അക്തറിനേയോ ഷെയ്ൻ വോണിനേയോ ബ്രാഡ്മാന് നേരിടേണ്ടി വന്നിട്ടില്ല.

ബ്രാഡ്മാൻ സച്ചിന്റെ ബാറ്റിംഗിനെക്കുറിച്ച് പറഞ്ഞതിങ്ങനെ. "അവൻ എന്നെപ്പോലെ ബാറ്റ് ചെയ്യുന്നു." അപ്പോഴും സ്വന്തം മികവിനോട് സച്ചിനെ താരതമ്യം ചെയ്യുന്ന ബ്രാഡ്മാന് അൽപ്പം പൊങ്ങച്ചമില്ലേ എന്ന് നമുക്ക് തോന്നാം. 2-ാം ബ്രാഡ്മാനെന്നാണ് പലരും സച്ചിനെ വിശേഷിപ്പിച്ചത്. എന്നാൽ സച്ചിൻ ഒരിക്കലും അങ്ങനെ ആയിരുന്നില്ല. ആയിരം യുഗങ്ങളിൽ ഒരിക്കൽ വരാറുള്ള ഒരു അവതാര പുരുഷനായിരുന്നു, ഒന്നാം സച്ചിൻ!!! മുൻഗാമികളോ പിൻഗാമികളോ ഇല്ലാത്ത വ്യക്തിത്വം. അതുകൊണ്ടാണ് 2003 ലോകകപ്പിനിടയിൽ ഇങ്ങനെ ഒരു വാക്യം കേട്ടത്.

"ക്രിക്കറ്റാണ് എന്റെ മതം; സച്ചിനാണ് എന്റെ ദൈവം!"

ഒന്നു ചിന്തിച്ചാൽ ശരിയാണെന്ന് തോന്നാം. ചിലപ്പോൾ തന്റെ പ്രിയ ഭക്തരെ ഏറെ പരീക്ഷിച്ചതിനു ശേഷം വരം നൽകി അനുഗ്രഹിക്കുന്നവരാണല്ലോ ദൈവങ്ങൾ. 2003 ലോകകപ്പിൽ ഷുഐബ് അക്തറിനെ ഓരോവറിൽ സിക്സറുകളടിച്ച് പരീക്ഷിക്കുകയും ഒടുവിൽ സെഞ്ചുറിക്ക് ഏഴ് റൺസകലെ അക്തറിന് തന്നെ വിക്കറ്റ് നൽകി അനുഗ്രഹിക്കുകയുമായിരുന്നോ സച്ചിൻ??

ക്രിക്കറ്റ് സച്ചിന്റെ ജീവിതമായിരുന്നു. അതിനാൽ ക്രിക്കറ്റ് വച്ച് ധൂർത്തടിക്കാൻ സച്ചിൻ മുതിർന്നില്ല. അതുകൊണ്ടാണ് ടൈഗർവുഡിനെയും ക്രിസ്റ്റ്യാനോ റൊണാൾഡിനെയും പോലെ സച്ചിൻ കാമുകിമാരെ സമ്പാദിക്കാത്തത്; ക്രോണിയയേയോ സൽമാൻ ബട്ടിനെയോ പോലെ കോഴവിവാദത്തിൽ പെടാഞ്ഞത്; കോടികൾ വാഗ്ദാനം ലഭിച്ചിട്ടും ലഹരി വസ്തുക്കളുടെ മോഡൽ ആകാത്തത്; വിനയത്തിന്റെ മൂർത്തീഭാവമാകുന്നത്.

1998ലെ വിഖ്യാതമായ ഷാർജ ഇന്നിംഗ്സിൽ ടീമിന്റെ വിജയം മുന്നിൽ നിൽക്കെ ഔട്ടായപ്പോൾ അമ്പയർ നോട്ടൗട്ട് വിധിച്ചിട്ടും സച്ചിൻ നടന്നുനീങ്ങി. ഇന്ന് ധോണിക്കോ കോഹ്ലിക്കോ കഴിയുമോ അത്തരം ഒരു ത്യാഗത്തിന്. പാകിസ്ഥാനെതിരെ 2004 ൽ നടന്ന ഒരു ടെസ്റ്റ് മത്സരം. പരിക്കേറ്റ സച്ചിൻ അന്ന് കളിക്കുന്നില്ല. ഇന്ത്യ പരാജയം ഉറപ്പിച്ചുകഴിഞ്ഞു. ക്രീസിൽ എട്ടാമനായ ഇർഫാൻ പഠാൻ. ഡ്രിംഗ്സ് ബ്രേക്ക് സമയത്ത് വെള്ളവും ടർക്കിയുമായി വന്ന കളിക്കാരനെകണ്ട് കാണികൾ ആർത്തുവിളിച്ചു; സാക്ഷാൽ സച്ചിൻ. ഏതൊരു സൂപ്പർ താരവും ചെയ്യാൻ മുതിരാത്ത കാര്യം. പണ്ട് വെള്ളം കൊണ്ടുപോകാൻ ആവശ്യപ്പെട്ടതിന് ക്യാപ്റ്റൻ അസ്ഹറുദ്ദീനോട് കയർത്ത് സംസാരിച്ച സൗരവ് ഗാംഗുലിയായിരുന്നു അന്ന് ക്യാപ്റ്റൻ എന്നത് കാലത്തിന്റെ കളിയാകും.

സച്ചിന്റെ റെക്കോർഡുകളെക്കുറിച്ച് ഇവിടെ പരാമർശിക്കുവാൻ മുതിരുന്നില്ല. കാരണം ഏറ്റവും കൂടുതൽ റെക്കോർഡുകൾ സ്വന്തമാക്കി എന്ന റെക്കോർഡും അദ്ദേഹത്തിന് സ്വന്തമാണല്ലോ. നേട്ടങ്ങൾക്ക് മുന്നിൽ എന്നും തലകുനിക്കുയേ അദ്ദേഹം ചെയ്തിട്ടുള്ളു. രാഷ്ട്രം ആദരവോടെ നൽകിയ ഒരു ബഹുമതിയും അദ്ദേഹം നിരാകരിച്ചിട്ടില്ല. നേവിയുടെ ഗ്രൂപ്പ് ക്യാപ്റ്റൻ, പത്മശ്രീ, ഖേൽരത്ന, അർജുന അവാർഡ് എന്നിങ്ങനെ തുടങ്ങി ഒടുവിൽ ഭാരതത്തിന്റെ ഏറ്റവും ഉയർന്ന സിവിൽ ബഹുമതിയായ ഭാരതരത്നയും അദ്ദേഹം നേടി.

"എന്റെ റെക്കോർഡുകൾ ആരെങ്കിലും ഭേദിക്കുന്നുവെങ്കിൽ സന്തോഷം. അതൊരു ഇന്ത്യക്കാരനാകണം എന്നത് എന്റെ ആഗ്രഹമാണ്." സച്ചിന്റെ വാക്കുകളിൽ പോലും രാജ്യസ്നേഹം നിറയുന്നു. രാജ്യസ്നേഹം എന്ന പദത്തെ ദിനംപ്രതി മലിനമാക്കുന്നവർ മാതൃകയാക്കേണ്ട വ്യക്തിത്വമാണ് സച്ചിൻ. എന്താണ് യഥാർത്ഥ രാജ്യസ്നേഹമെന്ന് പ്രവർത്തിച്ചുകാട്ടിയ വ്യക്തി.

ഒടുവിൽ 24 വർഷം നീണ്ട ഒരു ക്രിക്കറ്റ്യുഗത്തിന് വിരാമമിട്ടുകൊണ്ട് 2013 നവംബർ 15ന് തന്റെ അവസാന ഇന്നിംഗ്സും സച്ചിൻ കളിച്ചു. നിറകണ്ണുകളോടെ നാം ആ നന്ദിപ്രസംഗം കേട്ടു.

**Aravind Krishnan R.**

I BSc Mathematics




Meghna G. I BSc Psychology



# തുകൽ പന്തിനുള്ളിലെ ശ്വാസ വായു

ഒരിടത്ത് എഡ്സൺ അരാഞ്ചസ് നാസിമെന്റോ എന്നൊരു കറുത്ത ചെക്കനുണ്ടായിരുന്നു. പരമ ദരിദ്രൻ; പത്രവിൽപ്പനയും ചായക്കടയിലെ അല്ലറ ചില്ലറ ജോലികളുമായി അവൻ ജീവിതം തള്ളിനീക്കി. ദാരിദ്ര്യവും ദുരിതവും അവന്റെ നേരെ തോക്കു ചൂണ്ടിയ ബാല്യകാലത്തിലാണ് അത് സംഭവിച്ചത്. ഒരു കണ്ടെത്തൽ. കട്ടിയുള്ള ഒരു വസ്തുവിനുമീതെ പഴന്തുണി ചുറ്റിക്കെട്ടി പന്തുണ്ടാക്കാമെന്ന കണ്ടെത്തൽ. ന്യൂട്ടന്റെ തലയിൽ വീണ ആപ്പിൾ പോലെ ആ പന്ത് ലോക ചരിത്രത്തിൽ വിസ്ഫോടനമുണ്ടാക്കുമെന്ന് ആരും കരുതിയില്ല. 1958-ൽ ഗോൾപോസ്റ്റിനു പുറം തിരിഞ്ഞ്, സഹകളിക്കാരനായ സഗാലോയുടെ പാസ് കാൽമുട്ടുകൊണ്ടു തടുത്ത് പാദംകൊണ്ട് പിന്നിലേയ്ക്ക് മറിച്ച് സ്വീഡൻകാരൻ ഗോളി ഗുസ്താവ് സണ്ണിന്റെ തലയ്ക്കു മുകളിലൂടെ പായിച്ച് ഗോൾവല കുലുക്കും വരെ...

അന്ന് കാണികൾ ആർത്തു വിളിച്ചു പെലെ, പെലെ, പെലെ...

എഡ്സൺ അരാഞ്ചസ് നാസിമെന്റോ പെലെ ആയ കഥ, ഫുട്ബോളിന്റെ മാത്രം കഥയല്ല. അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും കഥ കൂടിയാണ്. സ്വന്തം ജീവിത സാഹചര്യങ്ങളോട് പൊരുതിനേടിയ ആ വിജയം, വർണവിവേചനത്തിനെതിരെ സാമ്രാജ്യത്വത്തിനു മീതെ പാറിപ്പറന്ന പ്രതിഭയുടെ വെള്ളക്കൊടിക്കൂറയായി ചരിത്രത്തിൽ എന്നന്നേക്കുമായി രേഖപ്പെടുത്തപ്പെട്ടു. ഒരു കളിയെന്നതിനപ്പുറത്തേക്ക് സാമൂഹികവും സാംസ്കാരികവും മാനവികവുമായ ഒട്ടേറെ തലങ്ങൾ ഫുട്ബോളിനുണ്ടെന്നു വിവരിക്കാൻ ഇതിലേറെ അനുയോജ്യമായൊരു ഉദാഹരണവും വേറെയില്ല.

കാൽപ്പന്തുകളിയെപ്പറ്റിയുള്ള ചരിത്രത്തിലെ ആദ്യത്തെ പരാമർശം 1314-ൽ ഇംഗ്ലണ്ടിലെ എഡ്വേർഡ് രണ്ടാമൻ ചക്രവർത്തി നടത്തിയൊരു വിളംബരമായിരുന്നു. 'അഞ്ഞൂറോളം പേർ വരുന്ന രണ്ട് സംഘങ്ങൾ പകലന്തിയോളം ഒരു പന്തിനു പിറകേ ഓടി നടക്കുന്നത് പൊതുജനങ്ങൾക്കൊരു ശല്യമാണെന്നതിനാൽ ആ കളി നിരോധിച്ചിരിക്കുന്നു.' എന്നായിരുന്നു ആ വിളംബരം. ഇതിൽ നിന്ന് തന്നെ അന്നത്തെ കാൽപ്പന്തുകളിയുടെ രീതിയെപ്പറ്റി ഏകദേശ ധാരണ നമുക്ക് ലഭിക്കും. എന്നാൽ ആ ഭ്രാന്തൻ കളി, 1681-ൽ അന്നത്തെ ചക്രവർത്തിയായിരുന്ന ചാൾസ് രണ്ടാമനെ ഗ്യാലറിയിലേക്ക് അതിഥിയായി ക്ഷണിക്കുന്നിടത്തോളം വളർന്നത് പെട്ടെന്നായിരുന്നു.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റേയും സ്പെയിൻ, പോർച്ചുഗൽ അടക്കമുള്ള കൊളോണിയൽ ശക്തികളുടെയും ചൊൽപ്പടിക്കു നിന്നിരുന്ന പല രാജ്യങ്ങൾക്കും ഫുട്ബോൾ പ്രതിഷേധത്തിന്റെയും അതിജീവനത്തിന്റെയും മാർഗമായി. 1880 ആയപ്പോഴേക്കും കളിക്കാരുടെ എണ്ണം 11 ആയി സ്ഥിരപ്പെട്ടു. സ്കോട്ട്ലൻഡ് അടക്കമുള്ള ടീമുകൾ എല്ലാവരും ഗോളടിക്കാൻ ഓടി നടക്കുന്ന പ്രാചീന ഫുട്ബോൾ രീതിക്കു മാറ്റം വരുത്തുകയും ഫോർവേഡ്, മിഡ്ഫീൽഡ്, ഡിഫൻസ് എന്നിങ്ങനെ മൂന്നായി കളിക്കാരെ തിരിക്കുകയും ചെയ്തു.

ലോക മഹായുദ്ധങ്ങൾ രണ്ട് കഴിഞ്ഞപ്പോഴേയ്ക്കും ഫുട്ബോൾ ഒരു ജനതയുടെ ജീവശ്വാസമായ് മാറിക്കഴിഞ്ഞിരുന്നു. സ്പെയിനിന്റെ കോളനി

വാഴ്ചയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ, രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്നടിഞ്ഞ ഇറ്റലി, ജർമ്മനി എന്നിവരെല്ലാം ഫുട്ബോളിലൂടെ തങ്ങളുടെ ഇരുണ്ട ഭൂതകാലം മായിച്ചു കളയാൻ ശ്രമിക്കുകയായിരുന്നു. യുദ്ധവും കോളനിവാഴ്ചയും നിരാലംബരാക്കിയ കുട്ടികൾക്ക്, കാലിലൊരു പന്തും കിടക്കാനൊരിടവും കഴിക്കാൻ ഭക്ഷണവും നൽകി ഫുട്ബോൾ അക്കാദമികൾ രംഗത്ത് വന്നു. ആ ഫുട്ബോൾ അക്കാദമികൾ നൽകിയ റൊട്ടിയും ബിസ്ക്കറ്റും പ്രോത്സാഹനവുമാണ് പിൽക്കാലത്ത് പെലെയെയും മറഡോണയെയും സൃഷ്ടിച്ചതും.

**ഫുട്ബോൾ: കളിയും കാര്യവും**

അനിശ്ചിതത്വങ്ങളുടെ കളിയാണ് ഫുട്ബോൾ. ഫൗളും പെനാൽറ്റിയും ഗോളുമെല്ലാം റഫറിയുടെ വിസിലിനുള്ളിൽ കിടന്നുരുളുന്ന കല്ലിനെ ആശ്രയിച്ചിരിക്കുന്നു. ഓർമയില്ലേ ഫ്രാങ്ക് ലാംപേർഡിന്റെ ഇടങ്കാലനടി... പെനാൽറ്റി ബോക്സിനു പുറത്ത് നിന്ന് തൊടുത്ത ഷോട്ട് ജർമ്മൻ ഗോൾകീപ്പറുടെ തലയ്ക്കു മുകളിലൂടെ ചെരിഞ്ഞിറങ്ങി ക്രോസ്ബാറിൽ തട്ടി, അവിടെ നിന്ന് ഗോൾവരയ്ക്കുള്ളിൽ കുത്തിപൊങ്ങി പോസ്റ്റിനു പുറത്തേക്ക്. 'ഗോൾ' എന്ന് ആഹ്ലാദിച്ചു കൊണ്ടോടിയ ലാംപാർഡിനെ നേരിട്ടത് റഫറിയുടെ 'അല്ല' എന്ന തലയാട്ടലാണ്. അതുകണ്ട് നിസഹായനായി നിന്ന ലാംപാർഡിനെ ആര് മറന്നാലും ഇംഗ്ലണ്ടുകാർ മറക്കില്ല. ഈ അനിശ്ചിതത്വമാണ് ഫുട്ബോളിനെ സുന്ദരമാക്കുന്നതും.

ഫുട്ബോളിനെ ഭ്രാന്തമായി സ്നേഹിക്കുന്ന ഒരു ജനത, താരങ്ങളെ നെഞ്ചിലേറ്റി ലാളിക്കാൻ ഒരു മടിയും കാട്ടാറില്ല. എന്നാൽ എത്ര മഹാനായ താരമായാലും ശരി ഒരു നിമിഷത്തെ അശ്രദ്ധ മതി കളി കൈവിട്ടു പോകാൻ. 1994ലെ ലോകകപ്പിലെ നിർണായക മത്സരത്തിൽ സ്വന്തം പോസ്റ്റിലേക്കു പറന്നു വന്ന പന്ത് തട്ടിയകറ്റാൻ ശ്രമിച്ച് പരാജയപ്പെട്ട് സെൽഫ് ഗോളടിച്ച ആന്ദ്രെ എസ്കോബർ ഫുട്ബോൾ ലോകത്തെ രക്തസാക്ഷിയാണ്. അന്ന് എസ്കോബറിന്റെ ഗോളിൽ അമേരിക്കയോട് തോറ്റ കൊളംബിയ ലോകകപ്പിൽ നിന്ന് പുറത്തായി. ജന്മനാട്ടിൽ തിരിച്ചെത്തിയ എസ്കോബറിനെ എതിരേറ്റത് വെടിയുണ്ടകളായിരുന്നു. എസ്കോബറിന്റേത് വീഴ്ചയായിരുന്നെങ്കിൽ മരിയ ഗോട്സെയുടേത് ഉയർച്ചയായിരുന്നു. ഇടത് വിങ്ങിൽ നിന്ന് ആന്ദ്രെ ഷ്യൂലെ നൽകിയ ക്രോസ് നെഞ്ചിൽ തടുത്ത് പന്തിനെ നിലം തൊടുവിക്കാതെ ഗോട്സെ നിറയൊഴിച്ചപ്പോൾ പന്ത് പറന്നിറങ്ങിയത് ചരിത്ര പുസ്തകത്തിലേക്കായിരുന്നു. ഫുട്ബോൾ കയറ്റിറക്കങ്ങളുടെ കഥ അങ്ങനെ നീണ്ടു കിടക്കുന്നു.

ഫുട്ബോളിനെ സംബന്ധിച്ച് ഗോളടിക്കുന്നതിനോളം പ്രധാന്യമുണ്ട് ഗോളടിപ്പിക്കാതെ ഇരിക്കുന്നതിലും. പ്രതിരോധത്തിൽ നിന്ന് തുടങ്ങി മധ്യനിരയിലൂടെ കടന്ന് മുന്നേറ്റത്തിലെത്തുമ്പോഴാണ് ഗോളിന് പൂർണത കൈവരുന്നതെന്ന് പറയാം. ഈ പൊസിഷനുകളുടെ പ്രധാന്യം കൂട്ടിയും കുറച്ചും ടീമുകൾ വ്യത്യസ്ത ശൈലികൾ പരീക്ഷിക്കുന്നു. ഇറ്റലി പ്രതിരോധത്തിനു പേരുകേട്ട ടീമാണെന്നു ഓർക്കുക. 2006 ലോകകപ്പിൽ മികച്ച രണ്ടാമത്തെ കളിക്കാരനുള്ള സിൽവർ ബോൾ നേടിയത് ഇറ്റാലിയൻ പ്രതിരോധ താരം ഫാബിയോ കന്നവാരോ ആയിരുന്നു. അതോടൊപ്പം കുറിയ പാസുകളിലൂടെ എതിർ ഗോൾ മുഖത്തേക്ക് അടിവെച്ചടിവെച്ച് നീങ്ങുന്ന സ്പെയിനിന്റെ ടികി-ടാക എന്ന കേളി ശൈലി മൈതാനത്ത് നടപ്പാക്കുന്നതിൽ നിർണായക പങ്കുവഹിച്ച മധ്യനിരതാരം സാവിയേയും നമ്മളാരും മറന്നു കാണില്ല. എന്നാൽ ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി എല്ലാ കളിക്കാരും എല്ലാ പൊസിഷനിലും മാറി മാറി കളിക്കുന്ന ടോട്ടൽ ഫുട്ബോൾ അടക്കമുള്ള വിപ്ലവാത്മകമായ ശൈലികളും നമ്മൾ കാണുകയുണ്ടായി. ഈ ശൈലികൾ എല്ലാം കളം നിറഞ്ഞ് കപ്പുമായി മടങ്ങിപ്പോകുന്ന കാഴ്ച മാത്രമല്ല തകർന്നടിഞ്ഞു വീഴുന്ന കാഴ്ചയ്ക്കുകൂടി ലോകം സാക്ഷിയായി. 1998ലെ ഫ്രാൻസിന്റെ മുന്നേറ്റനിര 2002ലും, 2006ലെ ഇറ്റലിയുടെ പ്രതിരോധം 2010ലും, 2010ലെ സ്പെയിനിന്റെ ടികി ടാക 2014ലും തകർന്നടിയുന്ന ചിത്രം നമ്മൾ കണ്ടു. ഫുട്ബോളിൽ ഒരു മന്ത്രവും ശാശ്വതമല്ല. ഫുട്ബോൾ എന്ന കളിയുടെ അനിശ്ചിതത്വത്തെ അടിവരയിടുകയാണിത്.

**വെല്ലുവിളികൾ അതിജീവനങ്ങൾ**

2006 ലോകകപ്പ് ഫൈനൽ. സിനദിൻ സിദാൻ എന്ന മഹാപ്രതിഭയുടെ തോളിലേറി ഫ്രാൻസ് ഫൈനലിലെത്തി. ഫൈനലിൽ 1-1ലെത്തി, അധിക സമയത്തേക്കു നീണ്ടു മത്സരം. പെട്ടന്നൊരു നിമിഷം ക്യാമറക്കണ്ണുകൾ പന്തിൽ നിന്ന് മൈതാനത്തിന്റെ മറ്റൊരു മൂലയിലേക്ക് തിരിയുന്നു. അതാ ഫ്രാൻസിന്റെ എക്കാലത്തെയും മികച്ച കളിക്കാരൻ സിദാൻ എതിർകളിക്കാരൻ മാർകോ മെറ്ററാസിയുടെ നെഞ്ചത്ത് തലകൊണ്ടിടിക്കുന്നു. നെഞ്ചിലേറ്റ ഇടിയിൽ വീണുപോയ മെറ്ററാസി നിലത്തുകിടന്നുരുളു



കായിക ജീവിതത്തിലുട നീളം നേരിട്ട വർണ്ണവെറിക്കെതിരെ ഉള്ളിൽ ഉറഞ്ഞുകൂടിയ ആത്മരോഷമായിരുന്നു സിദാനെ വംശീയമായി അധിക്ഷേപിച്ച മെറ്ററാസി യുടെ നെഞ്ചിൽ പതിച്ചത്. ആ പ്രഹരമേറ്റത് മെറ്ററാസി ക്കായിരുന്നില്ല ലോകമെമ്പാ ടുമുള്ള വർണവെറി യൻമാർക്കായിരുന്നു...



1994ലെ ലോകകപ്പിലെ നിർണായക മത്സരത്തിൽ സ്വന്തം പോസ്റ്റിലേക്കു പറന്നു വന്ന പന്ത് തട്ടിയക റ്റാൻ ശ്രമിച്ച് പരാജയപ്പെട്ട് സെൽഫ് ഗോളടിച്ച ആന്ദ്രെ എസ്കോബർ ഫുട്ബോൾ ലോകത്തെ രക്തസാക്ഷി യാണ്. ജന്മനാട്ടിൽ തിരിച്ചെ ത്തിയ എസ്കോബറിനെ എതിരേറ്റത് വെടിയുണ്ടക ളായിരുന്നു.

ന്നു. സംഭവസ്ഥലത്തേക്ക് പാഞ്ഞെത്തിയ റഫറി ഉടൻ ചുവപ്പ് കാർഡ് ഉയർത്തുന്നു. പ്രതിഷേധ സ്വരം മുഴക്കാതെ, നിരാശയുടെയോ കുറ്റബോധത്തിന്റെയോ നിഴലുപോലുമില്ലാതെ, ഉറച്ച കാൽവയ്പ്പുകളോടെ ഗ്രൗണ്ട് വിടുന്ന സിദാൻ... എന്തിന്?

അമ്മയേയും സഹോദരിയേയും കുറിച്ച് അസഭ്യം പറയുന്നതു കേട്ടപ്പോൾ പെട്ടെന്നുണ്ടായ രോഷ പ്രകടനമായിരുന്നോ അത്? അത്തരമൊരു പ്രകോപനത്തെ അതിജീവിക്കാൻ 20 വർഷത്തെ കേളീപരിചയമുള്ള ആ മഹാപ്രതിഭയ്ക്ക് കഴിഞ്ഞില്ലെന്നോ...? ഒരിക്കലുമല്ല.

അൾജീരിയൻ വംശജനായ സിദാൻ എന്നും വർണവിവേചനത്തിന്റെയും ജാതീയതയുടെയും ഇരയായിരുന്നു. തന്റെ കായിക ജീവിതത്തിലുടനീളം താൻ നേരിട്ട ഈ വേട്ടയാടലിനെതിരെ ഉള്ളിൽ ഉറഞ്ഞുകൂടിയ ആത്മരോഷമായിരുന്നു സിദാനെ വംശീയമായി അധിക്ഷേപിച്ച മെറ്ററാസിയുടെ നെഞ്ചിൽ പതിച്ചത്. ആ പ്രഹരമേറ്റത് മെറ്ററാസിക്കായിരുന്നില്ല ലോകമെമ്പാടുമുള്ള വർണവെറിയൻമാർക്കായിരുന്നു...

ഇത് ഫുട്ബോൾ എക്കാലവും നേരിട്ടു പോരുന്നൊരു വെല്ലുവിളിയാണ്. 2006ൽ തകർപ്പൻ പ്രകടനം കാഴ്ചവച്ച ഫ്രഞ്ച് ടീമിനെ പിൽക്കാലത്ത് തകർത്തെറിഞ്ഞത് വർണവിവേചനമായിരുന്നു. പ്രാട്രിക് എവ്റ ഉൾപ്പെടെയുള്ള താരങ്ങളെ ടീമിൽ നിന്ന് ഒഴിവാക്കണമെന്നും കറുത്തവർഗക്കാർക്ക് ടീമിൽ സംവരണം ഏർപ്പെടുത്തണമെന്നും അന്നത്തെ ഫ്രഞ്ച് കോച്ച് റെയ്മണ്ട് ഡൊമിനിക് വാദിച്ചത് ലോകം അത്ഭുതത്തോടെയാണ് കേട്ടത്. ഫ്രാൻസിന്റെ തന്നെ പുത്തൻ താരോദയം കരിം ബെൻസമ പറഞ്ഞത് ഗോളടിക്കുമ്പോൾ ഞാൻ ഫ്രഞ്ചുകാരനും ഗോളടിക്കാത്തപ്പോൾ അറബിയും ആണെന്നാണ്. ക്വാർട്ടറിൽ വീണെ




ങ്കിലും ഈ ലോകകപ്പിൽ ഫ്രാൻസിന്റെ പ്രകടനം പ്രശംസിക്കപ്പെട്ടുന്നത്, ആ പ്രകടനം ഒട്ടേറെ അടിച്ചമർത്തലുകളേയും പ്രതിസന്ധികളേയും അതിജീവിച്ചുകൊണ്ടുള്ളതാണ് എന്നതിനാലാണ്.

യൂറോപ്പ് കേന്ദ്രീകരിച്ചുള്ള ക്ലബുകളുടെ അതിപ്രസരം പലപ്പോഴും ഫുട്ബോളിനെ ദോഷമായി ബാധിച്ചിട്ടുണ്ട്. കണക്കില്ലാതെ കുമിഞ്ഞുകൂടുന്ന പണം വെളുപ്പിച്ചെടുക്കാനുള്ള ഉപാധിയായി ക്ലബ് ഫുട്ബോൾ മാറുന്നു. ഫുട്ബോളിനെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരു ജനതയോട് കാട്ടുന്ന വഞ്ചനയാണിത്.

എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് ഈ വിനോദം ജനഹൃദയങ്ങളിലൂടെ മുന്നോട്ട് പോകുക തന്നെ ചെയ്യുമെന്നു നമുക്ക് പ്രത്യാശിക്കാം. അരവയറുമായി നട്ടംതിരിയുന്നവന്റെ അതിജീവനത്തിന്റെ റൊട്ടിക്കഷണമായി, അടിച്ചമർത്തപ്പെടുന്നവന് പ്രതിഷേധത്തിന്റെ ഇൻക്വിലാബ് വിളിയായ് ഫുട്ബോൾ വീണ്ടും ഉരുളട്ടെ...

**Hariprasad A.H.**

III BSc Physics

# No dream is small.

## Plan it ahead with Federal Savings Fund-a brilliant Recurring Deposit Scheme.



**Features**

- Freedom of monthly/quarterly/half yearly or yearly installments
- Loan facility against balance in the account
- Minimum period 6 months. Maximum period 10 years.
- Minimum amount ₹ 50 and higher amounts in multiples of ₹ 10
- Tax will not be deducted at source

The Federal Bank Limited Regd. Office Aluva

*Conditions Apply

24x7 PHONE BANKING
1800 425 1199
1800 420 1199

www.federalbank.co.in

FEDERAL BANK
YOUR PERFECT BANKING PARTNER

# University/ State Players


അരവിന്ദ് സി. വേലായുധൻ


അനൂപ് ടി.എസ്.


അൻപുമണി എ.


അനഘ പി.എസ്.


അമൃത സന്തോഷ്


ഷൈജു ആൻഡ്രൂസ്


അഭിലാഷ് സുബ്രൻ


അഭിജിത്ത് പി.വി.


അബ്ദുൾ ഖലീൽ


എ. ഇജാസ് അഹമ്മദ്


അരുൺ സി.ഡി.


വിഷ്ണു ടി.സി.


വിഷ്ണു നന്ദഗോപാൽ


വിപിൻ പി. വിജയൻ


ഉണ്ണി പി. ആർ.


സിറാജുന്നിസ ടി.കെ.


ശ്യാംകുമാർ എസ്.


ശ്രീജിത്ത് ജി.


സ്കന്ദകുമാർ


സ്മൃതി പ്രഭാകരൻ


ശിൽപ കാതറിൻ


ഷൈലജ ബാബു


സിന്ധു എം. ആർ


സിനിഷ ജി.


സനു സാം


സാം മാത്യു


സലീഷ് ഇ.എസ്.


റോസ് റോയ്


റിമിഷ എം.പി.


രേഷ്മ കെ.വി.


നൗഷാദ് കെ.


പ്രസൂൺ എസ്.


പ്രതീക്ഷ കെ.


റഹ്മാൻ അലി


കൃഷ്ണ സി.സി.


മാത്യു ഡേവിസ്


മേരിൻ പി. ജോസ്


മുഹമ്മദ് റിഷാദ്


മൃദുല രാജ്


ജേക്കബ് തോമസ്


ജിയ ജോസഫ്


ജോസ് മോൻ


കെവിൻ ജോസ്


ഫ്രെഡി മാർട്ടിൻ


ഹരി കൃഷ്ണൻ എസ്.


ഹരിപ്രസാദ് ആർ.


ദാവൂദ് അബൂബക്കർ


സിന്റു വർഗീസ്


വൈഷ്ണവി രാധാകൃഷ്ണൻ


അശ്വതി എം.എ.


ജിനു സൂസൻ


ബിജിന വി.

# COLLEGE TEAMS


Football


Water Polo


Judo Men and Women


Hockey Woman


Baseball / Softball


Fencing Women


Cricket


Softball / Baseball Women


Badminton/Table Tennis Women


Basketball / Netball


Hockey Men


Aquatics Women

# Sports and Games Report



*The Union Christian College had a high achieving year in sports and games. The hard work and efforts put by the students paid off to a great extent. A total of 54 students from the college were selected to represent MG University in various All India Inter Varsity tournaments. 27 students from the college represented the Kerala state in various national championships. Union Christian College secured fourth position in MG University as best sports performing college during the academic year of 2013-2014.*

### HOCKEY

The college Men's and Women's hockey team emerged as the winners of MG University Inter College Hockey championship. From the Men's team, Hariprasad R., Anbumani, Prasoon S., Sreejith G., Sanu Sam, Aiju Andrews, Davood Aboobacker, Shyam Kumar S. and Muhammed Rishad were selected to represent MG University in the South West zone All India Inter Varsity. From the women's team Smruthi Prabhakaran M.K., Sirajunnisa, Shyalja Babu, Rimisha M.P., Bijina V, Amrutha Santhosh, Sindhu M.R., Mirdhula Raj, Reshma K.V., Sinisha T. and Praheesha K. participated in the South zone inter University championship organized by the Manglore University and secured third position.

### BASEBALL

The college Men's Baseball team secured first place in the MG University championship and the women's team secured second place. From the Men's team, Vishnu T.C., Arun C.D., Anoop T.S., Abhilash Subran and Unni P.R. were selected to represent MG University in the All India Inter University Baseball tournament. From the women's team Krishna, Shilpa Catherene, Aswathi M.A. and Sinisha T. were selected to represent MG University in the All India Inter University Baseball tournament.

### SOFTBALL

The college Men's softball team secured fist position in the MG University Men's Softball Championship held at the University stadium, Kottayam. The women's team secured second position. Unni P.R., Vipin P. Vijayan, Maryn P. Jose and Jacob Thomas from the men's team and Krishna, Shilpa Catherene, Aswathi M.A. and Sirajunnisa T.K. from the women's team were selected to represent MG University in the All India Inter University Softball tournament.

### WATER POLO

The college water polo team emerged as the champions of MG University Water Polo competition. Rahaman Ali, Vishnu Nandha Gopal, Skanda kumar, Abijith P.U., Saleesh E.S., and Aravind C. Velayudan were selected to represent MG University in All India Varsity Water Polo Championship.

### AQUATICS

The College Aquatics Women's and Men's team secured second and third positions respectively in the MG University Aquatics championship. Vishnu Nandagopal and Jiya Joseph created a new meet records in 50Mts Back Stroke, 50 Mts Breast Stroke respectively.

### JUDO

The women's Judo team emerged as the winners of the MG University Judo championship. The men's team secured second position. Binu Susan Paul, Cinta Varghese and Mathew Davis were selected to represent MG university in the All India Inter University championship.

### FENCING

The women's fencing team emerged as the champions of the MG university women fencing championship. Binu Susan Paul, Cinta Varghese, Rose Roy and Anagha P.S represented MG University in the All India Inter University Fencing Championship.

### NETBALL

The Men's Netball team secured first position in the MG university Netball championship. Josemon P.P., Harikrishnan S., Sam Mathew, Kevin Jose and Abdul Jaleel were selected to represent MG University in the All India Inter University Netball championship.

# Students who participated in National Games

Vishnu T.C. represented Kerala State in the senior south zone Softball championship held at Anathapur, AP. The team secured second position. He also participated in the senior and federation national softball championship held at West Bengal and Bangalore in 2013. Aswathy M.R. represented the Kerala state in the senior south zone softball championship held at Anathapur, AP. The team she represented secured first position. The team also secured second postion in the senior softball championship held in West Bengal. Anoop T.S., Jacob Thomas, Maryn P. Jose, Arun C.D., Nowshad K. and Krishna C.C. represented the Kerala state and participated in the senior national baseball championship held at Solapur, Maharastra in 2013. Reshma K.V., Sinisha T., Smruthi Prabhakaran M.K., Sirajunnisa T.K., Rimisha M.P. and Shylaja Babu participated in the women's national hockey championship held at Andhra Pradesh in January 2013. Aiju Andrews, Davood Aboobecker and Shyam Kumar participated in the senior national hockey championship held at Lucknow in February 2014. Josemon P.P., Sam Mathew, Harikrishnan S. and Maryn P. Jose participated in the Senior National Netball championship held at Mysore in March 2014. Aiju Andrews and Ijaz Ahmed were selected to the Kerala state junior hockey team to participate in the junior national competition at Chennai. Freddy Martin represented the Kerala State in the State Khurash championship. Shilpa Catherine represented India in World women's baseball championship held at South Korea.

# Tournaments Organized by the College



### Dr.A.K.Baby Memorial South Zone Hockey Tournament

The Union Christian College organized the 22nd Dr.A.K.Baby Memorial South Zone Hockey Tournament from 17th to 19th February 2014. 11 men's teams and two women's teams from various parts of Kerala participated in the tournament. The tournament was inaugurated by Prof.Aleyamma Itty, former Head of the physical education department of UC College. The prizes were distributed by Shri M.M. Abdul Rahman, Vice President KSSC. In the men's section LNCPE, Trivandrum secured the first position and Union Christian College, Aluva secured the second position. In the women's section, UC college emerged as the winners and St.Mary's College, Thrissur secured second position.

### Union Christian College Basketball Tournament

The 42nd Union Christian College basketball tournament was organized on 10th and 11th February, 2014. A total of seven teams in the men's section and three teams from the women's section participated in the tournament. The tournament was inaugurated by Shri. P.J. Sunny, Chairman of the selection committee, BFI and the valedictory function was inaugurated and prizes were distributed by Shri. Satheesh Bino, IPS. In the men's section, SB College secured the first position and Mar Ivanios College, Trivandrum secured the second position. In the women's section, St. Xavier's College, Aluva secured the first position and Providence college, Calicut secured the second position.

The college also took an initiative in organizing the MG University men's and women's hockey tournament, the MG University net ball championship and the District Senior League Baseball championship.

# പേരറിയാമരങ്ങൾ



# സ്കിന്നറിലെ തലമുറകളുടെ കാവൽക്കാരൻ

യുസിക്ക് ഏറെക്കാലം ആറ്റുനോറ്റുണ്ടായ ഉണ്ണിയാണ് ഇന്നത്തെ സ്കിന്നർ ഹോസ്റ്റൽ. അതായത് പെൺകുട്ടികളുടെ സ്കിന്നർ.

മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പ്രിൻസിപ്പൽ ഡോക്ടർ സ്കിന്നർ വില്യം സായ്പ്പിന്റെ പേരിലുള്ള മെൻസ് ഹോസ്റ്റൽ (യുസി കോളജിനെ 'മദ്രാസ് ക്രിസ്ത്യൻ കോളേജിന്റെ പുത്രി' എന്നാണ് പണ്ടുള്ളവർ വിശേഷിപ്പിച്ചിരുന്നത്) കോളേജിന്റെ ആദ്യകാലം മുതൽക്കേ ഇവിടുണ്ട്. വീരശൂരരും പരാക്രമികളുമായ അനേകം പുരുഷസിംഹങ്ങളും ബഹുമാന്യരായ അനേകം അധ്യാപകരും ഇവിടെ പാർത്തിട്ടുമുണ്ട്. പക്ഷേ, എൺപതുകളുടെ അവസാനം ആൺകുട്ടികളെ പുറത്താക്കി പെൺകൊച്ചുങ്ങൾക്കായി തുറന്നുകൊടുത്തപ്പോഴാണ് സ്കിന്നർ യുസിയുടെ ശ്രദ്ധാകേന്ദ്രമായത്. കാമ്പസിനകത്തുള്ള ഏക പെൺഹോസ്റ്റൽ. ഇതുപോലൊരെണ്ണം വേറെ കാണണമെങ്കിൽ മെയിൻ റോഡ് മുറിച്ച് കാൽകിലോമീറ്റർ ശരണം വിളിച്ചുനടന്ന് 'ഈസ്റ്റ് ഹോസ്റ്റലി'ലും 'വെസ്റ്റ് ഹോസ്റ്റലി'ലുമെത്തണം.



ഇന്നാലോചിച്ചാൽ ചിരി വരും. സ്കിന്നർ എന്ന ഉശിരൻ സായ്പിന്റെ പേരിൽ ഒരു പെൺഹോസ്റ്റൽ. പുരുഷന്മാരെ മാത്രം പാർപ്പിക്കുന്ന സ്ഥാപനത്തിന് 'ലീലാലയ' എന്നു പേരിടും പോലെ! എന്നാൽ, പുരുഷന്മാർ ഏറ്റവുമധികം വായിക്കുന്ന മാഗസിന് 'വനിത' എന്നു പേരുള്ള ഈ നാട്ടിൽ ഇതൊന്നും വലിയ തമാശയല്ല.

സ്കിന്നർ പെൺകുട്ടികൾക്കായി തുറന്നുകൊടുത്തു എന്നല്ല, അടച്ചുകൊടുത്തു എന്നാണ് പറയേണ്ടത്. ചിലരുടെ മനസ്സുപോലെ ആർക്കും എപ്പോഴും കയറിക്കിടക്കാവുന്ന വിധം തുറന്നു കിടക്കുകയായിരുന്നു, അതുവരെ സ്കിന്നർ. മതിലുമില്ല, ഗേറ്റുമില്ല, ഗേറ്റിങ്കൽ പാറാവുമില്ല. എന്നുവച്ചാൽ, അടിച്ചു കോൺതെറ്റി ഉടുമുണ്ടഴിഞ്ഞ് രണ്ടാംനിലയിലൂടെ നടക്കുന്ന 'നാഗരാജാക്ക'ന്മാരെ വരെ ക്രിക്കറ്റ് കോർട്ടിന്റെ അങ്ങേക്കരെ നിന്ന് വെറും കണ്ണുകൊണ്ട് കാണാം!

'പെണ്ണിന് പ്രൈവസി ജന്മസിദ്ധം' എന്നാണല്ലോ ചില പെൺകുട്ടികളുടെ ഉള്ളിലിരിപ്പ്. പെൺസ്പർശമേറ്റതോടെ അന്നോളം സമൃദ്ധമായി പ്രദർശിപ്പിച്ചിരുന്നതൊക്കെ സ്കിന്നർ അടച്ചിട്ടു. ക്രിക്കറ്റ് കോർട്ടിന്റെ അങ്ങേക്കരയിൽ ഗമണ്ടനൊരു മതിലും മതിലിനു മുകളിൽ കുപ്പിച്ചില്ലുകളും മതിലിനറ്റത്ത് പടുകൂറ്റൻ ഇരുമ്പുഗേറ്റും ഗെയ്റ്റിനപ്പുറം പാറാവുശാലയും പാറാവുകാരന്റെ പക്കൽ സന്ദർശക രജിസ്റ്ററും സ്ഥാപിക്കപ്പെട്ടു. ഇതിനും പുറമെ, വേണ്ടപ്പെട്ടവരെ ഒരുനോക്കു കാണാൻ ശ്രദ്ധരായും കസിനായുമെത്തുന്ന പാവം ആൺകുട്ടികളെ 'വാടാ, പോടാ' വിളിക്കാനൊരു 'വാർഡനും'!

പുറമേ നിന്നു നോക്കിയാൽ സംഗതി ദുരൂഹമാണ്. ആൻഡമാനിലെ സെല്ലുലാർ ജയിൽ അടഞ്ഞുകിടക്കുന്നപോലെ. രണ്ടെണ്ണം വയ്ക്കേണ്ടിടത്ത് ഇരുനൂറെന്ന കണക്കിൽ കോൺക്രീറ്റ് അഴികൾ. താഴെയും മുകളിലും എന്നുവേണ്ട, ഇടനാഴികൾ മുഴുവൻ അതങ്ങനെ പടർന്നുപന്തലിച്ചു കിടക്കുന്നു. പുറംകാഴ്ച പോയിട്ട് സൂര്യനെപ്പോലും കാണാൻ ഒളികണ്ണിട്ട് നോക്കണം. ഓരോ മുറിക്കുള്ളിലും

മെലിഞ്ഞതും തടിച്ചതും ഇടത്തരവുമായി മൂന്നോ നാലോ അഞ്ചോ അന്തേവാസികൾ. വൈകിട്ട് രണ്ടു മണിക്കൂർ ഹോക്കി കളിച്ച് ക്ഷീണിച്ചെത്തുന്ന പാവം പിള്ളാർ ഒന്നാഞ്ഞു വലിച്ചാൽ തീർന്നുപോകാവുന്നതേയുള്ളൂ സ്കിന്നറിനുള്ളിലെ ശുദ്ധവായു എന്നു തോന്നിപ്പോകും. (ഭാരതത്തിന്റേതെന്ന പോലെ യൂസിയുടെയും ദേശീയവിനോദം ഹോക്കിയാണ്. കാലങ്ങളായി എം.ജി യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച പെൺ ഹോക്കി ടീമും യു.സിയുടേതുതന്നെ. കാരണം, ഹോക്കി കളിക്കാരികൾക്കുള്ള എം.ജിയിലെ ഏക സ്പോർട്സ് ഹോസ്റ്റൽ ഇവിടെയായിരുന്നു. 1985ൽ രാജ്യമൊട്ടാകെയുള്ള ടീമുകൾ പങ്കെടുത്ത പെൺകുട്ടികളുടെ അന്തർസർവകലാശാലാ ഹോക്കി മത്സരം നടന്നത് സ്കിന്നർ ഹോസ്റ്റലിനു മുന്നിലുള്ള ക്രിക്കറ്റ് കോർട്ടിൽ! അന്ന് സ്കിന്നർ ആൺകുട്ടികളുടേതായിരുന്നു.)

ഇപ്പറഞ്ഞതൊക്കെ വെറും പുറംകാഴ്ച. പെണ്ണിനെ സംബന്ധിച്ച് പലതിനും ചെറിയൊരു ദുരൂഹത കാണുമല്ലോ. വാസ്തവത്തിൽ, സ്കിന്നറിനകം ബീനാ കണ്ണന്റെ 'ശീമാട്ടി' പോലെ വിശാലമാണ്. കാറ്റും വെളിച്ചവും ഇഷ്ടം പോലെ. നാലുചുറ്റും കൊട്ടക്കണക്കിന് 'പ്രകൃതിരമണി. ഗന്ധർവമനസ്സുള്ള ചില പാമ്പുകൾ കന്യകമാരുമായി ഇഷ്ടം കൂടാൻ ഇടക്കിടെ മുറികളിലെത്തും. പാവം പാമ്പ്! താങ്ങാവുന്നതിലധികം സുന്ദരിമാരെ കണ്ട് സകല പുരുഷത്വവും തളർന്ന് അതങ്ങനെ പരിപ്പിളകിക്കിടക്കും. അപ്പോൾ, ഹോക്കി സ്റ്റിക്ക് പിടിച്ച് കൈ തഴമ്പിച്ച ഏതെങ്കിലും പെൺപുലിയോ വാച്ചർ കണ്ണപ്പൻ ചേട്ടനോ വന്ന് നെറുകംതലക്കടിച്ച് അതിനെ ദൂരെയ്ക്കെറിയും. അപ്പനപ്പൂപ്പന്മാരുടെ ചോര വീണ മണ്ണിൽ നിന്ന് പിന്നെയും പിന്നെയും 'പാമ്പുണ്ണി'കൾ മുളച്ചു പൊന്തും. പൂർവികരുടെ പാത പിന്തുടർന്ന് അവരും സ്കിന്നറിലേക്ക് ഇഴഞ്ഞെത്തും. വിധി തഥൈവ!

മറ്റേതൊരു പെണ്ണാലയവും പോലെ രാത്രികാലങ്ങളിൽ സ്കിന്നറും സജീവമാകും. എട്ടു മുതൽ എട്ടര വരെ 'അർമാദി'ക്കാനുള്ളതാണ്. മദാമ്മയുടെ ഭാഷയിൽ പറഞ്ഞാൽ 'റിക്രിയേഷൻ ടൈം'. വിശാലമായ 'സ്റ്റഡിറൂമി'ൽ പെണ്ണായ പെണ്ണെല്ലാം ശക്തിപ്രകടനത്തിനെത്തും. പാട്ടും ഡാൻസും വട്ടും വാചകവുമായി അരമണിക്കൂർ 'ശടേ'ന്നു തീരും. ശേഷം മുറികളിലേക്ക്. അവിടെ നിർത്തിയത് ഇവിടെ തുടരും.

പത്തുമണി കഴിഞ്ഞ് മുറിയിൽ ലൈറ്റിടരുതെന്നും സംസാരം പാടില്ലെന്നുമാണ് നിയമം. ലംഘിക്കപ്പെടാൻ നിയമങ്ങളുള്ളപ്പോഴാണല്ലോ ഏതൊരു ഇന്ത്യൻ പൗരന്റെയും ജീവിതം അർത്ഥസമ്പൂർണമാകുന്നത്. മേട്രന്റെ കണ്ണു വെട്ടിച്ച് സ്കിന്നർവാസികൾ മെഴുകുതിരി വെട്ടത്തിൽ പരദൂഷണത്തിന്റെ പറുദീസകൾ തീർക്കും. അന്നു പകൽ കണ്ടതും കേട്ടതുമായ സകലതും രാത്രികാലങ്ങളിൽ പുനഃസൃഷ്ടിക്കപ്പെടും. പ്രശസ്തരും അപ്രശസ്തരുമായ അനേകം ആൺകുട്ടികളും അധ്യാപകരും ആ പെണ്ണരങ്ങുകളിൽ അഭിനേതാക്കളായെത്തും. ഇതിനിടയിൽ ചിലർ ആളനക്കമില്ലാത്ത മൂലകളിൽ ഒറ്റക്കിരുന്ന് വെള്ളക്കടലാസിലേക്ക് മനസ്സ് പകർത്തുന്നുണ്ടാകും.

വർഷത്തിൽ രണ്ടേരണ്ട് തവണ മാത്രമേ ആൺകുട്ടികൾ സംഘമായി സ്കിന്നറിനകത്ത് പ്രവേശിക്കാറുള്ളൂ. ഇലക്ഷൻ സമയത്തും ക്രിസ്തുമസ് കാലത്തും. (ഈ രണ്ടു അവസരങ്ങളും ഇപ്പോൾ നിഷേധിക്കപ്പെടുകയും ചെയ്തു.) എല്ലാ പാർട്ടിക്കാരുടെയും പ്രചരണപരിപാടിയിലെ ഗ്ലാമർ ഇനമാണ് പെൺകുട്ടികളുടെ ഹോസ്റ്റൽ സന്ദർശനം. കാമിനിമാരെയും കാണാൻ കൊതിച്ചവരെയും അവരുടെ മടകളിൽ സന്ധിക്കാനുള്ള സുവർണാവസരം. പ്രസംഗിച്ചും പാട്ടുപാടിയും കവിത ചൊല്ലിയും ഈ സന്ദർശനം പരമാവധി നീട്ടാൻ ആൺകുട്ടികൾ കൊതിക്കും. കൂട്ടുകാരെ പരമാവധി സമയം അവിടെ പിടിച്ചുനിർത്താൻ പെൺകുട്ടികളും.


William Skinner

ഇന്നാലോചിച്ചാൽ ചിരി വരും. സ്കിന്നർ എന്ന ഉശിരൻ സായ്പിന്റെ പേരിൽ ഒരു പെൺഹോസ്റ്റൽ. പുരുഷന്മാരെ മാത്രം പാർപ്പിക്കുന്ന സ്ഥാപന ത്തിന് 'ലീലാമ്മ' എന്നു പേരിടും പോലെ! എന്നാൽ, പുരുഷന്മാർ ഏറ്റവുമധികം വായിക്കുന്ന മാഗസിന് 'വനിത' എന്നു പേരുള്ള ഈ നാട്ടിൽ ഇതൊന്നും വലിയ തമാശയല്ല.



സ്കിന്നർ ഹോസ്റ്റൽ: ഒരു പഴയ ചിത്രം

ക്രിസ്തുമസ് കാലത്തെ സന്ദർശനം ചാക്കോ ഹോസ്റ്റലുകാർക്കു മാത്രം അവകാശപ്പെട്ടതാണ്. കാരൾ പാടിയെത്തുന്ന അവരെ സ്കിന്നറുകാർ രാജകീയമായി വരവേൽക്കും. പാട്ടിനിടെ 'ക്രിസ്തുമസ് ഫാദർ' അവതാരത്തിന്റെ വക സ്ക്രിപ്റ്റിലുള്ളതും ഇല്ലാത്തതുമായ കിടിലൻ നമ്പറുകളുണ്ടാകും. പട്ടിണി കിടന്ന് 'സ്ലിം ബ്യൂട്ടി'യായ കൊച്ചിന്റെ മുഖത്തു നോക്കി 'എപ്പോ വന്നു എത്ര്യോപ്പ്യേന്ന്...' തുടർന്ന് മേട്രന്റെ കവിളേലൊന്നു നുള്ളി 'എന്താ കുഞ്ഞേ, ഇവൾക്ക് കഴിക്കാനൊന്നും കൊടുക്കുന്നില്ലേ..' എന്നൊരു സ്നേഹശകാരം. തടിയുള്ളവരെയും വെറുതെ വിടില്ല അപ്പൂപ്പൻ. നൈറ്റിയാൽ മറച്ച വയറൊന്നുഴിഞ്ഞു നോക്കി ഫുൾ 'ബാസി'ൽ ഒരു കാച്ചങ്ങുകാച്ചും: 'കുഞ്ഞിനിത് എത്രാം മാസമാ.....' ക്രിസ്തുമസ് ഫാദറിന്റെ സ്വതസിദ്ധമായ വാത്സല്യത്തിന്റെ മറവിൽ പൊടി 'ടച്ചിങ്സും' ഈ സമയത്ത് തരപ്പെടും. ഇത്തരം നമ്പറുകളിൽ പലതിന്റെയും പിന്നിൽ സ്കിന്നറിലെ ചില അന്തേവാസികളുടെ കുരുട്ടുബുദ്ധി കൂടിയുണ്ടാകും എന്നതാണ് സത്യം.

ക്രിസ്തുമസ് ഫാദറായി വന്നത് ആരെന്ന സസ്പെൻസ് കാരളിലുടനീളം പെൺമനസ്സുകളിൽ തങ്ങിക്കിടക്കും. ഒടുവിൽ, പാട്ടും ഡാൻസും കഴിഞ്ഞ്, വയറുനിറയെ ഭക്ഷണവും മനസ്സു നിറയെ കോരിത്തരിപ്പുമായി ചാക്കോ സംഘം മടങ്ങും.

സ്കിന്നർ പെൺകുട്ടികളുടേതായതോടെ എന്നെന്നേക്കുമായി അടഞ്ഞുപോയ ഒന്നുണ്ട്. ഹോസ്റ്റലിനുള്ളിലൂടെ കരീം സാറിന്റെ ക്വാർട്ടേഴ്സിലേക്കു പോയിരുന്ന നടപ്പുവഴി. കരീം സാറിന് മൂന്ന് ആൺ മക്കളാണെന്നും അവർ 'ഇലയും മുള്ളും' കഥയിലെ (ഏതു വന്ന് ഏതിൽ വീണാലും ഇല താറുമാറായിപ്പോകുന്ന 'മെയ്ൽ ഷോവനിസ്റ്റ്' പഴങ്കഥ) മുള്ളുകളാണെന്നും നന്നായറിയാവുന്ന കോളേജ് അധികൃതർ ആ വഴി കൊട്ടിയടച്ചു. അക്കാലത്തെ ചില രാത്രികളിൽ സ്കിന്നറിന്റെ പടിഞ്ഞാറേ മൂലക്കുള്ള ആഞ്ഞിലി മരത്തിനുകീഴെ ഗതി കിട്ടാത്ത ചില ആത്മാക്കൾ അലഞ്ഞുനടപ്പുണ്ടായിരുന്നു.(ആ മെയ്ൽ ഷോവനിസ്റ്റ് കഥയിലെ മുള്ളുകളിലൊന്ന് ലേഖകൻ തന്നെയാണെന്ന് ഇതു വായിക്കുന്ന പാവം വായനക്കാർ ഉണ്ടോ അറിയുന്നു)

കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകളായി സ്കിന്നറിൽ സ്ഥിരമായുള്ളത് ഒരാൾ മാത്രം. വാച്ചർ കണ്ണപ്പൻ ചേട്ടൻ. ലേഡീസ് ഹോസ്റ്റൽ ആക്കിയപ്പോൾ മുതൽ സ്കിന്നറിലുള്ള ഏക പുരുഷപ്രജ. കോളജിനു തൊട്ടരികെയായിട്ടും ദിവസം മണിക്കൂറുകൾ മാത്രം സ്വന്തം വീട്ടിൽ ചെലവഴിക്കുന്നയാൾ. സ്കിന്നറിലെ തലമുറകൾക്ക് സഹായി യായി, ആരാലും ശ്രദ്ധിക്കപ്പെടാതെ ആ ജന്മം തേഞ്ഞുതീരുന്നു.




*നവതി പൂർത്തിയാക്കിയ യുസി കലാലയത്തിന്റെ ചരിത്രം (മുഖ്യധാര ചരിത്രമോ, വാമൊഴി ചരിത്രമോ) കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് സത്യം. യുസിയൻ ബ്ലോഗിലൂടെ നിയാസ് കരീമാണ് യുസിയുടെ ചരിത്രത്തെ രേഖപ്പെടുത്താൻ ഒരു ശ്രമമെങ്കിലും നടത്തിയിട്ടുള്ളത്. യുസിയിൽ ചരിത്ര വിഭാഗം അധ്യാപകനായിരുന്ന കരീം സാറിന്റെ ഏറ്റവും ഇളയ മകനാണ് അദ്ദേഹം. യുസി കോളജിൽ തന്നെ ജനിച്ചു വളർന്ന അദ്ദേഹം തന്റെ ഓർമകളിലൂടെയും തനിക്കു മുമ്പേ പഠിച്ചിറങ്ങിയവരുടെയും യുസിയിലെ അധ്യാപകരുടെയും ഓർമകളിലൂടെയുമാണ് ചരിത്രത്തെ പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്നത്. യുസിയെ കിടിലം കൊള്ളിച്ച സമരങ്ങളിൽ തുടങ്ങി യുസി അടയാളപ്പെടുത്താതെ പോയ മുഖങ്ങളിലൂടെ സഞ്ചരിച്ച് യുസിക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോയ ചിലതിലേക്ക് എത്തിനിൽക്കുന്നു ആ രചനകൾ. ഹാസ്യത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ചിട്ടുള്ള ഓരോ ലേഖനങ്ങളിലും യുസിയുടെ ആത്മാവിനെ അനുഭവിച്ചറിയാൻ കഴിയും. യുസിയൻ ബ്ലോഗിൽ നിന്നുള്ള ചില കുറിപ്പുകൾ ഈ മാഗസിനിൽ പലയിടത്തായി ഉപയോഗിച്ചിട്ടുണ്ട്. സ്കിന്നറിനെക്കുറിച്ചുള്ള ഈ കുറിപ്പും അദ്ദേഹം എഴുതിയതാണ്. തീർച്ചയായും ഓരോ യുസിയനും വായിച്ചിരിക്കേണ്ട ഒന്നാണ് ucian.blogspot.com, കോട്ടയം എംഎം പബ്ലിക്കേഷനിൽ സീനിയർ സബ് എഡിറ്ററാണ് അദ്ദേഹം ഇപ്പോൾ.*



# ചെരുപ്പുകുത്തി

അപരന്റെ പാദരക്ഷകൾ തൊടാൻ മടിക്കുന്ന നമ്മിലാരെങ്കിലും അവരെക്കുറിച്ച് ചിന്തിക്കാറുണ്ടോ? വെയിലിനെപ്പോലും കുടയാക്കുന്നവർ, മഴയെപ്പോലും പുതപ്പാക്കുന്നവർ. സ്റ്റാറ്റസ് സിംബൽ എന്തെന്നുപോലും അറിയാത്തവർ, എസി കാറും വിലകൂടിയ പെർഫ്യൂമുകളും ടൈറ്റ് ജീൻസും കൂളിംഗ് ഗ്ലാസും ബർഗറും പിസയും നൽകാനല്ലേ നമ്മുടെ രക്ഷിതാക്കൾ എസി റൂമിലിരുന്ന് 'വിയർപ്പൊഴുക്കുന്നത്'! എന്നാൽ അവർ സ്വന്തം കുഞ്ഞിന് ഒരു നേരത്തെ അരിയെങ്കിലും ഉണ്ടാക്കാനാണ് ഇങ്ങനെയിരുന്ന് 'വിശ്രമിക്കുന്നത്'. കണ്ടിട്ടുണ്ടോ നിങ്ങളവരുടെ ജീവിതം? 'വരുവിൻ നിങ്ങൾ യുസി കോളേജിൽ; വാതിൽക്കൽ കാണാം നിങ്ങൾക്കവരുടെ ജീവിതം. സ്വർണ്ണലിപികളിൽ തീർത്ത എസ്റ്റാബ്ലിഷ്മെന്റിനു താഴെ.

**ബസ് യാത്ര**

ബസ് കാത്തുനിൽക്കുന്നു എല്ലാവരും യൂണിയൻ ക്രിസ്ത്യൻ കോളേജിന് മുന്നിൽ. നല്ല തിരക്ക്, വെയിലും. അവന്റെ തണലിൽ ഞാൻ നിന്നു. അവനുണ്ടാക്കിയ നിഴലിൽ അവൻപോലുമറിയാതെ. ബസ് വരുന്നത് വരെ മാത്രം. ആ വളവ് കഴിഞ്ഞ് ബസ് വരുന്നതു കാണുമ്പോഴേ ഓടും, അവന്റെ മുഖത്തേക്കൊന്നു നോക്കുകപോലും ചെയ്യാതെ. ആ ബസ് സ്റ്റോപ്പിലൊന്ന് നിർത്തിയാ പിന്നെന്റെ സാറേ, ചുറ്റുമുള്ളതൊന്നും കാണാൻ പറ്റുല്ല. വാതിലിനകത്തെ പടിമാത്രം ഇങ്ങനെ തെളിഞ്ഞുകാണും. ചവിട്ടിമെതിച്ച് അതിലൊന്ന് കയറിപ്പറ്റിയാലോ, സീറ്റായി പിന്നെ ചിന്ത. ഒരൊറ്റ സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. അവനതിലിരിക്കുന്നതിനുമുമ്പേ എനിക്കു വേണമത്. അതിൽ ഞെളിഞ്ഞിരുന്ന് ചുറ്റുമൊന്ന് നോക്കും. കൂടെയുള്ളവർ നിൽക്കുന്നു. ഞാൻ മാത്രം ഇരിക്കുന്നു. എന്തു സുഖം, എന്തൊരാശ്വാസം!

**കാന്റീൻ**

കളർഫുൾ ആയ കാന്റീൻ അലമാര മാത്രമേ നമ്മൾ കണ്ടിട്ടുള്ളൂ. ജീവിതയാത്രയുടെ അടുപ്പിൽ നിന്ന് കരിപുരണ്ട ജീവിതങ്ങളുമുണ്ട് അതിനപ്പുറത്തേക്ക്; അടുക്കളയുടെ പിന്നാമ്പുറങ്ങളിൽ. അവനവൻ കഴിച്ച പാത്രമെങ്കിലും കഴുകി വൃത്തിയാക്കണമെന്ന്



ചെറുപ്പത്തിൽ അമ്മ പറഞ്ഞ ഓർമയുണ്ട്. എന്നാൽ കാന്റീൻ മുറികളിൽ കാലം വരവറിയിച്ച നരച്ചമുടിയുമായി നീണ്ടുമെലിഞ്ഞ ഒരു മനുഷ്യൻ വരും. കയ്യിൽ പകുതി നനഞ്ഞ തുണിയുമായി; തീൻമേശ വൃത്തിയാക്കാൻ, എച്ചിൽപാത്രങ്ങൾ അടുക്കാൻ. ജീവിതം നമ്മെ എന്തു പഠിപ്പിച്ചു. ഒന്നും പഠിപ്പിച്ചില്ല. അഥവാ നാം പഠിക്കാൻ ശ്രമിക്കുന്നില്ല. ജീവിതമേ ക്ഷമിച്ചാലും.

**ക്രിക്കറ്റ് കോർട്ട്**

മരത്തിന്റെ വേരുകൾ മരുപ്പച്ചയാക്കുന്ന ഒരിടമുണ്ടവിടെ. വിശ്രമസ്ഥലം. തലമുറകളുടെ മുടുതാങ്ങി. മറിഞ്ഞുവീണ മരവും സഹിക്കുന്നു ആ ഭാരം. സ്വന്തം ഭാരം താങ്ങാനാവാതെയാണ് അത് മറിഞ്ഞുവീണതെന്ന് നാമുണ്ടോ അറിയുന്നു. രാവിലെ തന്നെ സജീവമായൊരിടം സിസിയാണെന്ന് കരുതാം. പ്രണയം പൂത്തും തളിർത്തും കായ്ച്ചും കൊഴിഞ്ഞും വീഴുന്നയിടം. എന്നാൽ ആ സിസിയും ഒറ്റയ്ക്കാകുന്നില്ലേ, രാത്രിയുടെ യാമങ്ങളിൽ. സ്വന്തമെന്ന് പറയാൻ ആരുമില്ല. പടർന്നു നിൽക്കുന്ന മരങ്ങൾ പോലും ഉറക്കം. ആ മണ്ണിന്റെ നീരൂറ്റിയല്ലേ അവയും വളർന്നത്! ആവശ്യത്തിന് ആരുമില്ല. ജീവിതത്തിലെ ഇരുട്ടിലും മറിച്ചല്ലല്ലോ സ്ഥിതി!

**സുഹൃത്തുക്കൾ**

ആരുമറിയാതെ കടന്നുവരുന്നവർ. കണ്ണുനീർത്തുള്ളിയിൽ മഴവില്ല് തീർക്കുന്നവർ. കളിയാക്കിക്കരയിക്കുമ്പോഴും കണ്ണീരിൽ കൂടെയുണ്ടാകുമെന്ന് മനസ് പറയുന്നവർ. കൂടെനിന്ന് താങ്ങുന്നവർ. ആഴങ്ങളിലേക്ക് കൂട്ടുവരുന്നവർ. ആഴിയുടെ കൂട്ടിരിക്കുന്നവർ. കേൾക്കാനാരുമില്ലാത്തപ്പോൾ നമ്മെ കേൾക്കുന്നവർ. പങ്കുവയ്ക്കലുകളിൽ ഒപ്പം കൂടുന്നവർ. തെറ്റുകണ്ടാൽ തിരുത്താൻ മടിക്കുന്നവർ. എന്നാൽ തിരുത്തണമെന്ന് ആഗ്രഹിക്കുന്നവർ. അകലെയാണെങ്കിലും അടുത്തെത്താൻ ശ്രമിക്കുന്നവർ. അശ്രദ്ധമായിരിക്കുമ്പോൾ ശ്രദ്ധിക്കുന്നവർ. നമ്മൾ സൈലന്റ് ആകുമ്പോൾ ലിസൺ ചെയ്യുന്നവർ. അസൈൻമെന്റുകൾക്കു പകരം ഡയറിൽക്ക് സിൽക്ക് നൽകുന്നവർ. ഗ്രൂപ്പ് ഡാൻസുകളിൽ കുറുക്കന്മാരാകുന്നവർ. മരിക്കാത്ത ഒരുപാട് ഓർമകളുടെ പ്രൊഡ്യൂസേഴ്സ്. എങ്കിലും സ്വന്തം കാര്യം സിന്ദാബാദ്.

**അദ്ധ്യാപകർ**

Last impression is the ever lasting impression എന്നുള്ളതുകൊണ്ട് അവസാനമാകട്ടെ എന്നു കരുതി...

എത്രനാൾ ജീവിച്ചു എന്നല്ല എങ്ങനെ ജീവിച്ചു എന്നാണ് നോക്കേണ്ടത്. എങ്ങനെ ജീവിച്ചു എന്നല്ല എന്ത് നൽകി എന്നാണ് നോക്കേണ്ടത്. കാലം നിങ്ങളെ അളക്കുന്നത് അതിലൂടെയായിരിക്കും. അറിവു നേടലിലല്ല അലിവു നേടലിലാണ് കാര്യം എന്നു പറഞ്ഞുതന്ന അദ്ധ്യാപകരല്ലേ ബന്ധങ്ങൾക്കിടയിലെ വിള്ളലുകളിൽ മതിൽക്കെട്ട് തീർക്കരുതെന്ന് ഉപദേശിച്ചത്! കണ്ണിൽ വെളിച്ചം പകർന്ന് മനസിലെ ഇരുട്ടകറ്റാൻ അവർക്കു കഴിയണം. ഇടനാഴികളിലെ രഹസ്യസല്ലാപങ്ങളിൽ ഓളങ്ങൾ തീർക്കുന്നവർ. പാഞ്ഞുവരുന്ന മഴവെള്ളത്തെയും കൈക്കുമ്പിളിലൊതുക്കാൻ പറഞ്ഞു തന്നവർ.

വേഗത്തിൽ സഞ്ചരിക്കാൻ നമുക്ക് ഒറ്റക്ക് നടക്കാം. വളരെ ദൂരം സഞ്ചരിക്കണമെങ്കിൽ ഒരുമിച്ച് നടക്കുന്നതാവും നല്ലത്. എല്ലാവരും വേണം നമുക്ക്, ചെറുപ്പകുത്തി മുതൽ അദ്ധ്യാപകർ വരെ എല്ലാവരും.



**Geethi Vijayan**



*രാജൻചേട്ടനെ കാണുമ്പോൾ ഉസ്താദ് ഹോട്ടലിലെ കരീംഇക്കയുടെ ഡയലോഗാണ് ഓർമവരിക. "വിശക്കുന്നവരുടെ വയറുനിറയ്ക്കാൻ ആരെക്കൊണ്ടും കഴിയും. പക്ഷേ, അവന്റെ മനസ്സു നിറയ്ക്കാൻ കൈപ്പുണ്യം വേണം." യുസിയുടെ വയറും മനസ്സും നിറച്ച് രാജൻചേട്ടൻ യാത്ര തുടരുന്നു.*

# യുസിയുടെ മുറ്റത്തെ നന്മമരം

നാലു പതിറ്റാണ്ടുകളായി യുസിയുടെ നാവുകളിൽ നിറയുന്ന കൈപ്പുണ്യവും നന്മയും; യുസിക്കുവേണ്ടി തന്റെ ബാല്യവും കൗമാരവും യൗവനവും ഹോമിച്ച ഒരാൾ. രാജശേഖരൻ നായരെന്ന പറവൂരുകാരൻ യുസിയുടെ നന്മമരമായിട്ട് 41 വർഷങ്ങൾ. 1975ലെ അടിയന്തരാവസ്ഥക്കും രണ്ട് കൊല്ലം മുമ്പ് തുടങ്ങുന്നു രാജൻ ചേട്ടന്റെ യുസിയിലെ ചരിത്രം. മാറി മാറി വന്ന യുസിയിലെ ഓൾഡ് ആൻഡ് ന്യൂ ജനറേഷൻ പിള്ളേരോട് ജനറേഷൻ ഗ്യാപ്പില്ലാതെ അദ്ദേഹം സംസാരിക്കുന്നു. ഇക്കാലമത്രയും യുസിയിലെ ഒരു വിദ്യാർഥിയോടു പോലും അദ്ദേഹം മുഖം കറുപ്പിച്ചിട്ടില്ല. അതിന് രാജൻ ചേട്ടൻ തന്നെ കണ്ടെത്തുന്ന ഒരു കാരണവും ഉണ്ട്. 'നിങ്ങൾ എല്ലാം എന്റെ മക്കളല്ലേ' ഇതു പറയുമ്പോൾ ആ മുഖത്ത് വാത്സല്യം നിറയുന്നു.

കവി ബാലചന്ദ്രൻ ചുള്ളിക്കാടും രാജശേഖരനും ബാല്യകാല സുഹൃത്തുക്കളാണെന്ന് അറിയുന്നവരും ചുരുക്കം. എന്തിന്, ചുള്ളിക്കാട് പോലും അത് മറന്നിട്ടുണ്ടാവും. പറയത്തക്ക മനോഹരമായ ഓർമകളൊന്നുമില്ല രാജശേഖരന് ബാല്യത്തെക്കുറിച്ച്. അച്ഛന്റെ ആകസ്മിക മരണത്തെ തുടർന്നു പതിമൂന്നാം വയസിൽ ജോലി തേടിയാണ് രാജശേഖരൻ ആലുവയിൽ എത്തുന്നത്. നാട്ടിലെ പരിചയക്കാരന്റെ ബേക്കറിയിൽ സാധനങ്ങൾ എടുത്തുകൊടുക്കുന്ന പണിയായിരുന്നു ആദ്യം. അവിടെ സാധനങ്ങൾ വാങ്ങാൻ എത്തിയിരുന്ന യുസിയിലെ ക്യാന്റീൻ നടത്തിപ്പുകാരുമായി രാജശേഖരൻ പെട്ടെന്ന് ചങ്ങാത്തത്തിലായി. വൈകാതെ ആ സൗഹൃദം അദ്ദേഹത്തെ യുസിയിൽ എത്തിച്ചു. വെജിറ്റേറിയൻ മെസ്സിൽ സഹായിയായിട്ടാണ് തുടങ്ങിയത്. പിന്നീടൊരിക്കൽ കോഴിയെ കൊല്ലാൻ ആവശ്യപ്പെട്ടപ്പോൾ പറ്റില്ലായെന്നു പറഞ്ഞ് അവിടെനിന്ന് സ്ഥലം വിട്ടു. രണ്ടു മൂന്നു ദിവസം മുപ്പത്തടത്ത് കൂടി. പിന്നെ വീണ്ടും യുസിയിലേക്ക്. സ്കിന്നർ ഹോസ്റ്റലിൽ താമസിച്ചിരുന്ന അധ്യാപകർക്ക് ഭക്ഷണം എത്തിക്കലായിരുന്നു രണ്ടാം വരവിലെ പ്രധാന പണി. ആദ്യകാലത്ത് ചായ സപ്ലൈയും പാത്രം കഴുകലും അരിയാട്ടലുമൊക്കെയായിരുന്നു ജോലികൾ. പതുക്കെ പതുക്കെ പാചകത്തിലേക്ക് കടന്നു. കഴിഞ്ഞ 30 വർഷമായി യുസിയിലെ മുഖ്യ പാചകക്കാരനാണ്. ഏതാണ്ട് അത്രയും കൊല്ലം തന്നെ എൻഎസ്എസ് ക്യാംപുകളിൽ അദ്ദേഹം രുചിയറിയിച്ചു. 'ഇനിയൊരു ക്യാംപിലേക്കില്ല, ആഗ്രഹമില്ലാഞ്ഞിട്ടല്ല പക്ഷേ ആരോഗ്യം അനുവദിക്കുന്നില്ല' ഇത് പറയുമ്പോൾ ആ ശബ്ദം ഇടറുന്നു.

യുസിയിൽ ഏറ്റവും കൂടുതൽ ദിനങ്ങൾ ചിലവിട്ടതിന്റെ റെക്കോർഡും രാജൻ ചേട്ടന്റെ പേരിൽ തന്നെ. വിവാഹവേളയിൽ മാത്രമാണ് അദ്ദേഹം ക്യാന്റീനിൽ നിന്ന് അൽപ്പകാലം വിട്ട് നിന്നത്. ഇപ്പോൾ ആഴ്ചയിൽ ഒരു ദിവസം മാത്രമേ വീട്ടിൽ പോകാറുള്ളൂ. രാവിലെ ആറിനു അടുക്കളയിൽ കയറിയാൽ ഉച്ചയ്ക്കു 12 മണി വരെ രാജൻ ചേട്ടന് അടുക്കളയിൽ പിടിപ്പത് പണിയാണ്. ഏകാന്തത ഏറെ ഇഷ്ടപ്പെടുന്ന വ്യക്തിയാണ് അദ്ദേഹം. വൈകുന്നേരങ്ങളിൽ ക്യാന്റീനു മുന്നിലെ അരമതിലിൽ രാജൻ ചേട്ടനെ കാണാം. ചിലപ്പോൾ ആ ഇരിപ്പ് രാത്രി വൈകിയും നീളാറുണ്ട്. 'രാത്രിയിൽ ക്യാംപസ് കൂടുതൽ സുന്ദരിയാവുകയും നിഴലും നിലാവും കൂട്ട് വരുകയും ചെയ്യുമത്രേ.'

പാട്ടും സിനിമയുമാണ് രാജൻ ചേട്ടന്റെ വീക്ക്നസ്. 'പണ്ട് ഇവിടെ മൂന്ന് തിയറ്ററുകളാണ് പങ്കജം, സീനത്ത്, കാസിനോ. മൂന്നിടത്തും മാറി മാറി പടം കാണാൻ പോകുമായിരുന്നു. ഹിന്ദി, ഇംഗ്ലീഷ്, മലയാളം തമിഴ് എല്ലാം കാണുമായിരുന്നു.' ഇപ്പോൾ പടം കാണുന്നത് കുറഞ്ഞെങ്കിലും മോഹൻലാലിന്റെ ഒരു പടവും വിടാറില്ല.

എന്ത് സമ്പാദിച്ചു എന്നു ചോദിച്ചാൽ 'നിങ്ങളല്ലേ എന്റെ ഏറ്റവും വലിയ സമ്പത്തെന്ന്' പറയും രാജൻ ചേട്ടൻ. എങ്കിലും ഒരുതുണ്ട് ഭൂമിയും ഒരു വീടും ഇന്നും വിദൂര സ്വപ്നമായി അവശേഷിക്കുന്നു. ശാരീരികാസ്വാസ്ഥ്യങ്ങൾ ഏറെ അലട്ടുന്നുണ്ടെങ്കിലും ആരോടും പരിഭവങ്ങളോ പരാതികളോ ഇല്ലാതെ കാലത്തിന്റെ മൂകസാക്ഷി യാത്ര തുടരുന്നു.

Arun Das



# HUMANS OF UC

*Compiled by:* Ansu Elizabeth Tom, Meghna Girish, Lizil Johnson, Shazin Mundeth.

www.facebook.com/humansofuc





What is the secret of your Beauty?
"Garnier."
Would you like to share some of your tips?
"No. I don't want everyone to be as beautiful as me."
Smart move.

Human: **Nimisha Suresh** Babu, I DC PSychology

കോളേജിൽ എത്രപേരെ പ്രേമിച്ചിട്ടുണ്ട്?
നാല്; അല്ല... രണ്ട്... അല്ല അഞ്ച്..." ശ്ശെ! കൺഫ്യൂഷനായി.

Human: **Jeffin Joy** II DC Zoology

"Njangal year first thottu best friends aa. Ippo third year aayi, but second year nannayittu miss cheyyunundu."

Humans: **Keerthana and Megha**
II DC English



**Humans of UC (HoUC): Inspired by the famous blog and much recognised Facebook page called 'Humans of New York', we decided to start out a similar project called 'Humans of UC', which solely aims to capture each face in the campus on camera and give them a forum to voice their thoughts, opinions, messages, feelings and so on, about anything and everything they like. Due to the page limit in the college magazine, only a few of the humans have been portrayed here. To make up for the rest, we will also launch a facebook page, namely, 'Humans of UC' which will be updated each day with a new face, a new story. Please share and like the page and be a part of this project. Join in to help create a movement which will make all Ucians live in an anticipated memory of their unforgettable college life.. Here's our Union Christian College. One story at a time.**



"കോളേജ് ഇലക്ഷനിൽ ഒരുതവണ നിന്നിട്ടുണ്ട്. നല്ല അനുഭവമായിരുന്നു. ഇലക്ഷന് നിന്നതുകൊണ്ട് ഒരു പെണ്ണിന് പൂ കൊടുക്കാനുള്ള കോൺഫിഡൻസ് കിട്ടി."

*ഈ വർഷം ഇലക്ഷന് നിൽക്കുന്നുണ്ടോ?*

"ഇല്ല; തൽക്കാലം ഇത്രയും കോൺഫിഡൻസ് മതി."

Human: **Vishal Sukhumaran**
II DC Computer Science



What is common between the three of you?
"Um, lazy when it comes to study?"
"I think food."
"I'd say clothing."

Humans: (L to R) **Chinnu Ann, Heba Shiekh, Amreen Shahul**; II DC Psychology



"Humans of UC? Like abnormal humans?"
Are you abnormal?
"Yes, more like eccentric."

Human: **Sanjay B. Kuriakose,**
I DC BCom



കോളേജിലെ ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം?
"സിസിയാണ് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം. കാരണം, അവിടെ ഇരുന്നാൽ എല്ലാവരെയും കാണാം."
ക്ലാസ് കട്ട് ചെയ്യാറുണ്ടോ?
"ഞാൻ ക്ലാസ് കട്ട് ചെയ്യാറില്ല."

Human:
**Sajin. K.S**
II DC Computer Science



What do you love the most?
"I love all my students the most.. And enekku ente patti Pappu neyum bhayangara ishtama. In fact, I love all dogs! Chacko hostelill olla pattiye njaan Tesse enna villikyaaru, I love her too."

Human: **Dr. Seena Mathai,** Department of Psychology



"Ente peru Afzual, A-f-z-u-a-l."
Ayyo athentha anganne? Was it a mistake or..?
"Eyy, no no, oru variety spelling."
Ah, kollaam.. what else is a 'variety' about you?
"I'm from Lakshadweep.. Pakshe njaan veeti poyittu 2 years aayi. 5 varsham aayittu njaan orae oru penninnae snehikyunnu.. Ithu varae paranjtilla."

Human: **Afzual rahman** II DC Computer Science



How's College?
"Good."
What part of it is good?
"Politics."
Why?
"Well, collegill politics kaarnam strike undaavum. Strike undaavumbo class undavilla. Athu nallathalle?"

Humans: **Thanooja and Swedha,** II DC Psychology

College canteennae kurichu enthannu abhiprayam?
"Ayye, canteennae kurichu onnum parayanda."
"Pakshe UC breakfast special aanu.. Vada, sambhar, chammandi.."
"And lime water"
Ahha, pinne, college pranayam...?
"Mmmhm. No."
"Never."
"Can't say. Pakshe ivann parayumm! Prajithae, ninekku angannae onnum illallo, eh eh?"
*laughs*

Humans: (L-R) **Gokul V.S, Rosh Roy, *Rahul Murali*, Prajith P.P,** II DC Physics





"എന്നെക്കുറിച്ച് എന്ത്
പറയാനാ... ഞാൻ
കോളേജ് ക്രിക്കറ്റ്
ടീമിന്റെ ക്യാപ്റ്റനാണ്.
അത് അല്ലാതെ
എല്ലാവർക്കും എന്നെപ്പറ്റി
എല്ലാം അറിയാം. ഒരു
അവസരം ലഭിച്ചാൽ,
ദൈവം അനുവദിച്ചാൽ
ഇന്ത്യയ്ക്കുവേണ്ടി
കളിക്കണമെന്നു
മോഹമുണ്ട്."

Human: **Unnikrishnan**, II DC Malayalam



Ippo class ille? Bunking?
"No no, ippo free hour aa."
Ok, appo class bunk cheyumbo evideya poyi irikyaaru?
"BBC! We are the BBC Guys!"
Nice, and tell me, what's common between the two of you?
"Today, it's pink colour *laughs* Actually njangalde characters egadesham same.. Vaaya thudangi avasaanam varae nottam."

Humans: (L-R) **Najla and Sherin**, I DC Botany



What is your passion?
"Um, music and movies?"
Alright, how many movies do you watch in a day?
"Around1 or 2.. But I watch my favourite ones repeatedly. Oh, ithonum magazinill idalle tto, hostellil movies kaanaan allowed alla, ente warden kandaal pani aavum!"

Human: **Avinash Simon**, II PG History



"Ente peru AKJO. Amal Krishna J. Onnampally. Cherupam mothalle enne ellaavarum chora kannan enna viiikyanae."

Human: **Amal Krishna**, II DC Computer Science



Tell us something nobody knows about you..
"Anganne chodichaal.. Um, njaan sathyathill oru paavam, nishkalangan aanu.. Mattulavar parayanae enekku bhayangara jaada aanenna pakshe... Athu sathyam alla.."
Ee chiriyude rahasyam enthanu?
"Naalu vaakinnaekaal gunam cheyyum oru chiri"

Human: **Dijo K.J**, I PG Psychology



# വ്യത്യസ്തനായ ഈ മിമിക്രിക്കാരനെ സത്യത്തിലാരും തിരിച്ചറിഞ്ഞില്ല...

സർക്കാർ നേരിട്ടു ശമ്പളം കൊടുത്തു തുടങ്ങും വരെ സ്വയമേവ പ്രവർത്തിച്ചിരുന്ന ഫെല്ലോഷിപ്പായിരുന്നു കോളജിന്റെ ഭരണകാര്യങ്ങൾ നോക്കിയിരുന്നത്. 1972ൽ സർക്കാർ നേരിട്ടു ശമ്പളം കൊടുക്കാൻ തുടങ്ങിയ സമയം മുതലാണ് യൂസി കോളജിൽ മാനേജർ പോസ്റ്റ് ഉണ്ടാകുന്നത്. ആ കാലത്ത് യൂസി കോളജിൽ രണ്ട് മാനേജർമാരുണ്ട്. ഒന്ന് കോളജ് മാനേജരും രണ്ട് ക്യാന്റീൻ മാനേജരും. ഇന്ന് കോളജ് മാനേജരാണ് കൂടുതൽ പോപ്പുലർ എങ്കിൽ അന്ന് ക്യാന്റീൻ മാനേജരായിരുന്നു. കാലക്രമത്തിൽ ക്യാന്റീൻ മാനേജരെന്ന പ്രയോഗം തന്നെ ഇല്ലാതെയായി. ഇപ്പോൾ നമുക്ക് ആ സ്ഥാനം കൽപ്പിച്ച് കൊടുക്കാൻ കഴിയുക പ്രദീപേട്ടനാണ്. ചിലപ്പോൾ നമുക്ക് ഇഷ്ടപ്പെട്ട വഴികളിലൂടെ നടക്കാൻ കഴിഞ്ഞെന്നു വരില്ല. അപ്പോൾ പിന്നെ നമുക്ക് മുന്നിലുള്ള വഴികളിലൂടെ ഇഷ്ടത്തോടെ നടക്കുക തന്നെ. യൂസി കോളജ് ക്യാന്റീനിന്റെ ചുമതലക്കാരൻ ആയില്ലായിരുന്നെങ്കിൽ പ്രദീപ് ഗോപാലകൃഷ്ണൻ അറിയപ്പെടുക മറ്റൊരു മേൽവിലാസത്തിൽ ആകുമായിരുന്നു. ഒരു കാലത്ത് ക്ലബ്-വായനശാല വാർഷിക വേദികളെയും ഉത്സവപറമ്പുകളെയും കിടിലം കൊള്ളിച്ച മിമിക്രി കലാകാരനാണ് പ്രദീപെന്ന് അറിയുന്നവർ വിരളമാണ് യൂസിയിൽ. അതിനു മുമ്പ് കുറച്ച് ചരിത്രം പറയാം.

1997ൽ അന്നത്തെ ക്യാന്റീൻ നടത്തിപ്പുകാരനായ മാധവൻ നായരുടെ മരണത്തെ തുടർന്ന് മുഖ്യ പാചകക്കാരനായ ഗോപാലകൃഷ്ണൻ എന്ന ഗോപി ചേട്ടൻ ക്യാന്റീനിന്റെ ചുമതല ഏറ്റെടുക്കാൻ നിർബന്ധിതനാകുകയായിരുന്നു. ആദ്യം നിരസിച്ചെങ്കിലും അധ്യാപകരും അധ്യാപക-ഇതര ജീവനക്കാരും പിന്തുണയുമായി എത്തിയതോടെ അദ്ദേഹം ചുമതല ഏറ്റെടുത്തു. കോട്ടയത്ത് യൂണിവേഴ്സിറ്റി ബുക്ക്സ്റ്റാളിൽ സഹായിയായി ജോലി ചെയ്തിരുന്ന രണ്ടാമത്തെ മകനെ അദ്ദേഹം സഹായത്തിനായി യൂസിയിലേക്ക് വിളിക്കുന്നു. അങ്ങനെ 1997ലാണ് പ്രദീപും യൂസിയും തമ്മിലുള്ള ബന്ധം ആരംഭിക്കുന്നത്. 2001ൽ അച്ഛൻ ഗോപാലകൃഷ്ണന്റെ മരണത്തോടെ ക്യാന്റീനിന്റെ മേൽനോട്ടം പൂർണ്ണമായും പ്രദീപിലേക്ക് വന്നു ചേർന്നു. പിന്നീടുള്ള ഓരോ വർഷവും ഉത്തരവാദിത്വം കൂടി വന്നു. മിമിക്രി വേദികളോട് പൂർണമായും വിട പറയേണ്ടി വന്നു. പ്രദീപിന് ആരോടും പരിഭവങ്ങളും പരാതിയുമില്ല. യൂസി കോളജിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അഭിമാനം മാത്രം. ഭാര്യക്കു കോളജിൽ തന്നെ ജോലി കിട്ടിയപ്പോൾ കൂടുതൽ സന്തോഷം.

ഒൻപതാം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന സമയത്താണ് പ്രദീപ് മിമിക്രി ചെയ്തു തുടങ്ങുന്നത്. പ്രദീപ് പഠിച്ചിരുന്ന കിഴക്കമ്പലത്തെ സ്കൂളിനു ഇരുവശങ്ങളിലും രണ്ട് സിനിമാകൊട്ടകകൾ. അനുകരണത്തിന്റെ ആദ്യപാഠങ്ങൾ അവിടെ നിന്നായിരുന്നു. പതുക്കെ സ്കൂളിലെ അധ്യാപകരെയും നാട്ടിലെ ചങ്ങാതിമാരെയും അനുകരിച്ചു തുടങ്ങി. 1997 മുതൽ 2001 വരെ മിമിക്രിയിൽ സജീവമായിരുന്നു. കേരള രാഷ്ട്രീയത്തിലും മലയാള സിനിമയിൽ നിറഞ്ഞു നിൽക്കുന്ന മുപ്പതോളം പേരെ ഇപ്പോഴും അനായാസമായി പ്രദീപ് അനുകരിക്കും. അവിടെ തീരുന്നില്ല മുൻ പ്രിൻസിപ്പൾമാരായ വർഗീസ് ജോൺ, തോമസ് ഫിലിപ്പ്, എ.എം. ചാക്കോ തുടങ്ങി പത്തോളം അധ്യാപകരും പ്രദീപിന്റെ മിമിക്രി ലിസ്റ്റിലുണ്ട്.

സംഭാഷണത്തിനിടെ കെ.എം. മാണിയും ഉമ്മൻ ചാണ്ടിയും സംവിധായകൻ സിദ്ധിഖും തിലകനും ജയനും ബാലചന്ദ്രമേനോനുമൊക്കെ ക്യാന്റീനിൽ ശബ്ദ സാന്നിധ്യം അറിയിക്കാൻ എത്തുന്നുണ്ടായിരുന്നു. 'മിമിക്രി പൂർണമായി ഉപേക്ഷിക്കേണ്ടി വന്നെങ്കിലും ഞാൻ നൂറു ശതമാനം ഹാപ്പിയാണ്. അധ്യാപകരും ഓഫീസിലുള്ളവരും ക്യാന്റീനിലുള്ളവരും കോളജിലെ പിള്ളേരും വളരെ സ്നേഹത്തോടെയും സഹകരണത്തോടെയുമാണ് പെരുമാറുന്നത്. നമ്മൾ ജീവിതത്തിൽ നേടിയതിനു പകരമായി പലതും നഷ്ടപ്പെടുത്തിയിട്ടുണ്ട്, മറിച്ച് നഷ്ടപ്പെടുത്തിയതിനു പകരം നമ്മൾ പലതും നേടിയിട്ടുമുണ്ട്. അതുകൊണ്ട് പരാതികൾ ഇല്ല ജീവിതം പൂർണമായും ആസ്വദിക്കുന്നു.' പറഞ്ഞു തീരും മുമ്പേ പ്രദീപേട്ടൻ ബൈക്ക് സ്റ്റാർട്ടാക്കി ക്യാന്റീനിലേക്ക് സാധനം വാങ്ങാൻ പാഞ്ഞു.



Sethulakshmi A.N. I BA English

# 22 KERALA Bn NCC, ELOOR UNION CHRISTIAN COLLEGE, ALUVA



## Annual Report 2012-13

National Cadet Corps is a Tri-Services Organisation comprising the Army, Navy and Air Force, engaged in grooming the youth – 'The Leaders of Tomorrow' – into disciplined and patriotic citizens. It aims to develop character, comradeship, discipline, leadership, secular outlook, spirit of adventure, and ideals of selfless service amongst the youth of the country. It also provides a suitable environment to motivate the youth to take up a career in armed forces.

The boys division of NCC of Union Christian College has prestigious record of contributions to the prestige of the college. With immense pleasure let me present the annual report of the boys division of the NCC subunit of Union Christian College for the academic year 2013-14

**PARADES**

We successfully completed 52 regular parades steps this year. The parades were supervised by instructors from the battalion and involved both theories and drills. In addition to the regular parades we conducted ceremonial parades on Independence Day and Republic Day. Dr. A Benni Cherian, our beloved principal was the chief guest on these occasions. The celebrations began with the ceremonial parades, followed by flag hosting, message by principal and distribution of sweets.

**CAMPS**

Our cadets attended several camps during this academic year.The most prestigious of all achievements of this year was, as previous years we marked our presence in the Republic Day parade held at New Delhi. This year SUO Shibin Shaji Varghese&CSM Haridas M Naik attended the Republic Day Camp-2014 held at Delhi and SGT Sowraf Purushothaman attended Thal Sanik Camp-2013 held at Delhi.

Early this year 24 of our cadets attended the Combined Annual Training Camp (CATC) conducted by 22(K) Bn NCC and 2 cadets SGT. Basil Varghese and SGT. Dheeraj Mohanan attended Specialised NIC held at Jammu Kashmir .Our College successfully done a CATC conducted by 22 (K) Bn under controlled by our SGT Dheeraj Mohan as camp senior.

**ACTIVITIES**

Our NCC unit has done different social activities in coordination with the NCC girl's wing and NSS. Seminars, Rally, Cleaning and Cultural programmes were conducted under Capt. K.S.Narayanan(ANO of UCC NCC) on NCC day.

**CERTIFICATE EXAMINATION**

We are proud that our cadets ensured 100% pass in the 'B' certificate examination held in February 2013.

I also place on record our sincere gratitude to our principal for his support in the smooth conduct of our activities. Also, I thank all teaching and nonteaching staffs for encouraging us and our NSS Programme officer for collaborating with us in our social service activities.

Last but not least a special word of thanks to the Commanding Officer Col. Padmanabhan and the staff of 22 (K) Bn NCC Aluva for all the timely guidance and motivation



Capt. K.S. NARAYAN
NCC Officer



SHIBIN SHAJI VARGHESE
SUO



AFZUAL RAHMAAN
UO



SOWRAF PURUSHOTHAMAN
UO



HARIDAS M NAIK
CSM

# Annual Report 2012-13



The girl's wing of NCC sub-unit of Union Christian College has from this academic year entered a new phase with the three year term being restored. The extension of NCC activities to another year has to be seen as a valuable opportunity to serve the College and its community better. This year also, imbibing the true spirit and purpose of NCC, the girls' wing has succeeded in putting forth a remarkable performance in all realms of our activities. With immense pleasure let me present the annual report of the girls wing of NCC sub-unit of Union Christian College for the academic year 2012-'13.

**• OUR CADETS @ DELHI (TSC 2013)**

We are delighted to announce that our dear cadet LCpl. MEENU JOSE (Sem III, BSc Mathematics) along with, Sgt. SOWRAF PURUSHOTHAMAN (SemIII, BSc Computer Science) of Senior Division under 22 Kerala Bn., Eloor was selected to the Kerala & Lakshadweep Team to participate in the ThalSainik Camp 2013 held at New Delhi.

**OTHER ACTIVITIES**

Parades: This year the parade sessions began with the enrolment campaign on July 2013 and training activities began on July 17, 2013. The parades were supervised by instructors from the Battalion and involved drill and theory classes. Special model classes for Certificate examinations were organised in January for practice in theory and practical including firing practice and rifle drill.

Continuing the tradition of the College, ceremonial parades were held on Independence Day. Dr. A. Benny Cherian, our beloved Principal was the Chief Guest at the occasion. The celebrations began with the Ceremonial Parade, Platoon Review, followed by Flag Hoisting and Message by Principal and distribution of sweets. This year also, representatives of the NSS unit, Sports and various other organisations of the college along with students and staff of the College attended the ceremonies.

**• WORLD ENVIRONMENT DAY CELEBRATIONS 2013**

In association with the Department of Biotechnology, the NCC unit of Union Christian College, Aluva, commemorated the World Environment Day 2013 on 5thJune by organising a talk by Dr. S. Seetharaman, (former Vice-Principal of AdiSankara College of Engineering, Kalady, respected environmentalist, and advisor to government on Environment), on the slogan promoted by the UNO on World Environment Day 2013, "THINK, EAT, SAVE". The programme began with the plantation of a sapling of "Ashokam" by Dr. Seetharaman and we concluded the programme by taking a pledge to save the earth by thinking wisely about what we eat and how much we eat.

**• ANTI-NARCOTICS/DRUGS DAY 2013**

The International anti-narcotics/drugs day 2013 was observed by NCC unit by conducting a rally in the campus followed by a talk by PTA Secretary & Dean-Student Affairs of the college, Dr. M.I.Punnoose, on 26 June 2013.

**• HARITHAVARSHAM 2013**

NCC unit joined hands with other organisations of the College in this year's Harithavarsham programme conducted on 23 August. The program was inaugurated by the chief guest Dr. P.J.Joseph , Former



Elizabeth Thomas
Caretaker



Neena Gregory
SUO



Ramseena CS
JUO



Linny Mary Jacob
JUO

HOD of English in the function presided by Dr.BennyCherian , the College Principal. College manager Dr.Raju K. John handed over the first sapling to be planted to the NCC and NSS Leaders. The "ParisthithiSamrakshanaVilambaraJadha" was conducted by the cadets and volunteers before planting new saplings.



Meenu Jose
TSC



Arathy KH
CSM



Shemin Eldhose
CQMS

- **NCC DAY CELEBRATIONS 2013 (25-29 NOV, 2013)**

Monday 25th November 2013 - National Integration Rally

A National Integration Rally was conducted on account of NCC Day.Our Principal Dr. Benny Cherian flagged off the rally. Dr. M I Punnoose, HOD of Malayalam Department and the Dean of Student Affairs gave a felicitation message emphasizing the importance of the day and the invaluable role of the NCC cadets in the college and the society.

Tuesday 26th November 2013 – Campus Cleaning

The NCC Cadets cleaned the College Campus.Dr. NeelimaRanjith (HOD- In-charge) of the Psychology department of the college gave the cadets an important message on the importance of protecting the environment and preserving it.

Wednesday, 27th November 2013 – Invited Talk

Dr Twincy Varghese, Assistant Professor in History, gave a talk on the life of Kasturbha Gandhi and how she contributed to the society by her selfless social work.

Thursday, 28th November 2013 – Cultural Event

Mr. Amal Baby (SUO, RDC-2009), Guest Lecturer from the Economics department was invited as our guest speaker. The cadets got an opportunity to showcase their talents here. They presented various patriotic songs and dances.

Friday, 29th November 2013 – Visit to Vimukthi Special School

Vimukthi Special School is a School for the mentally retarded students accommodating around 25 – 30 students situated in Eloor. The students are taken care for their daily needs. The management provides employment opportunities to the students there.

The cadets visited and interacted with the inmates on 29th from 10 am to 1pm. The day started by visiting the various sections of the school – Packaging, Envelope, Laundry, Art, Academic, Craft, Physical Activity Section.

After the visit to each individual section, a common meeting of all the special students and the staff was arranged.Our cadets distributed sweets to all the kids. Then there was a dance and song performance by our cadets which was enjoyed by all. Some of the children at the school also performed some cultural events. The meeting ended with a Vote of Thanks by our cadet.

- **AIDS AWARENESS RALLY (2ND DECEMBER 2013)**

On Account of AIDS Day, the NCC Cadets conducted a rally through the campus spreading awareness about AIDS and its preventive measures.Our Principal flagged off the rally in the afternoon.

The Cadets were addressed by Ms Nino Baby of Economics Department (SUO, RDC 2002, YEP 2002). She encouraged the cadets to contribute to the society by understanding the cause and consequences of AIDS and thus educating the youth about the disease and its preventive measures.

- **REPUBLIC DAY CELEBRATION (January 26th 2014)**

Republic day of India was celebrated on 26th January 2014 in the college campus

College Principal Dr. A Benny Cherian hoisted the flag and saluted the NCC cadets' parade of girls and boys wing. Captain K.S.Narayanan gave leadership to the R.D.Parade.

Prizes were distributed to outstanding NCC cadets during the occasion.

I wish to place on record our sincere gratitude to our Principal, Dr. A. Benny Cherian and ANO (SD Boys), Capt. K.S. Narayanan and Ms. Elizabeth Thomas, caretaker for all the guidance and support in the smooth conduct of our activities. Also, I thank all the teaching, non-teaching staff for encouraging us in all our endeavours.

ഓർമയിൽ ചുവന്ന പൂവു തന്നാണ്
റീത്തുകൾ വിതറിയ
ശവമഞ്ചത്തിന്റെ വക്കിൽ
ഉപേക്ഷിക്കപ്പെട്ട ഒരു ചുവന്ന പൂവ്
പവിട്ടിയരച്ചിട്ടിരിക്കുന്നു.
ഡിസംബർ 25



**മൂന്ന്: അവസാനതാളുകൾക്ക്**

തീയാട്ടങ്ങളിൽ കണ്ണ്
തിമിർത്താടിക്കുഴഞ്ഞപ്പോൾ
ദാഹത്തിന് അവസാന
തുള്ളി തന്നത് ഇരുട്ടാണ്
കടിച്ചു തുപ്പിയ
മരണത്തിന്റെയിരുട്ട്.

*2008-2009 കലാലയ യൂണിയൻ ഷിനുവിന്റെ തിരഞ്ഞെടുത്ത കവിതകൾ സമാഹരിച്ച് 'ഞാൻ അപ്പോഴും തിരഞ്ഞുകൊണ്ടിരിക്കും' എന്ന പുസ്തക രൂപത്തിൽ പുറത്തിറക്കിയിട്ടുണ്ട്. സമാഹാരത്തിന്റെ കോപ്പി കോളജ് ലൈബ്രറിയിൽ ലഭ്യമാണ്.*

ക്രൈസ്തവ പാരമ്പര്യമുള്ളതു പോലെ തന്നെ വലിയൊരു കമ്മ്യൂണിസ്റ്റ് പാരമ്പര്യവുമുണ്ട് യൂസി കോളജിന്. എസ്.എഫ്.ഐയുടെയും എ.ഐ.എസ്.എഫിന്റെയും മാതൃ സംഘടനയായ എസ്.എഫിന്റെ കേരളത്തിലെ ആദ്യത്തെ യൂണിറ്റ് ആരംഭിക്കുന്നത് യൂസി കോളജിലാണ്. 1940കളിൽ കെ.സി. മാത്യുവിന്റെ നേതൃത്വത്തിലായിരുന്നു യൂണിറ്റ് രൂപീകരിക്കുന്നത്. പി.കെ. വാസുദേവൻ നായർ, പി. ഗോവിന്ദപ്പിള്ള, മലയാറ്റൂർ രാമകൃഷ്ണൻ എന്നിവരെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് നയിക്കുന്നതും അദ്ദേഹമാണ്.

# 05 SATURDAY APRIL

095-270 WEEK 14

April '14

| M | T | W | T | F | S | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

8

9 ഇട്ട് മാനസാന്തരം തേടിയില്ല വിധി
ഞാനാണ് ഉറങ്ങുമ്പോൾ..

10 തെളിച്ചങ്ങളുടെ തെളിയാവത്തിൽ പ്രതീക്ഷ
വെളുത്തിരിക്കുന്നു.

11 ഇന്നലെ വായിച്ചത് ക്രിസ്റ്റിൻ
ജോസഫിന്റെ 'മഞ്ഞുവീഴ്ചയുടെ കവിതയാണ്.

12 "ഒരു പെൺകുട്ടി

1 തന്റെ വളരെ ശോഷിച്ച ചന്ദനം
എണ്ണമെടുത്താൽ, മാത്രം മതി

2 അവളുടെ ജീവിതത്തിന്റെ ആഴമറിയാൻ"

3 കവിതയും വിധിയും എന്നെ വേട്ടയാടിക്കൊണ്ടിരുന്നു.
ഒരിക്കലും ഇല്ലാത്ത ഒരു

4 ഒപ്പം ഒരുപാട് രാത്രികളിൽ എന്റെ
ഉറക്കം കെടുത്തി.

5

6

06 SUNDAY



# ഇടം

അവന്റെ ഹൃദയത്തിലൊരിടം നേടണം
എന്നേ ഉണ്ടായിരുന്നുള്ളു എനിക്ക്
പക്ഷേ അവൻ ആഗ്രഹിച്ചത്
എന്റെ ശരീരത്തിലൊരിടമായിരുന്നു
അതെന്നെ വേദനിപ്പിച്ചു
ആ വേദന നൽകിയ ഇടം
മരണമായിരുന്നു

**Athira P. Kumar**
II BA History




കറപുരണ്ട കൈ ഞാൻ പലവട്ടം
കരിങ്കല്ലിലിട്ടുരച്ചു
കൈ തേഞ്ഞതല്ലാതെ
കറ പോയില്ല
കറ പുരണ്ട കൈയ്യിൽ ചായം
തേച്ചു മിനുക്കി
കറയെ കൈയ്യിൽ നിന്നും
മറച്ചു പിടിച്ചു ഞാൻ

**Sreejith V.R.**
III BA Economics

രാജ്യസഭാംഗവും മഹാരാഷ്ട്ര ഗവർണറുമായിരുന്ന പി.സി. അലക്സാണ്ടറും കേന്ദ്രമന്ത്രിയായിരുന്ന സി.എം. സ്റ്റീഫനും യു.സി കോളജിൽ സമകാലികരായിരുന്നു.




## ബീഫ് ബിരിയാണി

ലോറികളിൽ കന്നുകാലികളെ
കുത്തിനിറച്ച് ആഹാരമോ, വെള്ളമോ
നൽകാതെ കണ്ണുകളിൽ മുളകുതേച്ച്
അറക്കുവാനായി അതിർത്തി കടത്തി
കൊണ്ടു വരുന്ന വാർത്ത വായിച്ച്
രാവിലെ തന്നെ അയാൾ
പൊട്ടിത്തെറിച്ചു: "മനുഷ്യനാണത്രേ...!'

ഉച്ചയ്ക്കു ബീഫ് ബിരിയാണി,
സ്വാദോടെ കഴിച്ചു.

എന്തായാലും മനുഷ്യനല്ലേ...!

## ഒരു ഇന്ത്യൻ സ്വപ്നം

ഭക്ഷ്യസുരക്ഷാബിൽ പാസാക്കിക്കൊണ്ട്
മന്ത്രി ഇങ്ങനെപറഞ്ഞു:
"ഇനി മുതൽ ആർക്കും
അത്താഴം സ്വപ്നം
കാണേണ്ടി വരില്ല"

അങ്ങനെ സ്വപ്നം കാണാനുള്ള അവരുടെ
അവകാശവും നിഷേധിക്കപ്പെട്ടു.

**Vishnu Dhigambharan**

III BA Psychology

Rajkumar sthabathy

മലയാളിക്ക് നിത്യചൈതന്യ യതി എന്നാൽ ആത്മീയാന്വേഷിയായ ഒരു [illegible] മാത്രമായിരുന്നില്ല. [illegible]
വഴികാട്ടിയും എഴുത്തുകാരനും ചിത്രകാരനും കൂട്ടുകാരനുമൊക്കെയായിരുന്നു. അന്ധവിശ്വാസങ്ങൾ[illegible]
ക്കും വർഗീയതക്കുമെതിരായി ആത്മീയതയെ എങ്ങനെ ഉപയോഗിക്കണമെന്ന് പഠിപ്പിച്ച ഒരു [illegible]
രുന്നു. മാർത്തോമാ വലിയ മെത്രാപ്പോലീത്ത മാർ ക്രിസോസ്റ്റവും അതിനെപ്പോലെ തന്നെ മലയാളിക്ക് [illegible]
പ്രിയപ്പെട്ട ആത്മീയ ആചാര്യനാണ്. യൂസി കോളജിലെ പൂർവ വിദ്യാർത്ഥികളായ ഇരുവരും [illegible]
[illegible] ആത്മീയതയാണ്.





ഇഴപിരിച്ചെടുക്കാനാവുന്നില്ല എന്റെ വിധേയത്വം...

പ്രണയിനിയുടെ ഒപ്പം നടക്കാൻ ധൈര്യമില്ലാതെ മുന്നടി മുൻപിൽ ഓടിയ എന്റെ കാലുകളോടാണോ എന്റെ വിധേയത്വം?

അതോ വിക്കിപീഡിയ പേപ്പറിൽ പകർത്തി തന്റെ സ്വന്തം സൃഷ്ടിയാണെന്നു വീമ്പിളക്കിയ ആളിനെ നോക്കി, ഇന്റേണൽ മാർക്കിന്റെ സാധ്യതയോർത്ത് വെറുതെ ചിരിച്ച എന്റെ ചുണ്ടുകളോടാണോ എന്റെ വിധേയത്വം?

ഒരു തൂണിന്റെ മറവിൽ പ്രണയം പങ്കിടുന്ന രണ്ടു കഴുതകളെ കണ്ടു സദാചാര ബോധമുണർന്ന എന്റെ സുഹൃത്തിന്റെ വാദങ്ങൾക്കു തലകുലുക്കാൻ പ്രേരിപ്പിച്ച നശിച്ച സൗഹൃദത്തോടാണോ എന്റെ വിധേയത്വം...?

മുഖങ്ങളുടെ പുസ്തകത്തിലെ എന്റെ Relationship Status പോലെയാണിതും.... Complicated നീയും, ഞാനും..!

വൈസ് ചാൻസലർമാർ: കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ് ചാൻസലർ കെ.എ. ജലീലും കണ്ണൂർ സർവ്വകലാശാല മുൻ വൈസ് ചാൻസലർ [illegible] തരകനും യൂസിയുടെ പൂർവ വിദ്യാർഥികളാണ്. എം.ജി സർവ്വകലാശാല മുൻ വൈസ് ചാൻസലർ രാജൻ ഗുരുക്കൾ അധ്യാപനജീവിതം ആരംഭിക്കുന്നത് യൂസിയിൽ നിന്നാണ്.

കായിക രംഗത്ത് രാജ്യാന്തരതലത്തിൽ ഇന്ത്യക്കു വേണ്ടി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യൂസി കോളജിലെ രണ്ട് പൂർവ്വ വിദ്യാർഥികളെ പരിചയപ്പെടുത്തുകയാണ് ഇവിടെ.

## ഏലിയാമ്മ മാത്യു



ഇന്ത്യയുടേത് എന്ന പോലെ യൂസിയുടെയും ദേശീയ വിനോദം ഹോക്കിയാണ്. എന്നാൽ യൂസി കോളജിന്റെ ഒരു താരം ഇന്ത്യൻ ജഴ്സി അണിഞ്ഞിട്ടുണ്ടെന്ന് അറിയുന്നവർ ചുരുക്കമാണ്. പത്തനംതിട്ട സ്വദേശിനി ഏലിയാമ്മ മാത്യുവാണ് യൂസിയിൽ നിന്ന് ഇന്ത്യക്കു വേണ്ടി ജഴ്സി അണിയുന്ന ആദ്യത്തെ വനിത. കേരളത്തിനു (സീനിയർ ടീമിനു) വേണ്ടി ഒരിക്കൽ പോലും ജഴ്സി അണിയാതെയാണ് ഏലിയാമ്മ മാത്യു ഇന്ത്യൻ ക്യാംപിലെത്തിയതെന്ന പ്രത്യേകതയും ഉണ്ട്. ഇന്നത്തെപ്പോലെ അന്നും അധികാരം വടംവലി നടത്തിക്കൊണ്ടിരുന്ന കേരളത്തിലെ ഹോക്കി അസോസിയേഷൻ ഏലിയാമ്മ മാത്യുവിന്റെ പ്രതിഭ തിരിച്ചറിഞ്ഞില്ല.



1985ൽ അന്തർ സർവ്വകലാശാല ഹോക്കി ടൂർണമെന്റിനു ആതിഥേയത്വം വഹിച്ചത് യൂസി കോളജാണ്. ചരിത്രത്തിലാദ്യമായി എംജി സർവ്വകലാശാല അന്തർ-സർവ്വകലാശാല ചാംപ്യൻമാരാകുന്നതും 85ൽ ആണ്. അന്ന് എംജിയെ വിജയത്തിലേക്ക് നയിച്ച ടീമിൽ ഏലിയാമ്മയും അംഗമായിരുന്നു. ഈ കളിമികവാണ് ഏലിയാമ്മയ്ക്ക് ഇന്ത്യൻ റെയിൽവേ ടീമിലേക്കും പിന്നീട് ഇന്ത്യൻ ടീമിലേക്കുമുള്ള വാതിലുകൾ തുറന്നത്. 1989 മുതൽ ഇന്ത്യൻ റെയിൽവേയുടെ താരമാണ്. ഇപ്പോൾ സതേൺ റെയിൽവേ ചെന്നൈയിൽ ഓഫിസ് സൂപ്രണ്ടായി പ്രവർത്തിച്ചു വരുന്നു.



ഇന്ത്യക്കു വേണ്ടി 118 രാജ്യാന്തര മത്സരങ്ങളിൽ നിന്നായി 72 ഗോളുകൾ നേടി. 1988ൽ മോസ്കോയിൽ നടന്ന ത്രിരാഷ്ട്ര ടൂർണമെന്റ്, 1991ൽ പൂനെയിൽ നടന്ന മേയർ കപ്പ്, 1994ൽ അമൃത്സറിൽ നടന്ന ഇന്ദിരാഗാന്ധി ഗോൾഡ് കപ്പ്, എന്നീ ചാംപ്യൻഷിപ്പുകളിൽ ഇന്ത്യക്കു വേണ്ടി വെള്ളിയും 1990ൽ ബെയ്ജിങിൽ നടന്ന പ്രീ ഏഷ്യൻ ഗെയിംസ്, 1992ൽ സിംഗപൂരിൽ നടന്ന എഫ്ഐഎച്ച് കപ്പ്, 1993ൽ ഹിരോഷിമയിൽ നടന്ന ഏഷ്യാകപ്പ് എന്നീ ചാംപ്യൻഷിപ്പുകളിൽ ഇന്ത്യക്കുവേണ്ടി വെങ്കലവും നേടിയ ടീമിൽ അംഗമായിരുന്നു. 1996ൽ ന്യൂഡൽഹിയിൽ നടന്ന ത്രിരാഷ്ട്ര ടൂർണമെന്റിൽ ഇന്ത്യ കപ്പ് ഉയർത്തിയപ്പോൾ ഏലിയാമ്മ മാത്യുവായിരുന്നു ക്യാപ്റ്റൻ.

## നീരജ് ജോർജ് ബേബി



മെയ്വഴക്കത്തിനേക്കാളും കൈക്കരുത്തിനേക്കാളും ഒരു കളിക്കാരന് ആവശ്യം മനഃക്കരുത്തും നിശ്ചയദാർഢ്യവുമാണ്, അത് ജീവിതം കൊണ്ടു തെളിയിച്ച വ്യക്തിയാണ് നിരവധി രാജ്യാന്തര മത്സരങ്ങളിൽ ഇന്ത്യക്കു വേണ്ടി മെഡൽ നേടിയിട്ടുള്ള നീരജ് ജോർജ് ബേബി. 2004-07 വരെ യൂസി കോളജിൽ ബിടി ആന്റ് എസ്പി വിദ്യാർഥിയായിരുന്നു. 2007ൽ യൂസിയിൽ ഫൈനൽ ഇയർ വിദ്യാർഥിയായിരിക്കെയാണ് അദ്ദേഹത്തിന്റെ ബാഡ്മിന്റൺ കരിയർ ആരംഭിക്കുന്നത്. അതേ വർഷം ദേശീയതലത്തിൽ നാഷണൽ ചാംപ്യൻഷിപ്പിലും ഓൾ രണ്ട് വെള്ളിമെഡലുകൾ നീരജ് സ്വന്തമാക്കി.

ഒട്ടേറെ കായിക താരങ്ങളെ കേരളത്തിനും ഇന്ത്യക്കും സംഭാവനചെയ്ത പാരമ്പര്യമുള്ള കലാലയമാണ് യൂസി. യൂസിയുടെ കായിക പാരമ്പര്യത്തിനു നന്ദി പറയേണ്ടത് കായിക അധ്യാപകനായ സി.പി. ആൻഡ്രൂസിനോടാണ്. അദ്ദേഹം കായിക അധ്യാപകനായിരുന്ന കാലത്ത് എല്ലാ വിദ്യാർഥികളും ഏതെങ്കിലുമൊരു കായിക ഇനത്തിൽ നിർബന്ധമായും പങ്കെടുക്കണമായിരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെയാണ് സി.പി. ആൻഡ്രൂസ് സ്റ്റേഡിയം നിലവിൽ വന്നതെന്ന പ്രത്യേകതയും ഉണ്ട്.

ഇന്ത്യ സൂപ്പർ സിക്സ് ടൂർണമെന്റിലും ഡബിൾസിലായിരുന്നു മെഡൽ നേട്ടം. 2008ൽ ഏഷ്യൻ പാരലിംപിക് കപ്പിൽ ഡബിൾസിൽ സ്വർണ്ണവും സിംഗിൾസിൽ വെള്ളിയും നേടി അദ്ദേഹം രാജ്യാന്തര മത്സരവേദിയിലും തന്റെ സാന്നിധ്യം അറിയിച്ചു. 2010ൽ ഇസ്രായേൽ ഓപ്പണിൽ ഡബിൾസിൽ വെങ്കലം, 2012ൽ ഫ്രഞ്ച് ഇന്റർനാഷണൽ പാരബാഡ്മിന്റൺ ടൂർണമെന്റിൽ ഡബിൾസിൽ സ്വർണ്ണം, അതേ വർഷം സ്പാനിഷ് ഇന്റർനാഷണൽ പാരബാഡ്മിന്റൺ ടൂർണമെന്റിൽ ഡബിൾസിലും സിംഗിൾസിലും വെങ്കലം എന്നിവയാണ് രാജ്യാന്തര വേദിയിലെ നീരജിന്റെ മറ്റ് നേട്ടങ്ങൾ. നല്ലൊരു ഗായകൻ കൂടിയായ നീരജ് യുസി കോളജിലെ പഠനകാലത്ത് സുഹൃത്തുകൾക്കൊപ്പം 'RMS-Rhythmic Souls' എന്ന പേരിൽ ഒരു മ്യൂസിക് ബാൻഡും തുടങ്ങിയിരുന്നു. കെഎൽ-സെവൻ എന്ന് പുനർനാമകരണം ചെയ്ത ബാൻഡ് വീണ്ടും സജീവമാക്കാനുള്ള കർമപരിപാടിയിലാണിപ്പോൾ. സ്കോട്ട്ലാൻഡിലെ അബർദ്ദീൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോടെക്നോളജിയിൽ മാസ്റ്റർ ബിരുദം പൂർത്തിയാക്കിയ നീരജ് ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫിസിൽ അസിസ്റ്റന്റാണ്. ഇക്കണോമിക്സ് വിഭാഗം അധ്യാപിക നിനോ ബേബി സഹോദരിയാണ്.





നീരജ് ഇന്ത്യൻ ബാഡ്മിന്റൺ താരങ്ങളായ സൈന നെഹ്‌വാൾ, പി. ഗോപിചന്ദ് എന്നിവർക്കൊപ്പം

## വിദ്യാർത്ഥികളേ, ഇതിലേ... ഇതിലേ...

കലാ, സാംസ്കാരിക, അക്കാദമിക രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുസി കോളജിലെ ചില പൂർവ്വ വിദ്യാർഥികളെ പരിചയപ്പെടാം ഇവിടെ.

## ശ്രീലക്ഷ്മി ഗോവർധൻ





മനസ്സും ശരീരവും നൃത്തത്തിനു വേണ്ടി
സമർപ്പിച്ച യുവ കലാകാരിയാണ് ശ്രീലക്ഷ്മി
ഗോവർധൻ. രാജ്യാന്തരതലത്തിൽ കുച്ചിപ്പുഡി
യുടെ യശസ്സ് ഉയർത്തിയ ഈ ഇരിങ്ങാലക്കുട
സ്വദേശി 1998 മുതൽ 2001 വരെ യുസിയിൽ
സൈക്കോളജി വിദ്യാർഥിനിയായിരുന്നു. സംഭവ
ബഹുലമായിരുന്നു ശ്രീലക്ഷ്മിയുടെ യുസിയിലെ
ക്യാമ്പസ് ജീവിതം. എംജി സർവ്വകലാശാലയുടെ രൂപീകരണത്തിനു
ശേഷം യുസിയിലേക്ക് ആദ്യമായി കലാതിലകപട്ടം(2001) എത്തിച്ചത്
ശ്രീലക്ഷ്മിയാണ്. എൻസിസിയിൽ സീനിയർ അണ്ടർ ഓഫിസറായി
രുന്ന ശ്രീലക്ഷ്മി ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ക് ദിന പരേഡിൽ
യുസിയെ പ്രതിനിധീകരിച്ചു പങ്കെടുത്തു. അവസാനവർഷ വിദ്യാ
ർഥിനിയായിരിക്കെ കലാലയ യൂണിയനിൽ ചെയർപേഴ്സണായും
പ്രവർത്തിച്ചു. കലാലയ പഠനകാലത്ത് തന്നെ നൃത്തത്തെ ഗൗരവ
മായി കാണുന്ന ശ്രീലക്ഷ്മി സൈക്കോളജിയിൽ മാസ്റ്റർ ബിരുദം
നേടിയ ശേഷം പൂർണമായും നൃത്തരംഗത്തേക്ക് തിരിഞ്ഞു. കുച്ചിപ്പുഡി
യുടെ ഈറ്റില്ലമായ ആന്ധ്രപ്രദേശിലെ കുച്ചിപ്പുഡി ഗ്രാമത്തിൽ നൃത്തം
അഭ്യസിച്ചു. വൈജയന്തി കാശി, മഞ്ജു ഭാർഗവി, വാസുദേവൻ നമ്പൂതിരി
എന്നീ ഗുരുക്കൻമാരുടെ കീഴിൽ നൃത്തം അഭ്യസിച്ചിട്ടുണ്ട്. ഇപ്പോൾ കുച്ചി
പ്പുഡി ഗ്രാമത്തിൽ പസുമാർഥി രത്തയ്യ ശർമയുടെ കീഴിൽ കുച്ചിപ്പു

ഡിയും യക്ഷഗാനവും അഭ്യസിച്ചു വരുന്നു. ഇന്ത്യക്കു പുറമേ യുകെ, യുഎഇ, സ്വിറ്റ്സർലാൻഡ്, ജർമ്മനി എന്നീ വിദേശ രാജ്യങ്ങളിലും നൃത്ത അവതരണം നടത്തിയിട്ടുണ്ട്. നൃത്ത രംഗത്തെ മികവിന് ജയദേവ രാഷ്ട്രീയ യുവ പ്രതിഭാ പുരസ്കാരം(2014), നാട്യരത്നപുരസ്കാരം(2012), സിങ്കാർമണി പുരസ്കാരം(2010), നളന്ദാ നൃത്തനിപുണ പുരസ്കാരം(2008) എന്നീ അംഗീകാരങ്ങളും ശ്രീലക്ഷ്മിയെ തേടിയെത്തിയിട്ടുണ്ട്. ഇരിങ്ങാലക്കുട അവന്തിക സ്പേസ് ഫോർ ഡാൻസ് എന്ന നൃത്തവിദ്യാലയത്തിന്റെ ഡയറക്ടറായ ശ്രീലക്ഷ്മി യുവ കലാകാരൻമാർക്കായി ഡാൻസ് ഫെസ്റ്റിവലും ഡാൻസ് വർക്ക്ഷോപ്പുകളും സംഘടിപ്പിക്കാറുണ്ട്.

## അഡ്വ. എ. ജയശങ്കർ



രാഷ്ട്രീയ നിരീക്ഷകനും ചാനൽ ചർച്ചകളിലെ സ്ഥിരം സാന്നിധ്യവുമായ അഡ്വ. എ. ജയശങ്കർ 1978 മുതൽ 1988 വരെ യൂസി കോളജ് വിദ്യാർഥിയായിരുന്നു. രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായിരുന്ന അദ്ദേഹം ബിഎ ഹിസ്റ്ററിക്കും എംഎ ഹിസ്റ്ററിക്കും യൂണിവേഴ്സിറ്റി റാങ്ക് ജേതാവ് കൂടിയാണ്. യൂസി കോളജ് പൂർവ്വ വിദ്യാർഥി സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്. ഹൈക്കോടതിയിൽ അഭിഭാഷകനായ അദ്ദേഹം ഇന്ത്യാവിഷന്റെ പ്രതിവാര വാർത്താവലോകന പരിപാടിയായ വാരാന്ത്യത്തിന്റെ അവതാരകനാണ്.



കടപ്പാട്: അഡ്വ. ഗോപിനാഥൻ ശിവരാമൻ പിള്ള

ഏഴു വർഷത്തെ പഠനത്തിനു ശേഷം യൂസി കലാലയം വിടുന്ന വേളയിൽ അദ്ദേഹം സുഹൃത്ത് ഗോപിനാഥന് എഴുതിയ കത്ത്

## രഞ്ജിനി കൃഷ്ണൻ



2010ലെ മികച്ച അന്വേഷണാത്മക ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ഡോക്യുമെന്ററിയാണ് 'A Pestering Journey'. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രണ്ട് കീടനാശിനി ദുരന്തങ്ങളിലൂടെയാണ് ഈ ഡോക്യുമെന്ററിയുടെ സഞ്ചാരം. 17 രാജ്യാന്തര ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച ഡോക്യുമെന്ററി മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള വസുധ പുരസ്കാരം ഉൾപ്പെടെ ഒൻപത് അവാർഡുകളും നേടി. സാമൂഹിക പ്രതിബദ്ധയുള്ള ഈ ചിത്രത്തെക്കുറിച്ച് നമ്മുക്കും അഭിമാനിക്കാം. കാരണം ഈ ഡോക്യുമെന്ററിയുടെ അണിയറയിൽ യൂസിയിലെ ഒരു പൂർവ വിദ്യാർഥിനിയും ഉണ്ട്. 1998-2001 കാലഘട്ടത്തിൽ യൂസിയിൽ ബിഎ സൈക്കോളജി വിദ്യാർഥിനിയായിരുന്ന രഞ്ജിനി കൃഷ്ണനും ഭർത്താവ് കെ.ആർ. മനോജും ചേർന്നാണ് ഡോക്യുമെന്ററിയുടെ രചന നിർവഹിച്ചിരിക്കുന്നത്. ട്രോപ്പിക്കൽ സിനിമയുടെ ബാനറിൽ മനോജ് തന്നെയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. 'Do we need crops or corpse?' (നമുക്ക് വേണ്ടത് വിളകളോ അതോ ചേതനയറ്റ് വീഴുന്ന ശവശരീരങ്ങളോ?) എന്ന പ്രസക്തമായ ചോദ്യമാണ് ഈ ഡോക്യുമെന്ററി മുന്നോട്ടുവയ്ക്കുന്നത്. ഹരിത വിപ്ലവത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന ചിത്രം ഒരുക്കാലത്ത് ഹരിതവിപ്ലവത്തിന്റെ പര്യായമായി അറിയപ്പെട്ടിരുന്ന പഞ്ചാബിലെ പരുത്തി ഗ്രാമങ്ങൾ എങ്ങനെ കീടനാശിനി ദുരന്തത്തിന്റെ ഇരയായി തീരുന്നുവെന്ന് അന്വേഷിക്കുന്നു. നിരന്തരം ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ് നമ്മൾ. പക്ഷേ 'Cancer Train' എന്ന് പേരിട്ടു വിളിക്കുന്ന ഒരു തീവണ്ടി ഇന്ത്യയിലൂടെ ഓടുന്നുണ്ടെന്ന് അറിയുന്നവർ വിരളം. 70 മുതൽ 100 വരെ കാൻസർ ബാധിതരാണ് പ്രതിദിനം പഞ്ചാബിലെ മാൾവാ പ്രദേശത്ത് നിന്ന് രാജസ്ഥാനിലെ ബിക്കനീറിലേക്കുള്ള ട്രെയിൻ നമ്പർ 339ലെ യാത്രക്കാർ. എല്ലാവരും

പ്രേംകുമാർ

അധ്യാപനനിയമനത്തിൽ ഉദ്യോഗാർത്ഥികളുടെ അക്കാദമിക മികവിനാണ് യൂസി എന്നും മുൻഗണന നൽകുന്നത്. 'മറ്റു മാനേജ്മെന്റ്'-'എയ്ഡഡ്' കോളജുകൾ അധ്യാപകരെ നിയമിക്കുമ്പോൾ ലക്ഷങ്ങൾ കോഴ വാങ്ങുമ്പോൾ യൂസി മെറിറ്റ് മാത്രം നോക്കിയാണ് നിയമനം നടത്തിപ്പോരുന്നത്.

പഞ്ചാബിലെ കീടനാശിനി ദുരന്തത്തിന്റെ ഇരകൾ.

എൻഡോസൽഫാൻ ദുരന്തം വിതച്ച കാസർകോഡ് ജില്ലയിലെ കശുവണ്ടി തോട്ടങ്ങളിലേക്കും ഡോക്യുമെന്ററി ക്യാമറ ചലിപ്പിക്കുന്നു.




ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ത്യൻ പനോരമയിലെ ഉദ്ഘാടന ചിത്രമായിരുന്ന കന്യകാ ടാക്കീസിന്റെ അണിയറയിലും ഈ ദമ്പതികൾ തന്നെ. കെ.ആർ. മനോജിന് മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം നേടി കൊടുത്ത ചിത്രത്തിന്റെ തിരക്കഥയൊരുക്കിയിരിക്കുന്നത് രഞ്ജിനി കൃഷ്ണനും കെ.ആർ. മനോജും പി.വി. ഷാജികുമാറും ചേർന്നാണ്. ന്യൂയോർക്ക് രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരവും ചിത്രത്തിനു ലഭിച്ചു. യുസിയിലെ പഠനകാലത്ത് ചെറുകഥയായിരുന്നു രഞ്ജിനിയുടെ ഇഷ്ടമേഖല. 2001ൽ വനിതയുടെ ചെറുകഥാ പുരസ്കാരവും 2002ൽ പുഴ ഡോട്ട് കോമിന്റെ ചെറുകഥാ പുരസ്കാരവും 2003ൽ മൂന്നാമിടം ചെറുകഥാ പുരസ്കാരവും രഞ്ജിനിയെ തേടിയെത്തിയിരുന്നു.

# സിവിൽ സർവീസ് സഹോദരങ്ങൾ

## എ. ഷൈല ഐഎഎസ്
## എ. അക്ബർ ഐപിഎസ്
## എ. ഷൈന മോൾ ഐഎഎസ്





സിവിൽ സർവ്വീസ് സ്വപ്നങ്ങളുള്ള യുസിയിലെ പുതിയതലമുറക്ക് ആലുവ ആലങ്ങാട് കുന്നിൻ പുറത്ത് വീട്ടിലെ സഹോദരങ്ങളെ കണ്ടു പഠിക്കാം. ഈ വീട്ടിൽ സിവിൽ സർവ്വീസുകാർ ഒന്നല്ല മൂന്നു പേരാണ്. മൂന്നും പേരും യുസിയിലെ പൂർവ്വ വിദ്യാർഥികളും. സ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ച കെ. അബുവിന് തന്റെ പെൺമക്കളെ കോളജ് അധ്യാപകരാക്കണമെന്നും മകനെ അഭിഭാഷകനാക്കണമെന്നുമായിരുന്നു ആഗ്രഹം. മൂത്തമകൾ എ. ഷൈല യുസി കോളജിൽ നിന്ന് (1997ൽ) എംഎ ഇക്കണോമിക്സിൽ യൂണിവേഴ്സിറ്റി ഒന്നാം റാങ്കോടെ പഠനം പൂർത്തിയാക്കി. കോളജ് അധ്യാപനത്തിനുള്ള അടിസ്ഥാനയോഗ്യതയായ യുജിസി നെറ്റ് പാസായി യുസിയിൽ തന്നെ അധ്യാപികയായി. അബുവിന്റെ മകൻ അക്ബർ എൽഎൽഎം പാസായി ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസും തുടങ്ങി. ഇളയ മകൾ ബിരുദത്തിനും ചേർന്നു. അവളുടെ മനസ്സിലും അതേ ലക്ഷ്യം തന്നെ. കോളജ് അധ്യാപികയാകുക. പഠിക്കാൻ മിടുക്കരായ മക്കൾ. അച്ഛന്റെ ആഗ്രഹത്തിനനുസരിച്ചായിരുന്നു അവരുടെ പ്രയാണം. എന്നാൽ അതിലും വിശാലമായിരുന്നു ഈശ്വരൻ അവർക്കായി വരച്ചിട്ട വഴികൾ. മൂത്തമകളും ഇളയമകളും ഇന്ത്യയിലെ ഏറ്റവും ഉന്നത പരീക്ഷയായ സിവിൽ സർവീസിൽ മികച്ച പ്രകടനത്തോടെ ഐഎഎസ് നേടി. നിയമത്തിന്റെ ലോകത്ത് സഞ്ചരിച്ച മകൻ ഐപിഎസ് നേടി. ആദ്യ അവസരത്തിൽ തന്നെ ഐഎഎസ് സ്വന്തമാക്കിയ ഷൈല 2003 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥയായി മഹാരാഷ്ട്ര കേഡറിൽ നിന്ന് ഔദ്യോഗിക ജീവിതം ആരംഭിച്ചു. എ. അക്ബർ യുസി കോളജിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. 2005 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം ഇപ്പോൾ തിരുവനന്തപുരത്ത് ക്രൈംബ്രാഞ്ച് എസ്പിയാണ്. മൂന്നാമത്തെയാൾ എ. ഷൈനയും യുസി കോളജിൽ നിന്ന് റാങ്കോടെ പിജി പഠനം പൂർത്തിയാക്കി. 2005-2006 കാലഘട്ടത്തിൽ യുസിയിൽ ഗസ്റ്റ് അധ്യാപികയായും പ്രവർത്തിച്ചു. 2007 ബാച്ചിൽ ഐഎഎസ് ഉദ്യോഗസ്ഥയായി ഹിമാചൽപ്രദേശ് കേഡറിൽ നിന്ന് ഔദ്യോഗിക ജീവിതം ആരംഭിച്ച ഷൈന ഇപ്പോൾ തിരുവനന്തപുരത്ത് എംപ്ലോയിമെന്റ് ആൻഡ് ട്രെയിനിങ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറാണ്.

1972ൽ സർക്കാർ നേരിട്ട് ശമ്പളം നൽകിത്തുടങ്ങും മുമ്പ് വരെ [illegible]

# കലാലയ യൂണിയൻ റിപ്പോർട്ട് 2013 – 2014



അധ്യായനവർഷത്തിന്റെ എക്സ്ട്രാ ടൈമിലായിരുന്നു കലാലയ യൂണിയൻ തിരഞ്ഞെടുപ്പ്. ഫെബ്രുവരി മൂന്നിനു നടന്ന അത്യന്തം ആവേശം നിറഞ്ഞ പോരാട്ടത്തിൽ എല്ലാ വിദ്യാർഥി സംഘടനകളും കളം നിറഞ്ഞു കളിച്ചു. അഞ്ചു ജനറൽ സീറ്റുകൾ നാലു രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഒരു സ്വതന്ത്രനുമായി വീതിച്ചു കൊടുത്തു പ്രബുദ്ധരായ യുസിയിലെ വിദ്യാർഥി സമൂഹം കലാലയ രാഷ്ട്രീയത്തെ പുനർവ്യാഖ്യാനിച്ചു. ജയ-പരാജയങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റോടെ സ്വീകരിച്ച് വിദ്യാർഥികളും വിദ്യാർഥി സംഘടനങ്ങളും ആക്രമരാഷ്ട്രീയത്തിനെതിരെ ഒരിക്കൽ കൂടി ഓഫ്സൈഡ് വിസിൽ മുഴക്കി. പതിനാലംഗ കലാലയ യൂണിയനിൽ ഇടം പിടിച്ചവരുടെ പേരുകൾ താഴെ

- *ചെയർമാൻ:* റോസൻ എബ്രഹാം (രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദാനന്തര ബിരുദം)
- *വൈസ് ചെയർപേഴ്സൺ:* മർജാൻ എ.യു. (രണ്ടാം വർഷ ആംഗലേയ സാഹിത്യ ബിരുദം)
- *ജനറൽ സെക്രട്ടറി:* അമൽ മോഹൻ (അവസാനവർഷ സസ്യശാസ്ത്ര ബിരുദം)
- *യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ്:* ദേവ് ആനന്ദ് കെ. (അവസാനവർഷ ഗണിതശാസ്ത്ര ബിരുദം), മുഹമ്മദ് അസ്‌ലം (അവസാനവർഷ മലയാള സാഹിത്യ ബിരുദം)
- *ആർട്സ് ക്ലബ് സെക്രട്ടറി:* അമർ ഹയാദ് എം.എച്ച്. (അവസാനവർഷ മലയാള സാഹിത്യ ബിരുദം)
- *മാഗസിൻ എഡിറ്റർ:* സുധി സി.ജെ. (ഒന്നാം വർഷ ചരിത്ര ബിരുദാനന്ത ബിരുദം)
- *വനിതാ പ്രതിനിധികൾ:* ജാനകി എസ്. (രണ്ടാം വർഷ ഊതികശാസ്ത്ര ബിരുദം), അഷിത വി.എസ്. (അവസാനവർഷ ഗണിതശാസ്ത്ര ബിരുദം)
- *ഒന്നാം വർഷ ബിരുദ വിദ്യാർഥികളുടെ പ്രതിനിധി:* അരവിന്ദ് കൃഷ്ണൻ എം.ആർ. (ഒന്നാം വർഷ ഗണിതശാസ്ത്ര ബിരുദം)
- *രണ്ടാം വർഷ ബിരുദ വിദ്യാർഥികളുടെ പ്രതിനിധി:* രാഹുൽ രമേശ് (രണ്ടാം വർഷ ആംഗലേയ സാഹിത്യ ബിരുദം)
- *അവസാനവർഷ ബിരുദ വിദ്യാർഥികളുടെ പ്രതിനിധി:* ഇർഫാൻ ഹബീബ് (അവസാനവർഷ സസ്യശാസ്ത്ര ബിരുദം)
- *ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെ പ്രതിനിധി:* നവനീത് കൃഷ്ണൻ (ഒന്നാം വർഷ ഊതിക ശാസ്ത്ര ബിരുദാനന്തര ബിരുദം)
- *രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർഥികളുടെ പ്രതിനിധി:* ഹരിദാസ് എം.യു. (രണ്ടാം വർഷ മലയാള സാഹിത്യ ബിരുദാനന്തര ബിരുദം)

കലാലയ യൂണിയന്റെ പ്രവർത്തനങ്ങൾക്കു ഊർജം പകരാൻ നൗഷാദ് കെ. (ജനറൽ ക്യാപ്റ്റൻ), ബേസിൽ ജോജി (പ്ലാനിങ് ഫോറം സെക്രട്ടറി), സ്വാദീഷ് സത്യൻ (സിനി ക്ലബ് സെക്രട്ടറി) , നിമേഷ് തോമസ് (ക്വിസ് ക്ലബ് സെക്രട്ടറി), വിഷ്ണു വി. പ്രഭു (ഡിബേറ്റ് ക്ലബ് സെക്രട്ടറി) ലിതിൻ റിയാസ് അഹമ്മദ് (ക്യാന്റീൻ സെക്രട്ടറി) ലിതിൻ കെ.എം. (എസ്‌സി/എസ്ടി സെക്രട്ടറി) എന്നിവരെ കലാലയ യൂണിയൻ നാമനിർദ്ദേശം ചെയ്തു.

അധ്യാപകർക്ക് കാലാവധി നീട്ടിക്കൊടുക്കണോ പിരിച്ചുവിടണോ എന്ന് തീരുമാനിക്കുവാനിരുന്ന പൊല്ലാപ്പിക്കിലെ അംഗങ്ങൾ മണിക്കൂറുകൾ നീണ്ട പ്രാർത്ഥനയിൽ ഏർപ്പെടുമായിരുന്നത്രെ. തീരുമാനം സത്യസന്ധവും നീതിയുക്തവും ആയിരിക്കാൻ വേണ്ടിയാണ് അങ്ങിനെ ചെയ്തിരുന്നത്. ദിവ്യ സമ്പ്രദായം ഇന്നും നിലനിന്നിരുന്നെങ്കിലെന്ന് വിദ്യാർത്ഥികൾ വെറുതെ ആഗ്രഹിച്ചുപോകുന്നു.



**സത്യപ്രതിജ്ഞ**

ഫെബ്രുവരി 10നു വി.എം.എച്ചിൽ നടന്ന ലളിതമായ ചടങ്ങിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു. പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ക്യാപ്റ്റൻ കെ.എസ്. നാരായണൻ യൂണിയന്റെയും ശ്രീ. സുനിൽ എബ്രഹാം തോമസ് ആർട്സ് ക്ലബിന്റെയും ഡോ. മ്യൂസ് മേരി ജോർജ് മാഗസിന്റെയും സ്റ്റാഫ് അഡ്വൈസേഴ്സായും ശ്രീ. എൽദോ വർഗീസ് ഓണററി ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.

**ഉദയം**

ഫെബ്രുവരി 12നു കോളജ് അങ്കണത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ നിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തി റവന്യൂ ഇന്റലിജൻസ് ഡപ്യൂട്ടി ഡയറക്ടർ ആർ. രാഹുൽ (ഐആർഎസ്) കലാലയ യൂണിയൻ പ്രവർത്തനങ്ങളുടെ കിക്കോഫ് നിർവഹിച്ചു. ആർട്സ്-സിനി ക്ലബുകളുടെ ഉദ്ഘാടനം ചലച്ചിത്ര താരം ശ്രീനാഥ് ഭാസി നിർവഹിച്ചു. യൂണിയൻ ചെയർമാൻ റോസൻ എബ്രഹാം അധ്യക്ഷനായിരുന്നു. യൂണിയൻ ഭാരവാഹികളായ അമൽ മോഹൻ, മർജാൻ എ.യു., അമർ ഫയാദ്, സുധി സി.ജെ., മുഹമ്മദ് അസ്‌ലം, ദേവ് ആനന്ദ്, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ക്യാപ്റ്റൻ കെ.എസ്. നാരായണൻ എന്നിവർ പ്രസംഗിച്ചു. ഉച്ചയ്ക്കു ശേഷം പെരുമ്പാവൂർ 'കൊച്ചി റിഥം ബീറ്റ്സ്' അവതരിപ്പിച്ച ഗാനമേളയും അരങ്ങേറി.

**ഉണർവ്**

കലാലയ യൂണിയന്റെ ആർട്സ് ഫെസ്റ്റിവൽ 'ഉണർവ്' ഫെബ്രുവരി 17നു പ്രശസ്ത മിമിക്രി കലാകാരനും ചലച്ചിത്ര നടനുമായ ധർമ്മജൻ ബോൾഗാട്ടി ഉദ്ഘാടനം ചെയ്തു. 13നും 14നും ഓഫ് സ്റ്റേജ് ഇനങ്ങളും 17നും 18നും സ്റ്റേജ് ഇനങ്ങളും അരങ്ങേറി. വാലന്റൈൻസ് ഡേയിൽ പ്രണയ ലേഖന മത്സരവും സംഘടിപ്പിച്ചു. 43 ഇനങ്ങളിലായി നാനൂറോളം വിദ്യാർഥികൾ കലോത്സവത്തിൽ മാറ്റുരച്ചു. ചന്ദന ഗോപനും (അവസാനവർഷ മനശാസ്ത്ര ബിരുദം) അപർണ എസും (ഒന്നാം വർഷ ഭൗതികശാസ്ത്ര ബിരുദം) കലാതിലക പട്ടം പങ്കിട്ടു. ജിൻസൺ ഏലിയാസ് (അവസാനവർഷ മനശാസ്ത്ര ബിരുദം) കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു.

**നുറുങ്ങ് കവിതാ/ അടിക്കുറിപ്പ് മത്സരം**

ഫെബ്രുവരി 19നു കലാലയ യൂണിയന്റെ നേതൃത്വത്തിൽ ലൈബ്രറിക്കു മുന്നിൽ നുറുങ്ങ് കവിതാ മത്സരവും 20നു ഫോട്ടോ അടിക്കുറിപ്പ് മത്സരവും സംഘടിപ്പിച്ചു.

**കുട്ടികഥാ മത്സരവും മാതൃഭാഷാ ദിനാചരണവും**

ഫെബ്രുവരി 21നു കലാലയ യൂണിയന്റെ നേതൃത്വത്തിൽ കുട്ടികഥാ മത്സരവും മാതൃഭാഷാ ദിനാചരണവും നടത്തി. മാതൃഭാഷാ ദിനാചരണത്തിന്റെ ഭാഗമായി ക്വിസ് മത്സരവും സംഘടിപ്പിച്ചു.

**ലൂമിയർ രാജ്യാന്തര ചലച്ചിത്രോത്സവം**

ഫെബ്രുവരി 24 മുതൽ 26 വരെ കലാലയ യൂണിയന്റെ നേതൃത്വത്തിൽ വിഎംഎച്ചിൽ ചലച്ചിത്രോത്സവം സംഘടിപ്പിച്ചു. സംസ്ഥാനചലച്ചിത്ര പുരസ്കാരം നേടിയ സെല്ലുലോയ്ഡായിരുന്നു ഉദ്ഘാടനചിത്രം. വാട്ടർ ലൂ, ക്യൂരിയസ് കേസ് ഓഫ് ബെഞ്ചമിൻ ബട്ടൺ, മൈ ലിറ്റിൽ ബ്രെയിഡ് എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

**വിദ്യാർഥി സമക്ഷം**

വിദ്യാർഥികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അഭിപ്രായങ്ങളും നേരിട്ടു മനസ്സിലാക്കാൻ കലാലയ യൂണിയന്റെ നേതൃത്വത്തിൽ ഫെബ്രുവരി 28നു വിദ്യാർഥി സമക്ഷം സംഘടിപ്പിച്ചു. കലാലയ-സർവ്വകലാശാല സംബന്ധമായ പ്രശ്നങ്ങൾ, പെൺകുട്ടികളുടെ പ്രശ്നങ്ങൾ, പ്ലാനിങ് ഫോറം എന്നീ വിഷയങ്ങൾക്കു മുൻഗണന നൽകി.

**വോയ്സ് ഓഫ് യുസി**

യുസിയുടെ അനുഗ്രഹീത ഗായകരെ തിരഞ്ഞെടുക്കുന്നതിനായി കലാലയ യൂണിയന്റെ നേതൃത്വത്തിൽ മാർച്ച് ആറിനു വോയ്സ് ഓഫ് യുസി സംഘടിപ്പിച്ചു.

**ക്വിസ് ക്ലബ്**

ക്വിസ് ക്ലബിന്റെ ഉദ്ഘാടനം മാർച്ച് 11നു വിഎംഎച്ചിൽ നടന്ന ചടങ്ങിൽ സാമ്പത്തിക ശാസ്ത്ര

വിഭാഗം മേധാവിയും മുൻ എംജി സർവ്വകലാശാല പ്രൊ. വൈസ്ചാൻസിലറുമായ ഡോ. രാജൻ വർഗീസ് നിർവ്വഹിച്ചു. തുടർന്നു നടന്ന ക്വിസ് മത്സരത്തിനു ശ്രീ. സുനിൽ എബ്രഹാം നേതൃത്വം നൽകി.

**ഡിബേറ്റ് മത്സരം**

യൂണിയൻ ഡിബേറ്റ് ക്ലബിന്റെ നേതൃത്വത്തിൽ മാർച്ച് 11നു സിസിയിൽവച്ച് ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു. 'ന്യൂജനറേഷൻ സിനിമയിലെ ഡി ജനറേഷൻ' എന്ന വിഷയത്തിൽ നടന്ന മത്സരത്തിൽ നൂറോളം വിദ്യാർഥികൾ പങ്കെടുത്തു.

**ഉഷസ്**

മാർച്ച് 12 നു നടന്ന കോളജ് ഡേ ആഘോഷങ്ങൾ സാഹിത്യകാരൻ കെ.എൽ. മോഹനവർമ ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര താരം മക്ബൂൽ സൽമാൻ, ചലച്ചിത്ര സംഗീത സംവിധായകനും ഗായകനുമായ വിഷ്ണു മോഹൻസിത്താര എന്നിവർ അതിഥികളായിരുന്നു. ചെയർമാൻ റോസൻ എബ്രഹാം അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി അമൽ മോഹൻ യൂണിയൻ റിപ്പോർട്ടും പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാൻ കോളജ് റിപ്പോർട്ടും വായിച്ചു. യൂണിയൻ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വോയ്സ് ഓഫ് യൂസിയായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികളുടെ നേതൃത്വത്തിൽ ഗാനമേള അരങ്ങേറി. വിവിധ ഡിപാർട്ട്മെന്റുകളിൽ നിന്നുള്ള വിദ്യാർഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഉച്ചയ്ക്കു ശേഷം ഡിജെ ഷോ അരങ്ങേറി.

**ഭൂമിക**

കോളജിനെ പ്ലാസ്റ്റിക് വിമുക്ത ക്യാംപസാക്കുക എന്ന ലക്ഷ്യത്തോടെ കലാലയ യൂണിയനും കോളജ് എൻഎസ്എസ്-എൻസിസി യൂണിറ്റുകളും സംയുക്തമായി ഭൂമിക പദ്ധതിക്കു രൂപം നൽകി. പദ്ധതിയുടെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാൻ നിർവഹിച്ചു. വിദ്യാർഥികളുടെ നേതൃത്വത്തിൽ കോളജ് ക്യാംപസ് വൃത്തിയാക്കി. മാതൃഭൂമി സീഡ് പദ്ധതിയുമായി സഹകരിച്ചാണു ഭൂമിക നടപ്പിലാക്കുന്നത്. മാർച്ച് 29നു ഭൂമിക പദ്ധതിയോടനുബന്ധിച്ചു ഏകദിന ശിൽപശാല സംഘടിപ്പിച്ചു. മാതൃഭൂമി സീഡ് കോർഡിനേറ്റർ വിനോദ്, പരിസ്ഥിതി പ്രവർത്തകൻ രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.



യൂണിയൻ പ്രവർത്തനങ്ങൾക്കു ശേഷം ബാക്കി വന്ന 15,000 രൂപ ചെയർമാൻ റോസൻ എബ്രഹാമും ജനറൽ സെക്രട്ടറി അമൽ മോഹനും ചേർന്നു പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാന് കൈമാറുന്നു

**കേളി**

ഏപ്രിൽ 23 മുതൽ 27 വരെ എറണാകുളത്ത് നടന്ന എംജി സർവ്വകലാശാല കലോത്സവത്തിൽ 36 പോയിന്റോടെ യൂസി കോളജ് അഞ്ചാം സ്ഥാനത്ത് എത്തി. വേനൽ അവധിക്കാലമായിരുന്നിട്ടും പരമാവധി മത്സരാർഥികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കാൻ യൂണിയൻ ശ്രദ്ധ പുലർത്തി. മലയാളം പ്രസംഗം, മോണോആക്ട്, ഫാൻസി ഡ്രസ് എന്നിവയിൽ ഒന്നാംസ്ഥാനവും കഥാപ്രസംഗത്തിൽ രണ്ടാംസ്ഥാനവും നേടിയ നീനു രാജീവാണ് കോളജിനു വേണ്ടി കൂടുതൽ പോയിന്റുകൾ സമ്മാനിച്ചത്. ജിൻസൺ ഏലിയാസ്, വിഷ്ണു ര വി, വീണ വി. ദേവ് എന്നിവർ യഥാക്രമം കൊളാഷ്, ഫിലിം റിവ്യൂ, ശാസ്ത്രീയ സംഗീതം എന്നീ ഇനങ്ങളിൽ രണ്ടാംസ്ഥാനം നേടി. അഞ്ജിത പീറ്റർ മിമിക്രിയിലും അപർണ എസ്. കാവ്യകേളി, അക്ഷര ശ്ലോകം എന്നീ ഇനങ്ങളിലും മൂന്നാം സ്ഥാനം നേടി. വെസ്റ്റേൺ ഗ്രൂപ്പ് സോങിൽ യൂസി കോളജ് ടീം രണ്ടാം സ്ഥാനം നേടി. ആൽവിൻ എം. സാം, ബ്ലെസൻ എം. ജോസഫ്, കെസിയ അലക്സ്, ഷെറിൽ സാറാ തോംസൺ, എസ്ഥേർ പി.എം., ലിസിൽ ജോൺസൺ, സുനന്ദ് ജിയോ തോംസൺ എന്നിവരായിരുന്നു ടീം അംഗങ്ങൾ.

**തുക കൈമാറി**

യൂണിയൻ പ്രവർത്തനങ്ങൾക്കു ശേഷം ബാക്കി വന്ന 15,000 രൂപ ചെയർമാൻ റോസൻ എബ്രഹാമും ജനറൽ സെക്രട്ടറി അമൽ മോഹനും ചേർന്നു പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാന് കൈമാറി. പുതിയ അക്കാദമിക് ബ്ലോക്കിലേക്ക് ഫാനുകൾ വാങ്ങാൻ ഈ തുക വിനിയോഗിക്കും.

യൂണിയൻ പ്രവർത്തനങ്ങൾ വൻ വിജയമാക്കി മാറ്റാൻ പിന്തുണ നൽകിയ എല്ലാ യൂണിയൻ ഭാരവാഹികൾക്കും പ്രിൻസിപ്പലിനും യൂണിയൻ സ്റ്റാഫ് അഡ്വൈസർമാർക്കും അധ്യാപകർക്കും അനധ്യാപകർക്കും സർവ്വോപരി യൂസിയിലെ എല്ലാ വിദ്യാർഥി സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

എന്ന് വിശ്വസ്തതയോടെ,
**അമൽ മോഹൻ**
ജനറൽ സെക്രട്ടറി

മുൻ മുഖ്യമന്ത്രി പി.കെ. വാസുദേവൻ നായർ, മുൻ മന്ത്രി ടെ. ചിത്തരഞ്ജൻ, മുൻ എംപിമാരായ വർക്കല രാധാകൃഷ്ണൻ, കെ.പി. ധനപാലൻ എന്നിങ്ങനെ നീളുന്നു യൂസിയിൽ നിന്ന് പഠിച്ചിറങ്ങിയ രാഷ്ട്രീയ നേതാക്കളുടെ നിര.

## Unit No 52, UC College Aluva

# NATIONAL SERVICE SCHEME Annual Report 2013- 2014

- The NSS unit of Union Christian College has always worked towards helping and serving the society through various endeavors. In the preceding year, activities were carried out to fulfill the mission of service to the society and the campus community. The main projects initiated by the unit were 'OORJA SENA' with the motto 'save energy for the future', 'LAHARIMUKTHA SENA' with the motto ' save youth from drug and alcohol', 'BHOOMIKA' which aimed at a 'clean and plastic free campus', 'KAITHARY RENOVATION & PROMOTION' with the motto 'back to traditions', and finally 'PROMOTION OF ORGANIC FARMING' with the motto 'healthy food for healthy youth'. The NSS unit and its volunteers toiled hard to make these projects fruitful and succeeded in doing so.
- **Camper's day** was organized by 2012-2013 NSS team on 15 June 2013. Sonu George Thomas , Reshmi P.R. and Marjan A.U were selected as new volunteer Secretaries.
- NSS members formed a **'Help Desk'** and volunteered the admission process of first allotment on 18 June 2013
- Sonu George Thomas and Arjun Devaraj attended a **'National Mega Camp'** at Banglore University.
- An **Anti-Drug campaigning** rally was conducted as a joint venture by NSS and NCC units of UC College on 15 July 2013.
- NSS unit observed 2 August 2013 as **Malala day**. The programme was inaugurated by Principal Dr. Benny Cherian.
- NSS conducted **"Puthunambukal", one day camp** on 15 August 2013. A project to grow vegetables in college campus was inaugurated by Principal.
- NSS observed 21 August 2013 as **Sadhbhavana Day** and spread the message of Anti-terrorism and religious harmony. A Sadhbhavana pledge was taken.
- NSS organized **GUERNICA** a photo video exhibition as a part of anti-war campaign with many pictures on war strategies, machineries and its ill effects.
- As a part of **teacher's day celebrations** volunteers prepared roses and gave them to all the teachers in the college
- NSS volunteers organized a **one day workshop** in the college campus on 28 September 2013
- An **energy cell** was launched which aimed at sustainable development in conserving energy for the future on 28/09/2013.
- UC college Aluva organized **Harithavarsham** 2013 in association with PTA, NSS and NCC units. The volunteers planted 91 trees in and around the campus.
- The 145th birthday of Gandhiji, the father of the nation, was celebrated by N.S.S in a different way. A one day programme was conducted. The programme was inaugurated by principal Dr. Benny Cherian under the mango tree in campus which was planted by Gandhiji.
- N.S.S volunteers cleaned the Aluva K.S.R.T.C bus station and also cleaned four K.S.R.T.C buses along with the employees. It was inaugurated by Assistant Transport Officer Mr. Krishnagopalan.

- As a part of World Hospice and palliative care day observation, Alpha palliative care organized a rally and a seminar in association with National Service Scheme and M.G. University.10 NSS volunteers of U.C.college attended the programme.
- As a part of 'Keralapiravi', NSS unit of U.C. College conducted **'Nalikeram 2013'** on 31 October 2013. NSS volunteers performed different cultural events in the campus.
- Volunteers of NSS unit, UC college participated in the 'Be +ve' debate programme organized by Shalom T.V.
- Sonu George Thomas and Alin Jacob participated in the three day volunteer leaders training camp conducted by MG University. The Camp was conducted at K.E.College, Mannanam on 27, 28 & 29 October 2013
- A **blood donation camp** was conducted by NSS unit in association with blood bank, general hospital Aluva on 30.10.2013 at VMA hall. More than 50 students donated blood on this occasion.
- Special Olympics for Special Education Students- **ROSES 2013** was organized by our NSS unit in association with Rotary Club and Physical education department of U.C. College. About 850 specially skilled students participated in the Olympics.
- In association with career and counseling cell, the NSS unit conducted WIPRO company campus recruitment at UC College. 12 volunteers of NSS unit volunteered for the programme.
- NSS Volunteers and old students launched a new project **Akshara chilla** which aimed to collect books and setup libraries. As a part of this volunteers inaugurated a library in Chendamangalam Gov. L P School.






- In association with Red Ribbon club NSS unit celebrated AIDS day. As a part of the awareness programme volunteers prepared a Red Ribbon Tree in front of the library.
- NSS and Laharimuktha sena jointly organised a quiz competition for college students.
- In association with Economics department, the NSS unit conducted a human rights exhibition and on spot painting **'DERECOS HUMANOS'**. The exhibition gave importance to 30 human rights of UNO.
- In association with the orphanage committee, NSS volunteers visited Janaseva Sisubhavan at Aluva. The volunteers spent time with the inmates and staged many programmes and competitions for them.
- In association with the ECON club, our unit conducted a quiz, painting and essay writing competitions.
- The NSS in association with pain and palliative care organized a meet of patients suffering from paraplegia at Cherai beach. The volunteers performed a street play on importance of pain and palliative care.
- The volunteer secretaries and programme officers attended a district level meeting and seminar on organic farming conducted by MG University. State Youth Officer Mr. Samuel Chellaih inaugurated the meeting.
- Programme Officers and Volunteer Secretaries attended the university meet and inauguration of Malala day Observation at Assembly hall, University campus Kottayam.

- The volunteers of our unit participated in district level rally and seminar at municipal town hall, Aluva.
- 10 volunteers from NSS unit participated in a talk organized by Rajagiri College, Kalamassery, on the topic "Challenges and relevance on Environmental studies.
- 50 volunteers participated in the Clean Nedumbassery project under Nedumbassery panchayat.
- As part of the New Year celebrations volunteers prepared New Year kits and distributed to seven poor families.
- **Sujithabhodana Yaknjam Rally** was conducted by the NSS unit of U C College in co-operation with the Rajagiri Outreach on 2nd January 2014. NSS volunteers presented a street play which passed the message of clean and green environment.
- The three day youth week celebration was officially inaugurated and an elocution and essay competition was conducted as a continuation of it.
- The patients suffering from paraplegia were invited and had enjoyed a feast with them. In the afternoon session we conducted a campus tour enjoying different sites in the college premises.
- The NSS unit of U C College in association with Career guidance and computer science dept., conducted an orientation on the ASAP programme at the VMA Hall on 5/2/2014 to orient students on the advantages of working as a skill development executive.
- In association with college union and NCC our unit launched a new project **"BHOOMIKA"**. The project was inaugurated by the Principal. As a part of this students were divided into groups. They were given orientation on need for a green campus. Volunteers collected plastic wastes.





Waste baskets were installed as a part of this.

- The seven day special camp **'PRAYUKTHY'** was held during the period of 20 December 2013 to 26 November 2013 at Chendamangalam Govt. LP School. In association with chennamagalam grama panchayat, our unit adopted ward no. 6 and launched many projects for the upliftment of the people. The major highlights of the camp were the Rural developmet projects in the village, personality development programmes, social awareness seminars, and orientations, medical and eye camp, etc. The development projects includes pipecompost instillation in the houses, park area setting for Gov LPS Chennamangalam, farm area preparation and panchayat cleaning, Chendamangalam handloom renovation, Chendamangalam library cleaning and resetting, panchayat well cleaning and painting, panchayat road renovation, health survey in ward no. 6, library setting in Govt. LP School, etc.
- Seminars were conducted on the topics Budding and Grafting, Clean Green Healthy Ernakulam, Pipe composting, Human Rights, Life style diseases, Zero Budget farming etc. As part of anti drug cell volunteers conducted a peace march and staged a street play. In assosiation with the Psychology department a counseling cell worked within the camp. The camp was inaugurated by Adv. V.D. Satheshan MLA. The projects of the camp were inaugurated by the panchayat president Ms. Mani. The free eye camp organized in association with vasan eye care hospital was inaugurated by Sri K P Danapalan MP. The cultural evening conducted for the public was inaugurated by the famous lyricist Mr. I S Kundoor.

ആശംസകൾ...!

# ദേശം കുറീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്

രജി. ഓഫീസ്: 1st ഫ്ളോർ, രോഹിണി കോംപ്ലക്സ്, ദേശം പി.ഒ., ആലുവ - 683 103

Ph: 0484 2604014, 3229556, 9847062385, 9744558299
e-mail: kuriesdesom@gmail.com

*Best Compliments from:*

# Sahya Trading Company

U.C. College P.O., Aluva
www.sahyatrading.com, e-mail: sahiyaexports@gmail.com

Distributors of Indian and Imported Bakery Machinery

*Best Compliments from:*

# VELIYATHUNAD SERVICE CO-OPERATIVE BANK

## Ltd. No. E 298

*Head Office:* U.C. College P.O. Aluva - 683 102, Phone: 2606169

*Branches:*
Thadikkakadavu, W. Veliyathunad P.O. - 683 511, Phone: 2672524
Parana, Ph: 8547915140

Jayaraj S.B.
(President)

Kaladharan M.
(Secratery)



ihsan

# BIRIYANI MAHAL

HALAL



Near Namboorimadam Aditorium
Paravur Jn. Aluva
9447383012, 9947395710

we are undertaking all types of outdoor catering & party packets



# CAMBRIC LINEN GALLERY

THE ULTIMATE LINEN COLLECTONS



# SAVUTE

SIMPLY LINEN

J J Tower, Govt. Hospital Jn., Aluva
Ph: 9447206772, 9037432655

RETAIL & WHOLESALE | STICHING FACILITY AVAILABLE



**Ali Bin Ali** - I BA History






## New Appointments



അനു എസ്.
(ഇംഗ്ലീഷ്)

കുര്യൻ സി. സോമൻ
(മാത്തമാറ്റിക്സ്)

പ്രമോദ് ഡൊമിനിക്
(ഫിസിക്സ്)

## Magazine Staff Editors



വിജു നാരായണൻ
(മലയാളം)

ആൽവിൻ അലക്സാണ്ടർ
(ഇംഗ്ലീഷ്)

ആർ. എസ്. രാധിക
(ഹിന്ദി)

റൂബി എൽസ ജേക്കബ്
(ഹിന്ദി)













# മാഗസിനോർമ്മ

ആറു വർഷങ്ങൾക്ക് മുൻപ് മാഗസിൻ എഡിറ്റർ സ്ഥാനത്തേക്ക് മത്സരിക്കുകയും മൂന്ന് വോട്ടുകൾക്ക് പരാജയപ്പെടുകയും ചെയ്ത സുഹൃത്ത് ശ്യാമിന്റെ കരഞ്ഞുകലങ്ങിയ കണ്ണുകളിൽ നിന്നാണ് എന്റെ മാഗസിൻ യാത്ര ആരംഭിക്കുന്നത്. യാദൃച്ഛികമായിട്ടാണെങ്കിലും ഈ മാഗസിന്റെ കവർ പേജ് ഡിസൈൻ ചെയ്യാൻ ഭാഗ്യം ലഭിച്ചത് ശ്യാമിനാണ്. സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കാൻ വിശ്വാസം നൽകിയത് ഷെരീഫ് ഇക്കയുടെ വിജയമായിരുന്നു(ജനറൽ സെക്രട്ടറി 07 - 08 കലാലയ യൂണിയൻ) അഡ്വാൻസ് ചെയ്ത് ചെയ്ത് കീശ കാലിയായപ്പോൾ സഹായിക്കാൻ ആദ്യം എത്തിയതും ഇക്കയാണ്. എല്ലാം ഒരു നിമിത്തം പോലെ തോന്നുന്നു. രണ്ടേ രണ്ടു പേരുമായി ക്ലാസ് ക്യാപ്റ്റനിൽ തുടങ്ങിയ എന്നെ ആദ്യം ഏറ്റെടുത്ത ക്ലാസിലെ കൂട്ടുകാർക്കും മാഗസിൻ എന്ന ചരിത്രരേഖയുടെ ഭാഗമാകാൻ അവസരം നൽകിയ യൂസിയിലെ ഓരോ വിദ്യാർഥികളോടും നന്ദി. ജൂസ് മിസ്, വിധു സാർ, ആൽവിൻ സാർ, രാധിക മിസ്, റൂബി മിസ് എന്നിവർ നൽകിയ പിന്തുണയ്ക്ക് ഹൃദയം നിറഞ്ഞ നന്ദി.

**പ്രാർഥന**

മരണം കാത്തുകിടന്നിരുന്ന ഒരു പഴയ ലാപ്ടോപ്പിലായിരുന്നു കസർത്ത് മുഴുവനും. മാഗസിൻ വർക്ക് തീരും വരെ ആയുസ് നീട്ടിക്കിട്ടണമെന്നായിരുന്നു പ്രാർത്ഥന.

**നിഴലും നിലാവും**

ഒറ്റക്ക് നടന്ന രാത്രികളിൽ നിഴലും നിലാവും കൂട്ടിനു വന്നു.

**അലക്ക്**

ആകാശത്തേയും അരയന്നത്തേയും പോലെ അലക്കലും ഒരു സങ്കൽപം മാത്രമായി മാറി. ജീൻസ് കണ്ടു പിടിച്ചവനെസമ്മതിക്കണം.

**കടം**

നടന്ന് നടന്ന് വാറ് പൊട്ടിയപ്പോൾ ചെരുപ്പ് കടം തന്നത് ജോബിനാണ്.

**അപേക്ഷ**

മാഗസിൻ സൃഷ്ടിക്കേണ്ടത് വിവാദങ്ങൾ അല്ല മറിച്ച് സംവാദങ്ങളാണെന്ന ഓർമപ്പെടുത്താൻ മാത്രം ആഗ്രഹിക്കുന്നു. ഒരുപാട് പേരുടെ രക്തവും വിയർപ്പുമുണ്ട് ഈ മാഗസിനിൽ. മാഗസിൻകെട്ടുകൾ ലൈബ്രറിയുടെ ഒരു കോണിൽ പൊടിപിടിച്ചു കിടക്കട്ടെ എന്ന് തീരുമാനിക്കുമ്പോൾ നിങ്ങൾ ഒരു നൂറു തവണ ഈ അക്ഷരങ്ങളെ കൊലപാതകം ചെയ്യുകയാണെന്നു മാത്രം ഓർക്കുക. മാഗസിൻ നല്ലതെങ്കിൽ അതിന്റെ ക്രെഡിറ്റ് മാഗസിൻ കമ്മിറ്റിയിലെ ഓരോരുത്തർക്കുമായി പകുത്ത് നൽകുക, മോശമെങ്കിൽ മാഗസിൻ എഡിറ്ററെ മാത്രം ക്രൂശിക്കുക.

**കരഞ്ഞില്ല**

യൂപിയുടെ പടികളിൽ ഒറ്റക്കിരുന്ന് കരയാതെ ഇന്നേ വരെ ഒരു മാഗസിൻ എഡിറ്ററും യൂസി വിട്ടിട്ടില്ലയെന്ന് പറഞ്ഞത് സിന്റോയാണ്(മാഗസിൻ എഡിറ്റർ 2009-10). കരയാൻ ഒരു തുള്ളി പോലും ബാക്കിയില്ലാഞ്ഞിട്ടോ കരയില്ല എന്ന് വാശിയുള്ളതുകൊണ്ടോ എന്താണെന്ന് അറിയില്ല എന്റെ കണ്ണുകൾ നിറഞ്ഞില്ല.

**മൈ ഹീറോസ്**

കെ.ടോണി ജോസ്, നിയാസ് കരീം, അരുൺ മാത്യു ഇവർ മൂന്നുപേരുമാണെന്റെ ഹീറോസ്.
You see the irony don't you?
മൂന്നുപേരും യൂസിയന്മാരാണ്. അടിച്ചു മാറ്റിയതല്ല, മറിച്ച് അവരോടുള്ള കടുത്ത ആരാധന കൊണ്ടാണ് യൂസിയെക്കുറിച്ചുള്ള അവരുടെ കുറിപ്പുകളിലെ പല ഇമേജുകളും ഈ മാഗസിന്റെ പലഭാഗത്തും ഉപയോഗിച്ചിച്ചത്.

**നന്ദി ആരോട് ഞാൻ ചൊല്ലേണ്ടൂ...**

നന്ദി പറഞ്ഞു തുടങ്ങിയാൽ ഈ മാഗസിൻ പോരാതെവരും. എങ്കിലും ചില പേരുകൾ പറയാതെ വയ്യ....

മാഗസിൻ തിരക്കുകൾ കാരണം ക്ലാസിൽ കയറാതെ നടന്ന എന്റെ അസൈൻമെന്റുകളും സെമിനാർ റിപ്പോർട്ടുകളും കൃത്യമായി എഴുതിവച്ച അനിയത്തിക്കുട്ടിക്ക്...

യൂസിയന്റെ ഹൃദയം ഡയറിയിലേക്ക് പകർത്തിയ മർജാന്റെ കൈപ്പടയോട്...

എണ്ണ തീരാറായ ബൈക്കിൽ പ്രസിലേക്കും പരസ്യം പിടിക്കാനും ഓടി നടന്ന ബ്ലാ മോനോടും(ബ്ലെസൻ) അമൽ മോഹനോടും...

പേരിൽ 'കീർത്തി'യുണ്ടെങ്കിലും അത് ഒട്ടും ആഗ്രഹിക്കാത്തൊരാൾ. മാഗസിന്റെ പണിപ്പുരയിൽ ഏറ്റവും കൂടുതൽ കഷ്ടപ്പെട്ടിട്ടും 'എനിക്ക് കാര്യമായി സഹായിക്കാൻ പറ്റിയില്ലല്ലോ ചേട്ടാ' എന്ന കുറ്റബോധത്തോടെ മാത്രം എപ്പോഴും സംസാരിക്കുന്ന, പ്രതിസന്ധിഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ പിന്തുണ നൽകിയ അസംപ്ഷൻ കോളജിലെ ആ പഴയ ചെയർപേഴ്സണിനോട്.....

വിമർശിച്ചും പ്രോത്സാഹിപ്പിച്ചും മാഗസിൻ യാത്രയിൽ എനിക്കൊപ്പം നടന്ന അനൂപ അഗസ്റ്റിനും സിന്റോ പോളിനും...

എന്റെ വട്ടൻ ആശയങ്ങൾക്ക് കൂട്ടുനിന്ന ഡിസൈനർ സുനിലേട്ടനോടും....

ഒറ്റുകൊടുക്കപ്പെട്ട രാവുകളിൽ താങ്ങായവർക്കും ഒറ്റപ്പെട്ടുപോയ പകലുകളിൽ തണലേകിയവർക്കും തള്ളിപറഞ്ഞവർക്കും വിമർശിച്ചവർക്കും പരിഹസിച്ചവർക്കും ഒറ്റവാക്കിൽ നന്ദി...




യൂസിയന്റെ ഡയറിയിലെ അവസാനതാളിലെ കുറിപ്പും മാഗസിന്റെ എഡിറ്റോറിയലും ഒന്നാകുന്നത് യാദൃച്ഛികമാകാം, ചിലപ്പോൾ കാലത്തിന്റെ അനിവാര്യതയും.... ഒന്നാം ലോക മഹായുദ്ധത്തിന്റെ നൂറാം വാർഷികത്തിലും യുദ്ധഭൂമിയിൽ നിന്നുള്ള നിലവിളികൾ അവസാനിക്കുന്നില്ല. നമുക്ക് അത് കേട്ടില്ലെന്നു നടിക്കാം പകരം ചെവികളിൽ ഹെഡ്സെറ്റ് തിരുകാം... നമുക്ക് മണ്ണിനെയും കിളികളെയും മഹാഗണിതണലുകളെയും മറക്കാം പകരം ഫേസ്ബുക്കിലിരുന്ന് ഫാംവില്ലയും ആംഗ്രിബേഡും കളിക്കാം. സെൽഫിയെടുത്ത് കൂടുതൽ സെൽഫിഷാകാം. അത് അപ്‌ലോഡ് ചെയ്തു അതിനു കിട്ടിയേക്കാവുന്ന കമന്റുകളെക്കുറിച്ചോർത്ത് ആകുലപ്പെടാം. വിദ്യാഭ്യാസം സേവനമാണെന്ന് പഠിപ്പിച്ച പൂർവ്വ പിതാക്കൻമാരെ നമുക്ക് മറക്കാം, 'ദീപസ്തംഭം മഹാശ്ചര്യം എനിക്കു കിട്ടണം പണ'മെന്ന കോർപ്പറേറ്റ് മന്ത്രം ഉരുവിട്ട് വിദ്യാഭ്യാസ കച്ചവടക്കാർക്ക് സ്തുതി പാടാം. റോഡിൽ ചോരയിൽ കുളിച്ച് സഹായത്തിനായി യാചിക്കുന്ന സഹജീവിക്കു നേരെയും നിരന്തരം വേട്ടയാടപ്പെടാൻ മാത്രം വിധിക്കപ്പെട്ട ഇരകൾക്കു നേരേയും നമുക്ക് കണ്ണുകൾ ഇറുക്കി അടയ്ക്കാം പകരം നമ്മുടെ കഴുകൻ ക്യാമറക്കണ്ണുകൾ തുറന്നു പിടിക്കാം... അതിജീവനത്തിനു വേണ്ടിയുള്ള മത്സരയോട്ടത്തിൽ ഇന്നലെ വരെ മുറുകെ പിടിച്ച വിശ്വാസങ്ങളെയും മൂല്യങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും നമുക്ക് തള്ളിപ്പറയാം. നിലനിൽപ്പു പ്രശ്നമാകുന്നു എന്ന് തോന്നുമ്പോൾ ഇനി പ്രതികരിക്കേണ്ടതില്ല എന്ന് പ്രതിജ്ഞയെടുക്കാം പകരം സോഷ്യൽ മീഡിയ ആക്ടിവിസ്റ്റുകളാകാം... ഇന്നലെ വരെ എന്തിനെക്കുറിച്ചാണോ അഭിമാനിച്ചിരുന്നത് എന്താണോ സ്വകാര്യ അഹങ്കാരമായി കൊണ്ടു നടന്നത് അത് ഇന്ന് വെറും മിഥ്യ മാത്രമായിരിക്കുന്നു...കാലത്തിന്റെ നെറികേടുകൾക്കു നേരെ നിസ്സഹായനായി പകച്ചു നിൽക്കാൻ വിധിക്കപ്പെടുന്നു. മരവിച്ച മനസ്സുമായി ഇവിടെ തുടരേണ്ടതില്ല എന്നതുകൊണ്ടുതന്നെ യാത്ര അനിവാര്യമാകുന്നു.

യാത്രയെക്കുറിച്ച് കൂടുതലൊന്നും പറയാനില്ല എനിക്ക്; Robert Frostന്റെ രണ്ടു കവിതകളിലെ ഈ വരികളല്ലാതെ

'I took the one less travelled by,
And that has made all the difference'

'But I have promises to keep,
And miles to go before I sleep,
And miles to go before I sleep'

സത്യത്തിനും നീതിക്കും ഈ ലോകത്ത് ഒരു വിലയും കൽപിക്കപ്പെടുന്നില്ലെന്നറിയാം
എങ്കിലും അറിയാതെ പ്രാർഥിച്ചു പോകുന്നു യാത്രയുടെ ഒടുവിൽ
സത്യം എന്നെയും നിന്നെയും സ്വതന്ത്രമാക്കട്ടെ....
Hope "The Truth Shall Make Us Free" ............






# Pearl Dental Care

## Multi Speciality Dental Clinic

Reg No: A1291, UC College Jn., Aluva | E-mail : pearldentalaluva@gmail.com

Oral Surgery - Pedodontics - Orthodontics
Prosthodontics - Periodontics - Endodontics - Implants

PHONE : 0484 6465661

Our Team

- Dr. Binu Joseph (Chief Dental Surgeon)
- Dr. Abdullah M.M. (Orthodontist)
- Dr. Sankar Vinod (Oral & Maxilo Facial Surgeon)
- Dr. Saju Simon (Oral & Maxilo Facial Surgeon)
- Dr. Ektah Khosla (Pedodontist)
- Dr. Mahesh Narayanan (Periodontist)
- Dr. Arjun Prakash (Endodontist)

# UNIVERSITY DEGREE & DIPLOMA COURSES

**3 YEAR DEGREE COURSES** (ELIGIBILITY : ANY+2)

- **BMMC** MULTIMEDIA COMMUNICATION
- **BID** INTERIOR DESIGNING

**1 YEAR MASTER DIPLOMA COURSES** (ELIGIBILITY : +2/ SSLC)

- **MDM** MULTIMEDIA
- **MID** INTERIOR DESIGNING
- **MDWD** WEB DEVELOPMENT

**1 YEAR POST GRADUATE DIPLOMA COURSES** (ELIGIBILITY : ANY DEGREE)

- **PGDM** MULTIMEDIA
- **PGDWT** WEB TECHNOLOGY

**1 YEAR DIPLOMA** (ELIGIBILITY : ANY +2)

- **DMA** MULTIMEDIA & ANIMATION

**6 MONTHS DIPLOMA COURSES** (ELIGIBILITY : SSLC)

- **DID** INTERIOR DESIGNING
- **DSVE** SOUND & VIDEO EDITING

**IDEAS** SM
INSTITUTE OF DIGITAL ENTERTAINMENT AND ANIMATION STUDIES

Ernakulam : Opp. Sudheendra Hospital
Chittoor Road, Kacheripady.
**Ph: 0484- 2367178, 2367179, 2367180.**

Aluva : Palmland Building, Temple Road,
Bank Junction, Aluva-1
**Ph: 0484- 2626179, 2620948.**

ATTENTION ENGINEERING / POLYTECHNIC DIPLOMA / ITI STUDENTS...

*Learn* **MASTER DIPLOMA / PROFESSIONAL / DIPLOMA COURSES IN**

- **CIVIL CADD**
- **MECHANICAL CADD**
- **ELECTRICAL CADD**
- **ARCHITECTURAL CADD**
- **ELECTRONIC CADD**
- **PROJECT MANAGEMENT**
- **INTERIOR DESIGNING**
- **MULTIMEDIA-ANIMATION**

**COCHIN CADD CENTRE**

**Aluva** : Palmlands Building, Temple Road,
Bank Junction. Ph: 0484-2626179, 2620948
**Ernakulam** : Opp. Sudheendra Hospital, Chittoor Road,
Kacheripady. Ph: 0484-2367178/79/80